# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 5 മേടം - 1194 മെയ് 2019





എറണാകുളം കരയോഗത്തിന്റെ ഡിസ്കവർ യു കെ:- ലണ്ടൻ, മാഞ്ചസ്റ്റർ, ലേക്ക് ഡിസ്ട്രിക്റ്റ്, ഗ്ലാസ്കോ, എഡിൻബർഗ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച ടീം അംഗങ്ങൾ





12-ാമത് എറണാകുളം കരയോഗം പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനചടങ്ങ് കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ശ്രീ.പോൾസൺ താമിന് കുഫോസ് വൈസ് ചാൻസലർ ഡോ.എ.രാമചന്ദ്രൻ ക്യാഷ് അവാർഡും ഫലകവും മംഗളപത്രവും സമ്മാനിച്ചു...





എറണാകുളം കരയോഗത്തിന്റെ 2019ലെ വിഷു വിപണന മേള കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. അതോടനുബന്ധിച്ച് എറണാകുളം ജനറൽ ഹോസ്പിറ്റലിലെ പാലിയേറ്റിവ് രോഗികൾക്കുള്ള ഭക്ഷ്യോല്പന്ന കിറ്റ് വിതരണം ചെയ്യുകയുണ്ടായി

# ഉള്ളടക്കം

വാല്യം 12 | ലക്കം 5 | മെയ് 2019


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 12
ക്ഷേത്രങ്ങളിലൂടെ 15
മഹാഭാരതം ദേവവ്യതൻ/ ഗംഗാദത്തൻ 19
ഹരിസുധാലഹരി 25
ഒരു സദ്യപ്പാട്ട് 26
പാതഞ്ജലയോഗ ദർശനം 27
ഗൃഹനിർമ്മാണക്രമം 28
യാത്രാവിവരണം 32
മനസ്സ്, മനസ്സാക്ഷി, സാമൂഹ്യ മനസ്സാക്ഷി 38
എനിക്കു കിട്ടിയ ഏറ്റവും നല്ല ഉപദേശം 40
ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ 42
സമീകൃതാഹാരം 45
മിഴി രണ്ടിലും 48
സന്തോഷവും സമാധാനവും 51
ശ്രീനാരദൻ 52
ആദരാഞ്ജലികൾ 57
ഓർമ്മക്കായ് 58
മാസഫലം 60
മാട്രിമോണിയൽ 61-66


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**


## എഡിറ്റോറിയൽ

# അനിയന്ത്രിതമായ വിലക്കയറ്റം

വിലക്കയറ്റമെന്നത് കേരളത്തിൽ ദിവസങ്ങൾ മാറുന്നതുപോലെയുള്ള ഒരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. എന്താണതിനു കാരണം? ഒരു സാധനത്തിന് തലേ ദിവസത്തെ വിലയായിരിക്കില്ല അടുത്ത ദിവസം. കഴിഞ്ഞ കുറെ കാലമായി ഇതൊരു സ്ഥിരപ്രതിഭാസമായി സംഭവിക്കുന്നു. ഓണമോ, ക്രിസ്തുമസോ, വിഷുവോ മറ്റേതെങ്കിലും വിശേഷങ്ങളോ വന്നാൽ അതിന് ഏതാണ്ട് ഒരു മാസം മുമ്പേ തുടങ്ങും ഈ വില വർദ്ധന. ഉല്പാദന ചിലവിലോ വാഹനകൂലിയിലോ മറ്റ് ചിലവുകളിലോ ഒന്നും ഉള്ള വർദ്ധനകൊണ്ടല്ല ഇതെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാവും. എത്ര വിലകൂടിയാലും അത്യാവശ്യ സാധനങ്ങൾ വാങ്ങാതിരിക്കാൻ  പാവം ഉപഭോക്താവിന് കഴിയില്ലല്ലോ എന്നറിയാവുന്നവർ ഈ സമയം മുതലെടുക്കുകയാണ് – പുര കത്തുമ്പോൾ വാഴ വെട്ടുന്നതുപോലെ. ഈ കഴിഞ്ഞ വിഷുവിനും അതിനു തൊട്ടു മുമ്പുള്ള ഒരു മാസത്തെ വിലനിലവാരം എടുത്തു പരിശോധിച്ചാൽ ഇതു ബോദ്ധ്യമാവും. മാർക്കറ്റിൽ നിന്ന് ഒരേ വണ്ടിയിൽ കൊണ്ടിറക്കുന്ന ഒരേ ഇനത്തിന് പല കടകളിലും വ്യത്യസ്ഥ വിലകളാണ് ഈടാക്കുന്നത്. സവാള, ബീൻസ്, ഉരുളക്കിഴങ്ങ് തുടങ്ങിയ പച്ചക്കറികൾക്ക് പെട്ടെന്നാണ് വില കൂടിയത്. ഇതെന്ത് 'ഫോനി' യാണെന്ന്  മനസ്സിലാവുന്നില്ല. വിഷു കഴിഞ്ഞിട്ടും വർദ്ധിച്ച വിലയിൽ യാതൊരു മാറ്റവും ഉണ്ടാവുന്നില്ല. അതിന്റെ കാരണം മറ്റൊന്നായിരിക്കാം. പതിനേഴാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പായിരുന്നല്ലോ ഏപ്രിൽ 23 ന്. ഓരോ പാർട്ടികളും മിക്ക കച്ചവടക്കാരുടെ പക്കൽ നിന്നും ശരിയായ പിരിവ് നടത്തിയിട്ടുണ്ടാവും – ഇലക്ഷൻ ഫണ്ടിലേക്ക്. ചില പാർട്ടികൾ അവർ ചോദിച്ച

തുക കൊടുക്കാത്ത കച്ചവടക്കാരെ ഭീഷണിപ്പെടുത്തിയതായും സമൂഹമാദ്ധ്യമങ്ങളിൽ വാർത്തകൾ ഉണ്ടായിരുന്നു. എന്തായാലും ഈ നാട്ടിൽ തുടർന്നും വ്യാപാരം ചെയ്തു ജീവിക്കണ്ട പാവം വ്യാപാരികൾ ഈ പാർട്ടികൾക്ക് ഫണ്ട് കൊടുക്കാതിരിക്കാൻ സാധിക്കില്ലല്ലോ? അവർക്ക് ഈ തുക സ്വന്തം കൈയ്യിൽ നിന്ന് എടുത്തു കൊടുക്കുവാനും കഴിയുകയുമില്ലല്ലോ! അപ്പോൾ അവർ കൊടുത്ത തുകയും അതിന്റെ പലിശയും സഹിതം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുക മാത്രമാണല്ലോ മാർഗ്ഗം. ഇതും വില വർദ്ധനവിനുള്ള ഒരു കാരണമാകാം. ഇതിലേതു കാരണമായാലും അത് നിയമപരമായി ഉള്ളതല്ല. നിയമപരമായി ഉള്ളതല്ലാതെ നടക്കുന്നത് അഴിമതിയുടെ പരിധിയിൽ വരുന്നതായതുകൊണ്ട് അതിനെ തടയുകയും അങ്ങനെ സംഭവിക്കാതിരിക്കാൻ ശക്തമായ നടപടികളും മുൻകരുതലുകളും എടുക്കേണ്ടതും സർക്കാരിന്റെ കടമയാണ്.

അവശ്യ വസ്തുക്കളൊന്നും തന്നെ ആവശ്യത്തിന് ഉല്പാദിപ്പിക്കാത്ത, ഭക്ഷണപദാർത്ഥങ്ങൾക്കു പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന, എടുത്തു പറയത്തക്ക വ്യാവസായിക ഉല്പന്നങ്ങളോ കാർഷിക മേഖലയിൽ നിന്നുള്ള ഉല്പാദനമോ ഒന്നും ഇല്ലാത്ത (താഴോട്ടു വളരുന്ന ഗ്രാഫുമായി നിലക്കൊള്ളുന്ന ഏലത്തിന്റെയും റബ്ബറിന്റെയും കാര്യം വിസ്മരിക്കുന്നില്ല). കേരളമെന്ന നമ്മുടെ നാടിന്റെ ഭാവിയെക്കുറിച്ച് ചിന്തിച്ചാൽ ശുഭസൂചകമായ ഒന്നും തന്നെ കാണുവാനില്ല. ജന്മിത്വത്തിനെതിരെ കൊടിപിടിച്ച് കൃഷി ഇല്ലാതാക്കി, മുതലാളിത്തത്തിനെതിരെ സമരം ചെയ്ത് വ്യവസായശാലകൾ പൂട്ടിച്ചു. ഏറിയപങ്കും ആളുകൾ ജീവിക്കുന്നത് വിദേശങ്ങളിൽ പോയി ജോലിചെയ്യുന്നവർ അയയ്ക്കുന്ന പണം കൊണ്ടാണ്. കൃഷിക്ക് ഏറ്റവും ഉപയുക്തമായ കാലാവസ്ഥയുള്ള ഈ സംസ്ഥാനത്ത് സ്വന്തം ആവശ്യത്തിനു വേണ്ട അത്രയെങ്കിലും ഭക്ഷ്യസാധനങ്ങളും പച്ചക്കറികളുമെങ്കിലും ഉല്പാദിപ്പിക്കാൻ ശ്രമിക്കാത്തത്, മാറി മാറി വരുന്ന സർക്കാരുകൾ അതിനു വേണ്ട നടപടികളൊന്നുമെടുക്കാത്തത് തീർച്ചയായും ജനങ്ങളോടുള്ള പ്രതിബന്ധത കുറവുകൊണ്ടല്ലാതെ മറ്റൊന്നുമല്ല. ആകെകൂടി കേരളം ഇപ്പോൾ നിലനില്ക്കുന്നത് വിദേശ മണിഓർഡറുകളിലും ബിവറേജസിന്റെയും ഭാഗ്യക്കുറിയുടെയും വരുമാനത്തിലൂടെയുമാണ്. ഗൾഫ് വസന്തം കഴിയാറായി എന്നാണ് കേൾക്കുന്നത്. അവശേഷിക്കുന്നത് മദ്യവില്പനയിലൂടെയും ലോട്ടറിയിലൂടെയും ഉള്ള വരുമാനമാണ് . പിന്നെയുള്ളത് മറ്റൊരിടത്തുമില്ലാത്ത അമിതമായ നികുതികളും. ശരിയായി ചിന്തിച്ചാൽ ഇതു മൂന്നും ജനദ്രോഹം തന്നെയാണ്. ഇവിടെയാണ്, സാധാരണക്കാരായ ആളുകളെക്കുറിച്ച് ചിന്തിക്കേണ്ടത്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ അവർ അനുഭവിക്കുന്ന പെടാപാടിനെക്കുറിച്ച് ചിന്തിക്കേണ്ടത്. നിത്യേനയെന്നോളമാണ് സാധനങ്ങളുടെ വില വർദ്ധിച്ചുക്കൊണ്ടിരിക്കുന്നത്. അത് അരിയുടെയായാലും പച്ചക്കറികളുടെയായാലും പഴവർഗങ്ങളുടെയായാലും മത്സ്യമാംസാദികളുടെയായാലും വില വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ആവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുവാൻ സർക്കാർ സംവിധാനങ്ങൾ ഇല്ലാത്തതാണ് ഇതിന്റെ പ്രധാന കാരണം. ഓരോ ഇനത്തിനും അതിന്റെ ഉല്പാദനച്ചിലവും കച്ചവടക്കാർക്കു വേണ്ട ന്യായമായ ലാഭവും കണക്കാക്കി സർക്കാർ വില നിശ്ചയിക്കണം. ഇപ്പോൾ ആകെകൂടി സർക്കാർ ചെയ്യുന്നത് സപ്ലൈകോയിലൂടെ ന്യായവിലക്ക് സാധനങ്ങൾ നല്കുന്നു എന്നതു മാത്രമാണ്. എന്നാൽ ഈ സംവിധാനം 10% ആളുകൾക്കു പോലും പ്രയോജനപ്പെടുന്നില്ല. അതു മാത്രവുമല്ല അവിടെ നിന്ന് ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് പരാതികളും ധാരാളമായുണ്ട്. അത്യാവശ്യമുള്ള സാധനങ്ങളെല്ലാം ഒരിക്കലും അവിടെയുണ്ടാവില്ല എന്നതും വാസ്തവം തന്നെയാണ്. എന്നാൽ അതിനു പകരം സ്വകാര്യ കമ്പിനികളുടെ വില കൂടിയ ഉല്പന്നങ്ങൾ ഉണ്ടാവുകയും ചെയ്യും. ഇതിൽ അഴിമതിയുണ്ടോ എന്ന് ജനം സംശയിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ലല്ലോ. അതുകൊണ്ട് അത് കഴിവതും ഒഴിവാക്കണം. എല്ലാവർക്കും അത്യാവശ്യം വേണ്ടുന്ന സാധനങ്ങളെല്ലാം സപ്ലൈക്കോയിൽ ഉണ്ടെന്ന് ഉറപ്പു വരുത്തണം. ആവശ്യക്കാർക്കെല്ലാം സപ്ലൈകോയുടെ സേവനം ലഭ്യമാകുന്ന വിധത്തിൽ അവയുടെ എണ്ണം വർദ്ധിപ്പിക്കണം. അതു സാദ്ധ്യമല്ലെങ്കിൽ റേഷൻ കടകൾ വഴി എല്ലാ അവശ്യ വസ്തുക്കളും മിതമായ നിരക്കിൽ വിതരണം ചെയ്യണം. ഇതു ചെയ്യാൻ സാധിക്കും. ചില കൺസ്യൂമർ സൊസൈറ്റികൾക്കും 20-20 പോലുള്ള സന്നദ്ധ സംഘടനകൾക്കും ഇതു ചെയ്യാൻ കഴിയുമെങ്കിൽ സർക്കാരിന് വേണമെന്നു വെച്ചാൽ നിസംശയം ചെയ്യാവുന്നതേയുള്ളൂ, വിലക്കയറ്റം കൊണ്ട് വീർപ്പു മുട്ടുന്ന ജനങ്ങളെ രക്ഷിക്കാൻ സാധിക്കാവുന്നതേയുള്ളൂ. തികച്ചും ന്യായമായ ഈ ആവശ്യത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ഉണ്ടാവും എന്ന് നമുക്ക് പ്രത്യാശിക്കാം.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

94-ാമത് വാർഷിക പൊതുയോഗം ജൂൺ മാസം 30-ാം തീയതി ഞായറാഴ്ച ടി.ഡി.എം.ഹാളിൽ കൂടുന്നതാണ്. ഈ വർഷം കരയോഗം ഭരണസമിതിയിലേക്ക് തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല. അംഗങ്ങൾക്കുള്ള അറിയിപ്പും പ്രവർത്തന റിപ്പോർട്ടും ജൂൺ മാസ സൗഹൃദ ലക്കത്തിൽ വിശദമായി അറിയിക്കുന്നതാണ്. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വാഗതം ചെയ്തുകൊള്ളുന്നു.

ഈ വർഷത്തെ വിഷുസദ്യ: കേരളത്തിൽ അറിയപ്പെടുന്ന പ്രശസ്തനായ പഴയിടം മോഹനൻ നമ്പൂതിരിയുമായി രേഖാമൂലം തയ്യാറാക്കിയ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സദ്യകിറ്റ് തയ്യാറാക്കിത്തരുന്നതിന് കരാർ ഉറപ്പിച്ചത്. എന്നാൽ കരാറുകാരൻ കരയോഗത്തിന്റെ നിലവാരത്തിന് യോജിക്കുന്ന തരത്തിൽ ഗുണമേൻമയിലും അളവിലും ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കിത്തരുന്ന കാര്യത്തിൽ തികച്ചും പരാജയപ്പെട്ടു. ആയതിന്റെ ബുദ്ധിമുട്ട് കരയോഗാംഗങ്ങളായ പലരും അനുഭവിച്ചു എന്നതിലും അതിയായ ഖേദമുണ്ട്. നിങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിൽ എറണാകുളം കരയോഗത്തിന്റെ പേരിൽ നിർവ്യാജ്യം ഖേദം രേഖപ്പെടുത്തുന്നു.

ഗുരുവായൂരിലെ രാധേയം ഗസ്റ്റ്ഹൗസിന്റെ നിർമ്മാണപ്രവർത്തനം പുരോഗതിയിലാണ്. ഈ വർഷം തന്നെ ജനങ്ങൾക്ക് സേവനത്തിന് തുറന്നുകൊടുക്കുന്ന രീതിയിലാണ് പദ്ധതി മുന്നോട്ടു പോവുന്നത്.

ഭൗമദിനമായ ഏപ്രിൽ 22ന് തിങ്കളാഴ്ച, വൈകുന്നേരം 5.00 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ 12-ാമത് എറണാകുളം കരയോഗം-പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഫലകവും പ്രശസ്തിപത്രവും 15,000 രൂപ ക്യാഷ് അവാർഡും തൃശ്ശൂർ സ്വദേശിയായ ശ്രീ.പോൾസസൺ താമിന്, കുഫോസ് വൈസ് ചാൻസലർ ഡോ. എ.രാമചന്ദ്രൻ സമ്മാനിച്ചു. കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് അഡ്വ.ടി.ശിവദാസൻ നായർ സ്വാഗതം ആശംസിച്ചു. കെ.വി.രാമചന്ദ്രൻ, (കൺവീനർ, പരിസ്ഥിതി അവാർഡ് കമ്മിറ്റി) അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി, കെ.എ.മുരളീധരൻ (റിട്ട.ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, ആകാശവാണി) മംഗളപത്രം സമർപ്പിച്ചു. ഡോ.ജി.മധു (കൊച്ചി യൂണിവേഴ്സിറ്റി) അവാർഡ് ജേതാവിനെ സംബന്ധിച്ച് വിശദീകരണം നല്കി, ശ്രീ.എസ്.ജയതിലകൻ നന്ദി രേഖപ്പെടുത്തി.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ മെയ് 21 ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് തിരുവനന്തപുരം പോസിറ്റീവ് ഫ്രെയിംസ് അവതരിപ്പിക്കുന്ന നാടകം- 'തോമാ കറിയാ കറിയാ തോമാ' ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'പൂതനാമോക്ഷം' മെയ് 22, ബുധനാഴ്ച നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മെയ് 26ന് ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'ജീവിത നൗക' സിനിമാപ്രദർശനം ടിഡിഎം ഹാൾ നർമ്മദയിൽ നടത്തുന്നതാണ്.

മാതൃഭൂമിയുമായി സഹകരിച്ച് പ്ലസ്-ടു പാസ്സായ വിദ്യാർത്ഥികൾക്കായി 'ആസ്ക് എക്സ്പെർട്ട്'എന്ന കരിയർ ഗൈഡൻസ് സെമിനാർ മെയ് 31ന് ടി.ഡി എം ഹാളിൽ സംഘടിപ്പിക്കുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 15.05.2019 മുതൽ 15.06.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 15.5.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 16.5.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.5.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.05.2019 | ചൊവ്വ | 6.30 p.m. | : ബീം പ്രതിമാസ പരിപാടി- നാടകം: കറിയ തോമ തോമ കറിയ |
| 22.05.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 3.30 p.m. | : വിമൻസ് ഫോറം യോഗം |
| | | 6.30 p.m. | : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്- പൂതനാമോക്ഷം കഥകളി |
| 23.5.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 25.5.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 26.5.2019 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ പ്രദർശനം - കളർ ഓഫ് പാരഡൈസ് |
| 29.5.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 30.5.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 31.5.2019 | വെള്ളി | 9.30 a.m. | : മാതൃഭൂമി- കരിയർ ഗൈഡൻസ് സെമിനാർ |
| 1.6.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 5.6.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 6.6.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 8.6.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 9.6.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 12.6.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 13.6.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 15.6.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 മെയ് മാസം 12-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

# വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

## നായർ സ്ത്രീസമാജം 2019 മെയ് മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 14.05.2019 | Get Together | 4.00 pm |



# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

എല്ലാവരും വേനലവധി ആസ്വദിക്കുകയായിരിക്കുമല്ലോ? ഒരുപാടു കളിയും ചിരിയും പഠനവും, യാത്രയും എല്ലാം ആസ്വദിക്കാൻ ഇപ്പോഴാണല്ലോ കൂടുതൽ അവസരം കൂട്ടുകാർക്കു ലഭിക്കുന്നത്.അത് വേണ്ടവണ്ണം ഉപയോഗിക്കാൻ ശ്രദ്ധിക്കണേ. ഏകാഗ്രതയോടെ ചെയ്യുന്ന ഏതു കാര്യവും നൂറു ശതമാനം വിജയം കൊയ്യും.

അമ്മെ, എന്താണ് ഈ ഏകാഗ്രത എന്ന് വെച്ചാൽ? അച്ഛൻ എപ്പോഴും ഈ വാക്ക് പറയുന്നത് കേട്ടിട്ടുണ്ട് . ഒന്ന് വിശദമാക്കി തരുമോ? ഏതു കാര്യത്തിനും ഏകാഗ്രത ആവശ്യമാണെന്ന് എന്റെ അധ്യാപകനും കൂടെക്കൂടെ പറയാറുണ്ട്. അതിനെന്താ അമ്മ പറഞ്ഞു തരാമല്ലോ. മോൻ ശ്രദ്ധയോടെ കേൾക്കണേ. അമ്മ പറഞ്ഞു. ഒരു കാര്യം ചെയ്യുമ്പോൾ നൂറു ശതമാനവും അതിൽ തന്നെ ശ്രദ്ധിക്കണം. അതിനിടയിൽ ചുറ്റുവട്ടത്ത് എന്ത് നടന്നാലും ചെയ്യുന്ന കാര്യത്തിൽ തന്നെ ആയിരിക്കണം ശ്രദ്ധ. മനസ്സ് ഒരു കുരങ്ങനെപ്പോലെ ആണെന്ന് കേട്ടിട്ടില്ലേ? നമ്മുടെ വിവേകാനന്ദൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ മനസ്സാണ് എല്ലാറ്റിന്റെയും കാരണം. അതൊരു കുരങ്ങനെപ്പോലെയാണ് ആ മനസ്സിനെ ഏകാഗ്രതയിലൂടെ നമുക്ക് പരിശീലിപ്പിച്ചെടുക്കാനാവും. കൂട്ടുകാരും ഇക്കാര്യം ശ്രദ്ധിക്കുമല്ലോ ?

ഇനി ഒരു ശ്രീരാമകൃഷ്ണകഥ കേട്ടോളു കൂട്ടുകാരെ.

രാമന്റെ ഇഷ്ടം

ഒരിടത്ത് രഘുറാം എന്ന് പേരുള്ള നെയ്ത്തുകാരനായ ഒരു രാമഭക്തൻ ഉണ്ടായിരുന്നു. സദാ നാവിൻ തുമ്പത്തു രാമനാമം ഉരുവിടുന്ന ഒരു വ്യക്തി. ഈ പ്രപഞ്ചത്തിൽ കാണുന്നതെന്തും നയിക്കുന്നതു രാമനാണെന്നു അദ്ദേഹം വിശ്വസിച്ചു. നാമം ഉരുവിട്ടുകൊണ്ടാണ് എന്ത് കാര്യവും അദ്ദേഹം ചെയ്യുക. നെയ്തവ വിൽക്കുമ്പോഴും ലാഭമായാലും നഷ്ടമായാലും എല്ലാം ഈശ്വരേച്ഛ എന്ന് മാത്രമാണദ്ദേഹം വിശ്വസിച്ചത് . അപ്പോഴും നാവിൻതുമ്പത്തു രാമനാമം മാത്രം. എല്ലാവരും അദ്ദേഹത്തിന്റെ സത്യസന്ധതയിൽ അത്ഭുതം കൂറി.

ഒരു രാത്രിയിൽ അദ്ദേഹം നാമം ഉരുവിട്ടുകൊണ്ടു തന്റെ വീടിന്റെ ഉമ്മറത്തിണ്ണയിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് കുറെ കള്ളന്മാർ ഏതോ വീട്ടിൽ നിന്ന് കൊള്ളയടിച്ച മുതലും തലയിലേറ്റി വരുന്നത് രഘുറാം കണ്ടത് . കള്ളന്മാരും ഇദ്ദേഹത്തെ കണ്ടപ്പോൾ തങ്ങൾ കൊള്ളയടിച്ച മുതലകളുടെ പൊതി ഇദ്ദേഹത്തിന്റെ തലയിൽ കെട്ടിവെച്ചുകൊണ്ട് പറഞ്ഞു. ഞങ്ങളോടൊപ്പം നടന്നോ, ഇല്ലെങ്കിൽ നിന്നെ ഞങ്ങൾ ശരിയാക്കും. രാമ രാമ എന്നുരുവിട്ടുകൊണ്ട് തന്നെ പൊതിയും ചുമന്നുകൊണ്ട് അദ്ദേഹം ഇവരുടെ പിന്നാലെ നടന്നു. പുറകെ പോലീസുകാരെ കണ്ടപ്പോൾ കള്ളന്മാർ ഓടിയൊളിച്ചു. പോലീസുകാർ ഇദ്ദേഹത്തിനെ മജിസ്ട്രേറ്റിന്റെ മുൻപിൽ ഹാജരാക്കി. അപ്പോഴും എല്ലാം രാമനിയോഗമാണെന്നു മാത്രം വിശ്വസിച്ചുകൊണ്ടദ്ദേഹം രാമനാമം ജപിച്ചു. ഇദ്ദേഹത്തിന്റെ ഗുണഗണങ്ങളെക്കുറിച്ച് കേട്ടറിവുള്ള മജിസ്ട്രേറ്റിനും ഒട്ടും സംശയിക്കേണ്ടി വന്നില്ല. തെളിവുകളില്ലാതെ ഇദ്ദേഹത്തെ ശിക്ഷിക്കാനാവില്ലെന്നു തന്നെ അദ്ദേഹം തീരുമാനിച്ചു. രഘുരാമനെ അദ്ദേഹം ചോദ്യം ചെയ്തപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു. സാർ എല്ലാം രാമനിയോഗമാണ്. ഞാൻ വീട്ടിന്റെ വരാന്തയിൽ ഇരുന്നതും കള്ളന്മാർ കൊള്ളമുതൽ എന്റെ തലയിൽ വെച്ച് കെട്ടിയതും, പോലീസുകാർ എന്നെ പിടികൂടി അങ്ങയുടെ മുമ്പിലെത്തിച്ചതും എല്ലാം ഞാൻ അനുഭവിച്ചേ മതിയാകൂ. ഇനി അങ്ങന്നെ ശിക്ഷിക്കുമെങ്കിൽ അതും നിയോഗമെന്നെ ഞാൻ കരുതൂ.

നിമിഷങ്ങൾക്കകം മജിസ്ട്രേറ്റിന്റെ കണ്ണുകൾ സജലങ്ങളായി. അദ്ദേഹം പറഞ്ഞു. ഇദ്ദേഹം നിഷ്കളങ്കനായ ഒരു രാമഭക്തൻ മാത്രമാണ്. ഇദ്ദേഹത്തെ ഞാൻ വെറുതെ വിടുന്നു. ഇതും രാമനിയോഗം രഘുറാം പറഞ്ഞു. രാമ രാമ, കൂടി നിന്ന ജനങ്ങളെല്ലാം അദ്ദേഹത്തെ സന്തോഷാധിക്യത്തോടെ വരവേറ്റു.

സത്യസന്ധതയ്ക്ക് എത്രമാത്രം വിലയുണ്ടെന്ന് കൂട്ടുകാർക്കു മനസ്സിലായിരിക്കുമല്ലോ ?

# കള്ളന്റെ ചെല്ല്

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

രണ്ട് അയൽ ഗ്രാമങ്ങളായിരുന്നു ഉമാപുരവും കേശവപുരവും. രണ്ടിന്റെയും അതിർത്തിയിലെ കാവൽക്കാരനായിരുന്നു കിമ്മണ്ണൻ. കാലങ്ങളായി ഇരുഗ്രാമങ്ങൾക്കും വേണ്ടി കിമ്മണ്ണൻ ജാഗ്രരൂകനായി അതിർത്തിയിൽ കാവൽ നിൽക്കുന്നു.

നിത്യേനയെന്നോണം ഒരാൾ സൈക്കിളിൽ അയൽഗ്രാമത്തേയ്ക്കും തിരിച്ചും സഞ്ചരിക്കാറു പതിവായിരുന്നു. അതിർത്തിയിൽ എത്തുമ്പോൾ കിമ്മണ്ണൻ എത്തി വലിഞ്ഞു നോക്കും. എന്നും സൈക്കിളിൽ മണ്ണു മാത്രമേ കാണൂ.

'ആഹ്..... പൊക്കോ പൊക്കോ' – അയാൾ കൈ വീശി പോകാൻ അനുവാദം കൊടുക്കും.

മണ്ണുംകൊണ്ടു യാത്ര പോകുന്ന ഇവനെന്താ വട്ടാണോ ? – കിമ്മണ്ണൻ ചിന്തിച്ചു ചിരിക്കും.

– ഓരോർത്തന്റേം വേലകളേ !

കാലം നീങ്ങി . കിമ്മണ്ണൻ ജോലിയിൽ നിന്നു പിരിഞ്ഞു. ഒരുനാൾ മക്കാറു കുട്ടീടെ ചായക്കടയിൽ വെച്ച് കണ്ടു മുട്ടിയപ്പോൾ, സൈക്കിളിൽ യാത്ര പോകുമായിരുന്ന ആളോട് കിമ്മണ്ണൻ തിരക്കി.

എന്താ തന്റെ പേര് ?

രാമുണ്ണി

താനെന്തിനാ ഈ മണ്ണും കൊണ്ട് സൈക്കിളേല് ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത്. എന്താ താൻ മണ്ണു കടത്തുകാരനാണോ ?

രാമുണ്ണി മിണ്ടിയില്ല. ചിരിച്ചു.

രണ്ടുപേരും പലതും പറഞ്ഞിരുന്ന് ചായ പലഹാരങ്ങൾ കഴിച്ചു. കിമ്മണ്ണൻ വീണ്ടും ചോദിച്ചു.

'എന്തിനാ താൻ മണ്ണുംകൊണ്ടു പോകുന്നത്?' രാമുണ്ണിയുടെ ചുണ്ടിൽ വീണ്ടും ഒരു ചിരി പരന്നു. പറ. എന്തിനാ മണ്ണു കടത്തുന്നത്.... ?

വീണ്ടും വീണ്ടും നിർബന്ധിച്ചു തിരക്കിയപ്പോൾ രാമുണ്ണി പറഞ്ഞു.

'ഞാനൊരു കള്ളനാ സാർ'

'ങേഹ്, കള്ളനോ, ആര് താനോ ? മണ്ണു കടത്തുന്ന കള്ളനോ'? – കിമ്മണ്ണന് രസമായി.

അപ്പോൾ ഒരു കള്ളച്ചിരിയോടെ രാമുണ്ണി പറഞ്ഞു.

'അങ്ങുന്നേ വാസ്തവത്തിൽ ഞാൻ കടത്തുന്നത് മണ്ണല്ലാ. സൈക്കിളാണ്.' സൈക്കിൾ മോഷണമാണന്റെ പണി.

കിമ്മണ്ണൻ കഴിക്കാനെടുത്ത പരിപ്പുവട കടിച്ചു പിടിച്ച് ഇരുന്നു പോയി.

നമ്മുടെ രാജ്യത്ത് ഇങ്ങനെ ആരോരുമറിയാതെ, വേണ്ടപ്പെട്ടവരറിയാതെ എന്തൊക്കെ ചിലർ കടത്തുന്നുണ്ട്. ആരും കണ്ടു പിടിക്കാത്ത ഇത്തരം മോഷണങ്ങൾ നമുക്ക് ചുറ്റും എത്രയെത്ര ! പാട്ടുപാടി വരുന്ന ചിലർ പാണ്ടികൾ പാത്രവും പണ്ടവും മാത്രമല്ല കുരുന്നു ജീവൻ വരെ എടുത്ത് കടക്കുന്നു.

---

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

രാഗപരിചയം

# ധനാശ്രീ

ഡോ. ജയലക്ഷ്മി നന്ദകുമാർ

സിഖ് പരമ്പരയിലുള്ള സംഗീതത്തിൽ ധാരാളമായി കാണപ്പെടുന്ന ഒരു രാഗമാണ് ധനാശ്രീ. ഗുരു നാനാക്, ഗുരു അമർദാസ്, ഗുരു രാമ്ദാസ്, ഗുരു അർജൻ തുടങ്ങിയ മഹാന്മാരുടെ 101 ൽ അധികം ഗീതങ്ങൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ളതായി പറയുന്നു.

ആരോഹണം : നി സ ഗ മ പ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു: ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതു: ശ്രുതി ധൈവതം, കൈഷികി നിഷാദം.

ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതിനാൽ ധനാശീ ഔഡവ-സമ്പൂർണ്ണ രാഗമാണ്. 22 -ാമത്തെ മേളകർത്താ രാഗമായ ഹരഹരപ്രിയയുടെ ജന്യരാഗമാണിത്. ഹിന്ദുസ്ഥാനി സംഗീതത്തിൽ കാഫിഥാട്ടിൽ ഉൾപ്പെടുന്നു. ബിംപ്ലാസി എന്ന രാഗത്തിനോടാണ് സാമ്യത. കർണ്ണാടക സംഗീതത്തിലെ ആഭേരി രാഗത്തോടും സമാനത പുലർത്തുന്നു.

ഒരു ചെറിയ രാഗമാണെങ്കിൽ പോലും ഉത്സാഹഭരിതവും സന്തോഷം നിറഞ്ഞതുമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഈ രാഗത്തിനു സാധിക്കും. ശൃംഗാരഭാവമാണ് ധനാശ്രീ രാഗത്തിൽ നിന്നും ഉളവാകുന്നത്. സായാഹ്ന സമയമോ മദ്ധ്യാഹ്നം കഴിഞ്ഞുള്ള സമയമോ ഈ രാഗം ആലപിക്കുവാൻ വളരെ അഭികാമ്യമാണ്.

കൃതികളും ചലച്ചിത്രഗാനങ്ങളും ഈ രാഗത്തിൽ വിരളമാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

1. ഗീതധുനികുതക ധീം - ആദി - സ്വാതി തിരുനാൾ

   സ്വാതിതിരുനാളിന്റെ വളരെ പ്രശസ്തമായ തില്ലാനയാണിത്.

   സ്വാതിതിരുനാൾ എന്ന ചലച്ചിത്രത്തിലും ഈ തില്ലാന ഉൾപ്പെടുത്തിയിട്ടുണ്ട്.

2. സീസ് ഗംഗ് ഭസ്മാംഗ് - രൂപകം - സ്വാതി തിരുനാൾ

## ചലച്ചിത്രഗാനങ്ങൾ

1. ഹേ രാജാ - അത്ഭുത ദ്വീപ്

## അംഗങ്ങൾക്കുള്ള പ്രത്യേക അറിയിപ്പ്

### എറണാകുളം കരയോഗം

## 94-ാം വാർഷിക പൊതുയോഗം

എറണാകുളം കരയോഗത്തിന്റെ 94-ാമതു വാർഷിക പൊതുയോഗം കരയോഗം നിയമാവലി 11(i), 33, 35 (ii), (iii), (iv), (v), 36 (i) എന്നീ വകുപ്പുകൾ പ്രകാരം 2019 ജൂൺ 30-ാം തീയതി (ഞായറാഴ്ച) രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ കൂടുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കരയോഗം നിയമാവലി 15 (ii) പ്രകാരം 2019 ൽ കരയോഗം ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പുണ്ടായിരിക്കുന്നതല്ല.

ജീവകാരുണ്യസ്ഥിരം ഫണ്ട് ഉൾപ്പടെ ഏതെങ്കിലും ഇനത്തിൽ കുടിശ്ശികകൾ ഉണ്ടെങ്കിൽ അവ യഥാസമയം അടച്ചു തീർത്ത് പൊതുയോഗത്തിൽ പങ്കെടുക്കുവാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

വാസ്തു


# വീട്പണിക്ക് മുമ്പ് പ്ലോട്ട് ശരിയാക്കണം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

കേരളത്തിലെ ഏറ്റവും പ്രശസ്തിയുള്ള വാസ്തു ആചാര്യന്റെ ശുപാർശ പ്രകാരം, അദ്ദേഹം പരിശോധിച്ചു വേണ്ടതായ മാറ്റങ്ങൾ വരുത്തിയ ഒരു വീട്ടിൽ പോകാൻ ഇടയായി. അവിടെ താമസിക്കുന്നവർക്ക് ആദ്യത്തെ രണ്ടു കൊല്ലക്കാലം പറയത്തക്ക പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. ഇപ്പോൾ ആ വീട്ടിൽ താമസമാക്കിയിട്ട് ആറു കൊല്ലമായി. കഴിഞ്ഞ കുറച്ചു കാലങ്ങളായി പലതരം പ്രശ്നങ്ങൾകൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ വിഷമിക്കുന്നു.

വീട് പരിശോധിച്ചതിൽ കിഴക്കോട്ടാണ് വീടിന്റെ മുഖം, വീട് കഴിയാവുന്ന വിധം പടിഞ്ഞാട്ട് നീക്കി പണിതിരിക്കുന്നു. മുൻവശം ഗേറ്റ് കടന്നാൽ ഉദ്ദേശം നൂറു മീറ്റർ സ്ഥലം ഉണ്ട്. വീടിന്റെ തെക്കു വശത്ത് ധാരാളം സ്ഥലം വിട്ടിട്ടുണ്ട്. മുൻവശം, വലിയ പൂമുഖവും, അതിന് രണ്ട് ഭാഗത്തേയ്ക്ക് വരാന്ത നീട്ടിയിരിക്കുന്നു. പൂമുഖത്ത് കയറി വടക്കു ഭാഗത്തേയ്ക്ക് നീണ്ടു കിടക്കുന്ന വരാന്തയിൽ നിന്നാണ് അകത്തേക്കുള്ള വാതിൽ. പൂമുഖത്തിന് ചുറ്റും പഴയ രീതിയിൽ തിണ്ണയും ചാരുപടിയും ഉണ്ട്. പ്രധാന വാതിൽ കടന്നാൽ വലിയ ഹാൾ ഉണ്ട്. ഹാളിൽ നിന്നും അകത്തു കടന്നാൽ നടുമുറ്റവും, നടുമുറ്റത്തിന് ചുറ്റും ആറടി വീതിയിൽ വരാന്തയും ഉണ്ട്. നടുമുറ്റത്തിന്റെ വരാന്ത കഴിഞ്ഞാൽ വടക്കു വശം ഊൺമുറി, 15 സെ. മീറ്റർ ഉയർന്ന് കിടക്കുന്നു. വടക്കു പടിഞ്ഞാറു ഭാഗത്ത് അടുക്കളയും, വർക്ക് ഏരിയയും. വർക്ക് ഏരിയ അടുക്കളയുടെ പടിഞ്ഞാറു ഭാഗത്ത് 15 സെ.മി താഴെ കിടക്കുന്നു.




പ്രധാന പ്രശ്നങ്ങൾ

പറമ്പ് കിഴക്കോട്ട് പോകുന്തോറും വീതി കുറഞ്ഞു വരുന്നു. അത് ശരിയാക്കുന്നതിനായി വീടിന്റെ വടക്കു വശത്ത് വീടിന് സമാന്തരമായി ഒരു കുട്ടി മതിലുണ്ടാക്കി (24 സെ.മി. ഉയരം) അതു വടക്ക് കിഴക്കേ മൂലയിൽ മതിലിൽ മുട്ടുന്ന സ്ഥലത്തോ അതിന് മുമ്പോ, കിഴക്ക് വശത്തും, വീടിന് സമാന്തരമായി ഒരു കുട്ടി മതിൽ 24 സെ.മി. ഉയരത്തിൽ പണിയണം. അതിന്റെ മദ്ധ്യഭാഗത്ത് വാഹനങ്ങൾ കടന്ന് പോകുന്നതിന് വേണ്ടി സ്ഥലം വിടേണ്ടതാണ്.

ചിത്രത്തിൽ A-B-C-D-E-F നോക്കുക. ഇപ്പോൾ പറമ്പിന്റെ വടക്കു -കിഴക്ക് മൂല ചതുരാകൃതിയിലായി. പ്രധാന വാതിൽ പൂമുഖത്തിന്റെ നടുവിലേക്ക് മാറ്റണം, കിഴക്കു ഭാഗത്തേക്കുള്ള ഹാളിൽ നിന്നും, പടിഞ്ഞാറോട്ടും, ഊൺമുറിയിൽ നിന്നും, തെക്കോട്ടും ഇറങ്ങുവാൻ പാകത്തിന് നടുമുറ്റത്തിന് ചുറ്റുമുള്ള വരാന്ത ഉയർത്തി എല്ലാം ഒരു ലെവൽ ആക്കണം. അതുപോലെ തന്നെ, അടുക്കളയിൽ നിന്നും, അതിന് പടിഞ്ഞാറു ഭാഗത്തുള്ള വർക്ക്ഏരിയയിലേക്ക് താഴോട്ട് ഇറങ്ങുന്നത് ശരിയല്ല.ആയത് ഒരേ ലെവലിൽ ആക്കണം. പ്രധാന ബെഡ്റൂമിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഇറയം, തെക്കു പടിഞ്ഞാറെ മൂലയായതുകൊണ്ട് അത് ബെഡ്റൂമിന്റെ ലെവലിൽ ആക്കാം. ഇപ്പോൾ പറമ്പിലുള്ള എല്ലാ വെള്ളവും,

പടിഞ്ഞാറുള്ള വയലിലേക്കാണ് തുറന്നു വിടുന്നത്. പറമ്പ് ഏതാണ്ട് ലെവലിൽ ആയതുകൊണ്ട് വെള്ളം വടക്കോട്ട് വിടാവുന്നതാണ്.

വീട് പണിയുമ്പോൾ ആദ്യം തന്നെ പറമ്പ് ശരിയാക്കിയിട്ടു വേണം വീടു പണി തുടങ്ങാൻ. അതുപോലെ തന്നെ, വീടിന്റെ തറ ലെവൽ പല തട്ടുകളാക്കുന്ന പക്ഷം (Spirit level) വടക്കോട്ടും കിഴക്കോട്ടും ചരിഞ്ഞ് വരണം. ഇതിനോടൊപ്പം ചേർത്തിരിക്കുന്ന സ്കെച്ച് കാണുക.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

*(മിനിക്കഥ)*

# കഥ കഴിക്കുന്നവൻ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

കുട്ടിക്കുവേണ്ടി മുത്തശ്ശി കഥ പറഞ്ഞു തുടങ്ങി ഒരിക്കൽ മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയി.......

കുട്ടി ഇടപെട്ടു.

അതെങ്ങനെ പോകും ? - പണ്ടത്തെ കാലമല്ല. ടി.വി യിൽ കാർട്ടൂൺ ചാനലും കാട്ടുമൃഗ ചാനലും അരങ്ങു വാഴുന്ന കാലം !

മുത്തശ്ശിക്കഥയുടെ പാരമ്പര്യം സംരക്ഷിക്കാൻ മുത്തശ്ശി പിന്നെ പറഞ്ഞത് കിണറിന്റെ ആൾമറയിൽ ഇരുന്ന് ഒരു മുത്തശ്ശി സൂചിയിൽ നൂലു കോർക്കുമ്പോൾ കിണറ്റിൽ സൂചി വീണ കഥ.

മൂളി കേട്ടുക്കൊണ്ടിരുന്ന കുട്ടിയോട് മുത്തശ്ശി ചോദിച്ചു.

ഉം എന്നു മൂളിയാൽ സൂചി കിട്ടോ ?

കുട്ടി നിഷേധാർത്ഥത്തിൽ തലയാട്ടി.

തലയാട്ടിയാൽ സൂചി കിട്ടോ ? മുത്തശ്ശി ചോദ്യം ആവർത്തിച്ചു.

എന്തു പറഞ്ഞാലും പറഞ്ഞില്ലെങ്കിലും സൂചി കിട്ടില്ലെന്ന് കുട്ടിക്കു തോന്നി. പെട്ടെന്ന് ഒരു ആശയം കുട്ടിയുടെ മനസ്സിലുണർന്നു. കുട്ടി ലാഘവത്തോടെ പറഞ്ഞു.

മുത്തശ്ശിയെ കിണറ്റിലേക്കു തള്ളിയിട്ടാലോ ? ഒന്നുകിൽ മുങ്ങിത്തപ്പി മുത്തശ്ശി സൂചി കൊണ്ടു വന്നോളും. ഇല്ലെങ്കിൽ മുത്തശ്ശി മുങ്ങിച്ചത്തുപ്പോകും.

അമ്പരന്നുപോയ മുത്തശ്ശി പിന്നീടൊരിക്കലും കഥ പറഞ്ഞിട്ടില്ല

കുട്ടി വളർന്നു. അവൻ കഥയെഴുത്തുകാരനായില്ല. കാര്യം കാണാൻ കഥ കഴിക്കുന്നവനായി.

## എറണാകുളം കരയോഗവും മാതൃഭൂമിയും സംയുക്തമായി സംഘടിപ്പിക്കുന്ന

# പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2019

**എറണാകുളം കരയോഗത്തിന്റേയും മാതൃഭൂമിയുടേയും സംയുക്താഭിമുഖ്യത്തിൽ പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2019 മെയ് 31-ന് 9.30 മുതൽ വൈകുന്നേരം 5.30 വരെ ടി.ഡി.എം.ഹാളിൽ നടത്തപ്പെടുന്നു. ഓൾ ഇന്ത്യാ എഞ്ചിനിയറിംഗ്, മെഡിക്കൽ എൻട്രൻസ്, കേരള എൻട്രൻസ്, കുസാറ്റ് എൻട്രൻസ്, എന്നിവയ്ക്കു പുറമേ എഞ്ചിനിയറിംഗ് ബ്രാഞ്ച് തിരഞ്ഞെടുക്കൽ, തൊഴിൽ സാധ്യതകൾ എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുക്കുന്നു. രജിസ്ട്രേഷൻ രാവിലെ 8.30 മണിക്ക് ആരംഭിക്കുന്നതാണ് . കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടിയുള്ള റജിസ്ട്രേഷനും ബന്ധപ്പെടുക.**

***മാതൃഭൂമി, കൊച്ചി : 8907431814***

തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**പ്രേമാനന്ദ**

എ.ഡി. 1636-നും 1734 നുമിടക്ക് ജീവിച്ചിരുന്ന ഒരു കവിയാണ് പ്രേമാനന്ദ്. കൃഷ്ണരാംഭട്ട് എന്നായിരുന്നു പിതാവിന്റെ നാമധേയം. രാംചരൺ എന്ന ഗുരുവിൽ നിന്നു വിദ്യ അഭ്യസിച്ച പ്രേമാനന്ദ് ഒരു പുരാണകഥാകാരൻ എന്ന നിലക്ക് ജനഹൃദയങ്ങളെ വശീകരിച്ചു. മുൻഗാമികളായ നകർ, വിഷ്ണുദാസ്, വിശ്വനാഥ് ജനി തുടങ്ങിയവരിൽ നിന്നു പ്രചോദനമുൾക്കൊണ്ട പ്രേമാനന്ദ് രാമായണം, മഹാഭാരതം, ഭാഗവതം തുടങ്ങിയ പുരാണകൃതികളുടെ വ്യാഖ്യാനങ്ങൾ രചിച്ചു.

പ്രേമാനന്ദിന്റെ 'ഓഖാഹരൺ' എന്ന ആഖ്യാനം ഇന്നും ഗുജറാത്തിൽ ചൈത്രമാസത്തിലും വൈശാഖമാസത്തിലും പാരായണം ചെയ്തുവരുന്നു. ഇന്നും മഴക്കാലത്ത് അദ്ദേഹത്തിന്റെ 'ദശമസ്കന്ധം' എന്ന ആഖ്യാനം പാരായണം ചെയ്യുന്നവർ ഗുജറാത്തിലുണ്ട്. സീമന്ത മുഹൂർത്തത്തിൽ പാരായണം ചെയ്യാൻ 'മാമേരുൺ', ശ്രാദ്ധവേളയിൽ പാരായണം ചെയ്യാൻ 'നരസിംഹമേത്താ -ന ബാപ് -നൺ ശ്രാദ്ധ' എന്ന ആഖ്യാനം, ശനിയാഴ്ച തോറും പാരായണം ചെയ്യാൻ 'സുദാമാ ചരിത്രം', ഞായറാഴ്ചകളിൽ പാരായണം ചെയ്യാൻ 'ഹുൺഡി,' നവരാത്രികാലത്ത് പാരായണം ചെയ്യാൻ 'ദേവീചരിത്ര്' എന്നിങ്ങനെ പ്രേമാനന്ദ് ധാരാളം ആഖ്യാനുകൾ രചിച്ചു. ഇന്നും ഗുജറാത്തി ഗൃഹങ്ങളിൽ ഇവയെല്ലാം ഭക്തിപുരസ്സരം പാരായണം ചെയ്യപ്പെട്ടുവരുന്നു.

നളാഖ്യാനമാണ് പ്രേമാനന്ദിന്റെ ഏറ്റവും മികച്ച ആഖ്യാനം. പിൽക്കാലത്ത് ശ്യാമൾഭട്ട്, വല്ലഭ് മേവട, പ്രീതം ദാസ്, രത്നോ, ധീരോ, നാർഭേരാം, മഹാരാഷ്ട്രക്കാരനായ ബാബുസാഹെബ് ഗെയ്ക്ക്വാദ്, ഭോജോ, രൺഛോഡ്ജി ദിവാൻ, ഗിരിധർ തുടങ്ങിയവർ പ്രേമാനന്ദ് നയിച്ച പാതയിലൂടെ സഞ്ചരിച്ചു.

**സ്വാമിനാരായൺ**

കലിയുഗത്തിൽ അധർമ്മത്തെ അമർച്ചചെയ്യാനും ധർമ്മത്തെ പുന:സ്ഥാപിക്കാനും ഭഗവാൻ പല രൂപങ്ങളിൽ അവതരിച്ചു എന്ന് ഗുജറാത്തിൽ ഒരു വിശ്വാസം നിലവിലുണ്ട്. ലോകപ്രശസ്തമായ അക്ഷർധാം മന്ദിരത്തിലെ ഭഗവാൻ സ്വാമിനാരായൺ സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരമായി ആരാധിക്കപ്പെട്ടുവരുന്നു.എ.ഡി. 1781-ൽ വടക്കൻ ഗുജറാത്തിലെ ഛാപിയാ ഗ്രാമത്തിൽ സർവരിയാ ബ്രാഹ്മണപണ്ഡിതനായ ദേവശർമ്മാ പാണ്ഡേയുടെ പുത്രനായി ജനിച്ച ഘനശ്യാം എന്ന ശിശുവാണ് പിൽക്കാലത്ത് സ്വാമിനാരായൺ എന്ന പേരിൽ പ്രശസ്തിനേടിയത്. ബാലാദേവിയായിരുന്നു ഘനശ്യാമിന്റെ മാതാവ്. ദേവശർമയെ ജനങ്ങൾ ആദരപൂർവ്വം ധർമ്മദേവൻ എന്നു സംബോധനചെയ്തു പോന്നു. ബാലാദേവി അവർക്കു ഭക്തിമാതയായിരുന്നു. ഘനശ്യാമിന് രാമപ്രതാപ് എന്നൊരു ജ്യേഷ്ഠനും ഇച്ഛാറാം എന്നൊരു അനിയനുമുണ്ടായിരുന്നു. ഘനശ്യാമിന് മൂന്നുവയസു പ്രായമുള്ളപ്പോൾ മാർക്ക ണ്ഡേയൻ എന്ന ഒരു ജ്യോതിഷി കുഞ്ഞിന്റെ ജാതകമെഴുതി. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ധർമ്മദേവൻ ദ്വിതീയ പുത്രനായ ഘനശ്യാമിനെ ഹരി

എന്നും സംബോധന ചെയ്യാൻ തുടങ്ങി."സാത്വിക ഗുണങ്ങളുടെ മൂർത്തിയായ ഈ ബാലൻ ഭാവിയിൽ 'നീലകണ്ഠൻ' എന്നറിയപ്പെടും. ഇവൻ ജനങ്ങൾക്ക് പരമാത്മാവിലേക്കുള്ള മാർഗം കാട്ടിക്കൊടുക്കും ! ജ്യോതിഷി ഇപ്രകാരം ഒരു പ്രവചനവും നടത്തി. ശൈശവത്തിൽത്തന്നെ ഘനശ്യാം ശാസ്ത്രഗ്രന്ഥങ്ങളിൽ താൽപര്യം പ്രകടിപ്പിച്ചു. തുമ്പി, പൂമ്പാറ്റ, കിളി തുടങ്ങിയ സാധുജീവികളെ ഉപദ്രവിക്കുന്നതിൽ നിന്ന് അവൻ മറ്റു കുട്ടികളെ വിലക്കി. ഒരിക്കൽ സൈനികരായ ചില ബന്ധുക്കളെ സന്ദർശിക്കാൻ പുറപ്പെട്ട പിതാവിനൊപ്പം ഘനശ്യാം സൈനികത്താവളത്തിലെത്തി. അവിടെ ഒരു കോണിൽ പട്ടാളക്കാർക്കു ഭക്ഷണം തയ്യാറാക്കാൻ ആടുകളെ അറക്കുന്ന പാചകക്കാരെയും അതുകണ്ടു രസിക്കുന്ന രാജാവിനെയും കണ്ടു. ബാലന്റെ ഹൃദയം കലങ്ങി. സൈനികത്താവളത്തിൽ കെട്ടിയിട്ടിരുന്ന ആനകളെയും കുതിരകളെയും കണ്ടപ്പോൾ 'ഇവർക്ക് ഈ കൂട്ടക്കുരുതി തടയാൻ എന്തെങ്കിലും ചെയ്യാനായെങ്കിൽ' എന്നവനാശിച്ചുപോയി. പൊടുന്നനെ, അവന്റെ മനസുകണ്ട മട്ടിൽ ആനകളും കുതിരകളും കെട്ടുപൊട്ടിച്ച് പാചകശാലക്കുനേരേ പാഞ്ഞു. അന്തം വിട്ടുപോയ രാജാവിന്, 'ജന്തുഹിംസ നിറുത്തുക' എന്ന് തന്നോടാരോ കൽപ്പിക്കുന്നതായി തോന്നി. അടുത്ത നിമിഷം ബാലരൂപിയായി മുന്നിൽ നിൽക്കുന്ന പരമാത്മാവിനെയും കണ്ടു. രാജാവ് പരമാത്മാവിനെ വണങ്ങി. മദമിളകിയ ഗജങ്ങളെയും അശ്വങ്ങളെയും ശാന്തരാക്കിത്തരണമെന്നു പ്രാർത്ഥിച്ചു. 'ജന്തുഹിംസ നിറുത്തലാക്കാമെന്നും അഹിംസ പ്രചരിപ്പിക്കാമെന്നും പ്രതിജ്ഞയെടുത്താൽ അശ്വങ്ങളും ഗജങ്ങളും താനേ ശാന്തരായിക്കൊള്ളും!' ഘനശ്യാം പറഞ്ഞു. - അഹിംസ പ്രചരിപ്പിച്ചുകൊള്ളാമെന്ന് രാജാവ് പ്രതിജ്ഞയെടുത്തതും അശ്വഗജങ്ങൾ ശാന്തരായി സ്വന്തം ലായങ്ങളിലേക്കു മടങ്ങി. ഈ അൽഭുതസംഭവത്തോടെ ഘനശ്യാം ഒരു സാധാരണ ബാലനല്ലെന്ന് എല്ലാവരും ഉറപ്പിച്ചു.

ഘനശ്യാമിന് അഞ്ചു വയസു തികഞ്ഞപ്പോൾ ധർമ്മദേവൻ കുടുംബസമേതം അയോദ്ധ്യയിലേക്കു താമസം മാറി. പുണ്യനഗരിയായ അയോദ്ധ്യയിൽ എത്തിയതോടെ ഘനശ്യാമിലെ ഭക്തിഭാവമുണർന്നു. അവൻ ക്ഷേത്രദർശനം, പുരാണകഥാ ശ്രവണം, സത്സംഗം, തുടങ്ങിയ സാത്വിക ശീലങ്ങൾ സ്വായത്തമാക്കി. ഏഴാം വയസ്സിൽ ഉപനയനം കഴിഞ്ഞതോടെ സംസ്കൃതം പഠിക്കാൻ തുടങ്ങിയ ബാലൻ പത്തുവയസ്സായപ്പോഴേക്കും വേദങ്ങളിലും ശാസ്ത്രങ്ങളിലും പാണ്ഡിത്യം നേടി. പണ്ഡിതനായ പിതാവിനെ അനുഗമിച്ച് കാശിയിലെത്തിയ ഘനശ്യാമിന് വിദ്വൽസഭകളിൽ ഉപവിഷ്ടനാകാനും വാദപ്രതിവാദങ്ങളിൽ പങ്കെടുക്കാനും അവസരം ലഭിച്ചു. രാമാനുജന്റെ വിശിഷ്ടാദ്വൈത വാദത്തെക്കുറിച്ച് ഗംഭീരമായ ഒരു പ്രഭാഷണം നടത്തിയ ബാലൻ മുതിർന്ന പണ്ഡിതന്മാരുടെ പ്രശംസക്കു പാത്രമായി. കാശിയിൽ നിന്നു മടങ്ങി ഏറെത്താമസിയാതെ ധർമ്മദേവനും പത്നിയും കാലഗതി പ്രാപിച്ചു. അതോടെ ഘനശ്യാം അയോദ്ധ്യ ഉപേക്ഷിച്ച് ഹിമാലയത്തിലേക്കു യാത്രയായി. കൗപീനം മാത്രമണിഞ്ഞ് പദയാത്ര ചെയ്ത പതിനൊന്നുകാരൻ ബാലമുകുന്ദന്റെ രൂപത്തെ അനുസ്മരിപ്പിച്ചു. ഘോരവിപിനങ്ങളും ഹിമശൃംഗങ്ങളും ബാലനെ തളർത്തിയില്ല. ഹിമാലയസാനുക്കളിലെ പുണ്യസങ്കേതങ്ങൾ ഒന്നു വിടാതെ ദർശിച്ച ബാലൻ മാനസരോവരത്തിലെത്തി. മഞ്ഞുപാളികൾ നീക്കി നഗ്നശരീരനായി തടാകത്തിൽ മുങ്ങിനിവർന്നു. യോഗശക്തിയാൽ ക്ഷുൽപിപാസാദികൾ നിയന്ത്രിച്ചും ഹിംസ്രജന്തുക്കൾക്കിടയിലിരുന്ന് ഭയലേശമെന്യേ ധ്യാനം ചെയ്തും തികഞ്ഞ സന്യാസിയായിത്തീർന്ന ഘനശ്യാം പതിനെട്ടാമത്തെ വയസിൽ ഗുജറാത്തിലേക്കു മടങ്ങി ഏഴുവർഷം കൊണ്ട് 12000 കിലോമീറ്റർ പദയാത്ര നടത്തിയ അദ്ദേഹം ഭാരതത്തിലങ്ങോളമിങ്ങോളമുള്ള 187 പുണ്യസങ്കേതങ്ങളാണ് സന്ദർശിച്ചത്. ഇതിനോടകം ജനങ്ങൾ അദ്ദേഹത്തെ ബഹുമാനപുരസ്സരം നീലകണ്ഠ് എന്നു സംബോധന ചെയ്യാൻ തുടങ്ങിയിരുന്നു. സൗരാഷ്ട്രയിലെ ലോജ് എന്ന ഗ്രാമത്തിൽ എത്തിച്ചേർന്ന നീലകണ്ഠ് രാമാനന്ദാശ്രമത്തിലെ മുക്താനന്ദസ്വാമിയെ കണ്ടുവന്ദിച്ചു. അവിടുത്തെ അന്തേവാസിയായിത്തീർന്ന നീലകണ്ഠ് ആശ്രമത്തിലെ ജോലികൾ സ്വയം ഏറ്റെടുത്തു. താമസിയാതെ രാമാനന്ദ്ജിയുമായി കൂടിക്കാഴ്ചയുണ്ടായി. യോഗചര്യയിലൂടെ വിയർപ്പും ക്ഷുൽപിപാസാദികളും നിയന്ത്രിച്ച യുവയോഗിയുടെ ചൈതന്യമാർന്ന രൂപം രാമാനന്ദ്ജിയിൽ മതിപ്പുളവാക്കി. ദീക്ഷയും സഹജാനന്ദസ്വാമി എന്ന പേരും നൽകി രാമാനന്ദ്ജി നീലകണ്ഠിനെ ശിഷ്യനായി സ്വീകരിച്ചു. രണ്ടുവർഷങ്ങൾക്കുശേഷം ശ്രീഹരി പട്ടാഭിഷേകം നടത്തി രാമാനന്ദ്ജി യുവശിഷ്യനെ പിൻഗാമിയായി വാഴിച്ചു. എ.ഡി. 1801-ൽ രാമാനന്ദ്ജി സമാധിയായി. പതിനാലാം ദിവസം സഹജാനന്ദ സ്വാമി ആശ്രമവാസികൾക്ക് 'സ്വാമിനാരായണമന്ത്രം' ഉപദേശിച്ചു കൊടുത്തു. പുതിയമന്ത്രം രാമാനന്ദശി

ഷ്യർക്ക് ദിവ്യാനുഭൂതി പ്രദാനം ചെയ്തു. ഗുരുവായ സഹജാനന്ദസ്വാമിയെ അവർ 'സ്വാമിനാരായൺ' എന്നു സംബോധന ചെയ്തു. ആശ്രമത്തിലെ 19 മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയിൽപോലും ഈ മന്ത്രം പ്രഭാവമുണർത്തി. ആശ്രമത്തിന്റെ ചുമതലയേറ്റെടുത്തതോടെ സ്വാമിനാരായൺ സാമൂഹ്യസേവനം ലക്ഷ്യമാക്കി ചില പ്രവർത്തനങ്ങൾ ആരംഭിച്ചു. ആശ്രമവാസികളിൽ അതിയോഗ്യരായവരെ 'പരമഹംസ' എന്ന പദവിയിലേക്കുയർത്തി. സുഭാഷിതങ്ങളിലൂടെ അവർ ജനഹൃദയങ്ങളെ കീഴടക്കി. ഗുരുവിന്റെ നിർദേശാനുസരണം നാട്ടിലുടനീളം കിണറുകളും കുളങ്ങളും നിർമ്മിച്ചു. സാധുക്കൾക്കിടയിൽ, ജാതിമതഭേദമെന്യേ ധാന്യങ്ങൾ വിതരണം ചെയ്തു. ബ്രാഹ്മണമേധാവിത്വത്തിനെതിരെ ശബ്ദമുയർത്തിയ സ്വാമിനാരായൺ താണ ജാതിക്കാരെ തന്റെ ശിഷ്യരാക്കിയത് സമൂഹത്തിൽ ഏറെ വിമർശനമുയർത്തി. പുരുഷമേധാവിത്വം നിലനിന്നുപോന്ന സമൂഹത്തിൽ യാതനയനുഭവിച്ചിരുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി അദ്ദേഹം പരിശ്രമിച്ചു. സ്ത്രീഭൂണഹത്യാ, സ്ത്രീഹത്യ തുടങ്ങിയ പാതകങ്ങൾ ദൈവനിന്ദയാണെന്ന് അദ്ദേഹം പുരുഷന്മാരെ ഉദ്ബോധിപ്പിച്ചു. ആത്മീയവിഷയങ്ങൾ പുരുഷന്മാർക്കു മാത്രമുള്ളതല്ലെന്നു വിശ്വസിച്ചിരുന്ന അദ്ദേഹം സ്ത്രീകൾക്കു വിദ്യ പ്രദാനം ചെയ്യാൻ ഏർപ്പാടുകളുണ്ടാക്കി. യജ്ഞവേദികളിലെ മൃഗബലി ഈശ്വരവിരോധത്തിനു കാരണമാകുമെന്നതിനാൽ അതു നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഭരണാധികാരികളെ ബോധിപ്പിച്ചു. സ്വാമിനാരായൺന്റെ ഉപദേശം ചെവിക്കൊണ്ട രാജാക്കന്മാർ അവരവരുടെ പ്രവിശ്യകളിൽ മൃഗബലി പാടില്ലെന്ന് കൽപ്പന പുറപ്പെടുവിച്ചു.സനാതനസംസ്കൃതിയിൽ ഉത്സവാഘോഷങ്ങൾ അത്യന്താപേക്ഷിതമാണെന്ന് സ്വാമി നാരായൺ വിശ്വസിച്ചു. അതിനാൽ ഹോലി, ജന്മാഷ്ടമി, ദീപാവലി തുടങ്ങിയ പുണ്യദിനങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടാൻ അദ്ദേഹം ശ്രദ്ധപുലർത്തി. സമൂഹത്തിൽ ഭിന്നിച്ചുനിൽക്കുന്ന വിഭാഗങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്താൻ ഈ ആഘോഷങ്ങൾ സഹായകമായി. കീഴ്ജാതിക്കാർക്കൊപ്പമിരുന്ന് പന്തിഭോജനം നടത്തിക്കൊണ്ട് സ്വാമിനാരായൺ ജാതിചിന്തകൾക്കെതിരെ നിശ്ശബ്ദമായി പ്രതികരിച്ചു. സമൂഹത്തിന്റെ കണ്ണു തുറക്കാൻ താമസമുണ്ടായില്ല. മുഹമ്മദീയരടക്കം നാനാജാതിമതസ്ഥർ അദ്ദേഹത്തിന്റെ അനുയായികളായിത്തീർന്നു. സ്വാമിനാരായണന്റെ സുഭാഷിതങ്ങൾ ശ്രദ്ധിച്ചവർ അന്ധവിശ്വാസങ്ങളിൽ നിന്നു സ്വയം മോചിതരായി.

ഇന്ത്യയൊട്ടാകെ ഭക്തിപ്രസ്ഥാനം ജ്വലിച്ചുനിന്ന കാലഘട്ടം! സ്വാമിനാരായണന്റെ നിർദ്ദേശപ്രകാരം, പരമഹംസൻമാർ നിരവധി കാവ്യങ്ങളും ഭജനുകളും രചിച്ചു. ബ്രഹ്മാനന്ദസ്വാമി, നിഷ്കുളാനന്ദ, പ്രേമാനന്ദ, ദേവാനന്ദാ, നിത്യാനന്ദ തുടങ്ങിയവരായിരുന്നു ഇവരിൽ പ്രമുഖർ. ഗുജറാത്തിയിലും വ്രജഭാഷയിലും അവർ കൃതികൾ രചിച്ചു. ഗുജറാത്തി സാഹിത്യത്തിനും സംഗീതത്തിനും ഈ രചനകൾ വലിയ മുതൽക്കൂട്ടായി. 'ഭക്തചിന്താമണി,' 'നിഷ്കുളാനന്ദ കാവ്യ' തുടങ്ങിയവ രചനകളിൽ ചിലതുമാത്രം. പ്രേമാനന്ദ സ്വാമിയുടെ 'നിത്യചേഷ്ട' എന്ന ജനാവലി ഭഗവാൻ സ്വാമിനാരായണന്റെ കേശാദിപാദവർണനയാണ്.

സബർമതി ആശ്രമത്തിലെ പ്രാർത്ഥനാസന്ധ്യകളെ മുഖരിതമാക്കിയ ഭജനഗാനങ്ങളിൽ നിഷ്കുളാനന്ദസ്വാമിയുടെയും മുക്താനന്ദസ്വാമിയുടെയും ബ്രഹ്മാനന്ദസ്വാമിയുടെയും രചനകൾ ഉൾപ്പെടുത്തിയത് മഹാത്മാഗാന്ധിയാണ്. ഗാന്ധിജിയെ ഏറെ സ്വാധീനിച്ച ഈശ്വരസ്തുതികളായിരുന്നു ഇവ. സ്വാമിനാരായണന്റെ ശിക്ഷാപത്രി, വചനാമൃത് എന്നീ സുഭാഷിതസംഗ്രഹങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു. മഹാത്മാഗാന്ധി, സർദാർ വല്ലഭായ് പട്ടേൽ, ഗുൽസാരിലാൽ നന്ദ തുടങ്ങിയ മഹദ്വ്യക്തികൾ ശിക്ഷാപത്രിയിലെ നിർദ്ദേശങ്ങൾ സ്വന്തം ജീവിതത്തിലേക്കു സ്വാംശീകരിച്ചു. എ.ഡി. 1817–ൽ സ്വാമിനാരായൺ അംദാബാദിൽ ഒരു ക്ഷേത്രം നിർമ്മിച്ചു. 1822 മുതൽ 1828 വരെയുള്ള വർഷങ്ങളിൽ അദ്ദേഹം ഭുജ്, വഡ്താൾ, ഡൊലേറ, ജുനഗഡ്, ഗഢാധ എന്നിവിടങ്ങളിലായി അഞ്ചുക്ഷേത്രങ്ങൾ കൂടിസ്ഥാപിച്ചു.


എ.ഡി. 1830ൽ തന്റെ അവതാരോദ്ദേശം നിർവ്വഹിച്ച സംതൃപ്തിയോടെ ഭഗവാൻ സ്വാമിനാരായൺ തന്റെ ഇഷ്ടസങ്കേതമായ അക്ഷർധാം എന്ന ദേവഭൂമിയിൽവെച്ച് ഭഗവൽപദം പൂകി. അന്ന് അദ്ദേഹത്തിന് 49 വയസ്സായിരുന്നു പ്രായം.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

ക്ഷേത്രങ്ങളിലൂടെ

# ശ്രീ ചിനക്കത്തൂർ ഭഗവതിക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)



ഭൂമിദേവിയുടെ അനുഗ്രഹത്താൽ പ്രകൃതി രമണിയമായ ഒരു നാടാണ് പാലക്കാട്. നദികളും പുഴകളും മലകളും പാറക്കെട്ടുകളും താഴ്വാരങ്ങളും വൃക്ഷങ്ങളും നെൽപ്പാടങ്ങളും ചേർന്ന സുന്ദരമായ ഒരു നാട്. പാലക്കാടു ജില്ലയിലെ അതിപുരാതനമായ ഒരു ഭഗവതിക്ഷേത്രമാണ് ശ്രീ ചിനക്കത്തൂർ ഭഗവതിക്ഷേത്രം. പുരാതനകാലം മുതൽക്കു തന്നെ വിജ്ഞാനത്തിന്റെയും ആത്മീയ ശക്തിയുടെയും കേന്ദ്രങ്ങളായി നമ്മുടെ പുണ്യക്ഷേത്രങ്ങളെല്ലാം പ്രശോഭിച്ചു കൊണ്ടിരുന്നു. മനസ്സിന്റെ ശക്തിക്കപ്പുറമുള്ള ആത്മീയശക്തികളെ ആവാഹിച്ചു പ്രതിഷ്ഠിച്ചിരിക്കുന്ന വിശുദ്ധസങ്കേതങ്ങളാണ് ക്ഷേത്രങ്ങൾ. മാനസിക സംഘർഷങ്ങളിൽപ്പെട്ട് ദു:ഖം അനുഭവിക്കുന്നവർപോലും ക്ഷേത്രാന്തരീക്ഷത്തിൽ ആശ്വാസം അനുഭവിക്കുന്നു.

പണ്ടുകാലത്ത് ദേവതാപ്രതീകമായി കരുതിയിരുന്ന പാലമരത്തിന്റെ പേരിലറിയപ്പെടുന്ന ഒരു നാടാണ് പാലക്കാട്. ആര്യദ്രാവിഡകാലത്ത് പാലമരത്തെ ദേവതാപ്രതീകമായി കരുതിയിരുന്നു. പാലമരങ്ങളുടെ കാട് പാലക്കാടായി എന്ന് അഭിപ്രായമുമുണ്ട്. സംഘകാലത്ത് പാലമരങ്ങൾ നിറഞ്ഞു നിന്നിരുന്ന ഇന്നത്തെ പാലക്കാട് ഉൾപ്പെടുന്ന സ്ഥലം 'പാലത്തിണൈ' അഥവാ ഊഷരഭൂമി എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നു. പാറക്കാട് പാലക്കാടായി എന്നു വാദിക്കുന്നവരും ഉണ്ട്. ബുദ്ധമതഭാഷയായ പാലി സംസാരിക്കുന്നവർ വസിക്കുന്ന ഇടം പാലിഘട്ടം എന്നും പിന്നീട് പാലക്കാടായി എന്നും അഭിപ്രായമുണ്ട്. പാലയും പാറയും പനയും നിറഞ്ഞു നിന്നിരുന്ന സ്ഥലം പാലക്കാടായി എന്നു നമുക്കു വിശ്വസിക്കാം. പ്രകൃതിയിലെ കാഴ്ചകളുടെ സമൃദ്ധിയാണ് ഒരു നാടിന്റെ സൗന്ദര്യം. ചരിത്രങ്ങളും സംസ്കാരവും നിറഞ്ഞ ചില കാഴ്ചകൾ നാടിന് ഭംഗിയും പ്രസിദ്ധിയും സമൃദ്ധിയും നൽകുന്നു.

പാലക്കാടു ജില്ലയിലെ ഒറ്റപ്പാലം നഗരത്തിനടുത്തുള്ള പാലപ്പുറം എന്ന ഗ്രാമത്തിലാണ് ശ്രീ ചിനക്കത്തൂർ ഭഗവതിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പുരാതനവും പ്രസിദ്ധവുമായ ഒരു ഭഗവതിക്ഷേത്രമാണിത്. പാലപ്പുറം ഗ്രാമത്തിന്റെ സർവ്വ ഐശ്വര്യത്തിന്റെയും കാരണഭൂതയായ ദേവതയാണ് ശ്രീ ചിനക്കത്തൂർ ഭഗവതി. ഒരു ക്ഷേത്രാങ്കണത്തിൽ ആഘോഷങ്ങൾക്കിടയിൽ ''അയ്യോ എന്നെ കൊല്ലുന്നേ രക്ഷിക്കണേ'' എന്നീ വാക്കുകൾ മുഴങ്ങി കേൾക്കാറുണ്ട്, എന്നു പറഞ്ഞാൽ നമുക്ക് വിശ്വസിക്കാൻ പ്രയാസമാണ്. എന്നാൽ വിശ്വസിച്ചേ മതിയാകൂ. അങ്ങനെ ഒരു ക്ഷേത്രാങ്കണം നമുക്കുണ്ട്. ഇത് ചിനക്കത്തൂർ ഭഗവതിയുടെ പൂരമഹോത്സവത്തിന്റെ ഒരു പ്രത്യേകതയാണ്. ചിനക്കത്തൂരമ്മയുടെ ക്ഷേത്രോല്പത്തിയുടെ ഐതിഹ്യവുമായി ഈ വാക്കുകൾ ബന്ധപ്പെട്ടു കിടക്കുന്നു. ഇന്നും ഈ ക്ഷേത്രാങ്കണത്തിൽ കുംഭമാസത്തിലെ പൂരമഹോത്സവാഘോഷങ്ങൾക്കിടയിൽ ഈ വാക്കുകൾ ഇടക്കിടെ മുഴങ്ങി കേൾക്കാറുണ്ട്. പാലക്കാടു ജില്ലയിൽ ഒറ്റപ്പാലം നഗരത്തിനടുത്തുള്ള ഒരു ഗ്രാമമാണ് പാലപ്പുറം. പരമ്പരാഗത നെയ്ത്തു വ്യവസായത്തിനും പൂരമഹോത്സവത്തിനും പേരുകേട്ട ഗ്രാമമാണിത്. പാലപ്പുറം ഗ്രാമത്തിന്റെ പ്രധാനപ്പെട്ട ക്ഷേത്രോത്സവമാണ് ചിനക്കത്തൂർ പൂരം. ചിനക്കത്തൂർ ഭഗവതി ക്ഷേത്രത്തിൽ ഭഗവതി രണ്ടു വ്യത്യസ്ഥ ഭാവങ്ങളിലായി കുടിക്കൊള്ളുന്നു. തെക്കോട്ടു ദർശനമായുള്ള ദേവീക്ഷേത്രങ്ങൾ അപൂർവ്വമാണ്. ഇവിടെ ദേവി തോക്കോട്ടു ദർശനമായാണ് കുടിക്കൊള്ളുന്നത്. പാതയോരത്തു തന്നെ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രാങ്കണം ചുറ്റുമതിലുകളൊന്നും ഇല്ലാതെ അതിവിശാലമായി കാണപ്പെടുന്നു. ഒരു ക്ഷേത്രാങ്കണം

എന്നു പറയാൻ സാധിക്കില്ല, ഒരു ക്ഷേത്രഗ്രാമം എന്നു തന്നെ പറയാം. അത്ര വിശാലമാണ് ഇവിടം.

സാധാരണയായി നമ്മുടെ ക്ഷേത്രങ്ങളിൽ ഒന്നോ രണ്ടോ ക്ഷേത്രകൊടിമരങ്ങൾ ആണ് ഉണ്ടാവുക. എന്നാൽ ചിനക്കത്തൂർ ഭഗവതി ക്ഷേത്രത്തിൽ മൂന്നു കൊടിമരങ്ങളുണ്ട്. അതിനും പ്രത്യേകതയുണ്ട്. എന്തെന്നാൽ മൂന്നു കൊടിമരങ്ങളിൽ ഒന്ന് കരിങ്കല്ലിൽ തീർത്ത കൊടിമരമാണ്. ഇത് വളരെ അപൂർവ്വമായ ഒരു കാഴ്ചയാണ്. നൂറ്റാണ്ടുകളുടെ കാലപ്പഴക്കമുള്ള ഈ കരിങ്കൽ കൊടിമരം ഇന്നും ഒരു കേടുപാടുമില്ലാതെ ഒരത്ഭുതമായി ഇവിടെ നില്ക്കുന്നു.

ശ്രീരാമലക്ഷ്മണന്മാരുടെ സീതാന്വേഷണ യാത്രയുമായി ബന്ധപ്പെട്ട ഐതിഹ്യകഥയാണ് ചിനക്കത്തൂർ ഭഗവതിക്ഷേത്രത്തിനുള്ളത്. ശ്രീരാമനും ലക്ഷ്മണനും രാവണൻ അപഹരിച്ചു കൊണ്ടുപോയ സീതയെ അന്വേഷിച്ച് ലങ്കയിലേക്കു പോകുമ്പോൾ യാത്രാമദ്ധ്യേ അവർ ക്ഷീണിതരായി ഭാരതപ്പുഴയുടെ തീരപ്രദേശത്തെത്തി. ഈ യാത്രയിൽ ശ്രീരാമലക്ഷണന്മാരോടൊപ്പം ശാസ്താവും ഭദ്രകാളിയും ഉണ്ടായിരുന്നു. അല്പം വിശ്രമിച്ചശേഷം ഇനി യാത്ര തുടരാം എന്നു നിശ്ചയിച്ച് രാമൻ വിശ്രമിത്തിനനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുവാൻ ധർമ്മശാസ്താവിനെ നിയോഗിച്ചു. ശാസ്താവിനോടൊപ്പം ഭദ്രകാളിയും സ്ഥലമന്വേഷിച്ചു പോയി. നടന്നു നടന്ന് അവർ തിരുവില്ലാമലയിലെത്തി. ആ സ്ഥലം ശാസ്താവിനും ഭദ്രകാളിക്കും വളരെ ഇഷ്ടപ്പെട്ട് അവർ അവിടെത്തന്നെ ഇരുന്നു. വളരെയേറെ സമയം കഴിഞ്ഞിട്ടും ശാസ്താവിനേയും ഭദ്രകാളിയേയും കാണാഞ്ഞ് ശ്രീരാമനും ലക്ഷ്മണനും അവരെ അന്വേഷിച്ചു പുറപ്പെട്ടു. തിരുവില്ലാമലയിൽ വച്ച് അവരെ കണ്ടുമുട്ടി. അവരുടെ ഈ പ്രവൃത്തിയിൽ ദേഷ്യപ്പെട്ട ശ്രീരാമൻ പുറം കാലുകൊണ്ട് ശാസ്താവിന് ഒരു തട്ടു കൊടുത്തു. ശ്രീരാമന്റെ തട്ടുകൊണ്ട ശാസ്താവ് അമ്പത് അടിയിലേറെ താഴ്ചയുള്ള ഒരു കുണ്ടിൽ ചെന്നു വീണു. തിരുവില്ലാമലയിലെ വില്വാദ്രിനാഥക്ഷേത്രത്തിൽ ഉപദേവനായി കുണ്ടിലപ്പൻ അഥവാ കുണ്ടിൽ ശാസ്താവായി കുടിക്കൊള്ളുന്നത് ശ്രീരാമന്റെ പുറം കാലുകൊണ്ടുള്ള തട്ടുകൊണ്ട ശാസ്താവാണ് എന്നു വിശ്വസിക്കുന്നു. തിരുവില്ലാമലയിൽ ദർശനം നടത്തിയിട്ടുള്ളവർക്ക് കുണ്ടിൽ ശാസ്താവിന്റെ സ്ഥാനം എന്തുകൊണ്ട് ഈ വലിയ കുണ്ടിലായി എന്ന് ഈ കഥയിൽ നിന്നു മനസ്സിലാക്കാം. ശാസ്താവിന്റെ ഈ അനുഭവം കണ്ടു നിന്ന കാളീദേവി ''അയ്യോ എന്നെ കൊല്ലുന്നേ രക്ഷിക്കണേ'' എന്നു നിലവിളിച്ചുകൊണ്ട് ഓടി. ശ്രീരാമനും ലക്ഷ്മണനും ഭദ്രകാളിയുടെ പിന്നാലെ ഓടി. കുറെ ദൂരം ഓടിയിട്ട് രാമലക്ഷ്മണന്മാർ തിരികെ പോന്നു. ഭദ്രകാളിയാകട്ടെ ഓടി ഓടി ഭാരതപ്പുഴയുടെ അക്കരെ കടന്ന് അവിടെ ഒരു സ്ഥലത്തെത്തിയിട്ടാണ് ഓട്ടം നിർത്തിയത്. ഓടി ക്ഷീണിച്ച ദേവി ചിനക്കത്തൂർ എന്ന ആ സ്ഥലത്തു തന്നെ ഇരുന്നു. ചിനക്കത്തൂരിൽ ഭദ്രകാളി സ്വയംഭൂവായി കുടികൊണ്ട സ്ഥലത്താണ് ഇന്നത്തെ ചിനക്കത്തൂർ ഭഗവതിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അതിവിശാലവും മനോഹരവുമായ ഈ സ്ഥലത്ത് ദേവി ആദ്യം വടക്കോട്ടു ദർശനമായാണ് ഇരുന്നത് എന്നും പിന്നീട് തെക്കോട്ടായി ഇരുന്നു എന്നും വിശ്വസിക്കുന്നു. സങ്കടങ്ങളിൽപ്പെട്ടുഴലുന്ന ഭക്തർ അയ്യോ എന്ന ആർത്തനാദത്തോടെ ദേവിയെ സമീപിക്കുമ്പോൾ ദേവി അവർക്കഭയം നൽകി സങ്കടങ്ങളിൽ നിന്നു രക്ഷിക്കുന്നു. ദേവി വിളിച്ചു കൊണ്ടോടിയ 'അയ്യോ എന്നെ കൊല്ലുന്നേ രക്ഷിക്കണേ' എന്നീ വാക്കുകൾ ഇന്നും കുംഭമാസത്തിലെ പൂരക്കാലത്ത് ആഘോഷങ്ങൾക്കിടയിൽനിന്നും ഈ ക്ഷേത്രപരിസരത്ത് മുഴങ്ങി കേൾക്കാറുണ്ട്. പണ്ട് ഈ സ്ഥലം കാവായിരുന്നു എന്നും പിന്നീട് ക്ഷേത്രമാക്കി മാറ്റിയതാകാം എന്നും വിശ്വസിക്കുന്നു. ഇവിടെ രണ്ടു വ്യത്യസ്ഥ ഭാവങ്ങളിൽ രണ്ടു ശ്രീകോവിലുകളിലായാണ് ദേവിയുടെ ആരാധന പ്രതിഷ്ഠകൾ കാണപ്പെടുന്നത്. ഇത് താഴേക്കാവ് എന്നും മേലേക്കാവ് എന്നും അറിയപ്പെടുന്നു. താഴേക്കാവിൽ ദേവി ശാന്തസ്വരൂപിണിയാണ്. ഇവിടുത്തെ ശ്രീകോവിൽ ഭൂനിരപ്പിൽ നിന്നും വളരെ താഴ്ന്നാണ് കാണപ്പെടുന്നത്. അതുകൊണ്ടു തന്നെ ഇവിടുത്തെ ശ്രീകോവിലിനു മുന്നിൽ സാധാരണ കാണാറുള്ളതുപോലെ സോപാനപ്പടികളൊന്നും ഇല്ല. കുത്തനെയുള്ള പടിക്കെട്ടുകളിറങ്ങി വേണം ദേവിയുടെ നടയിലെത്തേണ്ടത്. ഇവിടെ ശ്രീകോവിലിൽ ഉയരമുള്ളതും ശിവലിംഗരൂപത്തിലുള്ളതുമായ വിഗ്രഹമാണ് കാണപ്പെടുന്നത്. മിനുസപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ലാത്ത ഈ വിഗ്രഹത്തിൽ ഗോളകയും പ്രഭാമണ്ഡലവും ചാർത്തിയിട്ടുണ്ട്. ഇത് അഴിച്ചു മാറ്റാറില്ല എന്നതും ഒരു പ്രത്യേകതയാണ്. ദേവിയുടെ ഈ ശ്രീകോവിലിനു മുന്നിലാണ് കരിങ്കല്ലിൽ തീർത്ത കൊടിമരം കാണപ്പെടുന്നത്. ചതുരാകൃതിയിൽ പണിത് ചെമ്പു മേഞ്ഞ ശ്രീകോവിലിന്റെ ചുമരുകളിൽ ശില്പവേലകളോ ചിത്രപ്പണികളോ മറ്റ് അലങ്കാരങ്ങളോ ഒന്നും തന്നെ ഇല്ല. നാലമ്പലത്തിനകത്ത് തെക്കു കിഴക്കായി തിടപ്പള്ളിയും വടക്കു കിഴക്കു ഭാഗത്ത് മണിക്കിണറും കാണാം. നമ്പൂതിരിമാരാണ് ഇവിടെ പൂജാദികർമ്മങ്ങൾ നിർവ്വഹിക്കുന്നത്. നിത്യേന മൂന്നു പൂജകളുള്ള ക്ഷേത്രമാണിത്.

മേലേക്കാവിൽ ഭഗവതിയുടെ ഉഗ്രമൂർത്തീ ഭാവമായ ഭദ്രകാളി സങ്കല്പമാണ്. ശാന്തസ്വരൂപിണിയായ ദേവിയുടെ നടയിൽ നിന്നും വളരെ ഉയരത്തിലാണ് ഉഗ്രസ്വരൂപിണിയായ ദേവിയുടെ മേലേക്കാവ് ക്ഷേത്രം. മേലേക്കാവിലും ചതുരാകൃതിയിൽ പണിത് ചെമ്പുമേഞ്ഞ ശ്രീകോവിലാണ്. ഇവിടെയും ചുമരുകളിൽ ചിത്രപ്പണികളോ ശില്പവേലകളോ ഇല്ല. ഇവിടെ നാലടിയോളം ഉയരത്തിലുള്ളതും ചതുർബാഹുവുമായ ഭദ്രകാളിയുടെ ശിലാവിഗ്രഹമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. കൈകളിൽ ത്രിശൂലവും ദാരുകശിരസ്സും വാളും കൈവട്ടകയും ധരിച്ച ദേവി ദാരുകവധശ്ശേഷമുള്ള രൗദ്രഭാവത്തിലാണ് ഇവിടെ കുടികൊള്ളുന്നത്. 1954- ലാണ് നവീകരണ കലശം നടത്തി മണ്ണുകൊണ്ടുള്ള വിഗ്രഹം മാറ്റി ശിലാവിഗ്രഹം സ്ഥാപിച്ചത്. ഇവിടെ നായർ പൂജാരിമാരാണ് പൂജകൾ നടത്തുന്നത്. പണ്ട് ഇവിടെ മൃഗബലി നടത്തിയിരുന്നു. പിന്നീട് അത് നിർത്തലാക്കിയെന്നും പറയപ്പെടുന്നു. മീനമാസത്തിലെ മകയിരം നാളിലാണ് ഇവിടുത്തെ പ്രതിഷ്ഠാദിനം. താഴേക്കാവിൽ നിന്നും പടികൾ കയറി മുകളിലെത്തിയാൽ അവിടെ കിഴക്കും പടിഞ്ഞാറും രണ്ടു കൊടിമരങ്ങൾ കാണാം. പടിഞ്ഞാറുള്ള കൊടിമരത്തിന്റെ അടുത്തായാണ് ദേവിയുടെ മൂലസ്ഥാനം കാണപ്പെടുന്നത്. ഇവിടെയാണ് ദേവി ആദ്യം വന്നിരുന്നത് എന്നു വിശ്വസിക്കുന്നു. ഈ സ്ഥാനം പവിത്രമായി സംരക്ഷിച്ച് നിത്യം വിളക്കു വയ്ക്കുകയും ചെയ്യുന്നുണ്ട്. സാധാരണ ദേവിക്ഷേത്രങ്ങളിലെ വഴിപാടുകളും നിവേദ്യങ്ങളുമാണ് ചിനക്കത്തൂർ ഭഗവതിക്ഷേത്രത്തിലും നടത്തുന്നത്. മേലേക്കാവിനു തൊട്ടടുത്തു തന്നെ ഒരു ഗണപതി ക്ഷേത്രമുണ്ട്. വിദ്യാഗണപതിയാണ് ഇവിടെ. പടിഞ്ഞാട്ട് ദർശനമരുളുന്ന അപൂർവ്വ ഗണപതിയാണിത്. ഈ ഗണപതിയുടെ ശ്രീകോവിലിനടുത്തുതന്നെ തിടപ്പള്ളിയും ഹോമപ്പുരയുമുണ്ട്. വിനായകചതുർത്ഥി ഇവിടെ വളരെ വിശേഷമാണ്.

പാലപ്പുറം ഗ്രാമമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീചിനക്കത്തൂർ ഭഗവതിയുടെ ക്ഷേത്രോത്സവമാണ് പാലപ്പുറം ഗ്രാമത്തിന്റെ പ്രധാന ഉത്സവം. മറ്റുള്ള പ്രദേശങ്ങളിൽ നിന്നുമെത്തുന്ന കെട്ടുകുതിരകളുടെ ചേരി തിരിഞ്ഞുള്ള മത്സരത്തിനും വാദ്യമേളങ്ങൾക്കും ആനപ്പൂരത്തിനും ഘോഷയാത്രയ്ക്കും പ്രസിദ്ധമാണ് പാലപ്പുറം ഗ്രാമം. 33 ആനകൾ അണിനിരക്കുന്ന ഇവിടുത്തെ പൂരം ആനപ്പൂരം തന്നെ. തട്ടിൻമേൽ കൂത്തെന്ന നാടൻ കലയും വീടുകൾ തോറും കയറിയിറങ്ങുന്ന ചോഴികളും ഇവിടുത്തെ പ്രത്യേകതയാണ്. തിരുവാതിരയോടനുബന്ധിച്ച് വാഴയുടെ ഉണങ്ങിയ ഇലകൾ വച്ചുകെട്ടി വീടുകൾ കയറിയിറങ്ങുന്ന ചോഴികൾ കുഞ്ഞിനെ അന്വേഷിച്ച് വീടുകൾ കയറിയിറങ്ങുന്ന ഭൂതപ്പാട്ടിലെ ഭൂതമാണെന്നാണ് വിശ്വാസം. തെയ്യവും തിറയും വെള്ളാട്ടവും ചിനക്കത്തൂർ പൂരത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. പൂരമഹോത്സവത്തിന് പരമ്പരാഗത വാദ്യമേളങ്ങളുടെ അകമ്പടിയോടെ കെട്ടുകുതിരകളും കെട്ടുകാളകളും വെള്ളാട്ടും, പൂതനും തിറയും, ആണ്ടിവേടൻ, കരിവേല, കരകം, തലയിൽ കുടം വച്ചു നൃത്തം ചെയ്യുന്ന കുംഭക്കളി, വണ്ടിവേഷങ്ങൾ തുടങ്ങിയ രൂപങ്ങളെക്കൊണ്ട് ഈ ക്ഷേത്രപരിസരം നിറയും. ഈ കലാരൂപങ്ങളുടെ വിരുന്നു കാലമാണ് ഇവിടുത്തെ പൂരം. കേരളീയ ക്ഷേത്രങ്ങളിലെ ഒരു അനുഷ്ഠാന കലയായ നിഴൽകൂത്ത് എന്ന പാവക്കളി പൂരത്തിനു മുമ്പുതന്നെ ഇവിടെ നടക്കുന്നു. ഒരു കൂത്തു തറയും ഇവിടെ കാണാം. കളമെഴുത്തു പാട്ടാണ് പൂരോത്സവത്തിന്റെ തുടക്കം കുറിക്കുന്നത്. പണ്ടൊരു നാൾ കളഞ്ഞു പോയ നിധിയെ ഓർത്ത് കഷ്ടം വച്ച് കടിച്ചു പിടിച്ച നാവുമായി തുടിതാളത്തിന് ചുവടു വച്ചു വരുന്ന പൂതനും വരിക്കപ്ലാവിൻ തടിയിൽ കൊത്തി യൊരുക്കിയ വേതാളവാഹിനിയായ കാളീരൂപം ശിരസ്സിൽ വഹിക്കുന്ന തിറയും നാവിൻതുമ്പിലെ നാടോടിപ്പാട്ടിന് വിശറിക്കാറ്റിനാൽ താളം തേടുന്ന വെള്ളാട്ടുമെല്ലാം അനുഷ്ഠാന കലാരൂപങ്ങളായി ആചാരപ്പെരുമയോടെ ഇന്നും ഇവിടെ അരങ്ങേറുന്നു.

വള്ളുവനാടൻ പാരമ്പര്യവുമായി ചിനക്കത്തൂർ ക്ഷേത്രത്തിന് ബന്ധം കാണുന്നുണ്ട്. തിരുനാവായയിൽ നടന്നിരുന്ന മാമങ്കമഹോത്സവത്തിന്റെ സ്മരണ പുതുക്കലാണ് ചിനക്കത്തൂർ പൂരം എന്നു വിശ്വസിക്കുന്നുണ്ട്. മാമാങ്കത്തിനു തുടക്കം കുറിച്ചിരുന്ന കുംഭമാസത്തിലെ മകം നാളിൽ ചിനക്കത്തൂർ പൂരം ആരംഭിക്കുന്നു. അവസാനത്തെ ചേരചക്രവർത്തി തന്റെ സ്ഥാനമാനങ്ങളെല്ലാം സാമന്തന്മാരെ ഏല്പിച്ചു പോയപ്പോൾ അദ്ദേഹം നടത്തി വന്ന മാമാങ്കോത്സവത്തിന്റെ അവകാശം വള്ളുവനാട് രാജാവിന് വിട്ടു കൊടുത്തു. വള്ളുവനാട്ടു രാജാക്കന്മാരിൽ നിന്നും മാമാങ്കത്തിന്റെ രക്ഷാധികാരം സാമൂതിരി പിടിച്ചെടുത്തു. ഇത് ഇരുകൂട്ടരും തമ്മിൽ ശത്രുതക്കു കാരണമായി. ഈ ശത്രുത മാമാങ്കത്തെ യുദ്ധമാക്കി മാറ്റി. സാമൂതിരിയുടെ അധീശത്തെ എതിർത്ത വള്ളുവനാട്ടു പടയാളികൾ ചാവേറുകളാകാനായി പോയി. സാമൂതിരിയോടേറ്റു മുട്ടി വീരചരമം പ്രാപിച്ച ചാവേറുകളുടെ സ്മരണ നിലനിർത്തുന്നതാണ് ചിനക്കത്തൂർ പൂരത്തിലെ കുതിരക്കളി എന്നു വിശ്വസിക്കുന്നു.

ചിനക്കത്തൂർ പൂരോത്സവത്തിന് നിരവധി കെട്ടു കാഴ്ചകളുണ്ടെങ്കിലും രാജകീയ പ്രൗഢിയോടെ അണിനിരക്കുന്ന 66 കുതിരക്കോലങ്ങൾക്കാണ് പൂരം നാളിലെ കാവേറ്റത്തിൽ പ്രമുഖ സ്ഥാനം. പൂരത്തിന് കുതിരകളിയിൽ പങ്കെടുക്കുന്ന പ്രധാന കുതിര "സാമൂതിരിക്കുതിര" അഥവാ പാണ്ടക്കുതിര എന്നാണറിയപ്പെടുന്നത്. ഈ കുതിരയാണ് മാമാങ്ക സ്മരണയുണർത്തുന്ന പൂരക്കളിയിലെ യുദ്ധം മുഴുവൻ നിയന്ത്രിക്കുന്നത്. സാമൂതിരിക്കുതിര കൂടാതെ കൊച്ചി രാജാവ് തിരുവിതാംകൂർ രാജാവ് എന്നീ പേരുകളിലുള്ള കുതിരകളുമുണ്ട്. എന്നാൽ പ്രധാനസ്ഥാനം സാമൂതിരിക്കുതിര അഥവാ പാണ്ടക്കുതിരക്കു തന്നെയാണ്.

അതിവിശാലമായ ഈ ക്ഷേത്രാങ്കണത്തിൽ കാവുസങ്കല്പസ്മരണ ഉണർത്തിക്കൊണ്ട് കൂറ്റൻ വൃക്ഷങ്ങൾ തണൽ വിരിച്ച് നില്ക്കുന്നു. 33 ആനകളും 66 കാഴ്ചക്കുതിരകളും അതിനൊപ്പമുള്ള മേളങ്ങളും മറ്റനേകം കലാരൂപങ്ങളും ഒരുമിച്ചണിനിരക്കുമ്പോൾ അവയെ എല്ലാം ഉൾക്കൊള്ളുവാൻ തക്ക ഒരു ക്ഷേത്രാങ്കണം അത് എത്ര വിശാലമായിരിക്കും എന്ന് നമുക്ക് ഒന്ന് ഊഹിക്കാവുന്നതാണ്. അത്രകണ്ടു വിശാലമാണ് ഈ ക്ഷേത്രാങ്കണവും പരിസരവും. പണ്ട് ഈ ക്ഷേത്രം ഊരാണ്മക്കാരുടെ വകയായിരുന്നു. നമ്പൂതിരി കുടുംബവും നായർ കുടുംബവുമായിരുന്നു ക്ഷേത്രഭരണം നിർവ്വഹിച്ചിരുന്നത്. ഇന്ന് മലബാർ ദേവസ്വത്തിനു കീഴിലാണ്.

ചിനക്കത്തൂരമ്മയുടെ തിരുനടയിൽ അഭയം തേടിയെത്തുന്നവർ അമ്മയെ തൊഴുതു മടങ്ങുമ്പോൾ അനുഭവിക്കുന്ന മാനസിക ശക്തിയും മാതൃവാത്സല്യാനുഭവവും അനിർവചനീയമാണ്. ചിനക്കത്തൂരമ്മയുടെ പെരുമകളെ ചേർത്തൊരുക്കിയ ഈ ലേഖനം ഒരു നിവേദ്യമായി അമ്മയുടെ തൃപ്പാദങ്ങളിൽ സമർപ്പിച്ചു കൊള്ളട്ടെ.

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ഏപ്രിൽ മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീ. ജയരാമൻ. പി & ഗീത ജയരാമൻ, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രോവിഡൻസ് റോഡ്, കൊച്ചി -18 | 12,000/- |
| 2. | ശ്രീമതി. എ. ലക്ഷ്മി നായർ, ഫ്ളാറ്റ് 210, എ വിംഗ്, ആരാധനാ സൊസൈറ്റി ജി.ഡി. അംബേദ്കർ മാർഗ്, ദാദർ(ഇ), ബില്ലിവാഡ, മുംബൈ, മഹാരാഷ്ട്ര -400014 | 10,000/- |
| 3. | പ്രൊ. ടി. ആർ മാലതി ദേവീ, ആരതി, 62/, കുമാരനാശാൻ നഗർ, കടവന്ത്ര കൊച്ചി - 20 | 10,000/- |
| 4. | ശ്രീ. എ. ശശികുമാർ, 52/2509, ശ്രേയസ്സ്, പി.ജെ. ആന്റണി റോഡ്, പാലാരിവട്ടം, കൊച്ചി - 25 | 5,000/- |
| 5. | ശ്രീമതി. ഉഷ. പി.ബി, 52/2509, ശ്രേയസ്സ്, പി.ജെ. ആന്റണി റോഡ്, പാലാരിവട്ടം, കൊച്ചി - 25 | 5,000/- |
| 6. | ശ്രീ. കെ. രാജ്മോഹൻ, വില്ല നമ്പർ 15,നെപ്ട്യൂൺ കൺട്രി, ചിലവന്നൂർ, കൊച്ചി | 5,000/- |
| 7. | ഡോ. സി. പ്രസന്നകുമാർ, ശ്രീസദൻ, ചങ്ങമ്പുഴ റോഡ്, ഇടപ്പള്ളി, കൊച്ചി - 24 | 5,000/- |

ജനകനുമമ്മയുമാത്മസഖിപ്രിയ -
ജ്ജനവുമടുത്തയൽവാസികളും വിനാ
ജനനമെടുത്തു പിരിഞ്ഞിടുമെപ്പൊഴും
തനിയെയിരിപ്പതിനേ തരമായ് വരൂ.

*അച്ഛൻ, അമ്മ, ആത്മസഖികൾ, പ്രിയജനങ്ങൾ, അടുത്ത അയൽവാസികൾ എന്നിവരൊന്നും കൂടാതെ ജനിക്കുകയും അവരെക്കൂടാതെ ഈ ലോകത്തു നിന്ന് പിരിഞ്ഞു പോകുകയും ചെയ്യേണ്ടി വരും, അങ്ങനെ എപ്പോഴും തനിയെ ഇരിക്കാനുള്ള തരം മാത്രമേ ഉണ്ടാവുകയുള്ളൂ.*

*ശ്രീ നാരായണഗുരു*



# മഹാഭാരതം ദേവവ്യതൻ/ ഗംഗാദത്തൻ

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഇക്ഷ്വാകുവംശത്തിലെ മഹാഭിഷേക് എന്ന രാജാവ് അശ്വമേധയാഗം നടത്തി ദേവാദികളെ പ്രീതിപ്പെടുത്തിയതിനാൽ ദേവലോകത്ത് ഇഷ്ടംപോലെ സഞ്ചരിക്കുവാനുള്ള അനുവാദം ലഭിച്ചു. ആ ഘട്ടത്തിലൊരു ദിവസം (ബ്രഹ്മപൂജാദിവസം) ഗംഗാദേവി ദേവലോകത്തിലെത്തി. ദേവിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ രാജാവ് ദേവിയെ ശ്രദ്ധിച്ചു. ഇതു കണ്ട ബ്രഹ്മാവ്, മഹാഭിഷക് രാജാവിന് ലൗകിക സുഖം മതിയായില്ലായെന്നും അതുകൊണ്ട് വീണ്ടും മനുഷ്യനായി ജനിച്ച് ജീവിതം ആസ്വദിക്കണമെന്നും ശപിച്ചു. ഈ രാജാവ് അങ്ങനെ പ്രതിപൻ എന്ന വിജ്ഞാനിയായ രാജാവിന്റെ മകനായി പിറക്കുവാൻ തീരുമാനിച്ചു. ഗംഗാദേവിക്ക് കാര്യം മനസിലായി. അവർ ഇക്കാര്യങ്ങളെല്ലാം ചിന്തിച്ചു നടന്നപ്പോൾ ശാപഗ്രസ്തരായ അഷ്ടവസുക്കളെ കണ്ടുമുട്ടി. അവർക്ക് വസിഷ്ടമുനിയുടെ ശാപംമൂലം മനുഷ്യരായി പിറക്കേണ്ടിവരുന്നുവെന്നും ഒരു നല്ല മാതാവിന്റേയും പിതാവിന്റേയും മക്കളായി ജനിക്കുവാൻ ഗംഗാദേവി സഹായിക്കണമെന്നും അപേക്ഷിച്ചു. ബ്രഹ്മാവിന്റെ ആജ്ഞപ്രകാരം താനുമൊരു രാജപത്നിയായി തീരുകയാണെന്നും പിതാവായി നിങ്ങൾക്ക് ആരെ വേണമെന്നു ചോദിക്കുകയും ചെയ്തു. അപ്പോൾ അവർ ശന്തനുവിന്റെ പേരാണു പറഞ്ഞത്. വസക്കൾ വീണ്ടും പറഞ്ഞു, തങ്ങൾ പിറന്നാലുടൻ തങ്ങളെ കൊല്ലണം. കാരണം അവർക്ക് അധികസമയം ഭൂമിയിൽ കഴിയാതെ ശാപമോക്ഷം ലഭിക്കണം. പക്ഷെ തനിക്കൊരാളെങ്കിലും ജീവനോടുകൂടി വേണമെന്ന ഗംഗാദേവിയുടെ ആവശ്യം അവരംഗീകരിച്ചു. തങ്ങളുടെ ശക്തിയുടെ ഒരംശം ആ കുട്ടിക്കു നൽകാമെന്നുകൂടി അവർ സമ്മതിച്ചു. ഒരു നിബന്ധനകൂടി വസുക്കൾ വെച്ചു. ഈ കുട്ടി ബ്രഹ്മചാരിയായിരിക്കണം. ഇതെല്ലാം പരസ്പരം സമ്മതിച്ച് രണ്ടുപേരും രണ്ടു വഴിക്കു പോയി. ഇവിടെ വൈശമ്പായൻ പ്രതിപൻ എന്ന ശന്തനുവിന്റെ അച്ഛനായ മഹാരാജാവിന്റെ ഒരു കഥ കൂടി പറയുന്നു. തപസനുഷ്ഠിക്കുന്നതിൽ സന്തോഷം കണ്ടിരുന്ന പ്രതിപൻ ഗംഗാതീരത്തിരുന്നപ്പോൾ ഗംഗാദേവി പ്രത്യക്ഷപ്പെട്ടു പ്രതിപന്റെ വലതുവശത്തെ തുടയിലിരുന്നുവെന്നും തന്നെ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുവെന്നും സാരം. താൻ ഒരിക്കലും മറ്റൊരാളുടെ ഭാര്യയെ സ്വീകരിക്കുകയില്ലയെന്നും വലതുവശത്തെ തുടയിലിരുന്നതിനാൽ മരുമകളായി സ്വീകരിക്കാമെന്നും പറഞ്ഞു. അങ്ങനെയെങ്കിൽ രാജാവിന്റെ പുത്രൻ താൻ വയ്ക്കുന്ന ചില നിബന്ധനകൾ അനുസരിക്കണമെന്നും ഗംഗാദേവി പറഞ്ഞു. തന്റെ പ്രവർത്തികളെ അദ്ദേഹം ചോദ്യം ചെയ്യാൻ പാടില്ലായെന്നും താൻ രാജപുത്രനെ സന്തോഷവാനാക്കുമെന്നും ഉള്ള ഉറപ്പുകൂടി കൊടുത്തു മറഞ്ഞു. പുത്രൻ പിന്നെ വളർന്നു വലുതായപ്പോൾ പ്രതിപൻ ഈ വിവരമെല്ലാം ശന്തനുവിനെ ധരിപ്പിച്ചു. ശന്തനു ഗംഗാദേവിയെ കണ്ടു, ഭാര്യയായി സ്വീകരിച്ചു. ഗംഗാദേവിയുടെ ആവശ്യങ്ങൾ ശന്തനു അനുസരിച്ചു. ഏഴു പുത്രന്മാരേയും ജനിച്ചയുടനെ നദിയിലെറിഞ്ഞു. എട്ടാമത്തെ പുത്രൻ പിറന്നപ്പോൾ ശന്തനു തടഞ്ഞു. ദേവി വിവരമെല്ലാം ശന്തനുവിനെ ധരിപ്പിച്ചു. പുത്രനുമായി മറഞ്ഞു.

ഈ പുത്രനാണ് ദേവവൃതൻ അഥവാ ഗംഗാദത്തൻ. ദേവവൃതൻ സർവ്വവിധ ആയുധവിദ്യകളും അഭ്യസിച്ചു. ചുറുചുറുക്കും ദൃഢഗാത്രനുമായ ദേവവൃതനെ പിന്നീട് ഗംഗാദേവി ശന്തനുവിനു സമ്മാനിച്ചുവെന്നാണ് കഥ. വസിഷ്ഠനിൽ നിന്നു വേദവും പഠിച്ചു. യുദ്ധവീര്യത്തിൽ ഇന്ദ്രനു തുല്യനാണെന്നും ഗംഗാദേവി പറഞ്ഞു. പരശുരാമനിൽ

നിന്നും ആയുധകല അഭ്യസിച്ച കുമാരൻ ആയുധ കലയിൽ അഗ്രഗണ്യനായി ശന്തനു തലമുറക്കു സഹായകമായി ഭവിക്കും എന്നുകൂടി അനുഗ്രഹിച്ചു ഗംഗാദേവി മറഞ്ഞു. അങ്ങനെ ദേവവൃതനെ രാജാവാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ശന്തനുവും മകനും രാജസഭയിൽ സന്തോഷത്തോടെ പെരുമാറി. ആയിടക്കാണ് ശന്തനു സത്യവതി എന്ന മത്സ്യഗന്ധിയെ കണ്ടതും വിവാഹംകഴിക്കാനാഗ്രഹിച്ചതും. ദുഃഖിതനായിരിക്കുന്ന രാജാവിന്റെ മനോവിചാരം മനസിലാക്കി സത്യവതി പറഞ്ഞ എല്ലാ നിബന്ധനകൾക്കും വഴങ്ങി സത്യവതിയെ അമ്മയായി സ്വീകരിച്ച് താതന്റെ സമീപം എത്തിച്ചു. ഇതിൽ സന്തുഷ്ടനായ ശന്തനു മകന് ഇഷ്ടപ്പെട്ട സമയത്തുള്ള മരണം വരുമെന്നനുഗ്രഹിച്ചു. ശന്തനു പറഞ്ഞു,

ന തേ മൃത്യുഃ പ്രഭവിതാ യാവജ്ജീവിതുമിഛസി

ത്വത്തോ ഹ്യാനുജ്ഞാം സംപ്രാപ്യ മൃത്യുഃ പ്രഭവിതാനഘ

നീ ജീവിക്കാനാഗ്രഹിക്കുന്നിടത്തോളം കാലം മൃത്യു നിന്നിൽ ഒരു മാറ്റവും ഉണ്ടാക്കില്ല. നിന്റെ അനുവാദത്താൽ മാത്രമേ മരണം നിന്റെ സമീപം വരികയുള്ളൂ. അവിടെയുണ്ടായിരുന്നവരെല്ലാം തന്നെ ദേവവൃതനാണ് ഭീഷ്മർ എന്നും പറഞ്ഞു.

സമേതാശ്ച പൃധക് ചൈവ ഭീഷ്മോ ള യമിതി ചാബ്ടവൻ

അദ്ദേഹം യഥാർത്ഥത്തിൽ ഭീഷ്മരാണ്. അങ്ങനെ ശന്തനുവിന്റെ സത്യവതിയിലുള്ള പുത്രന്മാരുമായി കഴിയവേ ചിത്രാംഗതൻ എന്ന പുത്രൻ മരണപ്പെട്ടു. ഭീഷ്മർ വിചിത്രവീര്യനെ രാജാവാക്കി. വിവാഹപ്രായമായപ്പോൾ ഭീഷ്മർ കാശിരാജാവിന്റെ 3 പുത്രിമാരുടെ സ്വയംവര വാർത്ത കേട്ടു വാരണാസിയിലെത്തി. പ്രായമേറിയ ജരാനരകൾ ബാധിച്ച ഭീഷ്മരുടെ രൂപം അവിടെയുള്ളവർക്കു കളിയാക്കാനൊരവസരമായി. ഈ സുന്ദരികളെ തന്റെ സഹോദരനുവേണ്ടി ആണ് എന്നതു മനസിലാക്കാതെ കളിയാക്കിയതിൽ കോപാകുലനായ ഭീഷ്മർ ഇവരെ തന്റെ ശക്തിയാൽ കൊണ്ടുപോകുകയാണെന്നു പറഞ്ഞു രഥത്തിൽ കയറ്റി വേഗത്തിൽ പോയി. എതിർത്ത എല്ലാവരേയും തോൽപിച്ച് ഭീഷ്മർ രാജധാനിയിലെത്തി.

താഃ സർവ്വഗുണസമ്പന്നാ ഭ്രാതാ ഭ്രാത്രേ യവീയസേ

ഭീഷ്മോ വിചിത്രവീര്യായ പ്രദദൗ വിക്രമാഹൃതാഃ

സ്വന്തം സഹോദരന്റെ നന്മ ആഗ്രഹിക്കുന്ന ശക്തനായ ആ യോദ്ധാവ് ഈ സുന്ദരിമാരെ തന്റെ സഹോദരനു കൊടുത്തു. കാശിരാജാവിന്റെ മൂത്തമകൾ അംബ തനിക്ക് സ്വാലരാജാവുമായുള്ള സ്നേഹബന്ധത്തെക്കുറിച്ചു പറഞ്ഞു. പണ്ഡിതന്മാരുമായി ആലോചിച്ചതിനു ശേഷം ഭീഷ്മർ അംബക്കു പോകാനുള്ള അനുമതി നൽകി. സ്വാലൻ അംബയെ സ്വീകരിച്ചില്ല. അംബ ഭീഷ്മരോടു വിവാഹാഭ്യർത്ഥന നടത്തി. താൻ ബ്രഹ്മചാരിയായിരിക്കാൻ ബാദ്ധ്യസ്ഥനാണെന്നു പറഞ്ഞു ഭീഷ്മർ കൈയ്യൊഴിഞ്ഞു. മറ്റു രണ്ടുപേരും അംബികയും അംബാലികയും വിചിത്രവീര്യന്റെ ഭാര്യമാരായി. അങ്ങനെനാളുകൾക്കുശേഷം വിചത്രവീര്യൻ മരണപ്പെട്ടു. കുണ്ഡിതനായ ഭീഷ്മർ കർമ്മങ്ങളെല്ലാം വേണ്ടവിധം ചെയ്യിപ്പിച്ചു. സത്യവതിയുടെ ഇഷ്ടപ്രകാരം രാജ്യഭരണം നടത്തി. അനന്തരവകാശികളില്ലാതെ വംശം നശിക്കുമെന്നുള്ള ദുഃഖത്താൽ സത്യവതി ഭീഷ്മരോട് രാജസിഹാസനത്തിലിരുന്നു സഹോദരന്റെ വിധവകളെ സംരക്ഷിക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ ഭീഷ്മർ പറഞ്ഞത്

പരിത്യജേയം ത്രൈലോക്യം രാജ്യം ദേവേഷു വാ പുനഃ

യദ് വാപ്യധികമേതാഭ്യാം ന തു സത്യം കഥംചനാ

എനിക്കു മൂന്നു ലോകവും ഉപേക്ഷിക്കാം. സ്വർഗ്ഗരാജ്യവും ഉപേക്ഷിക്കാം. പക്ഷെ സത്യത്തെ ഉപേക്ഷിക്കാൻ സാധിക്കയില്ല.

ഒന്നു കൂടി കടന്ന് വെള്ളത്തിന് അതിന്റെ നനവും പ്രകാശത്തിന് മറ്റുള്ളവയെ കാണിച്ചു കൊടുക്കൽ എന്നുമുള്ള സത്വത്തെ ഉപേക്ഷിക്കാം, എന്നാൽ ഞാൻ ഒരിക്കലും സത്യത്തെ ഉപേക്ഷിക്കില്ല. വീണ്ടും സത്യവതിയുടെ വാക്കുകൾ കേട്ടപ്പോൾ ഭീഷ്മർ പറയുന്നു, സത്യധർമ്മാദികൾ വെടിയുന്ന ക്ഷത്രിയരെ ഒരു ഇതിഹാസത്തിലും പുകഴ്ത്തപ്പെടുന്നില്ല. ഞാൻ പുരോഹിതന്മാരുമായി ആലോചിച്ച് മറ്റെന്തുമാർഗ്ഗമുണ്ടെന്ന് അന്വേഷിക്കാം. ഇതാണ് ചെറുപ്പം മുതൽ തന്നെ സത്യധർമ്മാദികളും കൊടുത്തവാക്കും തെറ്റിക്കാതെ ജീവിച്ച ഒരു മഹാനുഭാവന്റെ ജീവിതം മാനവസമൂഹത്തിന് മാതൃകയാകുന്നത്. അക്കാലത്ത് വംശവർദ്ധനക്കുവേണ്ടി ബ്രാഹ്മണന്മാരെ പ്രാപിച്ച ചരിത്രം ഭീഷ്മർ സത്യവതിയോടു പറയുകയും സത്യവതി അപ്പോൾ തനിക്കു പരാശരനിലുണ്ടായ വ്യാസനേക്കുറിച്ചു പറയുകയും അങ്ങനെ വ്യാസനിൽ അംബികക്കും അംബാലികക്കും ധൃതരാഷ്ട്രരും പാണ്ഡുവും ദാസിയിൽ വിദുരരും ജനിച്ചു. പാണ്ഡു രാജാവായി.

ഭീഷ്മർ വിദുരരോടു വംശവും രാജ്യവും വിപുലീകരിക്കുന്നതിനേക്കുറിച്ചു പറഞ്ഞു. അക്കാലത്ത് വിദുരർ പറയുന്നു:

ഭവാൻ പിതാ ഭവാൻ മാതാ ഭവാൻ നഃ പരമോ ഗുരുഃ

തസ്മാത് സ്വയം കുലസ്യാസ്യ വിചാര്യ കുരു യദ്ധിതം

അവിടുന്ന് ഞങ്ങളുടെ പിതാവും മാതാവും രക്ഷകനുമാണ്. അവിടുന്ന് ശരിയെന്നു തോന്നി ചെയ്യുന്നതെല്ലാം ഈ വംശത്തിനു ഗുണകരമായിരിക്കും. അങ്ങനെ ധൃതരാഷ്ട്രർ ഗാന്ധാരിയേയും പാണ്ഡു കുന്തിയേയും വിവാഹം കഴിച്ചു. കുട്ടികളുണ്ടായി. ചെറുപ്പം മുതലേ കൗരവ പാണ്ഡവരിൽ വൈരം വളർന്നിരുന്നു. പാണ്ഡുവിന്റെ മരണശേഷം ധൃതരാഷ്ട്രർ രാജ്യഭരണം ഏറ്റു. കുട്ടികളുടെ വിദ്യാഭ്യാസം നടക്കുന്ന ആ ഇടക്ക് ദ്രോണാചാര്യർ അവിടെയെത്തുന്നു. അദ്ദേഹത്തിന്റെ ആയോധനത്തിലുള്ള കരവിരുതും ഗാംഭീര്യം നിറഞ്ഞ മുഖഭാവവും കണ്ട് അദ്ദേഹം ആരാണെന്നറിയുവാനുള്ള ജിജ്ഞാസ എല്ലാവരിലും ഉണ്ടായി. അപ്പോൾ ദ്രോണർ പറഞ്ഞു, ഭീഷ്മാചാര്യർക്കു തന്നെ തിരിച്ചറിയാൻ കഴിയുമെന്നും, ഇതെല്ലാം അറിഞ്ഞ ഭീഷ്മർ ദ്രോണാചര്യരെ തിരിച്ചറിയുകയും അദ്ദേഹത്തെ ബഹുമാനപുരസ്സരം സ്വീകരിക്കുകയും ഇവിടെ കയറാനുണ്ടായ കാരണം ആരായുകയും ചെയ്തു. ദ്രോണർ ഇതുവരെയുണ്ടായ വേദനിക്കുന്നതും നല്ലതുമായ ജീവിതാനുഭവങ്ങൾ ഭീഷ്മരോടു വിവരിച്ചു. അതുകേട്ട ഭീഷ്മർ നിങ്ങൾക്ക് ഈ കുരു രാജധാനിയിൽ ഇഷ്ടംപോലെ കഴിയാമെന്നു പറഞ്ഞു. ഭീഷ്മർ ഭരദ്വജ പുത്രനായ ദ്രോണർക്കു താമസസൗകര്യം ഒരുക്കി. അങ്ങനെ ദ്രോണർ കുരുവംശരാജകുമാരന്മാരെ ആയുധവിദ്യ അഭ്യസിപ്പിച്ചു.

കൗരവരും പാണ്ഡവരും തമ്മിലുള്ള മത്സരങ്ങളും അതിനേതുടർന്നുണ്ടായ പ്രശ്നങ്ങളും ഭീഷ്മരെ വേദനിപ്പിച്ചിരുന്നു. എന്നാൽ രാജധർമ്മം അനുഷ്ഠിക്കുന്ന ഒരു യഥാർത്ഥ ഭടന്റെ ജീവിതമായിരുന്നു ഭീഷ്മരുടേത്. ദുര്യോധനൻ പലപ്പോഴും വാക്കുകൾകൊണ്ട് ഭീഷ്മരെ മുറിവേൽപിക്കുകയും പതിവായിരുന്നു. പല സന്ദർഭങ്ങളിലും പാണ്ഡവർക്ക് സംശയനിവർത്തി വരുത്തുന്നതും കൃഷ്ണൻ ഭഗവാന്റെ അവതാരമാണെന്നും ആശ്രയിക്കാനും മറ്റും പറഞ്ഞുകൊടുത്തതും ഭീഷ്മരായിരുന്നു. ദുര്യോധനൻ പാണ്ഡവരോടു ചെയ്യുന്ന ഓരോ അനീതിയും ചോദ്യം ചെയ്യപ്പെടേണ്ടതാണെ ന്നറിഞ്ഞിട്ടും രാജസദസ്സിൽ തന്റെ പ്രതിജ്ഞാപാലനത്തിനായി ഭീഷ്മർ നിലകൊണ്ടു. കൃഷ്ണൻ വെറുമൊരു വ്യക്തി മാത്രമല്ലായെന്നും:

ഏവ ഹ്യേഷാം സമസ്ത്ഗാനാം തേജോബലപരക്രമൈഃ

മദ്ധ്യേ തപന്നിവാഭാതി ജ്യോതിഷാമിവ ഭാസ്കരഃ

സൂര്യൻ എപ്രകാരം മറ്റു പ്രകാശിതവസ്തുക്കളിൽ പ്രകാശിക്കുന്നുവോ അതുപോലെ കൃഷ്ണൻ തന്റെ ശക്തികൊണ്ട് പ്രകാശിതമാക്കുന്നു. ഇത്തരം ഭീഷ്മരുടെ വചനങ്ങളാണ് കൃഷ്ണന്റെ യഥാർത്ഥരൂപം പാണ്ഡവർക്കു മനസിലാക്കാനിടയാക്കിയത്. കൗരവരും അവരുടെ സ്നേഹിതരായ പല രാജാക്കന്മാരും കർണ്ണനുൾപ്പെടെയുള്ള വില്ലാളിവീരന്മാരും പാണ്ഡവർക്കു നേരെ തിരിയുമ്പോഴൊക്കെ ദ്രോണർക്ക് അതിശയമായിരുന്നു. സമാധാനപ്രിയരായ പാണ്ഡുപുത്രരെ സഹായിക്കണമെന്നൊക്കെ ദ്രോണർ പറയുകയും ചെയ്തു. ഗോഹരണപർവ്വത്തിൽ ദ്രോണർ ഭീഷ്മരോടു പറയുന്നതായി വൈശമ്പായൻ പറയുന്നു: ബുദ്ധിമാന്മാർ പതറിപ്പോകില്ല. പാണ്ഡവർക്ക് അവരുടെ ശക്തികൊണ്ടുതന്നെ നേടിയ നന്മ അവരെ നശിപ്പിക്കില്ല.

യത് തു ശക്യമിഹാസ്മാഭിസ്താൻ വൈ സംചിന്ത്യ പാണ്ഡവാൻ

ബുദ്ധ്യാ പ്രയുക്തം ന ദ്രോഹാത് പ്രവക്ഷ്യാമി നിബോധ തത്

അവരെ ചെറുതായി കാണണ്ട. മറ്റുള്ളവരുമായി ആലോചിച്ച് പാണ്ഡവർക്കുവേണ്ടി എന്തു ചെയ്യാമെന്നു നോക്കാം. ഒന്നുകൂടി കടന്ന് യുധിഷ്ഠിരനെ ധാരാളം പ്രശംസിക്കുകയും ചെയ്യുന്നു. വൈശമ്പായൻ ഭീഷ്മരുടെ വിജ്ഞാനപ്രദമായ വാക്കുകൾ കേട്ടിട്ടിങ്ങനെ കൃപൻ പറയുന്നുവെന്നു പറഞ്ഞു,:

തതഃ ശാരദ്വതോ വാക്യാമിത്യുവാച കൃപസ്തദാ

യുക്തം പ്രാപ്തം ച വൃദ്ധേന പാണ്ഡവാൻ പ്രതി ഭാഷിതം

വയോവന്ദ്യനായ ഭീഷ്മർ പാണ്ഡവരെക്കുറിച്ചു പറഞ്ഞത് കാര്യകാരണവും സമയോചിതവുമാണ്.

രാജ്യഭരണ കാര്യങ്ങളിലോ യുദ്ധകാര്യങ്ങളിലോ ഒന്നും തന്നെ ദുര്യോധനൻ ഭീഷ്മരുടെ അഭിപ്രായം ആരാഞ്ഞിരുന്നില്ല. പാണ്ഡവരുടെ ഉയർച്ചയിൽ അസൂയപൂണ്ട ദുര്യോധനൻ ശകുനിയിലൂടെ ധൃതരാഷ്ട്രരെ സ്വാധീനിച്ച് യുധീഷ്ഠിരനെ ചൂതിനു ക്ഷണിച്ചു. ചൂതാട്ടത്തിൽ പരാജയപ്പെട്ട് യുധിഷ്ഠരന് ദ്രൗപതിയെ വരെ പണയം വെക്കേണ്ടിവരുന്നു. ആ രാജസദസ്സിൽ ധർമ്മത്തിനപമാനം, സ്ത്രീത്വ

ത്തിനപമാനം, ഇവയൊക്കെ ഉണ്ടായിട്ടും ദ്രോണർക്കോ ഭീഷ്മർക്കോ എതിർക്കാനായില്ല എന്നതാണ് ഇവരുടെ വ്യക്തിത്വത്തിനേറ്റ പ്രഹരം.

ചുക്ഷുഭേ സാ സഭാ രാജൻ രാജ്ഞാം സംജ്ഞിരേ ശുചഃ

ഭീഷ്മദ്രോണകൃപാദീനാം സ്വേദശ്ച സമജായത

അല്ലയോ രാജാവേ സഭയിൽ എല്ലാവരും ബഹളം വെക്കുന്നു. ഭീഷ്മരും ദ്രോണരും കൃപരും വിഷമംകൊണ്ടു വിയർക്കുകയാണ്. പാഞ്ചാലിയുടെ നിസ്സഹായാവസ്ഥയിൽ നിന്നുയർന്ന വാക്കുകൾ കേട്ടപ്പോൾ ഭീഷ്മർ പറഞ്ഞു:

ന ധർമ്മസൗക്ഷ്മ്യത് സുഭഗോ വിവേക്തു ശക്നോമി തേ പ്രശ്നനിമം യഥാവത്

അസ്വാമ്യശക്തഃ പണിതും പരസ്വം സ്ത്രീയാശ്ച ഭർതുർവശതാം സമീക്ഷ്യ

സ്വന്തമായി പണമില്ലാത്തവർ മറ്റുള്ളവരുടെ സ്വത്തിനെ പണയം വെക്കാൻ പറ്റില്ല. സ്ത്രീകൾ ഭർത്താവിന്റെ ആജ്ഞ അനുസരിക്കേണ്ടവളാണ്. തനിക്കിതിൽ തീരുമാനമെടുക്കാൻ കഴിയില്ല. ഇത്തരം ഭീഷ്മരുടെ പ്രതികരണമില്ലായ്മയുടെ കാരണം പിന്നീട് അദ്ദേഹം ശരശയ്യിയിൽ കിടക്കുമ്പോൾ വിശദീകരിക്കുന്നുണ്ട്.

അർജ്ജുനന്റെ ആയുധകലയിലെ സാമർത്ഥ്യത്തെ പുകഴ്ത്തുന്നതു കാണുമ്പോൾ കർണ്ണന് ദേഷ്യം തോന്നുന്നുണ്ട്. എന്നാലും അവർക്കെതിരായി യുദ്ധം ചെയ്യാൻ മാനസികമായി ഇഷ്ടം ഇല്ലാതെ ഒരു ഭടൻ എന്ന നിലയിൽ ഭീഷ്മർ പാണ്ഡവർക്കെതിരായി യുദ്ധം ചെയ്യാൻപോലും തയ്യാറാകുന്നുണ്ടെങ്കിലും താൻ ധർമ്മത്തോടൊപ്പം നിൽക്കുന്നതിൽ തൽപ്പരനാണെന്നു പറയുന്നുണ്ട്. ശ്രീകൃഷ്ണൻ സമാധാനദൂതനായി നിൽക്കുമ്പോഴെല്ലാം ദുര്യോധനൻ പുച്ഛിച്ചിരുന്നു. ദുര്യോധനന്റെ ബുദ്ധിമോശം കൊണ്ട് അദ്ദേഹത്തിന്റെ സ്വജനങ്ങളെല്ലാം നശിക്കുകയാണെന്ന് ഭീഷ്മർ ഓർമ്മപ്പെടുത്തുന്നു.

മാ കുലഘ്നഃ കുപുരുഷോ ദുർമതിഃ കാപഥം ഗമഃ

മാതരം പിതരം ചൈവ മാ മജ്ജീഃ ശോകസാഗരേ

നീ നിന്റെ വംശത്തിന്റെ അന്തകനാകരുത്. ബുദ്ധിശൂന്യനേപ്പോലെ പെരുമാറരുതെന്നും നിന്റെ അച്ഛനേയും അമ്മയേയും സങ്കടക്കടലിലാക്കരുതെന്നും ഭീഷ്മർ പറയുന്നു.

ഭീമന്റേയും അർജ്ജുനന്റേയും യുദ്ധപാടവം ഭീഷ്മർ ദുര്യേധനനെ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. കർണ്ണനും ഭീഷ്മരും തമ്മിൽ കണ്ടുമുട്ടുമ്പോഴെല്ലാം പരസ്പരം കുറ്റം പറഞ്ഞുകൊണ്ടിരുന്നു. കർണ്ണൻ ഒരു സമയം പറഞ്ഞു:

ശ്രോതവ്യം ഖലു വൃദ്ധാനാമിതി ശാസ്ത്രനിദർശനം

ന ത്വേവ ഹ്യതിർവദ്ധാനാം പുനർബാലാ ഹിതേ മതാഃ

നമ്മുടെ പരിശുദ്ധ കൃതികളെല്ലാം തന്നെ വയോധികരുടെ വാക്കുകൾ ശ്രദ്ധിക്കണമെന്നാണ്. പക്ഷെ ഇതിവിടെ പടുവൃദ്ധരുടെ കാര്യമങ്ങനെയല്ല. അവർ കുട്ടികളേപ്പോലെയാണ്.

ഒന്നുകൂടി കടന്ന് ഭീഷ്മർ സേനാനായകനാണെങ്കിൽ പേര് അദ്ദേഹത്തിനായിരിക്കുമെന്നും സാധാരണ ഭടനായിരിക്കയില്ലാ എന്നും, അതുകൊണ്ട്

നാഹം ജീവതി ഗംഗേന്യേ യോത്സ്യേ രാജൻ കഥംചന

ഹതേ ഭീഷ്മേ തു യോദ്ധാസ്മി സർവൈരവ മഹാരഥൈഃ

ഗംഗാപുത്രൻ ജീവിച്ചിരിക്കുന്നിടത്തോളം ഞാൻ യുദ്ധം ചെയ്യില്ല. ഭീഷ്മർ വധിക്കപ്പെട്ടശേഷം എല്ലാവരോടും ചേർന്നു ഞാൻ യുദ്ധം ചെയ്യാം. ഇതുകേട്ട ഭീഷ്മർ പറഞ്ഞു,

സമുധ്യാതോ ള യം ഭാരോ മേ സുമഹാൻ സാഗരോപമഃ

ധാർതൃരാഷ്ട്രസ്യ സംഗ്രാമേ വർഷപൂഗാഭിചിന്തിതഃ

ഞാൻ വളരെ നാളുകൾകൊണ്ട് പ്രതീക്ഷിച്ചിരുന്ന നാശം എന്നിലേക്കു വീഴുകയാണ്. പലപ്പോഴും പാണ്ഡവരേയും അവരുടെ കഴിവിനേയും പ്രശംസിച്ചുകൊണ്ട് സംസാരിക്കും.

ധൃഷ്ടദ്യുംമ്നനേയും സത്യജിത് തുടങ്ങിയ മഹാരഥന്മാരുടെ കഴിവിനെ പ്രശംസിക്കാനും ഭീഷ്മർ മടിച്ചിരുന്നില്ല. ശിഖണ്ഡിയുമായുള്ള യുദ്ധം ഒഴിവാക്കണമെന്നാഗ്രഹിച്ച ഭീഷ്മരോട് ദുര്യോധനൻ കാരണമന്വേഷിച്ചു. ഭീഷ്മർ, വിചിത്രവീര്യന്റെ വിവാഹത്തിന് അംബ, അംബാലിക, അംബിക എന്നീ കാശിരാജാവിന്റെ പുത്രിമാരെ കൊണ്ടുവന്നതും ഇതിൽ അംബ സ്യാലനോടുള്ള പ്രേമത്തേക്കുറിച്ചു പറഞ്ഞതും സ്യാലനെ സമീപിച്ച അംബയെ തിരിച്ചയച്ചതും ഭീഷ്മരോട് വിവാഹാഭ്യർത്ഥന നടത്തിയതും പറഞ്ഞു. പ്രതികാരദാഹിയായ അംബ 12 വർഷം തപസ്സു ചെയ്തു. തപസ്സിൽ സന്തുഷ്ടനായ സുബ്രഹ്മണ്യൻ പ്രത്യക്ഷപ്പെട്ടു. ഈ മാല ധരിക്കുന്ന യോദ്ധാവ് ഭീഷ്മരെ കൊല്ലുമെന്നു വരം കൊടുത്തു. അംബ തപസ്സു നിർത്തി മാലയുമായി നടന്നു. പക്ഷെ ഭീഷ്മരെ ഭയന്ന് ആരും മാല തൊട്ടില്ല. പാഞ്ചാലത്ത് എത്തിയ അംബ അവിടെ ഗോപുര പടിയിൽ മാല വെച്ചിട്ട് മറഞ്ഞു. പാഞ്ചാല

രാജാവ് ഭീഷ്മരെ ഭയന്ന് കാവൽക്കാരെ നിർത്തി. യജ്ഞസേന പുത്രിയായ ശിഖണ്ഡിനി പിന്നീട് പുരുഷനായി മാറി. പ്രതികാരദാഹിയായ അംബ അഗ്നി പ്രവേശനം ചെയ്തു. ആത്മവീര്യം ഈ ശിഖണ്ഡിയിൽ പ്രവേശിച്ചു. അങ്ങനെ ശിഖണ്ഡി ഭീഷ്മരുടെ അന്തകനാകുമെന്ന വിശ്വാസം പലരിലുമുണ്ടായി.

ഭാരതയുദ്ധം ആരംഭിച്ചു. ഭീഷ്മർ കൗരവ സേനാധിപതിയും ധൃഷ്ടദ്യുമ്നൻ പാണ്ഡവസേനാധിപതിയും ഒന്നാം ദിവസം കൗരവസേനക്കും രണ്ടാംദിവസം പാണ്ഡവസേനക്കും വിജയം ലഭിച്ചു. മൂന്നാംദിവസം ഭീഷ്മർ കൗരവസേനയെ കഴുകവ്യൂഹമായും പാണ്ഡവർ ചക്രവ്യൂത്തവ്യൂഹവുമായും അണിനിരത്തി. അർജ്ജുനനെ ഭീഷ്മർ കൊല്ലുമെന്ന ഘട്ടത്തിൽ ഭഗവാന്റെ സഹായത്താൽ യുദ്ധം അവസാനിച്ചു. നാലാംദിവസത്തെ യുദ്ധം കണ്ടു ദുര്യോധനൻ ഭീഷ്മരെ കുറ്റപ്പെടുത്തി. ഭീഷ്മർ സമാധാനപ്പെടുത്തി. അഞ്ചാംദിവസം പാണ്ഡവർക്ക് ജയം. ആറ്, ഏഴ്, എട്ട് ഒൻപത് ദിവസങ്ങളിർ പല മഹാരഥന്മാരും മരണപ്പെട്ടു. പത്താം ദിവസം പാണ്ഡവസേനക്കു മുൻപിൽ ശിഖണ്ഡിയാണ് നിന്നിരുന്നത്. ശിഖണ്ഡിയുടെ മുൻപിൽ ഭീഷ്മർ പതറി. ആ യുദ്ധത്തിൽ അർജ്ജുനന്റെ ശരങ്ങൾ ഭീഷ്മരുടെ ശരീരം കീറിമുറിച്ചു. അഷ്ടവസുക്കളിൽ ഒരാളായിരുന്നല്ലോ ഭീഷ്മർ. ബാക്കി എഴുപേരും ജനിച്ച ഉടൻതന്നെ ഗംഗാദേവി ഗംഗയിലെറിഞ്ഞു കൊന്നു. ഇപ്പോൾ സമയമായിയെന്നു ബാക്കിയുള്ളവർ പറയുന്നതായി ഭീഷ്മർക്കു തോന്നി. സ്വച്ഛന്ദമരണം എന്ന വരം കിട്ടിയ ഭീഷ്മർ ജീവിതപ്രാരാബ്ധങ്ങളിൽ മനംനൊന്തിരിക്കുകയുമായിരുന്നു. ഉത്തരായനത്തിൽ മരിക്കുവാനുള്ള ആഗ്രഹവുമായി ദുശ്ശാസനനോടു വിവരം പറഞ്ഞു. ഈ സമയം അർജ്ജുനന്റെ ബാണങ്ങൾ വന്നുകൊണ്ടേയിരുന്നു. അങ്ങനെ ഭീഷ്മർ നിലംപതിച്ചു. അമ്പുകൾ ശരീരത്തിൽ തറച്ചിരുന്നതു കാരണം നിലത്തു സ്പർശിക്കാതെ ഭീഷ്മർ കിടന്നു. ഇങ്ങനെ ത്യുഗോജ്ജ്വലമായ ആ ശരീരം വീഴുന്നതു കണ്ട് പാണ്ഡവരും കൗരവരും അടുത്തെത്തി. തന്റെ തല താഴുന്നുവെന്നും എന്തെങ്കിലുംകൊണ്ട് അത് ഉയർത്തണമെന്നുംപറഞ്ഞപ്പോൾ അർജ്ജുനൻ ഗാണ്ഡീവം കൊണ്ട് 3 ബാണം തൊടുത്ത് തല താങ്ങിനിർത്തി. ഉത്തരായനംവരെ ഈ ശരശയ്യയിൽ കിടക്കുമെന്നും അദ്ദേഹം പറഞ്ഞു.

മഹോപനിഷദം ചൈവ യോഗമാസ്ഥായ വിര്യവാൻ

ജയഞ്ശാന്തനവോ ധീമാൻ കാലാകാട്ക്ഷി സ്ഥിതോ ഭ

വിജ്ഞാനിയും ബുദ്ധിമാനുമായ ശന്തനുപുത്രൻ ഉപനിഷാദി ഗ്രന്ഥങ്ങളും മറ്റു നൽകിയ പരമസത്യത്തെ പ്രാർത്ഥിച്ചും സമാധാനപ്രിയനായി തന്റെ മരണവും കാത്തു കിടന്നു. ദാഹം തീർക്കാനായി അർജ്ജുനൻ അമ്പുകൊണ്ട് ഭൂമി കുഴിച്ച് വെള്ളവും നൽകി.

താനും ദ്രോണരും വിദുരരും മറ്റും പറഞ്ഞതൊന്നും ദുര്യോധനൻ ചെവിക്കൊണ്ടില്ല എന്നും മറ്റും ഭീഷ്മർ പറഞ്ഞു. എല്ലാ തരത്തിലുള്ള ആയോധനകലകളിലും അർജ്ജുനന് പ്രാവീണ്യമുണ്ട്. ഉദാഹരണമായി ഭീഷ്മർ പറയുന്നു:

ദൃഷ്ഠം ദുര്യോധനൈതത് തേ യഥാ പാർത്ഥൻ ധീമതാ

ജലസ്യ ധാരാ ജനിതാ ശീതസ്യാമൃതഗന്ധിനഃ

ഇപ്പോൾ തന്നെ ദുര്യോധനാ നോക്കൂ ! ബുദ്ധിമാനായ അർജ്ജുനൻ തണുത്ത മാധുര്യമേറിയ മണമുള്ള ജലം ഉണ്ടാക്കിയത്. ലോകത്തിൽ മറ്റാർക്കും സാധിക്കാത്ത പലതും അർജ്ജുനൻ ചെയ്തിട്ടുണ്ട്. പാണ്ഡവർക്ക് അനുഭവിക്കാനുള്ള സ്വത്ത് കൊടുത്ത് ശേഷിച്ച ബന്ധുജനങ്ങളെ രക്ഷിക്കൂ എന്ന് ഭീഷ്മർ പലവട്ടം ദുര്യോധനനോടു പറഞ്ഞു. അവസാനം ഭീഷ്മർ പറഞ്ഞു,

മമാവസാനാച്ഛാന്തിരസ്തു പ്രജാനാം സംഗച്ഛന്താം പാർത്ഥിവാഃ പ്രീതിമന്തഃ

പിതാ പുത്രം മാതുലം ഭാഗിനേയോ ഭ്രാതാ ചൈവ ഭ്രാതരം പ്രൈതു രാജൻ

എന്റെ മരണത്തോടുകൂടി ജനങ്ങൾ മനസമാധാനം ആസ്വദിക്കട്ടെ. ഈ രാജാക്കന്മാർ കെട്ടിപ്പിടിച്ചു സൗഹൃദം നടത്തട്ടെ. അഛൻ മകനോടു ക്ഷമിക്കട്ടെ. അനന്തരവൻ മാതുലനോടു ക്ഷമിക്കട്ടെ. സഹോദരൻ സഹോദരനോടും.

ഒന്നുകൂടി കടന്നു ഭീഷ്മർ പറഞ്ഞു, ഈ വാക്കുകൾ നീ ശ്രവിക്കാതിരുന്നാൽ നിന്റെ പതനമായിരിക്കും ഫലം. അതുകൊണ്ടു യുദ്ധം ഇവിടെ അവസാനിപ്പിക്കണമെന്നു കൂടി പറഞ്ഞു. സഞ്ജയൻ ധൃതരാഷ്ട്രരോട് ഈ സംഭവങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു, വികർണ്ണൻ ( ദുര്യോധനന്റെ സഹോദരൻ) വന്നു, മറ്റുള്ള രാജാക്കന്മാരും ഭീഷ്മരെ കണ്ടു ദുഃഖിതരായി തിരികെ പോയിയെന്നാണ്. കർണ്ണൻ കരഞ്ഞുകൊണ്ട് അവിടെയെത്തി ഇങ്ങനെ പറഞ്ഞു:

രാധേയോ ള ഹം കുരുശ്രേഷ്ഠ നിത്യമക്ഷിഗതസ്തവ

ദ്വേഷ്യോ ള ഹം തവ സർവത്ര ഇതി ചൈനമുവാച ഹ

ഞാൻ രാധേയനാണ്. കുരുവംശത്തിലെ മഹാനാണ് അങ്ങ്. ഞാൻ എപ്പോഴെങ്കിലും അങ്ങയുടെ മുൻപിൽ പെട്ടോ അപ്പോഴൊക്കെ അങ്ങ് എന്നെ

ശത്രുതയോടെ കണ്ടു. ഇതുകേട്ട ഭീഷ്മർ കർണ്ണനെ അടുത്തു വിളിച്ച് ആലിംഗനം ചെയ്തു. നീ കുന്തീ പുത്രനാണ്. അതിരഥൻ നിന്റെ പിതാവല്ല. ഞാൻ ഈ വിവരങ്ങൾ നാരദനിൽ നിന്നും വ്യാസനിൽ നിന്നും അറിഞ്ഞിട്ടുണ്ട്. എനിക്കു നിന്നോട് ഒരു വിരോധവുമില്ല. ഞാൻ നിന്നോടു കഠിന വാക്കുകൾ പറഞ്ഞതെന്തെന്നാൽ

തേജോവധാനിമിത്തം തു പുരുഷം ത്വാഹമ ബ്ടവം

അക്സമാത് പാണ്ഡവാൻ സർവാനവാക്ഷിപ സി സുബ്രത

ഞാൻ അത്തരം വാക്കുകൾ ഉപയോഗിച്ചത് നിന്റെ കഴിവുകൾ കുറച്ചുകാണിക്കാനാണ്. നീ ഒരു കാരണവുമില്ലാതെ പാണ്ഡവരെ കുറ്റം പറയുകയും ചെയ്തിരുന്നു.

കർണ്ണന്റെ ജന്മം തന്നെ ധർമ്മബോധത്തിന് ലംഘനമാണ്. കർണ്ണന്റെ സഹവാസം ദുഷ്ടരോ ടായതിനാലാണ് കഴിവുള്ളവരെ പുഛിച്ചതെന്നും ഭീഷ്മർ പറഞ്ഞു. കർണ്ണൻ യുദ്ധപാടവത്തിൽ മികച്ച വ്യക്തിയാണെന്നും എതിർക്കാനാരുമില്ലാത്ത അമ രനാണെന്നും ഭീഷ്മർ പറഞ്ഞു. അതുകൊണ്ടാണ് താൻ കഠിനവാക്കുകൾ ഉപയോഗിച്ചതെന്നു ഭീഷ്മർ കർണ്ണനോടു പറഞ്ഞു.

ദേവഗർഭസമഃ സംഖ്യേ മനുഷ്യൈരധികേ യുധി

വ്യപനീതോ ഘ മന്യുർമേ യസ്ത്വാ പ്രതി പുരാ കൃതഃ

നീ ദിവ്യമായ അതിവൈശിഷ്ട്യമായ ഒരു കുട്ടിയാണ്. നിന്നോടു കാണിച്ച ക്രോധത്തിന് ക്ഷമിക്കണം. കർണ്ണൻ താൻ കുന്തീപുത്രനാണെന്നറിയാമെന്നുള്ള വിവരം ഭീഷ്മരെ ധരിപ്പിച്ചു. ഭീഷ്മരോട് എന്തെങ്കിലും കടുത്ത വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ക്ഷമിക്കുവാനു മപേക്ഷിച്ചു. ഭീഷ്മർ പറഞ്ഞു:

യുധ്യസ്വ നിരഹങ്കാരോ ബലവീര്യവ്യപാശ്രയഃ

ധർമ്യാദ്ധി യുദ്ധാച്ഛ്രേയോ ള നൃത്ക്ഷത്രിയ സ്യന വിധ്യതേ

നിന്റെ ശക്തിയും കഴിവുകളുമുപയോഗിച്ച് യുദ്ധത്തിലേർപ്പെടുക. യഥാർത്ഥ യുദ്ധം ചെയ്യുക എന്നതിനപ്പുറം ഒരു ക്ഷത്രിയനേ സംബന്ധിച്ചിടത്തോളം വലുതായി മറ്റൊന്നുമില്ല. സഞ്ജയൻ ഇവിടെ പറയുകയാണ്, ഭീഷ്മരിതു പറഞ്ഞുകഴിഞ്ഞപ്പോൾ രാധേയൻ ഭീഷ്മരെ വന്ദിച്ചിട്ട് രഥത്തിൽ കയറി ദുര്യോധനസമീപത്തേക്ക് പോയിയെന്നാണ്. ഇവിടെ രണ്ടു മഹാരഥന്മാരുടെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. ശരശയ്യയിൽ വേദന താങ്ങാൻ പറ്റാതെ കിടക്കുമ്പോഴും തന്റെ തെറ്റുകളെ ഓർമ്മിക്കുകയും തുല്യനായ മറ്റൊരു വ്യക്തിയോടു തെറ്റുകളേറ്റു പറയാനും സാധിക്കുകയെന്നത് അമാനുഷികമായ പൂജ്യർക്കുമാത്രമേ സാധിക്കൂ. ഒരു ജീവിതകാലം മുഴുവൻ ത്യാഗങ്ങളിലൂടെ ധാർമ്മികതയിലൂടെ ശപഥങ്ങൾ പാലിച്ചുകൊണ്ട് തെറ്റായാൽ തന്നെയും അധികാരവർഗ്ഗത്തോടു കൂറു കാണിച്ച് വേദനയോടുകൂടി സ്വജീവിതം സ്വഛന്ദമൃത്യുവിലേക്ക് എത്തിച്ച ഭീഷ്മപിതാമഹൻ ലോകത്തിനുതന്നെ മാതൃകയാണ്. നന്മ എക്കാലത്തും തിന്മക്കുമേൽ ആധിപത്യം സ്ഥാപിക്കുമെന്ന ഉറച്ച വിശ്വാസവും ഭീഷ്മർക്കുണ്ടായിരുന്നു. ഉജ്ജ്വലമായ ഈ ചരിത്ര സത്യം ഉൾക്കൊള്ളാൻ കഴിഞ്ഞാൽ വാക്കുകളുടെ ശക്തിയും അതു പാലിക്കേണ്ടതിന്റെ ആവശ്യകതയും ഇന്നത്തെ തലമുറക്ക് ധാർമ്മികതയിലക്കുള്ള ചവിട്ടുപടി ആയി മാറ്റാൻ കഴിയും.

# അഭിനന്ദനങ്ങൾ



**2019 ലെ മേല്പത്തൂർ പുരസ്കാരം ശ്രീമതി രാധാമണി പരമേശ്വരന്റെ രാധേയം എന്ന കവിതാസമാഹാരത്തിനാണ് ലഭിച്ചത്. എറണാകുളം കരയോഗം അസ്സോസിയേറ്റ് അംഗമായ (B/021) ശ്രീമതി. രാധാമണിക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.**

## വിമൺസ് ഫോറം 2019 മെയ് മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം | അവതാരക |
|---|---|---|---|
| 22.05.2019 | പ്രഭാഷണം<br>സ്ത്രീസുരക്ഷയും നിയമങ്ങളും | 3.30 p.m. | അഡ്വ. ശുഭലക്ഷ്മി |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം : 34**

വാമാങ്കേ മണിഭൂഷണോജ്ജ്വലമനോ ജ്ഞാകാരയായ് മേവിടും

വാമാംഗീമണിയാം ധരിത്രിയെ ഭുജാശ്ശ്ലേഷേണ ബന്ധിച്ചതായ്

സോമാർക്കാനലദീപ്തിചേർന്ന തവരൂപത്തെ സ്മരിപ്പോൻ യഥാ–

കാമം സപ്തവസുന്ധരയ്ക്കധിപനായ്ത്തീരുന്നു ഭൂമീപതേ

**പദാർത്ഥം :**

വാമാങ്കേ = ഇടത്തേ തുടയിൽ

മണിഭൂഷണോജ്ജ്വല = നവരത്നാഭരണങ്ങളാൽ വളരെ ശോഭിക്കുന്ന

മനോജ്ഞാകാരയായ് മേവീടും = സുന്ദരിയായിരിക്കുന്ന

വാമാംഗീമണിയാം = ഇടത്തെ ഭാഗത്തിന് രത്നമായ

ധരിത്രിയെ = ഭൂമിയെ

ഭുജാശ്ശ്ലേഷേണ = കൈകൊണ്ടുള്ള കെട്ടിപ്പിടിക്കൽ കൊണ്ട്

ബന്ധിച്ചതായ് = കെട്ടിപ്പിടിച്ചതായ്

സോമാർക്കാനലദീപ്തി ചേർന്ന = ചന്ദ്രൻ, സൂര്യൻ, തീ എന്നിവരുടെ ശോഭ ചേർന്ന

തവരൂപത്തെ = അവിടുത്തെ രൂപത്തെ

സ്മരിപ്പോൻ = ധ്യാനിക്കുന്നവൻ

യഥാക്രമം = ഇഷ്ടമനു,രിച്ച്

സപ്തവസുന്ധരക്ക് = ഏഴു ദ്വീപുകൾക്ക്

അധിപനായ്ത്തീരുന്നു = അധികാരിയാവുന്നു

ഭൂമിപതേ = ബൂമിയുടെ ഭർത്താവേ

ഇടത്തേ തുടയിൽ നവരത്നാഭരണങ്ങളാൽ മനോഹരരൂപിണിയായിരിക്കുന്ന, ഇടത്തു ഭാഗത്തിന് രത്നമായ ഭൂമിയെ, ചന്ദ്രസൂര്യാഗ്നികളുടെ ശോഭ ചേർന്ന അവിടുത്തെ രൂപം, കൈകൊണ്ട് കെട്ടിപ്പിടിച്ചതായി ധ്യാനിക്കുന്നവൻ, സ്വന്തം ഇഷ്ടമനുസരിച്ച് ഏഴ് ദ്വീപുകൾക്കും അധികാരിയായിത്തീരുന്നു. അല്ലയോ ഭൂമിയുടെ ഭർത്താവേ.

**വ്യാഖ്യാ :**

വിഷ്ണുവിന് ലക്ഷ്മിയും ഭൂമിയുമാണ് രണ്ടു ഭാര്യമാർ എന്ന് പ്രസിദ്ധം. ഇത്തരത്തിൽ മഹാവിഷ്ണുവിനെ ധ്യാനിക്കുന്നവന് ഏഴു ദ്വീപുകൾക്കും ആധിപത്യം വന്നു ചേരും.

**ശ്ലോകം : 35**

നാദബ്രഹ്മമയം സുരാരിഹൃദയോൽക്കമ്പപ്രദം മേദുരാം–

ഭോദദ്ധ്വാനസമം സമാധിനിരതശ്രോത്രാമൃത സ്യന്ദകം

ശ്രീദ ശ്രീധര പാഞ്ചജന്യജനിതം മന്ത്രാരവം താവകം

ഖേദം സർവ്വമകറ്റി മംഗലമെനിക്കേകട്ടെ സർവ്വോത്തമം

**പദാർത്ഥം :**

നാദബ്രഹ്മമയം = ബ്രഹ്മത്തിന്റെ നാദാവസ്ഥയായ

സുരാരിഹൃദയ = അസുരന്മാരുടെ മനസ്സിൽ

ഉൽക്കമ്പപ്രദം = ഭയങ്കര വിറയൽ ഉണ്ടാക്കുന്ന

മേദുര = വലിയ

അംഭോദ = മേഘത്തിന്റെ

ധ്വാനസമം = ഇടിവെട്ടിന്റെ ശബ്ദത്തിനുസമമായ

സമാധിനിരത = സമാധിയിൽ ലയിച്ചവരുടെ

ശ്രോത്രാമൃതസ്യന്ദകം = ചെവികളിൽ അമൃത് ഒഴിക്കുന്ന

ശ്രീദ ശ്രീധര = ധനം തരുന്ന മഹാവിഷ്ണുവിന്റെ

പാഞ്ചജന്യജനിതം = പാഞ്ചജന്യശംഖിൽ ജനിച്ച

മന്ത്രം താവകം = അവിടുത്തെ മന്ത്രം

ഖേദം = വിഷമം

സർവമകറ്റി = എല്ലാം മാറ്റി

മംഗലം = നന്മ

എനിക്കേകട്ടെ = എനിക്കു തരട്ടേ

സർവ്വോത്തമം = എല്ലാത്തിലും ഉത്തമമായ

**ശ്ലോകാർത്ഥം :**

സമ്പത്ത് കൊടുക്കുന്ന ശ്രീധര, പാഞ്ചജന്യത്തിൽ ജനിച്ച, അസുരന്മാരുടെ മനസ്സിൽ ഭയത്തി

ന്റെ ഭയങ്കരമായ വിറയൽ ഉണ്ടാക്കുന്ന, വലിയ മേഘത്തിന്റെ ഇടിവെട്ടിനു സമമായ, സമാധിയിൽ ലയിച്ചവരുടെ ചെവിക്ക് അമൃതപ്രവാഹമായ, അവിടുത്തെ മന്ത്രം, എല്ലാ വിഷമങ്ങളും നീക്കി ഏറ്റവും ഉത്തമമായ നന്മ എനിക്ക് തരട്ടെ.

**വ്യാഖ്യാ :**

പ്രണവമന്ത്രത്തെ ഇവിടെ വിവരിക്കുന്നു. പ്രണവം മംഗളധ്വനിയാണ്. ബ്രഹ്മം നാദരൂപമാണ്. അത് കാലാതീതവുമായതിനാൽ, പരിണാമാത്മക പരിണാമവിധേയമായ പ്രപഞ്ചവും നാദമയം തന്നെ.നാദമായിരുന്നത്, പലതായി പഞ്ചഭൂതങ്ങളായി, പഞ്ചീകരണം നടന്ന് പതിന്നാലു ലോകങ്ങളായ പ്രപഞ്ചമായി മാറുന്നു. കേവലമായ നാദരൂപബ്രഹ്മം, സാധാരണക്കാരന് വേദ്യമല്ലാതായിത്തീരുന്നു. നാദബ്രഹ്മത്തിൽ നിന്നു തന്നെയുണ്ടായ മായയാൽ അത് മറക്കപ്പെടുന്നു. എന്നാൽ സമാധിയിൽ ലയിച്ചവർക്ക്, പ്രാപഞ്ചിക വ്യവഹാരത്തിൽ നിന്ന് പുറത്തിറങ്ങിയവർക്ക്, വീണ്ടും ആ നാദം കേൾക്കാം. അതു സൃഷ്ടി മാത്രമല്ല, സ്ഥിതി സംഹാരത്മകവുമാണ്. ആ ഓങ്കാരം പാഞ്ചജന്യത്തിൽ നിന്ന് ജനിക്കുമ്പോൾ അത് വലിയ കാർമേഘങ്ങളുണ്ടാക്കുന്ന ഇടിവെട്ടിന്റെ ശബ്ദംപോലെ അസുരന്മാരുടെ മനസ്സിൽ ഭയത്തിന്റെ പ്രകമ്പനങ്ങളുണ്ടാക്കുന്നു. എല്ലാവർക്കും സമ്പത്ത് പ്രദാനം ചെയ്യുന്നവനും, സദാ ശ്രീയെ മാറിൽ ധരിക്കുന്നവനുമായ വിഷ്ണോ, അവിടുത്തെ ആ മന്ത്രാരവം, എല്ലാ ദു:ഖങ്ങളുമകറ്റി എനിക്ക് ഏറ്റവും ശ്രേഷ്ഠമായ, ഉത്തമമായ, വിശേഷമായ മംഗളം തരട്ടെ.

# ഒരു സദ്യപ്പാട്ട്

**പ്രൊഫസർ അംബുജാക്ഷി. പി . ഫോൺ : 9447577652**

വിശേഷാവസരങ്ങളിൽ കേരള സ്ത്രീകൾ അനുഷ്ഠാനപൂർവ്വം ചെയ്തിരുന്ന ഒരു സമൂഹ നൃത്തരൂപമാണ് കൈകൊട്ടിക്കളി. കണ്ടും കൂടിയും പാടിയും കൈകൊട്ടിയും ഒക്കെയാണ് അത് കളിച്ചിരുന്നത്. കൈകൊട്ടിക്കളിപ്പാട്ടുകളുടെ കൂട്ടത്തിൽ നേരംപോക്കിനും തമാശയ്ക്കും അല്പം കാര്യംപോക്കിനും വേണ്ടി കുറെ പാട്ടുകൾ ഉണ്ടായിരുന്നു. യുവജനോത്സവവും മത്സരവുമായി കൈകൊട്ടിക്കളി വളർന്നപ്പോൾ തളർന്നുപോയവയാണ് അത്തരം പാട്ടുകൾ. നാട്ടുമൊഴിയിൽ അവതരിപ്പിച്ചിരുന്ന അത്തരം പാട്ടുകളിലൊന്നാണ് ഈ സദ്യവിശേഷം. ഗംഭീരസദ്യയൊരുക്കി ഉണ്ണിഗണപതിയെ കാത്തിരിക്കുന്നു കുബേരൻ. )

ആ-സദ്യവിശേഷങ്ങളൊന്നുരചെയ്യാം
ആ-വയ്പാനരി പറ പത്തുസഹസ്രം
ആ-ശർക്കരയും കദളിപ്പഴമപ്പം
ആ-പത്തുനൂറുവെള്ളക്കൊട്ടയിലാക്കി
ആ-പപ്പടക്കെട്ടുമൊരെട്ടു സഹസ്രം
ആ-ഉപ്പേരി നാലുവിധത്തിൽ വറുത്തു
ആ-ഉപ്പിലിട്ടക്കറി നാലുവിധത്തിൽ
ആ-കിച്ചടി മാമ്പഴപ്പച്ചടി ചാറ്
ആ-പച്ചപ്പുളിശ്ശേരി എരിശ്ശേരിയും നല്ല....
ആ-കുമ്പളങ്ങ ഓലൻ മെഴുക്കുപുരട്ടി
ആ-തൈരിൻ കുടമൊരു നൂറുസഹസ്രം
ആ-നാളികേരമൊരു മാളികപോലെ
ആ-ശർക്കരപ്പായസം നൂറുകുടത്തിൽ
ആ-പാലും കുറുക്കിപ്പഞ്ചാരമിട്ടു
ആ-പാരാതെ നൂറുകുടത്തിലതാക്കി
ആ-ഇങ്ങനെയുള്ളൊരു സദ്യകഴിപ്പാൻ
ആ-ഉണ്ണിഗണപതി വന്നിടുമിപ്പോൾ
ആ-എന്നു നിനച്ചുവസിച്ചു കുബേരൻ

(വാമൊഴിയിലൂടെ പകർന്നു കിട്ടിയത്)

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**സൂത്രം 30**

വ്യാധി - സ്ത്യാന- സംശയ - പ്രമാദ - ആലസ്യ - അവിരതി - ഭ്രാന്തി ദർശന, അലബ്ധ ഭൂമികത്വ - അനവസ്ഥിതത്വാനി ചിത്ത വിക്ഷേപാസ്തേന്തരായാ :

വ്യാധി, സ്ത്യാനം, സംശയം, പ്രമാദം, ആലസ്യം, അവിരതി, ഭ്രാന്തി ദർശനം, അലബ്ധ ഭൂമികത്വം, അനവസ്ഥിതത്വം എന്നിവ ചിത്ത വിക്ഷേപങ്ങളാണ്. അവ വിഘ്നങ്ങളുമാണ്.

കഴിഞ്ഞ സൂത്രത്തിൽ ഈശ്വരപ്രണിധാനം കൊണ്ട് സാധനയിലെ തടസ്സങ്ങൾ നീങ്ങുമെന്നു പറഞ്ഞു. ഏതെല്ലാമാണ് ആ തടസ്സങ്ങൾ ? മേൽ പറഞ്ഞ 9 എണ്ണം.

**വ്യാധി**

ധാതുക്കൾ, രസങ്ങൾ, കരണ (ഇന്ദ്രിയ) ങ്ങൾ, ഇവയിലെ സമാവസ്ഥ പോയി വിസമ (വിഷമ) അവസ്ഥ ഉണ്ടാവുന്നതാണ് വ്യാധി അഥവാ രോഗം. രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നിവയാണ് സപ്തധാതുക്കൾ. ഇവയ്ക്ക് വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളാൽ വൈഷമ്യം വരും. അതാണ് വ്യാധി. കഷായം (ചവർപ്പ്) മധുരം,ലവണം (ഉപ്പുരസം) കടു (എരിവ്), തിക്തം (കയ്പ്പ്), അമ്ളം (പുളി) ഇവയാണ് ഷഡ് (ആറ്) രസങ്ങൾ. ഇവയും ക്രമം തെറ്റിയാൽ രോഗമാവും. ഇന്ദ്രിയങ്ങളും രോഗജനകങ്ങളാണ്. ശരീരമാദ്യം ഖലു 'ധർമ്മസാധന' മെന്നതിനാൽ രോഗം വന്നാൽ സാധനയ്ക്കു വിഘ്നമുണ്ടാകും.

**സ്ത്യാനം**

അകർമണ്യതയാണ് സ്ത്യാനം. ആരോഗ്യമുണ്ടെങ്കിലും ഇച്ഛാശക്തിയില്ലാത്തതിനാൽ വലിയ കർമ്മങ്ങൾ ഏറ്റെടുക്കാൻ വിഷമം കാട്ടുന്നു. പ്രാണശക്തിയുടെ കുറവാണ് കാരണം. സാധനയിൽ നിന്ന് പിറകോട്ടു വലിക്കുന്ന ഒരു പ്രവണതയാണിത്.

**സംശയം**

വിശ്വാസത്തിന് എതിരാണ് സംശയം. ഗുരുവാക്യത്തിലും ശാസ്ത്രങ്ങളിലും വിശ്വാസം വേണം. സംശയാത്മാ വിനശ്യതി എന്നാണ് ഭഗവദ് ഗീത പറയുന്നത്.

**പ്രമാദം**

സമാധിക്കു വേണ്ടിയുള്ള സാധനകൾ ചെയ്യാതിരിക്കലാണ്, ഉപേക്ഷ കാണിക്കലാണ് പ്രമാദം. ശമാദി ഗുണങ്ങളുടെ അഭാവമാണിത് എന്ന് നാഗോജീ ഭട്ടർ പറയുന്നു. ശ്രദ്ധയില്ലാതിരിക്കുക, വേണ്ടവണ്ണം ചെയ്യാതിരിക്കുക, അപകടകരമായ അവസ്ഥയാണിത്.

**ആലസ്യം**

മടി തന്നെ ആലസ്യം. യോഗസാധനകൾ വേണ്ടവണ്ണം അറിയാം. ചെയ്യാനുമറിയാം. എന്നാൽ ശരീരത്തിന്റെയും മനസ്സിന്റെയും ഭാരക്കൂടുതൽ കൊണ്ട് വേണ്ടെന്നു വെക്കുന്ന അവസ്ഥ. താമസിക ഭാവമെന്നും ഇതിനു പറയും. എന്തെങ്കിലും ചെയ്യാൻ തുടങ്ങുമ്പോൾ ഉറക്കം വരുന്നതും കോട്ടുവായിടുന്നതും ഇതിന്റെ ലക്ഷണമാണ്.

**അവിരതി**

രതി എന്നാൽ രാഗം, ഇഷ്ടം, വിരതി ഇഷ്ടമില്ലായ്മ , വൈരാഗ്യം, അവിരതി, വൈരാഗ്യമില്ലായ്മ, ഇന്ദ്രിയങ്ങളോടും അതിന്റെ വിഷയങ്ങളോടും ആസക്തി, കൊതി തന്നെ അവിരതി. അപ്പോൾ യോഗ സാധനയിൽ ശ്രദ്ധ കുറയും.


**ഭ്രാന്തി ദർശനം**

തെറ്റായ അറിവാണ് ഭ്രാന്തി ദർശനം. തെറ്റിദ്ധാരണ തന്നെ ഇത്. സാധനയുടെ തുടക്കത്തിൽ ചില വർണ്ണങ്ങളും കാഴ്ചകളും ശബ്ദങ്ങളും ഒക്കെ അനുഭൂതമാവും. സാധകർ അതിൽ ഭ്രമിച്ച് എല്ലാം നേടിയെന്ന് തെറ്റിദ്ധരിച്ച് അഹങ്കരിക്കും. പുരോഗതിയെ ഇത് തടസ്സപ്പെടുത്തും. താൻ പുരോഗതിയിലാണെന്നതിന്റെ ചൂണ്ടുപലകയായി മാത്രം ഇതെടുത്താൽ സുരക്ഷിതമായി.

**അലബ്ധ ഭൂമികത്വം**

സാധനയുടെ പുരോഗതി ഒരു അവസ്ഥ (ഭൂമിക) യിൽ നിന്ന് മറ്റൊരവസ്ഥയിലേക്കു കടന്നുകൊണ്ടാണ്. ധാരണയും, ധ്യാനവും സമാധിയുമൊക്കെ ക്രമത്തിൽ നേടേണ്ട അവസ്ഥകളാണ്. ചിലപ്പോൾ ഇവ എളുപ്പത്തിൽ ലഭിക്കും. എന്നാൽ മറ്റു ചിലപ്പോൾ ഏറെ കഴിഞ്ഞാലും അടുത്ത തലത്തിലേക്കെത്താതാവും. ഭൂമിക അലബ്ധമാവും. ലഭിക്കാതാവും. ഇങ്ങിനെ അടുത്ത പടിയിൽ കാൽ വെക്കാൻ കഴിയാതെ വന്നാൽ നിരാശയുണ്ടാകാം. മനസ്സു ചിതറിപ്പോകും. അപാരമായ ക്ഷമയും ഈശ്വരപ്രണിധാനവുമാണ് പ്രതിവിധി.

(ശേഷം 31-ാം പേജിൽ)




# ഗൃഹനിർമ്മാണക്രമം

ഡോ. കെ. ഹരിഹരൻ . ഫോൺ : 9847313322

സ്വന്തമായി ഒരു വീടുണ്ടാകണം എന്നുള്ളത് എല്ലാ മനുഷ്യരുടേയും സ്വപ്നമാണ്. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ഊർജ്ജസ്രോതസ്സുകളാൽ അനുഗ്രഹീതമായ പ്രകൃതിക്കിണങ്ങിയ ഒരു ഭവനമാണ് നാം വിഭാവനം ചെയ്യേണ്ടത്. അഭയം, സുരക്ഷ, സ്വകാര്യത, വിശ്രമം എന്നീ മാനുഷികാവശ്യങ്ങൾ മുൻനിർത്തിയാകണം ഗൃഹം നിർമ്മിക്കേണ്ടത്. ശുചിത്വം നിറഞ്ഞ പരിസരങ്ങളും ആരോഗ്യകരമായ പശ്ചാത്തലവും സുഖസൗകര്യങ്ങളും സാമ്പത്തികശേഷിയിലൊതുങ്ങുന്നതും ഐശ്വര്യപൂർണ്ണവും ഉപയോഗക്ഷമതയും ലാളിത്യവും ഒത്തിണങ്ങുന്നതുമായ ഒരു ഭവനമാണ് നാം മനസ്സിൽ സങ്കൽപിക്കുന്നത്.

വളരെ ശ്രദ്ധയോടും യുക്തിപൂർവ്വവുമായിരിക്കണം വാസയോഗ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കേണ്ടത്. ജീവിതകാലം മുഴുവൻ സ്വസ്ഥമായും സന്തോഷമായും സകുടുംബം താമസിക്കേണ്ടതാണ് ഭവനം. ചതുരമോ ദീർഘചതുരമോ ആയ സ്ഥലങ്ങൾ വീടു വെയ്ക്കാൻ തിരഞ്ഞെടുക്കുന്നതാണ് ഉത്തമം. സമചതുരപ്പെടുത്തിയ ഭൂമിയുടെ അളവിനെ അടിസ്ഥാനമാക്കിയാണ് സ്ഥാനനിർണ്ണയം എന്ന പ്രക്രിയ സാദ്ധ്യമാകുന്നത്. ഗൃഹത്തിന് സ്ഥാനനിർണ്ണയം ചെയ്യുന്നതിന് പല മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അത്യല്പക്ഷേത്രം, അല്പക്ഷേത്രം, ബൃഹത്ക്ഷേത്രം, അതിബഹൃത്ക്ഷേത്രം എന്നിങ്ങനെ ഓരോ ഭൂമിക്കും അനുവർത്തിക്കുന്ന ക്രമം വ്യത്യസ്ഥമാണ്. സമചതുരപ്പെടുത്തുമ്പോൾ നാല് ദണ്ഡിൽ കുറവുള്ള ഭൂമിയെ (ഏകദേശം 3 1/2 സെന്റ് വരെയുള്ള ഭൂമി) അത്യല്പക്ഷേത്രമെന്നു പറയുന്നു. ഇത്തരം ഭൂമിയുടെ മദ്ധ്യഭാഗത്തു നിന്നും (ബ്രഹ്മനാഭി) ഗൃഹമദ്ധ്യം അല്പം വടക്കു കിഴക്കു ഭാഗത്തേയ്ക്കോ, തെക്കു പടിഞ്ഞാറു ഭാഗത്തേയ്ക്കോ മാറ്റി സ്ഥാനനിർണ്ണയം ചെയ്യാം. ചിത്രം 1 കാണുക.




*ചിത്രം 1*

***അത്യല്പക്ഷേത്ര ഗൃഹമണ്ഡലം***


*A ഗൃഹനാഭി, B ബ്രഹ്മനാഭി,*

*D ഗൃഹനാഭി, C ബ്രഹ്മനാഭി*

ഇന്ന് ഏറ്റവും കൂടുതൽ സ്ഥാനനിർണ്ണയം ചെയ്യേണ്ടി വരുന്നത് അല്പക്ഷേത്രത്തിലാണ്. ദിശക്കനുസരിച്ച് സമചതുരപ്പെടുത്തിയ ഭൂമിയെ പദവിന്യാസം ചെയ്ത് അതിൽ മഹാമർമ്മങ്ങളിൽ ഭിത്തികളോ സ്തംഭങ്ങളോ വരാതെ വാസ്തു മദ്ധ്യത്തിൽ നിന്നും വടക്കു കിഴക്കു ഭാഗത്തിലോ തെക്കു പടിഞ്ഞാറു ഭാഗത്തിലോ അധികരിച്ചു വരുന്ന രീതിയിൽ അങ്കണമദ്ധ്യം സ്വീകരിച്ച് അതിൽ നിന്നും ശാലാഗമനം നിർണ്ണയിച്ച് ഗൃഹസ്ഥാനനിർണ്ണയം ചെയ്യുന്നു. ഇങ്ങനെ സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ പുറത്തെ ആവൃതിയിലേയ്ക്ക് (പിശാച വീഥി) കയറി വരാതെ ശുഭസ്ഥാനം നിർണ്ണയിക്കേണ്ടതാണ്. ബ്രഹദ്ക്ഷേത്രത്തിൽ ബ്രഹ്മ നാഭിയുടെ വടക്കു കിഴക്കുള്ള മാനുഷ്യഖണ്ഡത്തിലോ തെക്കു പടിഞ്ഞാറുള്ള ദേവഖണ്ഡത്തിലോ ഗൃഹത്തിനു സ്ഥാനം നിർണ്ണയിക്കാം. അതിരുകളില്ലാതെ കിടക്കുന്ന അതിബ്രഹദ്ക്ഷേത്രങ്ങളിൽ വീഥി വിന്യാസത്തിലൂടെ ഗൃഹത്തിനുള്ള സ്ഥാനം കണ്ടെത്തണം.

പാർപ്പിടം എപ്പോഴും അടിസ്ഥാന ദിശകൾക്ക് എതിരെ വരുന്നതാണ് ഉചിതം. ഇതിനായി ആദ്യം

ദിശകൾ കണ്ടെത്തേണ്ടതുണ്ട്. ഒരു വടക്കുനോക്കിയ ന്ത്രത്തിന്റെ സഹായത്തോടെ ദിശകൾ മനസ്സിലാക്കി കഴിഞ്ഞാൽ യഥാവിധി അഷ്ടദിക്പാലകരേയും വാസ്തുപുരുഷനേയും പൂജിക്കണം. ഗൃഹനാഥന് സമ്പൽസമൃദ്ധിയും ഐശ്വര്യവും കുടുംബാംഗങ്ങൾ തമ്മിൽ ഐക്യവും സ്വസ്ഥതയും കൈവരുവാൻ ഇത് സഹായകമാകും.




*ചിത്രം – 2*

***അഷ്ടദിക് പാലകർ***


ഇന്ദ്രനാണ് കിഴക്കിന്റെ അധിപൻ. ഭൂമിയുടെ ശക്തിസ്രോതസ്സായ സൂര്യന്റെ നാഥനാണ് ഇന്ദ്രൻ. അഗ്നിദേവനാണ് തെക്കു കിഴക്കു ഭാഗത്തിന്റെ അധിപൻ. യമൻ എന്ന അസുരന്റെ അധീനതയിലാണ് തെക്കുദിക്ക്. നിരൃതിദേവനാണ് തെക്കു പടിഞ്ഞാറ് ദിക്കിന്റെ അധിപൻ. വരുണ ഭഗവാന്റെ അധീനതയിലാണ് പടിഞ്ഞാറു ദിക്ക്. മഴയുടെ ദേവനാണ് വരുണൻ. വടക്കു പടിഞ്ഞാറ് വായുകോണാണ്. അതിന്റെ അധിപൻ വായുദേവനാണ്. ധനസമൃദ്ധിയുടെ ദിക്കാണ് വടക്ക്. അതിന്റെ ദേവൻ കുബേരനാണ്. വടക്കു കിഴക്ക് ഈശാനകോൺ. അതിന്റെ അധിപൻ ഈശാനൽ അഥവാ ഈശ്വരൻ.

വീടു വെയ്ക്കാനുള്ള സ്ഥലം ഏറെക്കുറെ മനസ്സിലാക്കി കഴിഞ്ഞാൽ പുരയിടത്തിലേയ്ക്കു കടന്നു ചെല്ലുന്ന വഴി നിശ്ചയിക്കണം. ഈ പാതയെ 'വീഥിശൂലം' എന്നു പറയും. ചില പാതകൾ ഗുണകരമായ ഊർജ്ജത്തേയും മറ്റു ചിലത് ദുർഗുണപ്രഭവവുമാണ്. വടക്കുകിഴക്കു ഭഗത്തിന്റെ വടക്കു നിന്നും കിഴക്കു നിന്നും വരുന്ന പാതകൾ ഉത്തമമാണ്. തെക്കു കിഴക്കു മൂലയുടെ തെക്കു ഭാഗത്തുള്ളതും വടക്കു പടിഞ്ഞാറു മൂലയുടെ പടിഞ്ഞാറു ഭാഗത്തും വന്നവസാനിക്കുന്ന പാതകൾ ഉത്തമങ്ങളാണ്. എന്നാൽ തെക്കുകിഴക്കു ദിശയുടെ കിഴക്കു ഭാഗം, വടക്കു പടിഞ്ഞാറു മൂലയുടെ വടക്കു ഭാഗം, തെക്കു പടിഞ്ഞാറു മൂലയുടെ തെക്കു ഭാഗവും പടിഞ്ഞാറു ഭാഗവും ഗുണപ്രദമല്ല. വാസ്തുവിന്റെ നാലു വശത്തും വഴിയുള്ള ദീർഘചതുരാകൃതിയിലുള്ള പുരയിടം ഭവനനിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ്. വടക്കു ദിക്കിലും കിഴക്കിലും വഴിയുള്ള സ്ഥലം ഉത്തമമാണ്. വീടിന്റെ തെക്കു വശത്തും പടിഞ്ഞാറു വശത്തും റോഡുകൾ ഉണ്ടെങ്കിൽ അതിന്റെ വശത്തായി വസിക്കുന്നവർക്ക് ശുഭകരമായ കാര്യങ്ങൾ സംഭവിക്കും.

ഒരു വാസ്തുവിന്റെ പ്രധാന ഊർജ്ജകേന്ദ്രം വടക്കു കിഴക്കു ദിക്ക് അഥവ ഈശാനകോണാണ്. ഈശാനൻ എന്നു പറഞ്ഞാൽ സർവ്വവ്യാപിയായ ഈശ്വരൻ തന്നെയാണ്. ഭൂമി അതിന്റെ അച്ചുതണ്ടിൽ കിഴക്കു ദിശയിലേക്ക് 23 1/2 ഡിഗ്രി ചരിഞ്ഞാണ് സൂര്യനെ വലയം ചെയ്യുന്നത്. അതായത് സൗരോർജ്ജപ്രഭാവം വടക്കു കിഴക്കു ദിശയിൽ നിന്നും നമുക്കു ലഭിക്കുന്നു എന്നർത്ഥം. അതുകൊണ്ട് ഈശാനുകോൺ കെട്ടിമറയ്ക്കുകയോ അടയ്ക്കുകയോ ചെയ്യാൻ പാടില്ല. സൂര്യൻ ഉദിച്ചുയരുമ്പോൾ ഈ പ്രപഞ്ചം ഉണരുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ സർവ്വതും ജഡാവസ്ഥയിൽ ആകുകയും ചെയ്യുന്നു. പകൽ സൂര്യന്റെ ഊർജ്ജം നമ്മളിൽ പകർന്നു കിട്ടുന്നതിനാൽ ഉന്മേഷവാന്മാരായി തീരുന്നു. പ്രഭാത രശ്മികളിൽ നമ്മൾക്കു വേണ്ട അനുകൂല ഊർജ്ജം ധാരാളമുണ്ട്. ഈ സൗരോർജ്ജം വീടിനുള്ളിലേയ്ക്ക് യഥേഷ്ടം ആഗിരണം ചെയ്യപ്പെടണം. അതിനാൽ വീടിന്റെ കിഴക്കു ഭാഗത്ത് വേണ്ടത്ര വാതിലുകളും ജനാലകളും ഉണ്ടാകണം. ഭൂമി, അഗ്നി, വായു, ജലം, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ വിവിധ രൂപങ്ങൾ മാത്രമാണ് ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും. മനുഷ്യന്റെ വികാരത്തേയും മനസ്സിനേയും ആരോഗ്യത്തേയും നിലനിറുത്തുന്നതും നിയന്ത്രിക്കുന്നതും ഈ പഞ്ചഭൂതങ്ങളാണ്. പഞ്ചഭൂതങ്ങളുടെ യഥാവിധിയുള്ള വിന്യാസമാണ് ഭവനങ്ങളുടെ സന്തുലിതാവസ്ഥ നിയന്ത്രിക്കുന്നത്.

ഗൃഹനിർമ്മിതികളിലെ എല്ലാ പ്രവർത്തികളും ശാസ്ത്രസിദ്ധാന്തങ്ങളുടേയും ക്രിയേറ്റീവ് ആർട്ടിന്റേയും സംയോഗത്തോടെ ശില്പിയുടെ ഭാവനയിൽ ജനിച്ച് ദ്രവ്യങ്ങളിൽ രൂപം പൂണ്ടവയാണ്. ദ്രവ്യങ്ങൾ സംയോജിപ്പിക്കുന്നതിലും ഘടകങ്ങൾക്കുള്ള അനുപാദങ്ങൾ നിശ്ചയിക്കുന്നതിലും ഉള്ള ലയവും താളവുമാണ് സൃഷ്ടിക്ക് സൗന്ദര്യാത്മകത പ്രദാനം ചെയ്യുന്നത്. വാസ്തു രചനയിൽ സൗന്ദര്യാ

ത്മകത മാത്രം പോരാ, അതിനേക്കാൾ ഉപരിയായി പ്രയോജനക്ഷമതയ്ക്കാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്. ഇൻട്യൂഷനും റാഷണലിസവും സൃഷ്ടിപ്രക്രിയയിൽ സമന്വയിക്കണം. ഭൂപരീക്ഷ നടത്തി ഗൃഹമണ്ഡലം നിർണ്ണയിക്കുക, അതിൽ നിന്നും ഗൃഹവേദിക നിശ്ചയിക്കുക, പിന്നീട് ശാലവിധാനം നടത്തുക എന്നിങ്ങനെ പടിപടിയായിട്ടാണ് ഗൃഹ സ്ഥാപനക്രമം മുന്നേറുന്നത്. ശാലയുടെ അളവുകൾ നിശ്ചയിച്ചു കഴിഞ്ഞാൽ ശാലാവിസ്താരം എന്ന ആധാരമാനം ലഭിക്കുന്നു. അതിനെ ആസ്പദമാക്കിയാണ് അധിഷ്ഠാനം, ഭിത്തി ഉയരം, ഭിത്തിഘനം, കെട്ടിടത്തിന്റെ മോന്തായ ഉയരം, മേൽപ്പുരയുടെ ഘടകങ്ങളായ ഉത്തരം, കഴുക്കോൽ, മോന്തായം എന്നിവയുടെയെല്ലാം അളവുകൾ തീരുമാനിക്കുന്നത്. വാസ്തുസ്ഥാപനക്രമത്തിന്റെ പ്രവർത്തനരൂപം പ്രതീകാത്മകമായി താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.



*ചിത്രം : 3*

***ഗൃഹനിർമ്മാണപ്രക്രിയ***

ഭവനം നിർമ്മിക്കുവാനുള്ള വസ്തു വാങ്ങിയ ശേഷം അവിടെ വീട് ഏതു ഭാഗത്ത് ഏത് ദിശയിൽ പണിയണമെന്നു തീരുമാനിക്കണം. പ്രധാനമായും വടക്കോട്ടു ദർശനമുള്ള ഗൃഹമാണ് വാസ്തു ശാസ്ത്രവിധിപ്രകാരം ഏറ്റവും ഉത്തമം. രണ്ടാമതായി പരിഗണിക്കുക കിഴക്കോട്ടു ദർശനമുള്ള ഭവനം. ഭൂമിയുടെ ചെരിവ്, കാറ്റിന്റെ ഗതി എന്നിവ കണക്കിലെടുത്ത് ദിശ നിർണ്ണയിക്കാം. പടിഞ്ഞാറേക്കും, തെക്കുദിശകളിലേക്കുമുള്ള ഭവനങ്ങൾ നിഷിദ്ധമല്ല എങ്കിലും അത്ര കണ്ട് ഉചിതമായി കണക്കാക്കുന്നില്ല.

ഗൃഹ നിർമ്മിതിയിൽ പല ഘട്ടങ്ങളും അവയോടനുബന്ധിച്ച് അനുവർത്തിക്കേണ്ട പല ചടങ്ങുകളുമുണ്ട്. വീട് വയ്ക്കാൻ ആഗ്രഹിക്കുന്ന ഒരാൾ ആദ്യമായി ഒരു ആചാര്യനെ വരിക്കണം. വാസ്തുശാസ്ത്രത്തിലും ജ്യോതിഷത്തിലും അഗാധമായ അറിവുള്ള ആളായിരിക്കണം ആചാര്യൻ. ആചാര്യനെകൊണ്ട് ഗൃഹവാസ്തു പരിശോധിപ്പിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സ്ഥലജലവൃക്ഷങ്ങൾ ഉള്ള വാസ്തു ഭൂപരിക്ഷ നടത്തി സ്വീകരിക്കണം. അതിൽ ഉടമസ്ഥന് യോജിച്ചവിധം ഗൃഹസ്ഥാനനിർണയവും ശാലാവിധാനവും നടത്തണം. വീടിന്റെ ഒട്ടാകെയുള്ള ചുറ്റളവ്, മുറികളുടെ സ്ഥാനങ്ങൾ, ഇടനാഴികൾ, ഉപനിർമ്മിതികൾ എന്നിവയെല്ലാം ഉടമസ്ഥനുമായി ആലോചിച്ച് ആചാര്യൻ തീരുമാനിക്കണം. ആധുനിക കാലത്തെ ബിൽഡിംഗ് കൺസൽട്ടന്റിന്റെ ധർമ്മത്തോട് ആചാര്യനെ ഉപമിക്കാം. പിന്നീട് ആചാര്യനിർദ്ദേശപ്രകാരം കാരുക്കളെ യജമാനന് നിശ്ചയിക്കാം. സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വർഷകി എന്നിവരാണ് കാരുക്കൾ.

വീടിന് കുറ്റിയടിക്കുക എന്ന കർമ്മമാണ് അടുത്തത്. ആചാര്യനോ സ്ഥപതിയോ ഗൃഹമണ്ഡലത്തിൽ വീടിന്റെ ഒരു മൂലയോ, വശമോ അടയാളപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. നിരൃതികോണിൽ വാസ്തു പുരുഷന്റെ പാദഭാഗത്ത് കുറ്റിയടിച്ച് സ്ഥാനം അടയാളപ്പെടുത്തുന്ന രീതിയാണ് സാധാരണയായി കണ്ടു വരുന്നത്. അവിടെ നിന്നും പ്രദക്ഷിണമായി നാലു മൂലകളിലും വശങ്ങളുടെ നടുവിലും കുറ്റികൾ നാട്ടാം. അതിനുശേഷം അസ്ഥിവാരം പണിയാൻ വാനം തോണ്ടി ആദ്യശില കന്നിമൂലയിൽ തന്നെ സ്ഥാപിച്ച് പ്രദക്ഷിണമായി പണി തുടങ്ങാം. ശിലാസ്ഥാപന വേളയിൽ വാസ്തുപുരുഷനും, ഇഷ്ടദേവതകൾക്കും, ഭൂമികാരകനായ കുജനും, ദേവശില്പിയായ വിശ്വകർമ്മാവിനും പ്രാർത്ഥനയോടെ പൂജാദി നിവേദ്യങ്ങൾ അർപ്പിക്കണം.

ഭൂഗർഭത്തിൽ ആദ്യശില സ്ഥാപിക്കുന്നതിൽ നിന്നും കെട്ടിടം പണി തുടങ്ങി ഭൂവിതാനത്തിൽ ചെരുപ്പിടുക എന്ന ഘട്ടത്തിൽ എത്തുന്നു. കെട്ടിടത്തിനുള്ള പ്ലാനും അളവുകളും പിന്നീടുള്ള ബാഹ്യാ

കാരത്തിനാണ് കല്പിക്കപ്പെടുന്നത്. നില വിതാനം തുടങ്ങി ഭിത്തി തുടങ്ങുന്നതുവരെയുള്ള ഭാഗമാണ് അധിഷ്ഠാനം. അധിഷ്ഠാനത്തിനു മുകളിലാണ് കട്ടിള വെയ്ക്കുന്നത്. ഈ കർമ്മം മറ്റൊരു പ്രധാന ഘട്ടമാണ്. ഇതിനു കല്ലാശാരിയും മരയാശാരിയും പരസ്പരം യോജിച്ചു പ്രവർത്തിക്കണം. കട്ടിള വെപ്പിനുശേഷം ഭിത്തി പണി തീർത്ത് ഉത്തരമുറപ്പിച്ച് അതിൽ തട്ടുണ്ടാക്കാനുള്ള ശീലാന്തികൾ വിരിക്കുന്നു. വീട് രണ്ടാം നിലയിലേക്ക് പണിയുവാൻ പ്രസ്തരത്തിനു മുകളിലായി വേദി പണിയണം. അല്ലാത്തിടത്ത് അധിഷ്ടാനത്തിന്റെ ഉയരത്തിനു സമാനമായി ഗളംപോലെ ഭിത്തി പണിതുയർത്തി ഖണ്ഡോത്തരം സ്ഥാപിക്കും. ഉത്തരം വെപ്പ് എന്നുള്ളതും വീടു പണിയിൽ ഒരു പ്രധാന ചടങ്ങാണ്. ഭിത്തിയിൽ ഉറപ്പിച്ച ഉത്തരത്തിനുമേൽ ചുറ്റുത്തരം ഘടിപ്പിച്ച് അതിൽ മേൽപ്പുരയ്ക്കുള്ള കഴുക്കോൽ ഉറപ്പിക്കുന്നു. പിന്നീട് വാമട തറച്ച് മേച്ചിൽ നടത്തുന്നു. മേൽപ്പുരയുടെ പണികൾ എല്ലാം കഴിഞ്ഞതിനു ശേഷം തട്ടുപണി, നിലംപണി, തേപ്പ്, മറ്റു മിനുക്കു പണികൾ എന്നിവ വഴിക്കു വഴിയായി തീർത്ത് വീട് വാസയോഗ്യമാക്കുന്നു. പ്രധാന ഹർമ്മ്യത്തിന്റെ പൂർത്തീകരണത്തിനുശേഷം ഉപനിർമ്മിതികളുടെ പണി തുടങ്ങാം. പിന്നീട് വാസ്തുമണ്ഡലത്തിന്റെ അതിരുകൾ അടയാളപ്പെടുത്തി മതിൽ പണിത് അതിനുള്ളിൽ വാസ്തു ശാസ്ത്രവിധിപ്രകാരമുള്ള വൃക്ഷങ്ങൾ നാലുവശങ്ങളിലും വെച്ചു പിടിപ്പിക്കണം.

വീടിന്റെ സകലപണികളും തീർത്തശേഷമേ ഗൃഹപ്രവേശം നടത്താൻ പാടുള്ളൂ. സ്ഥപതിക്കും, ശില്പികൾക്കും പ്രതിഫലവും ഉപഹാരങ്ങളും നൽകി ഗൃഹം അവരിൽ നിന്നും ഏറ്റു വാങ്ങണം. അതിനു ശേഷം വാസ്തു പൂജ നടത്തി, ഭൂമിയിലേയും നിർമ്മാണ ദ്രവ്യങ്ങളിലേയും അധിവാസ ശക്തികളെ പ്രസാദിപ്പിക്കണം. ബന്ധുമിത്രാദികൾക്ക് അന്നദാനവും ആചാര്യന് ദക്ഷിണയും കൊടുക്കണം. ഇങ്ങനെ സംപ്രീതരാകുന്ന ശില്പികളും, ആചാര്യനും, ദേവതകളും ചൊരിയുന്ന അനുഗ്രഹത്താൽ ആ വീട്ടിൽ താമസിക്കുന്നവർക്ക് സർവ്വവിധ ആയുരാരോഗ്യ സൗഖ്യങ്ങളും ഐശ്വര്യങ്ങളും ഉണ്ടാകുന്നതാണ്.

## പാതഞ്ജലയോഗദർശനം

**(27-ാം പേജിൽ നിന്ന് തുടർച്ച)**

മണി പ്രഭാ ടീകയിൽ ''മധുമത്യാദയ : സമാധി ഭൂമയ:'' എന്നു പറയുന്നു. മധുമതി, മധുപ്രതീകാ, പ്രജ്ഞാ ജ്യോതി, അതിക്രാന്തി ഭാവനീയ എന്നീ നാലു യോഗഭൂമികകളാണിവിടെ സൂചിപ്പിച്ചത്. യോഗയുടെ ഉത്തരോത്തരമായ പടികളാണിവ. ഈ ഭൂമികകൾ ലബ്ധമാവാത്ത അവസ്ഥ എന്നാവും അപ്പോൾ അർത്ഥം.


**അനവസ്ഥിതത്വം**

ഓരോ ഘട്ടത്തിലും, അവസ്ഥയിലും എത്തുമ്പോൾ അവിടെ ഉറച്ചുനിൽക്കാനാവാതെ പിന്നോട്ടടിക്കേണ്ടി വരുന്നതാണ് അനവസ്ഥിതത്വം, അവസ്ഥ കിട്ടായ്മ. സാധനയിലെ തീവ്രതക്കുറവ് ഇതിനു കാരണമായേക്കാം.

ചിത്തം രാജസികതയാൽ കലങ്ങിമറിയുന്ന അവസ്ഥയാണ് വിക്ഷിപ്താവസ്ഥ. മേൽ പറഞ്ഞവ സാധാരണക്കാരുടെ അവസ്ഥയാണ്. വിക്ഷിപ്താവസ്ഥ കടന്ന് ഏകാഗ്രതയിലെത്തുമ്പോൾ ആണ് പുരോഗതിയുണ്ടാവുന്നത്.

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം**
**2019 മെയ് / ജൂൺ മാസത്തെ പരിപാടികൾ**

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.5.19 | സി. ജയരാമൻ | ടി.കെ. ശ്രീകുമാരൻ നായർ | നമ്മുടെ പൈതൃകം | 1017 |
| 23.5.19 | പ്രൊ.സുമംഗലാദേവി | എം. ആർ. രാജേന്ദ്രൻ നായർ | സ്വഭാവശുദ്ധി ഇന്നിന്റെ ആവശ്യം | 1018 |
| 30.05.19 | | ഡോ.ജി. മാധവൻ നായർ | മഹാസാഗരങ്ങൾ ജീവന്റെ ആധാരശില | 1019 |
| 06.06.19 | | ശ്രീ വല്ലഭൻ നായർ | നവോത്ഥാനം | 1020 |



# DISCOVER UK
## യാത്രാവിവരണം

പ്രൊഫ. സുമംഗലാദേവി

**പ്രാരംഭം:**

കേരളംമീനച്ചൂടിൽതിളച്ചുമറിയുകയാണ്. സൂര്യൻ ഇരുട്ടിന്റെ കരിമ്പടം മാറ്റി ഉണർന്നു വരുന്നതേയുള്ളൂ. അതു കൊണ്ട് ഉഷ്ണത്തിന് അല്പം ശാന്തിയുണ്ട്. ഏപ്രിൽ 2 രാവിലെ ആറുമണി ആയപ്പോഴേക്കും വീട്ടിൽ നിന്നും യാത്ര തുടങ്ങി കഴിഞ്ഞു. 7 മണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തണമെന്നാണ് നിർദ്ദേശം.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യ ത്തിൽ നടക്കുന്ന ലണ്ടൻ, സ്കോട്ട്ലന്റ് യാത്രയിൽ പങ്കെടുക്കാനാണ് ഞങ്ങൾ പോകുന്നത്. മുൻ വർഷ ങ്ങളിൽ കരയോഗത്തിനൊപ്പം തായ്‌ലന്റിലും, ചൈ നയിലും യാത്ര ചെയ്തതിന്റെ മധുരസ്മരണകൾ ഒപ്പമുണ്ട്. ഇക്കുറിയും ഹോളിഡേ ഡിസ്കവേഴ്സ് എന്ന യാത്രാ സംഘാടകരാണ് കരയോഗത്തിന്റെ വി ദേശപര്യടനലക്ഷ്യം സാക്ഷാത്കരിക്കുന്നത്. മുൻകാല അനുഭവത്തിന്റെ വെളിച്ചത്തിൽ അവരുടെ പ്ലാനിംങ്ങി നെക്കുറിച്ചും, തയ്യാറെടുപ്പുകളെക്കുറിച്ചും വളരെ നല്ല വിശ്വാസമുള്ളതുകൊണ്ട് തികഞ്ഞ ആത്മവിശ്വാസ ത്തോടെയാണ് ഞങ്ങൾ എത്തിയിരിക്കുന്നത്. എല്ലാ പ്രാവശ്യത്തെയും പോലെ ഈ യാത്രാകമ്പനിയുടെ പാർട്ട്ണർ സൂരജ് നയ്യാൻ ഞങ്ങൾക്കൊപ്പം യാത്ര ചെയ്യുന്നു. നിരവധി യാത്രകളിലൂടെ കരയോഗത്തിലെ സ്ഥിരം യാത്രക്കാർക്ക് സൂരജ് സുഹൃത്തും, സഹോ ദരനുമൊക്കെയാണ്. 7 മണിക്കു മുമ്പു തന്നെ നെടു മ്പാശ്ശേരിയിലെത്തുമ്പോൾ അതിനും മുമ്പ് സൂരജ് ഞങ്ങൾക്കായി അവിടെ കാത്തു നിന്നിരുന്നു.

കൊച്ചിയിൽ നിന്ന് യാത്ര ആരംഭിക്കുന്ന 41 പേരും നിർദ്ദിഷ്ട സമയത്തിനു മുമ്പു തന്നെ എയർ പോർട്ടിൽ എത്തി കഴിഞ്ഞു. 2 പേർ, ശ്രീ ബാലനും, പുഷ്പയും നെതർലാന്റിൽ നിന്നും ലണ്ടനിൽ എത്തി ഞങ്ങളോടൊപ്പം ചേർന്നു. ഒന്നിച്ചു യാത്ര ചെയ്യു മ്പോൾ ഏറ്റവും അനിവാര്യമായത് ഒത്തുതീർപ്പുകളി ല്ലാത്ത അച്ചടക്കവും, കണിശതയുള്ള സമയനിഷ്ഠ യുമാണ്. നന്നായി തുടങ്ങിയത് പാതിനന്നായതിന് തുല്യമാണ് എന്നാണല്ലോ – അങ്ങനെയെങ്കിൽ നെ ടുമ്പാശ്ശേരിയിൽ വച്ചു തന്നെ ഇപ്രാവശ്യത്തെ യാത്ര പകുതിയും ഭംഗിയായി.

**പരിചിതരുടെ അപരിചിതത്വം :**

യാത്ര നിങ്ങളെ മാറ്റുന്നുണ്ട്. ജീവിതത്തിലൂടെ നീങ്ങുമ്പോൾ നിങ്ങൾ ലോകത്ത് അല്പാല്പമായ മാറ്റങ്ങളുണ്ടാക്കുന്നത് പോലെ ജീവിതവും യാത്രയും നിങ്ങളിൽ അടയാളങ്ങൾ അവശേഷിപ്പിക്കുന്നുണ്ട്. എന്ന് പറഞ്ഞത് അമേരിക്കൻ സഞ്ചാര സാഹിത്യ കാരനായ അന്റെണി ബൗഡയിൽ ആണ്. നമ്മൾ സ്ഥിരം കാണുന്നവർ പോലും യാത്രയ്ക്കൊരുങ്ങി എത്തുമ്പോൾ വ്യത്യസ്തരാണ്. പതിവായി മുണ്ടും ഷർട്ടും മാത്രം ധരിക്കുന്ന കരയോഗത്തിന്റെ സാരഥി ശ്രീ. വേണു, ടീഷർട്ടും പാന്റും ധരിച്ചു കാണുന്നത് യാത്രക്കാരനായി പരകായപ്രവേശം നടത്തുമ്പോൾ മാത്രമാണ്. വേഷത്തിൽ മാത്രമല്ല , സ്വഭാവത്തിൽ പോ ലും വേണു അപരിചിതനായി മാറും. സ്വതവേയുള്ള ഗൗരവത്തിന്റെ മുഖപടം മാറ്റി തമാശയും പൊട്ടിച്ചി രിയുമുള്ള മറ്റൊരു വേണുവിനെ കാണാൻ അദ്ദേഹ ത്തിനൊപ്പം യാത്ര ചെയ്താൽ മതി. വേണു മാത്രമല്ല, കരയോഗത്തിലെ പതിവുകാരായ പലരും യാത്രയിൽ വ്യത്യസ്തരാണ്, വേഷം കൊണ്ടും ഭാവം കൊണ്ടും. എല്ലാവരും തന്നെ ജീൻസും, ചുരിദാറുമൊക്കെയണി ഞ്ഞ് യാത്രയ്ക്ക് തയ്യാർ. ഈ പ്രാവശ്യത്തെ യാത്ര യിൽ ഞങ്ങളുടെ ഒപ്പമുള്ളത് 8 വയസ്സുകാരൻ മാധവ് മുതൽ 80 വയസ്സുകാരി ഡോ. സുന്ദരി.ജി.മേനോൻ വരെയാണ്. ഭാര്യാഭർത്താക്കന്മാർ ഒന്നിച്ചു യാത്ര ചെ യ്യുന്നവരുമുണ്ട്, ഭർത്താവോ, ഭാര്യയോ കൂടെയില്ലാതെ വന്നിട്ടുള്ള സ്ത്രീകളും പുരുഷന്മാരുമുണ്ട്. മുമ്പുള്ള യാത്രയിൽ ഞങ്ങളുടെ ഒപ്പമുണ്ടായിരുന്ന ഊർജ്ജ സ്വലനായ കേണൽ രാമചന്ദ്രൻ തുടങ്ങി പഴയവരും, ആദ്യമായി കരയോഗത്തോടൊപ്പം യാത്ര ചെയ്യുന്ന തൃപ്പൂണിത്തുറ സിസ്റ്റേഴ്സിനെപ്പോലെയുള്ള പുതിയ

വരും എല്ലാവരും ആവേശത്തിലാണ്. എന്റെ ഭർത്തൃ സഹോദരൻ കേണൽ നരേന്ദ്രനും ഭാര്യ ലതയും ആദ്യ മായാണ് കരയോഗത്തോടൊപ്പം യാത്ര ചെയ്യുന്നത്. ഒന്നിച്ചുള്ള യാത്രകൾ സൃഷ്ടിക്കുന്ന സൗഹൃദങ്ങൾ വളരെ സുന്ദരവും ദൃഢവുമാണ്. സംശയമില്ല.

കരയോഗത്തിന്റെ സംഘത്തെ യാത്രയാക്കാൻ ഞങ്ങളുടെ കരയോഗം പ്രസിഡന്റ് ശ്രീ. കെ, പി.കെ.മേനോൻ അതിരാവിലെ തന്നെ നെടുമ്പാശ്ശേരിയിലെത്തിയിരുന്നു. അദ്ദേഹം സമ്മാനിച്ച മധുരം ഡയബറ്റിസ് കൂട്ടാക്കാതെ നുണഞ്ഞ് യാത്രയുടെ മധുരങ്ങൾ ആസ്വദിക്കാൻ ഞങ്ങൾ തയ്യാറായി.

രാവിലെ 7 മണി കഴിഞ്ഞപ്പോൾ ഞങ്ങൾ വിമാനത്താവളത്തിനുള്ളിൽ കയറി. യാത്രാരേഖകൾ കണിശമാക്കുന്നതിനായി യാത്രാ വിവരങ്ങളും കാലാവസ്ഥയും മറ്റും ബോധ്യമാക്കുന്നതിനും മറ്റുമായി കൂടിയ മീറ്റിംഗുകൾ സാർത്ഥകങ്ങളാക്കി കൊണ്ട് , സൂരജിന്റെ പ്രത്യേക നിഷ്കർഷണത്തിൽ ഞങ്ങൾ ബോർഡിംഗ് പാസ്സ് കരസ്ഥമാക്കി, ഇമിഗ്രേഷൻ സംബന്ധിച്ച നടപടികളും മറ്റും അനായാസം കഴിഞ്ഞു. എല്ലാവരും പ്രാതൽ കഴിച്ച് തയ്യാറായി.

## കൊച്ചിയുടെ സൂര്യതേജസ്സ്

കൊച്ചിയിൽ നിന്ന് അന്താരാഷ്ട്ര യാത്ര ചെയ്യുമ്പോൾ നമ്മുടെ വിമാനത്താവളം കണ്ട് തെല്ലൊന്ന് അഹങ്കരിക്കാതെ ഒരു കേരളീയനും കടന്നു പോവില്ല. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട ആദ്യ വിമാനത്താവളം, പൂർണ്ണമായും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ലോകത്തിലെ തന്നെ ആദ്യ Airport. ഇങ്ങനെ പല കാര്യങ്ങളിലും. നെടുമ്പാശ്ശേരി ഒന്നാം സ്ഥാനത്താണ്. 46000 ത്തിൽ പരം സോളാർ പാനലുകളിൽ നിന്ന് ആഗിരണം ചെയ്യപ്പെടുന്ന സൗരോർജ്ജം വിമാനത്താവളത്തിന്റെ അകത്തളങ്ങളെ പ്രകാശമാനമാക്കുന്നു. നെറ്റിപ്പട്ടവും, മുത്തുക്കുടയും, ആലവട്ടവും, വെഞ്ചാമരവും അണിഞ്ഞ ഗജവീരന്മാരുടെ ജീവസ്സുറ്റ പ്രതിമകളാണ് 3-ാം ടെർമിനലിലേക്കു സഞ്ചാരികളെ സ്വീകരിക്കുന്നത്. 1,50,000 ചതുരശ്ര മീറ്റർ വരുന്ന പുതിയ ടെർമിനലിന്റെ ഉൾവശം പലയിടത്തും സ്ഥലജല ഭ്രമം സൃഷ്ടിക്കുന്ന തരത്തിലാണ്. ആകെ യാത്രക്കാരുടെ എണ്ണത്തിൽ ഇൻഡ്യയിൽ 7-ാം സ്ഥാനവും അന്തർദേശീയ യാത്രക്കാരുടെ കാര്യത്തിൽ 4-ാം സ്ഥാനവും നമ്മുടെ കൊച്ചു കേരളത്തിന്റെ നെടുമ്പാശ്ശേരിക്കാണ്. എന്തുകൊണ്ടും കേരളീയന് അഭിമാനത്തോടുകൂടി കടന്നു പോകാവുന്ന ഒരിടമാണ് നമ്മുടെ അന്താരാഷ്ട്ര വിമാനത്താവളം.

## പിന്നോട്ടോടുന്ന ഘടികാരം

ഏതാണ്ട് 10 മണി കഴിഞ്ഞപ്പോൾ തന്നെ ഞങ്ങളുടെ വിമാനം ഇത്തിഹാദ് Ey 0247 ഭാരതത്തിന്റെ മണ്ണു വിട്ടു. യാത്രയുടെ ആദ്യ പാദം അബുദാബിയിലേക്കാണ്. 4 മണിക്കൂർ യാത്ര ചെയ്ത് അബുദാബയിലിറങ്ങുമ്പോൾ അവിടെ സമയം 12.30. കൊച്ചിയിൽ നിന്നേ ലഗ്ഗേജും മറ്റും ഹീത്രുവിലേക്കു ബുക്ക് ചെയ്തിരുന്നതിനാൽ കയ്യിലുള്ള ബാഗുമായി ഞങ്ങൾ വിമാനത്തിൽ നിന്നിറങ്ങി. Airport. ൽ നിന്ന് പുറത്തിറങ്ങാൻ സാവകാശം ഉണ്ടായിരുന്നില്ല. അബുദാബി വിമാനത്താവളത്തിലെ ടെർമിനൽ ഒന്നിൽ നിന്ന് ടെർമിനൽ 3 ലേക്കു ഞങ്ങൾ നടന്നു തന്നെ പോകേണ്ടിയിരുന്നു. ടെർമിനലുകളുടെ ഇടയിലുള്ള വഴി Duty free Shop കളുടെ ഇടയിലൂടെ ആക്കാൻ അവർ ശ്രദ്ധിച്ചിട്ടുണ്ട്. 2 വശത്തുമുള്ള കടകൾ വച്ചു നീട്ടുന്ന പ്രലോഭനങ്ങളിൽ വീണു പോകാതെ ഞങ്ങൾ T3 ടെർമിനലിലെത്തി. എന്നാൽ ഒപ്പമുണ്ടായിരുന്ന ചിലർക്ക് അത്രക്ക് മനോനിയന്ത്രണം ലഭിച്ചില്ല. ലോകപ്രസിദ്ധ അബുദാബി Duty free Shop ൽ നിന്നുള്ള പുതിയ പായ്ക്കറ്റുകളുമായി T3 ടെർമിനലിലെത്തി . ഇത്തിഹാദ് Airline ന്റെ Ey 0017 വിമാനത്തിൽ അബുദാബി സമയം 2 മണിക്ക് Heathrow വിലേക്ക്. 7 മണിക്കൂർ കൂടി യാത്ര ചെയ്ത് ഹീത്രൂവിലെത്തുമ്പോൾ ലണ്ടൻ സമയം 6.30 ഇന്ത്യ വിട്ടിട്ട് ഏതാണ്ട് 14 മണിക്കൂർ കഴിഞ്ഞപ്പോൾ വാച്ചിൽ പിന്നിട്ടിരിക്കുന്ന സമയം വെറും 8 1/2 മണിക്കൂർ. ഭൂഖണ്ഡങ്ങൾ മാത്രമല്ല, സമയ രേഖകൾ കൂടി മുറിച്ചു കളഞ്ഞുള്ള യാത്ര. പിന്നോട്ടു ചലിച്ച ഘടികാരം യാത്രാ സംഘത്തിലെ എല്ലാവരേയും അല്പംകൂടി ചെറുപ്പക്കാരാക്കി എന്നു തോന്നി. ആവേശത്തിന്റെ നിറകുടങ്ങളായി ഓരോരുത്തരും ഇംഗ്ലണ്ടിന്റെ മണ്ണിൽ കാൽ ചവിട്ടി.

ഒന്നര നൂറ്റാണ്ടുകാലം സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ ഭരിച്ചവരുടെ നാട് ഷേക്സ്പിയർന്റെയും വേർഡ്സ് വർത്തിന്റെയും ഭാവനകൾക്ക് പ്രചോദനം നൽകിയ തണുത്ത കാറ്റ്. ചുട്ടു പൊള്ളുന്ന കേരളത്തിന്റെ 34 ഡിഗ്രി ചൂടിൽ നിന്ന് വന്ന ഞങ്ങൾ ''Temperature out side is 9 ഡിഗ്രി'' എന്നു കേട്ടപ്പോൾ തെല്ലൊന്ന് അന്ധാളിച്ചു , നേരത്തെ അറിയാമായിരുന്നതു കൊണ്ട് കയ്യിൽ കരുതിയ കമ്പിളി വസ്ത്രങ്ങൾ എല്ലാം പുറത്തെടുത്തു. ഇപ്പോൾ ഞങ്ങളെ കണ്ടാൽ ബഹിരാകാശ യാത്രയ്ക്ക് പോകുകയാണെന്നു തോന്നും.

അബുദാബിയിൽ നിന്ന് ഹീത്രുവിലേക്കു യാത്ര ചെയ്ത Ey 0017 വിമാനം പ്രത്യേക പരാമർശം അർഹിക്കുന്നു.

2–ാം ലോകമഹായുദ്ധ കാലത്ത് അമേരിക്കൻ പട്ടാളം ഉപയോഗിച്ചിരുന്ന M10 എന്ന പാറ്റൺ ടാങ്കിന്റെ പേരിൽ നിന്നാണത്രെ യമണ്ടൻ എന്ന വാക്ക് നമ്മുടെ ഭാഷയിൽ പ്രയോഗത്തിൽ വന്നത്. സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള എന്തിനേയും മലയാളികൾ യമണ്ടൻ എന്നു വിളിക്കുന്നു. യമണ്ടൻ ലോറി മുതൽ യമണ്ടൻ പ്രേമകഥ വരെ മലയാളത്തിലുണ്ട്. രണ്ടു നിലകളുള്ള, ആയിരത്തോളം യാത്രക്കാർക്ക് സഞ്ചരിക്കാൻ സൗകര്യമുള്ള Air Bus A380 എന്ന വിമാനം കണ്ടപ്പോൾ എന്റെ മനസ്സിലേക്ക് ഓടിവന്ന വാക്ക് യമണ്ടൻ എന്നാണ്. ഏതാണ്ട് 6000 ചതുരശ്ര അടി സ്ഥലമാണ് ഈ വിമാനത്തിലുള്ളതത്രെ. വിശാലമായ ഇരിപ്പിടങ്ങളും ഇടനാഴികളുമുള്ള ഈ വിമാനത്തിലാണ് ഞങ്ങൾ അബുദാബിയിൽ നിന്ന് ഹീത്രുവിലേക്കു യാത്ര ചെയ്തത്. ഞങ്ങളുടെ ടിക്കറ്റുകൾ Economy Class ലായിരുന്നു. വായിച്ചറിഞ്ഞിടത്തോളം 1st Class ലും ബിസ്സിനസ്സ് ക്ലാസിലും രാജകീയ ആഡംബരമുള്ള വിമാനമാണ് A380. Economy Class ൽ ഒരു വരിയിൽ 10 കസേരകൾ വീതമാണ് സജ്ജീകരിച്ചിരിക്കുന്നത്. അതിൽ തന്നെ നമ്മൾ സാധാരണ കണ്ടു പഴകിയിട്ടുള്ള വിമാനങ്ങളെക്കാൾ സൗകര്യവും സ്ഥലവും ഉണ്ട്. ഓരോ കസേരക്കും പ്രത്യേകം TV Screen ഉം നൽകിയിട്ടുണ്ട്. മലയാള സിനിമയടക്കം ഒരുപാട് സിനിമകൾ തെരെഞ്ഞെടുക്കാൻ അവസരമുണ്ട്. 7 മണിക്കൂർ നീണ്ട യാത്രയിൽ കൂടുതൽ സമയവും സിനിമ കണ്ടു തന്നെ നേരം പോക്കി. ഭക്ഷണ പാനീയങ്ങൾ സൗജന്യമാണ്. മദ്യമടക്കമുള്ള പാനീയങ്ങൾ സൗജന്യമായി കിട്ടും. അക്ഷരാർത്ഥത്തിൽ ആഡംബരത്തിന്റെ 7 മണിക്കൂർ.

ഇമിഗ്രേഷൻ ക്ലിയറൻസിനുവേണ്ടിയുള്ള നീണ്ട ക്യൂവിന്റെ അറ്റത്താണ് ചെന്നുകയറുന്നത്. നടന്ന് ക്ഷീണിച്ച ഞങ്ങൾ ക്യൂ കണ്ട് അല്പം അന്ധാളിച്ചു. ലക്ഷണം കണ്ടിട്ട് മണിക്കൂറോളം വരിയിൽ നിന്നാലെ പുറത്തു കടക്കാൻ സാധിക്കുകയുള്ളൂ. ആരും വരി മുറിച്ച് കടക്കുന്നതിനൊ ഉന്തും തള്ളും ഉണ്ടാക്കുന്നതിനോ ശ്രമിക്കുന്നില്ല. അന്തരീക്ഷത്തിൽ പോലും അച്ചടക്കത്തിന്റെ സുഗന്ധമുണ്ട്.

പെട്ടെന്ന് ഗ്രൂപ്പിലുള്ളവർക്കായി പ്രത്യേക പരിഗണന സൂരജ് അവിടെയുള്ള ഏതോ ഉദ്യോഗസ്ഥനെ ക്കണ്ട് തന്റെ യാത്രാ സംഘത്തിൽ ഏറെയും മുതിർന്ന പൗരന്മാരാണെന്ന് അറിയിക്കുകയും ചെയ്തു എന്നു തോന്നുന്നു. വൈകാതെ ഞങ്ങൾക്കുവേണ്ടി രണ്ട് പ്രത്യേക കൗണ്ടറുകൾ തുറക്കുകയും ഏതാണ്ട് അര മണിക്കൂറിനുള്ളിൽ ഞങ്ങൾ എമിഗ്രേഷൻ ക്ലിയറൻസ് വാങ്ങി പുറത്തെത്തുകയും ചെയ്തു. മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന കൊടുക്കുകയും എന്നാൽ മറ്റുള്ളവർക്ക് അസൗകര്യം സൃഷ്ടിക്കാതിരിക്കുകയും ചെയ്ത ആ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തന മികവ് മനസ്സു കൊണ്ട് അഭിനന്ദിച്ചു.

ലോകത്തിൽ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളിൽ 2–ാം സ്ഥാനമാണ് London Heathrow Air Port ന് ലണ്ടനിൽ നിന്ന് ഏതാണ്ട് 23 കി.മീറ്റർ മാറി ഹീത്രു എന്നൊരു ഗ്രാമമുണ്ടായിരുന്നു. അവിടെ 1929 –ൽ ഒരു ചെറിയ Air Strip ആയി ആരംഭിച്ചതാണ് ഇന്ന് കാണുന്ന ഹീത്രു വിമാനത്താവളം. 1944 ൽ രണ്ടാം ലോക മഹായുദ്ധകാലത്ത് സൈനിക ആവശ്യങ്ങൾക്കായി ഹീത്രു വിമാനത്താളം വിപുലീകരിക്കുവാൻ ആരംഭിച്ചു. പക്ഷേ വിമാനത്താവളം വിപുലീകരിച്ച് തീരും മുമ്പ് യുദ്ധം അവസാനിച്ചു. വിമാനത്താവളവിപുലീകരണം പക്ഷേ തുടർന്നു. ഇന്ന് പ്രതിവർഷം 8 കോടിയോളം ആളുകൾ ഈ വിമാനത്താവളം വഴി സഞ്ചരിക്കുന്നു.

ഹീത്രു വിമാനത്താവളത്തിന്റെ 5 Terminal കളിൽ ഒന്നായ 4–ാം Terminal ലെ വിപുലവും ദീർഘവുമായ ഇടനാഴികളിലൂടെ ഞങ്ങൾ വിമാനത്താവളത്തിന്റെ ഗേറ്റിലെത്തി. ഗേറ്റിനപ്പുറത്ത് ലണ്ടൻ നഗരം ഞങ്ങൾക്കായി കാത്തിരിക്കുന്നു.

## നിഷേധിക്കപ്പെട്ട വിസ

ഏതാണ്ട് മൂന്നു വർഷം മുമ്പ് ഞാനും രാജേട്ടനും ലണ്ടൻ സന്ദർശിക്കാനൊരുങ്ങി യതാണ്. അവിടെയുള്ള സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും നിരന്തരമായ നിർബന്ധത്തിന് വഴങ്ങിയാണ് അങ്ങനെ ഒരു പരിപാടി ഇട്ടത്. ഇംഗ്ലണ്ടിലേക്കുള്ള വിസ ലഭിക്കാനുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. അപേക്ഷ വളരെ മുമ്പെ കൊടുക്കുകയും മുഖാമുഖം അടക്കമുള്ള നീണ്ട നടപടി ക്രമങ്ങൾക്ക് വിധേയരാകുകയും വേണം. നമുക്ക് ഇന്ത്യയിൽ ആവശ്യത്തിന് സ്വത്തുണ്ടെന്നും മറ്റും കാണിച്ചാൽ മാത്രമെ ഇംഗ്ലണ്ടിലേക്കുള്ള യാത്രാനുമതി ലഭിക്കുകയുള്ളൂ. അവർ പറഞ്ഞ എല്ലാ നിബന്ധനകളും പാലിക്കുകയും ചെയ്തു. പക്ഷേ യാത്ര തുടങ്ങുന്നതിന് ഏതാണ്ട് ഒരാഴ്ച മുമ്പെ വിസ പ്രതീക്ഷിച്ചിരുന്ന ഞങ്ങളുടെ കൈയ്യിലേക്ക് വിസ നിഷേധിച്ചു കൊണ്ടുള്ള കത്തു വന്നു. ഞങ്ങൾ ലണ്ടനിലെത്തിയാൽ അവിടെ നിന്ന് മടങ്ങിപ്പോരാൻ സാദ്ധ്യതയില്ല എന്നാണ് അന്നവർക്ക് തോന്നിയത്.

മൂന്നു വർഷത്തിനുശേഷം ഞങ്ങളുടെ ഭൗതിക സാഹചര്യത്തിൽ മൂന്നു വയസ്സുകൂടി വർദ്ധിച്ചു എന്നല്ലാതെ വലിയ മാറ്റമൊന്നും ഞങ്ങൾക്ക് തോന്നിയില്ല. ഇക്കുറി യാത്രാ ഏജൻസി വഴി

അപേക്ഷിച്ചതുകൊണ്ടാകണം, മടങ്ങിപ്പോരുമെന്ന കാര്യത്തിൽ യാതൊരു സംശയവും അവർക്കില്ല. വാസ്തവത്തിൽ ലണ്ടനിലേക്കുള്ള യാത്രാനുമതിയുടെ നടപടി ക്രമങ്ങൾ അത്ര സുതാര്യമൊന്നുമല്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ഇവിടെ വെളിവാകുന്നത്.

വിമാനത്താവളത്തിൽ നിന്നും പുറത്തു വന്നപ്പോൾ തന്നെ മൂന്നു വർഷം മുമ്പ് ഞങ്ങളെ ക്ഷണിച്ച അഡ്വ. സക്കീന കാത്തു നിൽക്കുന്നു. സക്കീന രാജേട്ടന്റെ ജൂനിയർ ആയിരുന്നു. ഏതാണ്ട് 22 വർഷത്തെ ഗുരുശിഷ്യബന്ധം. സക്കീനയും ഭർത്താവ് ഡോ. സുൽത്താനും ലണ്ടനിൽ സ്ഥിരതാമസക്കാരാണ്. വളരെ വർഷങ്ങളായി അവർ ഞങ്ങളെ ക്ഷണിക്കുന്നു. എന്നാൽ ഒടുവിൽ ലണ്ടനിലെത്തിയപ്പോൾ എയർപോർട്ടിന്റെ മുമ്പിൽ വച്ച് അല്പ സമയം വർത്തമാനം പറഞ്ഞ് പിരിയാൻ മാത്രമായിരുന്നു നിയോഗം. ഞങ്ങൾക്ക് യാത്രയാകാനുള്ള വാഹനം കാത്തു നിൽക്കുന്നുണ്ടായിരുന്നു.

## കുടിവെള്ളം ടാപ്പിലൂടെ

പ്രസിദ്ധമായ ലണ്ടൻ മാരിയറ്റ് ഹോട്ടൽ , ടിക്കെൻഹാമിലാണ് ലണ്ടനിലെ ഞങ്ങളുടെ താമസം ഒരുക്കിയിരിക്കുന്നത്. എയർപോർട്ടിൽ നിന്ന് ഏതാണ്ട് 10 കി.മീറ്റർ ദൂരെ ടിക്കെൻ ഹാം എന്ന പട്ടണത്തിലാണ് ഈ ഹോട്ടൽ. ഞങ്ങളെത്തിയപ്പോൾ തന്നെ എന്റെ അനിയത്തിയുടെ മകൾ ലക്ഷ്മിയും, അവളുടെ ഭർത്താവ് രാജേഷും, മകൾ ദിയയും ഞങ്ങളെ കാത്തു നിൽപ്പുണ്ടായിരുന്നു. സകല സൗകര്യങ്ങളും ഉള്ള വിശാലമായ മുറി. എന്നാൽ സാധാരണ ഉണ്ടാകാറുള്ള മിനറൽ വാട്ടറിന്റെ കുപ്പി കണ്ടില്ല. കുടിക്കാനുള്ള വെള്ളം കുടിക്കാവുന്നതാണെന്ന് മറുപടി. ടാപ്പു തുറന്നാൽ കിട്ടുന്നത് ശുദ്ധമായ കുടിവെള്ളമാണെന്ന് ലക്ഷ്മിയും രാജേഷും സാക്ഷ്യം പറഞ്ഞു. എന്നാൽ മന:ശാസ്ത്രപരമായി ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കി. രാജേഷ് വേഗം തന്നെ പത്തു പതിനഞ്ച് കുപ്പിവെള്ളം മുറിയിലെത്തിച്ചു. കുപ്പി വെള്ളത്തിന് ബിയറിനെക്കാൾ വിലയാണെത്രെ. ഇംഗ്ലണ്ടുകാർ ദാഹം മാറ്റാൻ കൂടുതലും ബിയറാണ് കുടിക്കുന്നതത്രെ.

എന്നെങ്കിലും ഒരിക്കൽ നമ്മുടെ നാട്ടിലെ ടാപ്പിലും നേരെ കുടിക്കാവുന്ന ശുദ്ധജലം ലഭിക്കുമോ? അങ്ങനെ കിട്ടിയാൽ നമുക്കത് നേരിട്ടെടുത്ത് കുടിക്കുവാൻ മനസ്സു വരുമോ ? ഇതെല്ലാം സംശയങ്ങളാക്കി വച്ചുകൊണ്ട് നമ്മുടെ സമയം രാത്രി രണ്ടര മണിക്ക് ലണ്ടൻ നഗരത്തിലെ ആദ്യത്തെ രാത്രി ഞങ്ങൾ ഉറങ്ങി.

## കൊട്ടാരം കാവൽക്കാരുടെ കവാത്ത്

ലണ്ടനിലേക്ക് പൂച്ചകൾ ചെല്ലുന്നത് പോലും രാജ്ഞിയെ കാണാനെന്നാണല്ലോ നഴ്സറി പാട്ടുകളിൽ വരെ നമ്മെ പഠിപ്പിക്കുന്നത്. ഞങ്ങളുടെയും ആദ്യസന്ദർശനം ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയായ ബക്കിംഗ് ഹാം കൊട്ടാരത്തിലേക്കാണ്. 1761 ൽ ജോർജ്ജ് മൂന്നാമൻ ബക്കിംഗ് ഹാം പ്രഭുവിൽ നിന്ന് വാങ്ങിയതാണത്രെ ഈ കൊട്ടാരം. തന്റെ ഭാര്യ ഷാർലറ്റ് മഹാറാണിയുടെ അന്ത: പുരമായാണ് ഇത് ഉപയോഗിച്ചിരുന്നത്. അന്ന് രാജാവിന്റെ ഒദ്യോഗിക വസതി ഇതിനടുത്തുള്ള സെന്റ് ജയിംസ് കൊട്ടാരമായിരുന്നു. 1837 ൽ വിക്ടോറിയ മഹാറാണിയുടെ കാലത്താണ് ഇത് ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയായി മാറിയത്. അതിന് ശേഷം കൊട്ടാരം ധാരാളം വികസിപ്പിക്കുകയും പുതുക്കി പണിയുകയും ചെയ്തിട്ടുണ്ട്. കൊട്ടാരത്തിന്റെ കാവൽക്കാർ ഊഴം മാറുന്നത് കാണാൻ വേണ്ടിയാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. കൊട്ടാരത്തിന്റെ കിഴക്കെ മുറ്റത്താണ് അനുഷ്ഠാന പരമായ ഈ ഊഴം മാറൽ ദിവസവും 11 മണിക്ക് നടക്കുന്നത്. ഇതു കാണാൻ നാനാദേശവാസികളായ നല്ലൊരു പുരുഷാരം എത്തിച്ചേർന്നിട്ടുണ്ട്.

കണ്ടാൽ പ്രതിമകളാണോ എന്ന് സംശയം തോന്നിക്കുന്ന ഇവർ കൊട്ടാരത്തിന് കാവൽ നിൽക്കുന്നു. ചുവന്ന കുപ്പായവും, കറുത്ത പാന്റും കരടിത്തോലുകൊണ്ടുള്ള നീണ്ട വലിയ തൊപ്പിയുമാണ് ആയുധധാരികളായ കാവൽക്കാരുടെ വേഷം. കൃത്യസമയത്തു തന്നെ ബാന്റ് വാദ്യമേളങ്ങളോടെ ഊഴം മാറാനുള്ള പുതിയ കാവൽക്കാർ മാർച്ച് ചെയ്ത് മുറ്റത്ത് എത്തിച്ചേരുന്നു. കാലാളായും, കുതിരപ്പട്ടാളക്കാരായും കാഴ്ചയിൽ തന്നെ ഗാംഭീര്യം തോന്നിക്കുന്ന മാർച്ച് പാസ്റ്റ് . തുടർന്ന് കൊട്ടാരമുറ്റത്ത് നടക്കുന്നത് കൃത്യത കൊണ്ടും സൗന്ദര്യം തുളുമ്പി നിൽക്കുന്ന നൃത്തസമാനമായ കവാത്ത് ആണ് ആരുടെയും കണ്ണിനെയും ഹൃദയത്തെയും ആകർഷിക്കുന്ന കാഴ്ച. കാഴ്ചക്കാരുടെ ഇടയിൽ അച്ചടക്കം നിലനിർത്തുന്നതിന് വിശ്വപ്രസിദ്ധമായ ലണ്ടൻ പോലീസിന്റെ അശ്വാരൂഢരായ പോലീസുകാരും, വനിതാ പോലീസും അവിടെയുണ്ട്. പൂച്ചെടികൾ നിറഞ്ഞ ബക്കിംഗ് ഹാം കൊട്ടാരത്തിന്റെ പരിസരങ്ങൾ ചുവപ്പും, കറുപ്പും ഇടകലർന്ന കാവൽക്കാരുടെ വേഷവിധാനങ്ങൾ കൊണ്ട് കൂടുതൽ ദീപ്തമാകുന്നു. ഏതാണ്ട് 45 മിനിറ്റോളം ഈ അനുഷ്ഠാനം മൊബൈലിൽ പകർത്താനുള്ള തത്രപ്പാടി

ലാണ് കാണികൾ.

വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം വിശാലമായ റോഡുകൾ. പക്ഷേ വഴിയരികിൽ ഒതുങ്ങി നിന്ന് നല്ല നീളമുള്ള സിഗരറ്റ് വലിച്ചു പുക വിടാൻ സായിപ്പിനോ മദാമ്മയ്ക്കോ യാതൊരു മടിയുമില്ല. നമ്മുടെ സുപ്രീംകോടതി പൊതുനിരത്തിൽ പുകവലി നിരോധിച്ചത് അവിടെ ബാധകമല്ലല്ലോ.

അവിടെനിന്ന് ഞങ്ങൾ പോയത് വെസ്റ്റ് മിനിസ്റ്റർ അബിയിലേക്കാണ്. പോയവഴി ഗൈഡ് ഒരു സാധാരണ കെട്ടിടം ചൂണ്ടിക്കാട്ടി അത് ബ്രിട്ടീഷ് സുപ്രിംകോർട്ടാണ് എന്ന് പറഞ്ഞു. വെസ്റ്റ് മിനിസ്റ്റർ അബിയുടെ മുമ്പിൽ നിന്ന് ഞങ്ങളിലെ നിയമജ്ഞർ നേരെ വച്ചടിച്ചു സുപ്രീംകോർട്ടു കാണാൻ. അവിടെ സന്ദർശകർക്ക് യാതൊരു വിലക്കുമില്ല. കോടതിയിൽ കയറി വാദപ്രതിവാദങ്ങൾ കേൾക്കാം. ദേഹപരിശോധനയ്ക്ക് വിധേയരാകണമെന്ന് മാത്രം. കൂടാതെ തികഞ്ഞ നിശ്ശബ്ദതയും പാലിക്കണം. ഞങ്ങൾ ചെന്ന സമയം ഒരു കോടതി മുറിയിൽ Privi Council നടന്നുകൊണ്ടിരിക്കുകയായിരുന്നു. ബ്രിട്ടന്റെ കോളനികളിലെ കേസുകൾ ആണത്രെ ഇവിടെ നടക്കുന്നത്. അഭിഭാഷകർ വാദിക്കുന്നതും അഞ്ച് ജഡ്ജിമാർ ശ്രദ്ധാപൂർവ്വം അതു കേൾക്കുകയും ചെയ്യുന്നത് നേരിട്ടു കാണാൻ ഞങ്ങളിൽ ചിലർക്ക് ഭാഗ്യം ലഭിച്ചു. അതേ സമയം ബ്രിട്ടീഷ് സുപ്രിം കോർട്ടിൽ സിറ്റിംഗ് ഇല്ലാതിരുന്നതിനാൽ അവിടെ കയറാനും, ജഡ്ജിമാരുടെ കസേരകളിൽ പോലും ഇരിക്കാനും അനുവാദം ലഭിച്ചു. ഞങ്ങളിലെ വക്കീലന്മാരും, ലോകോളേജ് പ്രിൻസിപ്പാളും, മറ്റു ചിലരും സുപ്രിംകോടതി ജഡ്ജിമാരുടെ കസേരകളിലിരുന്ന് ഫോട്ടോ എടുത്ത് സായൂജ്യം നേടി. നിയമത്തിനു മുന്നിൽ എല്ലാവരും സമന്മാരെന്ന തത്വം അക്ഷരാർത്ഥത്തിൽ പാലിക്കുന്നു എന്ന് തോന്നി. വളരെ സന്തോഷത്തോടെയാണ് അവർ ഞങ്ങളെ സ്വീകരിച്ചതും എന്നത് എടുത്തു പറയേണ്ടതു തന്നെ.

സെൻട്രൽ ലണ്ടനിൽ മനോഹരമായ തൈംസ് നദിയുടെ വടക്കേക്കരയിൽ തലയുയർത്തി നില്ക്കുന്ന കൂറ്റൻ സൗധം. വെസ്റ്റ് മിനിസ്റ്റർ ആബി. അവരുടെ റോയൽ ചർച്ച് ആണത്രെ അത്. 11-ാം നൂറ്റാണ്ടിൽ ഇതായിരുന്നു റോയൽ പാലസ്. രാജാക്കന്മാരുടെ ആദ്യകാല താമസവും ഇവിടെ ആയിരുന്നു - 1512 ൽ തീപിടുത്തത്തിൽ നശിക്കും വരെ. അതിനുശേഷമാണ് അത് റോയൽ ചർച്ച് ആക്കി മാറ്റപ്പെട്ടത്. മധ്യകാലഘട്ടത്തിലെ ചരിത്രപുരുഷന്മാരുടെ ശവകുടീരങ്ങൾ ഇതിനുള്ളിലുണ്ട്. നമുക്കും പരിചിതരായ ഡേവിഡ് ലിവിംഗ്സ്റ്റൺ, ചാൾസ് ഡിക്കൻസ്, ചാൾസ് ബറിലി, ഐസക് ന്യൂട്ടൺ തുടങ്ങി ലോക പ്രശസ്തരായ പലരും ഇതിനുള്ളിൽ നിത്യവിശ്രമം കൊള്ളുന്നു. ഞങ്ങൾ അതിനു മുന്നിൽ നിന്നൊരു ഫോട്ടോ എടുത്തു ഓർമ്മയ്ക്കായി.

ഗ്രേറ്റ് ബ്രിട്ടനിലെ യുണൈറ്റഡ് കിംഗ്ഡത്തിലെയും , നോർത്ത് ഐർലന്റിലേയും പാർലമെന്റിനെ അന്തർദേശീയമായി അറിയപ്പെടുന്നത് യു.കെ. പാർലമെന്റ്/ വെസ്റ്റ് മിനിസ്റ്റർ പാർലമെന്റ് എന്നൊക്കെയാണ്, അതേ നിയമനിർമ്മാണ സഭ എന്നർത്ഥം. യു.കെ യിലെ മാത്രമല്ല, അതിന് പുറത്തുള്ള ബ്രിട്ടീഷ് ആധിപത്യം അംഗീകരിക്കുന്നവരുടെയും നിയമനിർമ്മാണ സഭയാണിത്. അങ്ങനെയാണ് 1947 ന് മുമ്പ് ഇന്ത്യയ്ക്കു വേണ്ടിയുള്ള നിയമങ്ങൾ അവിടെ നിർമ്മിക്കാനിടയായത്. നമുക്ക് വേണ്ടി ഉണ്ടാക്കിയ റൗലത്ത് ആക്ട് ഓർമ്മയുണ്ടാകുമല്ലോ. വാറന്റ് കൂടാതെ ആരെയും അറസ്റ്റ് ചെയ്യുന്നതിനും, വിചാരണ കൂടാതെ തടവിൽ വയ്ക്കുവാനും, വിധ്വംസക പ്രവർത്തകരെന്ന് സംശയിച്ച് ആരെയും അറസ്റ്റ് ചെയ്യാനും ഉള്ള നിയമം. അതിന്റെ പരിണത ഫലമായി സംഭവിച്ച ജാലിയൻ വാലാബാഗ് കൂട്ടക്കൊല നാം ഒരിക്കലും മറക്കില്ല. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടി 72 വർഷത്തിന് ശേഷം നമ്മൾ ലണ്ടൻ കാണാനെത്തിയിരിക്കുന്നത് ജാലിയൻ വാലാബാഗിന്റെ 100-ാം വർഷത്തിൽ എന്നത് ആകസ്മികമായിരിക്കാം. ആ തപ്തസ്മരണകൾ നമ്മുടെ മനസ്സിനെ ഇന്നും മഥിക്കുന്നു. ഞങ്ങൾ പാർലമെന്റ് മന്ദിരവും പുറത്തുനിന്നും കണ്ടതേയുള്ളൂ. സമയപരിമിതിമൂലം.

സിറ്റി ടൂറിൽ ആകർഷിച്ച മറ്റൊന്നാണ് ട്രഫാൽ ഗർ സ്ക്വയർ. ലണ്ടനിലെ ചരിത്ര പ്രാധാന്യമുള്ള ഏറ്റവും വലിയ ചതുരം ആണിത്. അവിടുത്തെ സ്മാരകങ്ങളും പ്രതിമകളും ആരേയും ആകർഷിക്കും. വലിയ നാലു സിംഹപ്രതിമകൾ നാലു മൂലയിലും രൂക്ഷമായി നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. പൊതുവെയുള്ള പ്രകടനങ്ങളും, മീറ്റിംഗുകളും ഒക്കെ നടക്കുന്നത് ഈ ചതുരത്തിൽ വച്ചാണ്.

നമ്മുടെ ശബരിമല പ്രശ്നത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്ത്യാക്കാർ ഒത്തു കൂടിയത് ആ ചതുരത്തിൽ ആയിരുന്നു എന്ന് കേട്ടപ്പോൾ, ആ സ്ഥലത്തോട് തന്നെ അല്പം സ്നേഹക്കൂടുതൽ തോന്നിയോ -? ലണ്ടനിൽ ഏതു സ്ഥലത്തേയും ദൂരം പറയുന്നത് ഈ ചതുരത്തിൽ നിന്നുള്ള ദൂരമാണ്.

ഉച്ചഭക്ഷണത്തിന് ശേഷം നേരെ പോയത് Madam Tussands Wax Musieum കാണാനാണ്. നമുക്ക് ചിരപരിചിതരും പ്രിയങ്കരുമായ ധാരാളം വിശിഷ്ട

വ്യക്തികളുടെ ജീവസ്സുറ്റ രൂപങ്ങൾ മെഴുകിൽ വാർത്തു വച്ചിരിക്കന്നത് അവിടെ കാണാം. വിക്ടോറിയ രാജ്ഞി, എൽസബത്ത് രാജ്ഞി , ഡയാനാ രാജകുമാരി, ഇപ്പോഴത്തെ രാജകുമാരന്മാരും, കുമാരിമാരും, നമുക്കും ഇഷ്ടപ്പെട്ട ചാർലി ചാപ്ലിൻ, അമേരിക്കൻ പ്രസിഡന്റ്മാർ, എന്നു വേണ്ട ധാരാളം വിദേശികളും, നമ്മുടെ ഗാന്ധി അപ്പൂപ്പൻ, നരേന്ദ്രമോദി, അമിതാബച്ചൻ, സച്ചിൻ ടെണ്ടുൽക്കർ തുടങ്ങിയ സ്വദേശികളും അടങ്ങിയ നീണ്ടനിര. പലരും അവരവർക്കു ഇഷ്ടപ്പെട്ട പ്രതിമകളോടൊപ്പം സെൽഫിയെടുത്തു. പ്രതിമകളുടെ നിരയിൽ നിശ്ചലനായി നിന്ന നമ്മുടെ വേണുവിന്റെ കൂടെ നിന്ന് മദാമ്മകൾ സെൾഫിയെടുക്കുന്നതും കണ്ടു. നല്ലൊരു ചരിത്രപുരുഷനോ സിനിമാതാരമോ ആണെന്നവർ കരുതിയിരിക്കാം. കണ്ടാലും കണ്ടാലും തീരാത്തത്ര ജീവസ്സുറ്റ പ്രതിമകൾ.

നമ്മുടെ മദർ തെരീസയോട് മെഴുകു പ്രതിമയുണ്ടാക്കാൻ അനുവാദം ചോദിച്ചുവത്രെ. എന്റെ പ്രവർത്തികളാണ് ശാരീരിക കാഴ്ചകളെക്കാൾ പ്രാധാന്യം അർഹിക്കുന്നത് എന്ന് പറഞ്ഞ് മദർ വിസമ്മതിച്ചുപോലും.

1761 ൽ ജനിച്ച Anna Maria Mary Tussuads എന്ന ഫ്രഞ്ച് കലാകാരിയാണ് ഈ മ്യൂസിയത്തിന് തുടക്കം കുറിച്ചത്. മെഴുക് പ്രതിമകളുണ്ടാക്കുന്നതിൽ പ്രഗത്ഭയായ മേരി ലണ്ടനിൽ തുടക്കം കുറിച്ച ഈ മ്യൂസിയത്തിന്റെ ചുവടു പിടിച്ച് ഇന്ന് പലേ രാജ്യങ്ങളിലും മെഴുകു പ്രതിമാ മ്യൂസിയം കാഴ്ചക്കാരുടെ കണ്ണിന് വിരുന്നേകി വിരാജിക്കുന്നു. 89-ാം വയസ്സിൽ മാഡം റ്റുസാഡ്സ് ഈ ലോകത്തോട് വിട പറഞ്ഞു.

മെഴുകു പ്രതിമകൾ മാത്രമല്ല അവിടെയുള്ളത്. സഞ്ചാരികളെ ആകർഷിക്കാനുതകുന്ന ഒട്ടേറെ പരിപാടികൾ അവിടെ ഒരുക്കിയിട്ടുണ്ട്. മെഴുകു പ്രതിമകൾ കണ്ടിറങ്ങിയപ്പോൾ ചെന്നു നിന്നത് Spirit of London കാണാനുള്ള വേദിക്കു മുമ്പിൽ. ചെറിയ Toy Train പോലുള്ള ട്രയിൻ. രണ്ടുപേർക്കു മാത്രമെ ഒന്നിൽ കയറാനാവൂ. അത് ഇടതടവില്ലാതെ വന്നുകൊണ്ടേ ഇരിക്കുന്നു. സ്നേഹപൂർവ്വമായ സ്വീകരണം. ഞങ്ങളും ഒരു ട്രെയിനിൽ കയറി ഇരുന്നു. Spirit of London കാണാൻ നിങ്ങൾക്കിതാ സുവർണ്ണാവസരം. ലണ്ടന്റെ പഴയകാല ചരിത്രങ്ങൾ, പഴയ വേഷവിധാനങ്ങൾ, പഴയ ആചാരങ്ങൾ, പഴയ സ്മാരകങ്ങൾ , പഴയ രാജാക്കന്മാരുടെ വിശേഷങ്ങൾ എന്നു വേണ്ട പഴയ ലണ്ടനെക്കുറിച്ചുള്ള വിവരങ്ങൾ, സ്മരണകൾ മനസ്സിൽ പതിയും വിധം ഏതാണ്ട് അര മണിക്കൂർ കൊണ്ട് നമ്മളെ ബോധ്യപ്പെടുത്തുന്നു. നമ്മൾ വേറൊരു ലോകത്തു നിന്ന് തിരികെ വന്നതുപോലെ തോന്നും പുറത്തിറങ്ങുമ്പോൾ, സാവകാശം ചലിക്കുന്ന ആ ശകടത്തിൽ നിന്നും പുറത്തിറങ്ങാൻ നമ്മെ കൈപിടിച്ച് സഹായിക്കാൻ ചുറുചുറുക്കുള്ള ചെറുപ്പക്കാർ തയ്യാർ.

അവിടെ നിന്ന് മുന്നോട്ടു നീങ്ങുമ്പോൾ വലിയ ആൾക്കൂട്ടം. ഉള്ളിൽ സിനിമയാണെത്രെ. വേണമോ വേണ്ടയോ എന്ന് ശങ്ക. കൂടെയുള്ളവരും ഒക്കെ എത്തിയപ്പോൾ കയറിക്കളയാം എന്ന് തീരുമാനിച്ചു. ഒരു 4 ഡി സിനിമ. അവർ തന്ന കണ്ണടയൊക്കെ ഫിറ്റ് ചെയ്ത് സുഖമായി ഇരുന്നു കൊടുത്തു. ഹീറോസ് ഓഫ് യൂണിവേഴ്സ്. കുട്ടികളെ ഉദ്ദേശിച്ചുള്ളതാവണം. സൂപ്പർമാൻ, സ്പൈഡർമാൻ തുടങ്ങിയവരൊക്കെയാണ് ഹീറോസ്. ഞാനെന്റെ കൊച്ചു മകനെ ഓർത്തു. അവൻ ഇവരുടെയൊക്കെ ആരാധകനാണ്. സ്പൈഡർമാന്റെ അത്ഭുതകഥകളാണ് പ്രമേയം. 4D Effect ലൂടെ നമ്മൾ കാണുമ്പോൾ തീവന്ന് നമ്മളെ ചുട്ടു പൊള്ളിക്കുമെന്നോ, വെള്ളം വീണ് നമ്മൾ നനയുമെന്നോ, കുന്തം വന്ന് നമ്മളെ കുത്തുമെന്നോ ഒക്കെ തോന്നിപ്പോകും. രണ്ടാം ബാല്യക്കാരായ ഞങ്ങളെല്ലാം ശരിക്കും രസിച്ചു. 20 മിനിട്ട് നേരം ഒരു അത്ഭുത ലോകത്ത്. കാണാൻ കയറിയില്ലെങ്കിൽ നഷ്ടമായി പോയേനെ.

## വിശേഷ ദിവസങ്ങൾ

### 2019 മെയ് 17 മുതൽ ജൂൺ12 വരെ

| | | |
|---|---|---|
| മെയ് | 18 | ബുദ്ധപൂർണിമ, കൂർമ്മ ജയന്തി |
| | 25 | കൊട്ടിയൂർ മഹാദേവക്ഷേത്രം ഇളനീർ വയ്പ്പ് |
| ജൂൺ | 3 | ഗുരുവായൂർ വൈശാഖമാസാവസാനം |
| | 5 | ലോകപരിസ്ഥിതി ദിനം |
| | 12 | ശബരിമല പ്രതിഷ്ഠാദിനം |

# മനസ്സ്, മനസ്സാക്ഷി, സാമൂഹ്യ മനസ്സാക്ഷി

**സി. രാമചന്ദ്രൻ**

മനസ്സാണ് മനുഷ്യൻ എന്ന ചൊല്ലുണ്ടല്ലോ. പ്രപഞ്ചത്തിൽ മനുഷ്യനല്ലാതെ മറ്റൊന്നിനും മനസ്സുള്ളതായി നമുക്കറിയില്ല. പ്രകൃതിയിലെ എല്ലാ വസ്തുക്കൾക്കും പരിണാമമുള്ളതുപോലെ തലമുറകൾ കടന്നുപോകുന്ന മനസ്സിനും പരിണാമമുണ്ട്. അത് ഭാഷയുമായി ഇണചേർത്തുണ്ടാകുന്നതാണ്. മനസ്സിനെ സംബന്ധിച്ച ഒരു ദർശനവും ചിന്തകർ വളർത്തിയെടുത്തിട്ടുണ്ട്. അക്കൂട്ടത്തിലൊരു ജർമ്മൻ ദാർശനികനാണ് വിൽഹേം ഫ്രൈഡ് റീച്ച് ഹെഗൽ. 1770 –ൽ ജർമ്മനിയിലെ സ്റ്റട്ഗാർട് പട്ടണത്തിൽ ജനിച്ച അദ്ദേഹം ദൈവശാസ്ത്ര പഠനത്തിലൂടെ കടന്ന് തത്വചിന്തകനും ദാർശനികനുമായി മാറി. ബർലിൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരിക്കെ 1831–ൽ അന്തരിച്ചു. മനസ്സിന്റെ പ്രതിഭാസികത, ശാസ്ത്രവും തർക്കശാസ്ത്രവും, ദർശനത്തിന്റെ സർവ്വവിജ്ഞാനകോശം, ശരിയുടെ തത്വം, ചരിത്രത്തിന്റെ തത്വം, മതങ്ങളുടെ തത്വം, സൗന്ദര്യശാസ്ത്രം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. മരണശേഷം പ്രസിദ്ധീകൃതമായതാണ് ദർശനങ്ങളുടെ ചരിത്രം.

കാറൽ മാർക്സ് ബ്രിട്ടീഷ് ലൈബ്രറിയിൽ രാപകൽ കുത്തിയിരുന്ന് ഹെഗലിന്റെ ഗ്രന്ഥങ്ങൾ പഠിച്ചിട്ടുണ്ട്. ഹെഗലിന്റെ വൈരുധ്യാധിഷ്ഠിത ആത്മീയ വാദത്തെയാണ് മാർക്സ് പിന്നീട് വൈരുധ്യാധിഷ്ഠിത ഭൗതികവാദമായി തലകുത്തി അവതരിപ്പിക്കുന്നത്. ഒരാൾ തലകുത്തിയാണോ നിൽക്കുന്നത് അതോ നേരെയാണോ എന്നത്, നോക്കുന്നയാളുടെ നില്പിനെക്കൂടിയാണ് ആശ്രയിച്ചിരിക്കുന്നത് എന്ന് ഐൻസ്റ്റൈന്റെ ആപേക്ഷിക സിദ്ധാന്തത്തിനു ശേഷമുണ്ടായ കാഴ്ചപ്പാടാണ്. അതുകൂടി നമുക്ക് മനസ്സിൽ കരുതാം.

അടിസ്ഥാനപരമായി മനുഷ്യനും മൃഗമാണ്. മനുഷ്യനിൽ രൂഢമൂലമായിരിക്കുന്നതും മൃഗീയ വാസനകളാണ്. ഉദാഹരണത്തിന് ലൈംഗികാഭിലാഷം, പ്രതികാരവാഞ്ഛ തുടങ്ങിയവ. മനുഷ്യകുലം ഇതു കൈകാര്യം ചെയ്യുന്നത് സാമൂഹ്യമനസ്സാക്ഷിയുടെ ഇടപെടലിലൂടെയാണ്. വിവാഹം എന്ന പദ്ധതിയിലൂടെ ലൈംഗികതയേയും ക്രിമിനൽ നിയമങ്ങളിലൂടെ പ്രതികാരാക്രമവാസനകളെയും അത് നിയന്ത്രിക്കുന്നു. സമൂഹത്തിൽ മനസ്സുകൾ ഒരു സാമൂഹ്യമനസ്സാക്ഷിയായി ഉയർന്നുരുത്തിരിയുന്നതാണ് ഇവിടെ നാം കാണുന്നത്. ഇത് ഒറ്റയായ മനസ്സുകൾ കൂട്ടുചേർന്നു പ്രവർത്തിക്കുന്നതിന്റെ ഫലപ്രാപ്തിയാണ്.

അജൈവ വസ്തുക്കളിൽ നിന്ന് ജന്തുജാലങ്ങളും ജന്തുക്കളിൽ നിന്ന് മനുഷ്യനും മനുഷ്യനിൽ ചിന്തയും തുടർന്ന് മനസ്സും, മനസ്സുകളുടെ കൂട്ടായ്മയായ സാമൂഹ്യമനസ്സും പരിണമിച്ചുണ്ടാകുന്നു എന്നാണ് ഹെഗലിന്റെ നിരീക്ഷണം.

വ്യക്തിയുടെ സർവ്വതന്ത്രസ്വതന്ത്രതയുടെ പരിധി നിർണയിക്കുക എന്നത് സാമൂഹ്യ മനസ്സിന്റെ ചുമതലയാണ്. സാമൂഹ്യ ഉടമ്പടി എന്ന് തോമസ് ഹോബ്സ്, ജോൺ ലോക്ക്, ജീൻ ജാക്വിസ് റൂസ്സോ തുടങ്ങിയവർ രൂപീകരിച്ച സാമൂഹ്യ സിദ്ധാന്തമാണ് ഇവിടെ നാം ഓർമ്മിക്കേണ്ടത്. ഓരോ മനുഷ്യനും അവന്റെ മനസ്സിന്റെ ഒരംശം സാമൂഹ്യമായ ഒത്തുചേരലിനുവേണ്ടി ത്യാഗം ചെയ്തുണ്ടാക്കുന്നതാണ് സംഘടനാശക്തി. അതിൽ സ്വത്വം അലിയിച്ചുചേർത്താണ് ജാതി, മതം, ഗോത്രം, ദേശം, രാഷ്ട്രം എന്നിങ്ങനെയുള്ള സകലമാന സംഘടനകളുടെയും സൃഷ്ടി. വ്യക്തികളുടെ ഇച്ഛകളും സ്വാർത്ഥതയും തൻപ്രമാണിത്വവും ത്യജിച്ചു ഹോമിച്ചു രൂപപ്പെടുത്തുന്നതാണവ. സംഘടനകളുടെ നിയമാവലികൾ ഇത്തരം ത്യാഗങ്ങളുടെ നിർദേശപത്രികകളാണ്. അതിന്റെ ഏറ്റവും പരമമായ രൂപമാണ് രാജ്യത്തിന്റെ ഭരണഘടന. അത് പരമാധികാരത്തിന്റെ പ്രതീകം കൂടിയാണ്. രാജ്യത്തിന്റെ ഭരണഘടന ഒഴിച്ചുള്ള ഒരു നിയമാവലിക്കും പരമാധികാരമില്ല. എല്ലാം അതിനു കീ

ഴിലാണ്.

വ്യക്തിയുടെ മനസ്സും സമൂഹത്തിന്റെ മനസ്സും തമ്മിൽ നിരന്തരമായിട്ടുണ്ടാകുന്ന ഐക്യവും സമരവും തന്നെയാണ് സമൂഹത്തിന്റെ ചാലകശക്തി. അവിടെ ആത്മനിഷ്ഠയുടേയും വസ്തുനിഷ്ഠയുടേയുമായ ഒരു കൊടുക്കൽ വാങ്ങലും സംഭവിക്കുന്നുണ്ട് എന്നാണ് ഹെഗലിന്റെ നിരീക്ഷണം. സാമൂഹ്യ മനസ്സിനും മീതെ ഒരു പ്രപഞ്ച മനസ്സും വ്യാപരിക്കുന്നുണ്ട് എന്ന ഹെഗലിന്റെ നിരീക്ഷണത്തിൽ പരമമായ ഒരു ആശയകേന്ദ്രം പ്രപഞ്ചത്തിന്റെ രൂപകല്പനയും സംവിധാനവും നിർവ്വഹിക്കുന്നുണ്ടെന്നു കൂടി ധ്വനിപ്പിക്കുന്നുണ്ട്. ആത്മീയവാദികളെ സന്തോഷിപ്പിക്കുവാൻ ഈ വാദം വളരെ സഹായകമാകുന്നുണ്ട്.

ധാർമ്മികമൂല്യങ്ങൾ വാർത്തെടുക്കപ്പെടുന്ന മൂശയും സാമൂഹ്യ മനസ്സിലാണ് രൂപം കൊള്ളുന്നത്. ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാന കോശം കുടുംബമാണ്. സ്വാർത്ഥതയുടെ തിരസ്കാരങ്ങളുടെ എല്ലാ ആരംഭവും കുടുംബത്തിലാണ്. ഈയൊരു കാഴ്ചപ്പാടിൽ നോക്കുമ്പോൾ 'ദൃശ്യം' എന്ന മോഹൻലാൽ ചിത്രത്തിന് പുതിയൊരർത്ഥം ലഭിക്കും.

മനസ്സിനേയും ദ്രവ്യത്തേയും കുറിച്ച് മനസ്സിരുത്തി ചിന്തിച്ച മറ്റൊരാളാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ ജീവിച്ചിരുന്ന യഹൂദചിന്തകൻ ബറൂഖ് സ്പിനോസ. ദൈവവും ചെകുത്താനും മാലാഖമാരും ബൈബിളുമെല്ലാം ഭാവനാസൃഷ്ടികളായ കെട്ടുകഥകളാണ് എന്ന അദ്ദേഹത്തിന്റെ പ്രസ്താവന കിടിലത്തോടെയാണെല്ലാവരും ശ്രവിച്ചത്. പ്രവാചകരുടെ കൂട്ടത്തിൽ ക്രിസ്തുവാണ് മെച്ചമെന്നദ്ദേഹം പറഞ്ഞിരുന്നു . എങ്കിൽപ്പോലും ക്രിസ്ത്യാനികളും അദ്ദേഹത്തെ ബഹിഷ്കരിക്കുകയാണുണ്ടായത്. അദ്ദേഹം അതുകൊണ്ട് ഒരു നിരീശ്വരവാദിയായിരുന്നു എന്ന് ധരിക്കരുത്. ചിന്തയിൽ ദൈവത്തെ പ്രാധാന്യത്തോടെയാണ് പ്രതിഷ്ഠിച്ചത്. പരമമായ സത്തയെ ദൈവത്തിലാണദ്ദേഹം കണ്ടത്.

മനസ്സിനെയും അറിവിനെയും കുറിച്ചാണല്ലോ നമ്മുടെ പ്രതിപാദ്യം. ഇന്ദ്രിയാനുഭവങ്ങളിലൂടെയും മറ്റും പ്രാഥമികമായി രൂപീകരിക്കപ്പെടുന്ന അറിവ് അത് വിലയിരുത്തിയുണ്ടാകുന്ന ജ്ഞാനം, അതു യുക്തിയിലൂടെ മനനം ചെയ്തെടുക്കുന്ന വിജ്ഞാനം, അത് ആന്തരിക ദൃഷ്ടിയിലൂടെയും വെളിപാടിലൂടെയും സംസ്കരിച്ചെടുക്കുന്ന പ്രജ്ഞാനം എന്നിങ്ങനെയാണ് സ്പിനോസ കാര്യബോധത്തിന്റെ വിവിധതലങ്ങൾ നിർണയിക്കുന്നത്. മനസ്സു ചെല്ലുന്നിടത്ത് ശരീരത്തിനെത്താനാവാത്തത് ഭാവനയിൽ അതിനു സഞ്ചരിക്കാനാവാത്തതുകൊണ്ടാണ്. ശാരീരിക പ്രവർത്തനങ്ങളായ രക്തചംക്രമണം, ചയാപചയം തുടങ്ങിയ കാര്യങ്ങളുടെ നിയന്ത്രണം മനസ്സിന്റെ ഇച്ഛക്കനുസരിച്ചല്ല, ശരീരത്തിന് മനസ്സിനോട് ആജ്ഞാപിക്കാനാവില്ല, എന്നാൽ മനസ്സിന്റെ ആജ്ഞകൾ ഭൗതിക നിയമങ്ങൾക്കനുസരിച്ചു മാത്രമേ ശരീരത്തിന് പ്രാവർത്തികമാക്കാനും കഴിയൂ. ചിന്തിക്കുന്നത് വസ്തുക്കളെക്കുറിച്ചും വസ്തുതകളെക്കുറിച്ചുമാണെന്നും ഓർമ്മ വേണം.

നാഡീവ്യവസ്ഥയുടെ ആകത്തുകയാണ് മനസ്സെന്ന കാര്യം അറിയുമ്പോൾത്തന്നെ ബുദ്ധിയും ഇച്ഛയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ധാരണ വേണം. അഭിലാഷങ്ങളാണ് ജീവിതത്തിന്റെ ചാലകം. അഭിലാഷങ്ങൾ വ്യക്തിഗതമാണ്. എന്നാൽത്തന്നെ അതിന്റെ പൂർത്തീകരണം സാമൂഹ്യബോധത്തിന്റെ അവസ്ഥക്കനുസരിച്ചായിരിക്കും. ജീവിക്കലും നിലനിൽക്കലും പ്രത്യുൽപാദനവുമാണ് മനസ്സിന്റെ ചോദന. അതെല്ലാം ഭൗതിക നിയമങ്ങൾക്കനുസരിച്ചേ സാധ്യമാകൂ. മസ്തിഷ്കത്തിന്റെ രൂപീകരണവും വികാസവും തന്നെ പ്രപഞ്ചപരിണാമത്തിന്റെ ഒരു നിർണായകഘട്ടത്തിലുണ്ടായ യാദൃശ്ചികതയുടെ അനുഗ്രഹത്താലാണ്. ശാരീരികഘടനയിൽ വ്യത്യാസമില്ലാതെ മനുഷ്യൻ തലമുറകളിലൂടെ കടന്നുപോകുമ്പോഴും വിജ്ഞാനം പുതിയ തലങ്ങളിലേക്ക് മേയുന്നു. വിജ്ഞാനത്തോടൊപ്പം വിവേകവുമുണ്ടാകട്ടെ എന്നു നമുക്കാശിക്കാം.

സ്പിനോഡയുടെ പരമമായ ലക്ഷ്യം മനസ്സിനെ മരണഭീതിയിൽ നിന്നു മുക്തമാക്കുക എന്നതാണ്. അത് പുനർജന്മവിശ്വാസത്തിലൂടെയല്ല. ഒരു തലമുറയുടെ അറിവ് അടുത്ത തലമുറയ്ക്കു വേണ്ടി അവശേഷിപ്പിച്ചുകൊണ്ടാണ് ഓരോരുത്തരും വിടപറയുന്നത്. അതിലുള്ള പിശകുകൾ പിൻതലമുറ പരിഹരിക്കുകയും കൈമാറുകയും ചെയ്യും. ഏതോ ഒരു കാലത്ത് അറിവുകൾ കുത്തകയാക്കി ഒളിച്ചുവച്ചിരുന്ന ഒരു തലമുറയുണ്ടായിരുന്നു എന്നതും ഒരു കെട്ടുകഥയാണ്. ഉറപ്പായ മരണത്തെക്കുറിച്ചോർത്ത് ആരും വേവലാതിപ്പെടേണ്ടതില്ല. അതു വരുമ്പോൾ വരും. മരണശേഷം മരണത്തെ ഭയപ്പെടേണ്ട പ്രശ്നംതന്നെയില്ല. മനസ്സ് എപ്പോഴും ശാന്തമായിരിക്കട്ടെ. മനോരോഗങ്ങളെയും പ്രതിവിധികളെയുംക്കുറിച്ചുള്ള അധ്യായങ്ങളിലേക്ക് ഇനി തുടരാം.

(തുടർച്ച)

# എനിക്കു കിട്ടിയ ഏറ്റവും നല്ല ഉപദേശം

യു. എസ്. രവീന്ദ്രൻ. ഫോൺ : 9496120978

***(അമേരിക്കയിലെ ഏറ്റവും വലിയ സിനിമാ നിർമ്മാണ കമ്പിനികളിലൊന്നാണ് MGM (Metro Goldwyn Meyers). അതിന്റെ സ്ഥാപകനായ സാമുവൽ ഗോൾഡ്‌വിന്നിന്റെ ആത്മകഥയിൽ നിന്നും)***

ഞാൻ ജനിച്ചത് വാഴ്സയിലായിരുന്നു (പോളണ്ടിന്റെ തലസ്ഥാനം). എനിക്ക് ഒമ്പതു വയസ്സുള്ളപ്പോൾ അമ്മയ്ക്ക് അസുഖം ബാധിച്ച് കിടപ്പിലായി. തീരെ കിടപ്പിലായിരുന്ന അമ്മ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരുമോ എന്ന് എല്ലാവർക്കും സംശയമായിരുന്നു. കരയുകയല്ലാതെ ഈ ഒമ്പതുവയസ്സുകാരനായ എനിക്ക് എന്തു ചെയ്യാൻ കഴിയും ? ഒരു ദിവസം കരഞ്ഞുകൊണ്ട് വീടിന്റെ മുൻവശത്തെ ഉമ്മറപ്പടിയിൽ തെരുവിലേക്ക് നോക്കിക്കൊണ്ട് ഇരിക്കുകയായിരുന്നു ഞാൻ. അയൽപ്പക്കത്തെ ഒരമ്മാവൻ എന്റെ അടുത്തു വന്നിരുന്നു. പുറത്ത് തലോടി എന്റെ കണ്ണുനീർ തുടച്ചു തന്നിട്ടു പറഞ്ഞു. 'നോക്കൂ സാം, ഒരു മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് അവന്റെ ധൈര്യമാണ്. മുന്നിലേക്കുള്ള വഴി എത്ര ഇരുണ്ടതാണെങ്കിലും ധൈര്യത്തോടെ നടന്നു നീങ്ങുകയാണെങ്കിൽ ഏത് ഇരുട്ടിനേയും മറി കടക്കാം. വെളിച്ചത്തിൽ എത്തുക തന്നെ ചെയ്യും.' ഈ വാക്കുകളും തലോടലും എന്നെ വല്ലാതെ ആശ്വസിപ്പിച്ചു. എന്നിൽ വല്ലാത്ത ഒരു വീണ്ടുവിചാരം ഉണർന്നു. ഞാൻ കരഞ്ഞതുകൊണ്ട് അമ്മയുടെ അസുഖം മാറില്ലെന്ന് എനിക്ക് മനസ്സിലായി. മറിച്ച് അമ്മയുടെ കൂടെ നിന്ന് എനിക്കാവും വിധം പരിചരിച്ചു കൊണ്ടിരുന്നു. എന്റെ ഉത്സാഹം കണ്ടപ്പോൾ അമ്മയ്ക്കും കൂടുതൽ ജീവിക്കുവാനുള്ള ആഗ്രഹം ഉണ്ടായി. ക്രമേണ അമ്മയുടെ അസുഖം മാറി സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്നു.

എങ്ങിനെയെങ്കിലും അമേരിക്കയിൽ എത്തിച്ചേരണമെന്നും ഒരു ജോലി സമ്പാദിച്ച് വീടു പുലർത്തണമെന്നും അച്ഛൻ നഷ്ടപ്പെട്ട എനിക്ക് വല്ലാത്ത ആഗ്രഹമുണ്ടായിരുന്നു. കാറുകൾ കഴുകിയും പത്രം വിറ്റും സ്വരൂപിച്ച കുറച്ചു പണവുംകൊണ്ട് ഞാൻ വീടു വിട്ടു. ഹാംബർഗിലെ തെരുവുകളിൽ അർദ്ധപട്ടിണിയിൽ കൊടുംതണുപ്പിൽ കടത്തിണ്ണകളിൽ ഉറങ്ങി. കയ്യിലെ പണമെല്ലാം തീർന്നപ്പോൾ അമേരിക്കയിലെത്താനുള്ള ആഗ്രഹം ഉപേക്ഷിച്ച് വാഴ്സയിലേക്ക് തന്നെ തിരിച്ചു പോയാലോ എന്നു കൂടി ആലോചിച്ചു. അപ്പോഴാണ് അന്ന് അയൽപക്കക്കാരൻ അമ്മാവൻ പറഞ്ഞ വാക്കുകൾ ഓർമ്മ വന്നത്. മുന്നോട്ടുള്ള വഴി എത്ര ഇരുണ്ടതാണെങ്കിലും ധൈര്യത്തോടെ നടന്നു നീങ്ങുകയാണെങ്കിൽ ഏത് ഇരുട്ടിനേയും നേരിടാം. വെളിച്ചം കണ്ടെത്തുക തന്നെ ചെയ്യും. "ഞാൻ മനസ്സിൽ ഉറച്ച തീരുമാനമെടുത്തു. എന്തു വന്നാലും തിരിച്ചു പോകുകയില്ല. അമേരിക്കയിൽ എത്തുക തന്നെ ചെയ്യും. പക്ഷേ ഈ ഉറച്ച തീരുമാനംകൊണ്ട് വിശപ്പു മാറുകയില്ലല്ലോ. എങ്കിലും മടങ്ങി പോകുക എന്ന ആശയം മനസ്സിൽ നിന്നും ഞാൻ മാച്ചു കളഞ്ഞു. ഭാഗ്യമെന്നു പറയട്ടെ അടുത്ത ദിവസം യാദൃശ്ചികമായി പഴയ അയൽവാസിയായിരുന്ന ഒരു വാഴ്സക്കാരനെ കണ്ടുമുട്ടാനിടയായി. അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടു പോയി. ഭക്ഷണം വാങ്ങിത്തന്നു. അദ്ദേഹത്തിന്റെ കൂട്ടുകാരിൽനിന്നും മറ്റും പിരിവെടുത്ത് എനിക്ക് കടൽ കടന്ന് അമേരിക്കയിലെത്താനുള്ള തുക ഒപ്പിച്ചു തന്നു. ഒരു പക്ഷേ ഇതായിരിക്കും ധൈര്യം എന്ന സമ്പത്തിന് എനിക്ക് കിട്ടിയ ആദ്യത്തെ പലിശ.

അമേരിക്കയിലെ എന്റെ ആദ്യവർഷങ്ങളിൽ പിടിച്ചു നില്ക്കാൻ പലപ്പോഴും ധൈര്യത്തെ പറ്റിയുള്ള ഉപദേശം സഹായകമായിരുന്നു. ശരീരത്തിന്റെ മസിൽ പവറിനേക്കാളും മനസ്സിന്റെ ശക്തിയാണ് ആവശ്യമെന്ന് തോന്നിയ പല ഘട്ടങ്ങളും ഉണ്ടായിരുന്നു. പതിനാലു വയസ്സുകാരനായ എനിക്ക് അമേരിക്ക തികച്ചും അപരിചിതമായ സ്ഥലമായിരുന്നു. കാലത്ത് ആറു മണിക്ക് എഴുന്നേല്ക്കും. കയ്യുറകൾ (Gloves) ഉണ്ടാക്കുന്ന ഫാക്ടറിയിൽ എനിക്ക് കിട്ടിയ ജോലി ചെയ്യാൻ എത്ര തണുപ്പുണ്ടെങ്കിലും കൃത്യസമയത്ത് ഞാൻ നടന്നെത്തും. അങ്ങിനെ സ്വന്തമായി സമ്പാദിച്ച കുറച്ചു ഡോളറുകൾ എനിക്ക് ആത്മവിശ്വാസം പകർന്നു തന്നു. അത് എന്റെ ചിലവിനും കുറച്ച് പോളണ്ടിലുള്ള എന്റെ അമ്മയ്ക്ക് അയച്ചു കൊടുക്കാനും സാധിച്ചു.

കുറച്ച് ഭാവിയിലേക്ക് കരുതി വച്ചു. എപ്പോഴെങ്കിലും വേറെ നല്ല ജോലി തേടി പോകേണ്ടി വന്നാൽ മുൻ കരുതൽ വേണമല്ലോ. എനിക്കു പതിനാറു വയസ്സ് കഴിഞ്ഞു കാണും. ധൈര്യം ഞാൻ കൈവിട്ടില്ല. ഒരു ദിവസം ഫാക്ടറി ഉടമയുടെ മുറിയിലേക്ക് കയറിച്ചെന്നു. എന്നിട്ട് ചോദിച്ചു. 'സാർ ഇത്രയും നാൾ ഞാൻ കയ്യുറകൾ ഉണ്ടാക്കുന്ന മെഷീനിൽ ജോലി ചെയ്തു. ഇനി എന്നെ അതിന്റെ സെയിൽസ് ജോലി ഏൽപ്പിക്കുമോ ? താങ്കളുടെ ബിസിനസ്സ് വർദ്ധിപ്പിക്കാൻ എനിക്കു സാധിക്കും.ഒരവസരം തന്നു നോക്കൂ.' എന്റെ ധൈര്യവും ആത്മവിശ്വാസവും എന്നെ രക്ഷിച്ചു. ഫാക്ടറി ഉടമ കയ്യുറകളുടെ വില്പന എന്നെ ഏൽപിച്ചു. പല കടകളിലും ആശുപത്രികളിലും ഒന്നും രണ്ടും മൂന്നും പ്രാവശ്യം കയറിയിറങ്ങി. സെയിൽസുമാൻമാരെ പൊതുവെ ഗൗരവമായിട്ടെടുക്കാത്തവരാണ് മിക്കവരും. ആദ്യത്തെ മൂന്നു തവണയും ആട്ടിപ്പായിച്ച ഒരു കടക്കാരൻ തന്നെ നാലാമത്തെ പ്രാവശ്യം ഭേദപ്പെട്ട ഒരു ഓർഡർ തന്നു. കുറച്ചു വർഷങ്ങൾകൊണ്ട് Gloves വ്യവസായത്തിലെ ഏറ്റവും കൂടുതൽ പ്രതിഫലം പറ്റുന്ന ഒരു സെയിൽസ് മാനേജരായി ഞാൻ മാറി.

എന്റെ ധൈര്യവും ആത്മവിശ്വാസവും എനിക്ക് വലിയ സാമ്പത്തിക നേട്ടങ്ങൾ കൊണ്ടു വന്നു. ധൈര്യം പിന്നേയും മനസ്സിൽ മന്ത്രിച്ചു. സാമുവൽ ഗോൾഡ്വിൻ, നിന്റെ പ്രവർത്തി മേഖല മാറേണ്ടിയിരക്കുന്നു. ഞാൻ പഴയ ജോലിയെല്ലാം ഉപേക്ഷിച്ചു. സിനിമാ നിർമ്മാണ മേഖലയിൽ പ്രവേശിച്ചു. എനിക്കാണെങ്കിൽ സാധാരണ വിദ്യാഭ്യാസമില്ല. സിനിമ നിർമ്മാണ മേഖലയിൽ പരിചയവുമില്ല. ആ നിലയ്ക്ക് സിനിമ നിർമ്മാതാവുക എന്ന ആശയത്തിന് ഒരു ന്യായീകരണവുമില്ല. തന്നെയുമല്ല അക്കാലത്ത് സിനിമാ നിർമ്മാണ വ്യവസായം മോഷൻ പിക്ച്ചർ പേറ്റന്റ് കമ്പിനി അടക്കി വച്ചിരിക്കുകയായിരുന്നു. അവർക്ക് ഈ മേഖലയിൽ പുതിയൊരു സംരംഭകനെ അംഗീകരിക്കുവാൻ വൈമുഖ്യമായിരുന്നു. എതിർപ്പുകൾ അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടും – പ്രത്യേകിച്ച് അവരുടെ നേതാവ് സിഗ്മണ്ട് ലൂബിന്റെ – എന്റെ ഉറച്ച തീരുമാനത്തിൽ നിന്നും പിൻമാറാൻ ഞാൻ തയ്യാറായില്ല. എന്റെ ഭാവിയെപ്പറ്റി എനിക്ക് നല്ല കാഴ്ചപ്പാടുണ്ടായിരുന്നു. ഞാൻ സിനിമകൾ നിർമ്മിക്കുക തന്നെ ചെയ്യും.

അങ്ങിനെ ഞാനും ജെസിലാൽസി, സെസിൽ ഡി മില്ലി എന്ന രണ്ടു പങ്കാളികളും കൂടി ചേർന്ന് നിർമ്മിച്ച ആദ്യത്തെ സിനിമ തയ്യാറായി. റെഡ് ഇന്ത്യക്കാരെ പറ്റിയുള്ള സ്ക്വമാൻ സിനിമയിലെ നായകന് – ഡസ്റ്റിൻ ഫാരൻ– ഞങ്ങളുടെ കമ്പനിയുടെ ഷെയർ വാഗ്ദാനം ചെയ്തു. എന്നാൽ പടം നിർമ്മാണം തീർന്നപ്പോൾ അയാൾ മുഴുവൻ പ്രതിഫലവും ആവശ്യപ്പെട്ടു. ഏകദേശം അയ്യായിരം ഡോളർ– ഞങ്ങളുടെ ആകെ മൂലധനത്തിന്റെ 25 % . ഞങ്ങൾ ബുദ്ധിമുട്ടിലായി. എന്റെ പങ്കാളികൾ എന്നെ കുറ്റപ്പെടുത്തി. എന്റെ അനാവശ്യ എടുത്തുചാട്ടമാണത്രേ പരിചയമില്ലാത്ത സിനിമാനിർമ്മാണ മേഖലയിൽ കൊണ്ടു ചെന്നെത്തിച്ചത്. ഏതായാലും ഞാൻ ധൈര്യം കൈവിട്ടില്ല. ന്യൂയോർക്കിലെ തെരുവുകളിൽ തെണ്ടിയതും ഉറങ്ങിയതും എന്നെ ഈ നിലയിൽ കൊണ്ടെത്തിച്ചതും ധൈര്യമായിരുന്നു എങ്കിൽ എല്ലാം അവസാനിപ്പിക്കുന്നതിൽ അർത്ഥമില്ലല്ലോ. കൂട്ടുകാരിൽ നിന്നും മറ്റും സ്വരൂപിച്ച് നായകന്റെ പ്രതിഫലമായ അയ്യായിരം ഡോളർ കൊടുത്ത് പ്രശ്നം പരിഹരിച്ചു.

എന്നാൽ ഇരുണ്ട വഴികൾ അവസാനിച്ചിരുന്നില്ല. കാലിഫോർണിയയിൽ ഞങ്ങളുടെ സിനിമാ നിർമ്മാണം പൂർത്തീകരിച്ചു. ന്യൂയോർക്കിൽ ഏറ്റവും ആദ്യത്തെ പ്രദർശനം സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുകയായിരുന്നു. പ്രമുഖ വ്യക്തികളേയും കുറേ തീയേറ്റർ ഉടമകളേയും ക്ഷണിച്ചിരുന്നു. വളരെ നല്ല സിനിമയായിരിക്കും 'സ്ക്വമാൻ' എന്നു പങ്കാളികൾക്കും അഭിപ്രായമുണ്ടായിരുന്നു. എന്നാൽ സിനിമ തുടങ്ങ സ്ക്രീനിൽ ചിത്രങ്ങൾ പതിഞ്ഞപ്പോൾ ഞങ്ങൾ ഞെട്ടിപ്പോയി. ചിന്നി ചിതറിയ ചിത്രങ്ങൾ, നായകന്റെ തലയും കാലും വേറെ വേറെ വെട്ടി മുറിച്ചിരിക്കുന്നപോലെയുള്ള ചില രംഗങ്ങൾ എല്ലാം തകരാറിൽ. പ്രൊജക്റ്റർ ഓപ്പറേറ്റർ പരമാവധി ശ്രമിച്ചിട്ടും കാര്യങ്ങൾ തഥൈവ. ഞാൻ ആകെ നിരാശയിലായി. എന്റെ ജീവിതത്തിലെ ഏറ്റവും നീളം കൂടിയ രാത്രിയായിരുന്നു അന്നത്തെ രാത്രി. ഒരു നിമിഷണെങ്കിലും എനിക്ക് തോന്നി പഴയ ജോലിയായിരുന്ന കയ്യുറ വില്പനയായിരുന്നു ഏറ്റവും നല്ല ജോലി എന്ന്. എന്നാൽ കുട്ടിക്കാലത്തു തന്നെ മനസ്സിന്റെ അടിത്തട്ടിൽ ശക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്ന ഉപദേശം ഓർമ്മ വന്നു. 'മുൻപോട്ടുള്ള വഴി എത്ര ഇരുട്ടു നിറഞ്ഞതാമെങ്കിലും ധൈര്യത്തോടെ നടന്നു കയറുക. വെളിച്ചം കാണാതിരിക്കുകയില്ല.' ഞങ്ങളുടെ സിനിമാ നിർമ്മാണം നിരുത്സാഹപ്പെടുത്തിയ മോഷൻ പിക്ച്ചേഴ്സ് പേറ്റന്റ് ട്രസ്റ്റിന്റെ ഭാരവാഹിയായ സിഗ്മണ്ട് ലുബിനെ കാണാൻ ഞാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഓഫീസിൽ ഞാൻ പോയി. ഞാൻ പറഞ്ഞു. സിഗ്മമണ്ട് ലുബിൻസർ പോളണ്ടിലുള്ള എന്റെ അയൽപക്കക്കാരനായ അമ്മാവൻ കുട്ടിക്കാലത്ത് എനിക്കൊരുപദേശം തന്നു. മുന്നോട്ടുള്ള വഴി എത്ര ഇരുണ്ടതാണെങ്കിലും ധൈര്യപൂർവ്വം നടന്നു കയറുക. വെളിച്ചം കാണാതിരി

**(ശേഷം 44-ാം പേജിൽ)**

(തുടർച്ച)



# ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ

എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553

## ആചാര്യ സ്വാമികൾ 'ബദരീനാഥ'ത്തിൽ

ശങ്കരാചാര്യരുടെ കാശീയാത്ര തൽക്കാലത്തേക്ക് മാറ്റി വയ്ക്കേണ്ടതായി വന്നു. പരമഗുരുവായ ഗൗഡപാദരുടെ സന്ദേശം ലഭിച്ചതനുസരിച്ച് ഗുരുവിന് ശിഷ്യനുമൊത്ത് ബദരീകാശ്രമത്തിലേക്ക് പുറപ്പെടേണ്ടതായി വന്നു. ശങ്കരന് ഗൗഡപാദരുടെ ദർശനവും അനുഗ്രഹവും ലഭിക്കുവാൻ ഉണ്ടായ ഈ അവസരം ഈശ്വരാനുഗ്രഹമായിട്ടാണ് തോന്നിയത്. അനവധി ദിവസത്തെ യാത്രയ്ക്കുശേഷം സമുദ്രനിരപ്പിൽ നിന്നും 23,000 അടി ഉയരത്തിൽ ഹിമാലയത്തിൽ സ്ഥിതി ചെയ്യുന്ന ബദരീകാശ്രമത്തിൽ അവർ എത്തി ചേർന്നു. ആശ്രമത്തിൽ ബ്രഹ്മനിഷ്ഠനായിരുന്ന പരമഗുരുവിനെ കണ്ട മാത്രയിൽ ശങ്കരാചാര്യർ അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിച്ചു. ശങ്കരൻ, അലൗകിക പ്രതിഭയും അസാമാന്യബുദ്ധിശക്തിയുമുള്ള ഒരു വ്യക്തിയാണെന്ന് കാഴ്ചയിൽ തന്നെ പരമഗുരുവിന് ബോധ്യമായി. ധർമ്മോദ്ധാരണമെന്ന മഹത്കാര്യം ആരംഭിക്കുന്നതിനു മുമ്പായി കൂടുതൽ വേദാന്തപഠനം നടത്തി അതിലൂടെ കൂടുതൽ ജ്ഞാനവും പക്വതയും ആർജിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹത്തിന് തോന്നി. അതിനാൽ ഏതാണ്ടു നാലു വർഷക്കാലമെങ്കിലും ആശ്രമത്തിൽ തങ്ങി പഠനം നടത്തി കുറവുകളെല്ലാം പരിഹരിച്ച് പരിപൂർണ്ണനായ ഒരു സന്യാസി ആക്കി മാറ്റാൻ തീരുമാനിക്കപ്പെട്ടു. ഹിമാലയത്തിലെ ഈ ആശ്രമത്തിൽ വച്ച് വിദ്യ അഭ്യസിച്ച നാലു വർഷക്കാലം ശങ്കരന്റെ ജീവിതത്തിലെ ഏറ്റവും മഹത്വമേറിയതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മനുഷ്യജീവിതത്തിന്റെയും ഭാരതീയ സംസ്കാരത്തിന്റെയും അളവുകോലായ ഹിമാലയത്തിന്റെ മടിത്തട്ടിലിരുന്ന് അഗാധമായ ജ്ഞാനവും, ഹൃദയവിശാലത യുടെയും വിശ്വാസങ്ങളുടെയും പാഠങ്ങളും ശങ്കരൻ പഠിച്ചെടുത്തതിൽ ആശ്ചര്യപ്പെടേണ്ടാതായിട്ട് ഒന്നുമില്ല.

ബദരികാശ്രമത്തിൽ താമസിച്ചിരുന്ന കാലത്താണ് ശങ്കരാചാര്യർ തന്റെ പരമഗുരുവിന്റെ തത്വങ്ങളെ ആസ്പദമാക്കി അനവധി ഗ്രന്ഥങ്ങൾ രചിച്ചത്. അദ്ദേഹം വേദാന്ത പ്രസ്ഥാനത്രയത്തിന് ഭാഷ്യം എഴുതിയതു കൂടാതെ ലോകപ്രസിദ്ധങ്ങളായ വേറെ പതിനാറു ഭാഷ്യങ്ങളും രചിച്ചു. ശങ്കരഭാഷ്യങ്ങൾ വളരെയേറെ പ്രാധാന്യമുള്ളതും ആധികാരവുമായിരിക്കുന്നതിന് കാരണം ഗൗഡപാദരുടെ കീഴിലുള്ള പഠനമാണ്. ബദരീകാശ്രമത്തിലെ വാസവും, പഠനവും പൂർത്തീകരിച്ച അവസ്ഥയിൽ ദേശാടനം നടത്തി താൻ നേടിയ അറിവ് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടത് തന്റെ ധർമ്മമാണെന്ന് ബോധ്യപ്പെട്ട ആചാര്യൻ, പരമഗുരുവിന്റെ അനുവാദവും അനുഗ്രഹവും വാങ്ങി അമരകാന്തത്തിലേക്ക് മടങ്ങിയെത്തി.

### ബദരിനാഥം

ഭാരതത്തിൽ ഹിമാലയത്തിൽ സ്ഥിതിചെയ്യുന്ന ഈ തീർത്ഥാടനകേന്ദ്രം വളരെ പ്രസിദ്ധ മാണെന്ന് പറയേണ്ടതില്ലല്ലോ. വ്യാസൻ വസിച്ചിരുന്ന ബദരീകാശ്രമം ഇവിടെയാണ്. ആശ്രമത്തിനോടു ചേർന്ന് ശങ്കരാചാര്യരാൽ നിർമ്മിക്കപ്പെട്ട ഒരു ക്ഷേത്രവുമുണ്ട്. മഹാഭാരതത്തിലും പുരാണങ്ങളിലും വിവരണങ്ങളുള്ള ബദരീനാഥം. ഉത്താരാഖണ്ഡ് സംസ്ഥാനത്തിലെ ഗഡ്‌വാൾ ജില്ലയിലാണ്. ഇവിടെയുള്ള പ്രസിദ്ധമായ വിഷ്ണു ക്ഷേത്രം ഗഡ്വാൾ ഭരിച്ചിരുന്ന രാജാക്കന്മാരാൽ നിർമ്മിക്കപ്പെട്ടതാണെന്ന് വിശ്വസിക്കുന്നു. ശങ്കരാചാര്യസ്വാമികൾ ക്ഷേത്രത്തിലെ പൂജാവിധികൾ പുന:ക്രമീകരിക്കുകയും അതിലേക്കായി കേരളത്തിൽ നിന്നും ഒരു ബ്രാഹ്മണനെ നിയോഗിക്കുകയും ചെയ്തുവെന്നും, അദ്ദേഹം അറിയപ്പെടുന്നത് 'റാവൽ' എന്ന സ്ഥാനപ്പേരിലുമാണ് എന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്. ഈ ബ്രാഹ്മണ കുടുംബത്തിൽ പെട്ടവരുടെ പിൻതലമുറക്കാരാണ് പിന്നീട് ഈ സ്ഥാനം വഹിച്ചു പോരുന്നത്. അധികാരത്തിലിരുന്ന കാലത്ത് തിരുവിതാംകൂർ മഹാരാജാക്കന്മാരാണ് റാവൽജിയുടെ നിയമനം നടത്തിയിരുന്നത്. ഇപ്പോൾ ഉത്തരാഖണ്ഡ് സർക്കാരിന്റെ പ്രതിനിധികളും റാവലും ചേർന്നാണ് ക്ഷേത്രത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത്. അതിശൈത്യം ആരംഭിക്കുന്ന നവംബർ മുതൽ മാർച്ച് വരെയുള്ള ആറു മാസക്കാലം ക്ഷേത്രം അടച്ചിടുന്നു. അപ്പോൾ ക്ഷേത്രം പ്രവർത്തിക്കുന്നത് ജ്യോതിർ മഠത്തിലാണ്.

ബദരീനാഥം എന്ന സ്ഥലത്തിന് ആ പേർ ലഭിക്കാനുള്ള കാരണം അവിടെ ധാരാളമായി ബദരീവൃ

ക്ഷങ്ങൾ കാണപ്പെടുന്നു എന്നതിലാണത്രെ.

## ജ്യോതിർമഠം (ജ്യോഷിമഠ് )

ശങ്കരാചാര്യരാൽ സ്ഥാപിക്കപ്പെട്ട ജ്യോതിർമഠം സ്ഥിതി ചെയ്യുന്നത് ഹിമാലയത്തിൽ 6100 അടി ഉയരത്തിലാണ് . ഇതിലെയാണ് ബദരീനാഥത്തിലേക്കുള്ള പാത കടന്നു പോകുന്നത്. വേദാന്തവിദ്യാകേന്ദ്രമായ ഇവിടെ ജ്യോതീശ്വരമൂർത്തിയേയും നരസിംഹമൂർത്തിയേയും അടുത്തടുത്തായി പ്രതിഷ്ഠിച്ചിട്ടുണ്ട്. അപൂർവ്വവും അമൂല്യവുമായ സാളഗ്രാമത്താൽ നിർമ്മിച്ചതാണ് നരസിംഹമൂർത്തിയുടെ വിഗ്രഹം. ആ വിഗ്രഹത്തിന്റെ ഒരു കൈ മെലിഞ്ഞതും ദുർബവുമാണ്. ഘോരകലിയുഗത്തിന്റെ ആരംഭത്തിൽ ദുർബലമായ ആ കൈ അറ്റു വീഴുമെന്നും അപ്പോൾ ഭൂചലനത്താൽ ഹിമഗിരികൾ ഇടിഞ്ഞു വീണ് ബദരീനാഥം മറഞ്ഞു പോകുമെന്നാണ് ഐതിഹ്യം. ശങ്കരാചാര്യരുടെ ശിഷ്യനായ തോടകാചാര്യനാണ് ആദ്യത്തെ മഠാധിപതി. ഇവിടെ തപസ്സനുഷ്ഠിച്ചിരുന്ന ശങ്കരാചാര്യരുമായി ബന്ധപ്പെട്ട, നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു വൃക്ഷവും, ശിവക്ഷേത്രവും കാണാം. ശൈത്യകാലം (നവംബർ മുതൽ മാർച്ച് വരെ) ആരംഭിക്കുമ്പോൾ ബദരിയിൽ നിന്ന് ദേവനും ശാന്തിക്കാരനും (റാവൽ) പരിവാരസമേതം മലയിറങ്ങി ജ്യോതിർമഠത്തിൽ എത്തി താമസം ആരംഭിക്കുന്നു.

## അമ്മയുടെ വിയോഗവും സംസ്കാരവും

അമരകാന്തത്തിലെ ആശ്രമത്തിൽ മടങ്ങിയെത്തിയ ശങ്കരാചാര്യർ അല്പ ദിവസത്തെ വിശ്രമത്തിനുശേഷം തന്റെ ധർമ്മയാത്ര തുടങ്ങുവാൻ തയ്യാറെടുക്കുമ്പോഴാണ് ബന്ധുവായ അഗ്നിശർമ്മൻ കാലടിയിൽ നിന്നു ആചാര്യരെ കാണാനെത്തിയത്. ശയ്യാവലംബിയായ ആര്യാംബ മകനെ കണ്ടുകൊണ്ട് കണ്ണടക്കാനുള്ള അവസ്ഥയിൽ മകനെ പ്രതീക്ഷിച്ചുകൊണ്ട് നാളുകൾ എണ്ണിക്കഴിയുകയാണെന്ന വാർത്തയാണ് ശങ്കരനെ കേൾപ്പിച്ചത്. അമ്മ കൊടുത്തയച്ച ഏതാനും സ്വർണ്ണനാണയങ്ങളും ഒരു സ്വർണ്ണ പാത്രവും അഗ്നിശർമ്മൻ ആചാര്യനെ ഏൽപ്പിച്ചു. ഈ സമ്പത്ത് ബദരീകാശ്രമത്തിലെ ക്ഷേത്രനിർമ്മാണത്തിനും സ്വർണ്ണപാത്രം വിഷ്ണു ക്ഷേത്രത്തിൽ നൈവേദ്യം അർപ്പിക്കുവാനുമായി ഉപയോഗപ്പെടുത്തിയതായി പറയുന്നുണ്ട്. ഇപ്പോഴും ദേവന് നിവേദ്യം അർപ്പിക്കുന്നതിനായി ഈ സ്വർണ്ണപാത്രമാണ് ബദരീനാഥക്ഷേത്രത്തിൽ ഉപയോഗപ്പെടുത്തുന്നത്. അമ്മയ്ക്ക് നൽകിയ വാഗ്ദാനം പാലിക്കാനുള്ള സമയമായി എന്ന് ബോധ്യപ്പെട്ട ശങ്കരാചാര്യർ കാലടിയിലേക്ക് ഉടനെ യാത്ര പുറപ്പെട്ടു. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കാൽനടയായി വേണം കാലടിയിലെ മാതൃസവിധത്തിൽ എത്തിച്ചേരാൻ. തന്റെ ശിഷ്യനായ ചിത്സുഖാചാര്യനുമൊത്താണ് യാത്ര തുടങ്ങിയത്. അമ്മയെ മനസ്സിൽ ധ്യാനിച്ചുകൊണ്ടുള്ള ആ യാത്രയിൽ വിശ്രമത്തിന് സമയമില്ലായിരുന്നു. വിശപ്പും ദാഹവും മറ്റു ശാരീരിക ക്ലേശങ്ങളും അദ്ദേഹത്തിന് അനുഭവപ്പെട്ടില്ലെന്ന് വേണം വിചാരിക്കാൻ. ഒരൊറ്റ ലക്ഷ്യമാണ് മുന്നിലുണ്ടായിരുന്നത്, പ്രാണൻ പോകുന്നതിന് മുൻപ് അമ്മയെ ദർശിക്കണം.ആവശ്യമായ ശുശ്രൂഷ നല്കി പരിചരിക്കണം. തന്റെ കൈകളിൽ കിടന്നു വേണം അമ്മയുടെ ജീവിതം അവസാനിക്കാൻ. അത് അങ്ങിനെ തന്നെയാണ് സംഭവിച്ചതും.

കണ്ണെത്താത്ത ദൂരത്തിൽ കഴിഞ്ഞിരുന്ന മകനെ കണ്ട മാത്രയിൽ ആ അമ്മ എത്രമാത്രം സന്തോഷം അനുഭവിച്ചു കാണുമെന്ന് നമുക്ക് ഊഹിക്കാം. അമ്മയുടെ ആഗ്രഹപ്രകാരം ഏറ്റവും ലളിതമായ ഭാഷയിൽ അദ്വൈത തത്വങ്ങൾ ഉപദേശിച്ചു കൊടുത്തു. ഇതാണ് 'തത്വബോധം' എന്ന കൃതിയായത്. ഇതു കൂടാതെ 'കൃഷ്ണാഷ്ടകം' രചിച്ച് അമ്മയെ ചൊല്ലി കേൾപ്പിച്ചു. അത് ശ്രവിച്ചു കൊണ്ടിരുന്ന അമ്മ ശ്രീകൃഷ്ണനെ മനസ്സിൽ ധ്യാനിച്ചു കൊണ്ടായിരിക്കണം ജീവൻ വെടിഞ്ഞത്. ആര്യാംബയുടെ ആത്മാവ് ഭഗവാനിൽ തന്നെ ഐക്യം പ്രാപിച്ചു.

അമ്മയുടെ ശവദാഹകർമ്മം നടത്തുക എന്നത് ഒരു പ്രശ്നമായി അവശേഷിച്ചു. കാരണം സന്യാസം സ്വീകരിച്ച ഒരാളിന് മകനായാലും അല്ലെങ്കിൽ ഒരു ബന്ധുവായാലും ശവസംസ്കാര ചടങ്ങ് ചെയ്യാൻ ശാസ്ത്രം വിധിച്ചിട്ടില്ല. എന്നാൽ അമ്മയ്ക്ക് കൊടുത്ത സത്യപ്രതിജ്ഞയനുസരിച്ച് അന്ത്യകർമ്മങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു എന്ന ബോധം, അതിൽ നിന്നും പിൻമാറാൻ അദ്ദേഹത്തിനെ അനുവദിച്ചില്ല. ഒരു പക്ഷേ മകൻ സന്യാസിയായി തന്നെ പിരിഞ്ഞു പോകാതിരിക്കാനായിരിക്കാം ആര്യാംബ മകനെക്കൊണ്ട് അങ്ങിനെ ഒരു പ്രതിജ്ഞയെടുപ്പിച്ചത്. എന്നാൽ ഭാവിയിൽ ഇങ്ങനെ ഒരു പ്രശ്നം ഉടലെടുക്കുമെന്ന് ശങ്കരനും വിചാരിച്ചിരുന്നില്ല എന്നു വേണം കരുതാൻ. ബന്ധുക്കളും ഗ്രാമവാസികളും ശങ്കരാചാര്യരുടെ തീരുമാനത്തെ അംഗീകരിച്ചില്ല, അതിനാൽ തന്നെ ഈ അനാചാരത്തിന് ഒരു സഹകരണവും നൽകിയില്ല.

എന്തായാലും ശങ്കരാചാര്യർ ഏകനായി തന്നെ തന്റെ അമ്മയുടെ അന്ത്യകർമ്മങ്ങൾ നടത്തിയെന്നു തന്നെയാണ് വിശ്വസിക്കപ്പെടുന്നത്. വീടിന്റെ

മുറ്റത്ത് തന്നെ ഒരു ചിതയൊരുക്കി തന്റെ കൈകളിൽ അമ്മയുടെ ശരീരമെടുത്ത് ചിതയിൽ വച്ചു വേദമന്ത്ര ങ്ങൾ ഉച്ചരിച്ചുകൊണ്ട് അഗ്നി പകർന്നു. എരിയുന്ന ചിത വീക്ഷിച്ചുകൊണ്ട് അദ്ദേഹത്തിൽ നിന്നും മാ താവിനെ സ്തുതിച്ചു കൊണ്ടുള്ള ഒരു ഗീതം നിർ ഗളിച്ചു. 'മാതൃസ്തുതി' എന്ന പേരിൽ അത് ഇന്ന് അറിയപ്പെടുന്നു. ഈ സംഭവം ശാസ്ത്ര വിധിക്ക് എതിരായതിനാൽ ഗ്രാമവാസികൾ പ്രത്യേകിച്ചും ബന്ധുക്കൾ ഉൾപ്പെടെയുള്ള ബ്രാഹ്മണ സമൂഹം, കോപിഷ്ടരായി . ആയതിനാൽ അദ്ദേഹം കാലടി ദേശത്തു നിന്നും ബഹിഷ്കൃതനായി എന്നാണ് പറയപ്പെടുന്നത്.

## ഗുരുവിന്റെ സമാധി

അമ്മയുടെ അന്ത്യകർമ്മങ്ങളെല്ലാം പൂർത്തിയാ ക്കി ശങ്കരാചാര്യർ അമരകാന്തത്തിലുള്ള ആശ്രമ ത്തിലേക്ക് മടക്കയാത്ര ആരംഭിച്ചു. ഏതാണ്ട് ഒരു മാസക്കാലത്തിലധികം സമയമെടുത്താണ് ആശ്രമ ത്തിൽ എത്തിച്ചേർന്നത്. അവിടെ അദ്ദേഹം കണ്ടത് തന്റെ ഗുരുവായ ഗോവിന്ദ ഭഗവത്പാദർ അവശനായി ഏതാണ്ട് അചേതാവസ്ഥയിൽ ശയിക്കുന്നതാണ്. തന്റെ ശിഷ്യനെ കണ്ട മാത്രയിൽ ഗുരു സന്തോഷ വാനായി എഴുന്നേല്ക്കാൻ ശ്രമിച്ചു. ശിഷ്യന്റെയും മറ്റുള്ളവരുടേയും സഹായത്താൽ എഴുന്നേറ്റിരുന്നു കൊണ്ട് ശിഷ്യനെ വാത്സല്യപൂർവ്വം ആശ്ലേഷിച്ചു. ശങ്കരാചാര്യർക്ക് ദിഗ്വിജയം തുടങ്ങാനും അതിന് സർവ്വ വിജയം വരിക്കാനുമുള്ള ഉപദേശവും അനു ഗ്രഹവും നൽകി. അല്പസമയത്തിനുശേഷം ഓം കാരശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഗോവിന്ദപാദർ മഹാസമാധിയിലേക്ക് പ്രവേശിച്ചു. അടുത്തടുത്ത സംഭവിച്ച ഉറ്റവരായ രണ്ടുപേരുടെ വേർപാടുകൾ ഈശ്വരഹിതവും അനിവാര്യവുമായതിനാൽ ശങ്ക രാചാര്യർക്ക് മനസ്സിനെ നിയന്ത്രിച്ചു നിർത്താനും, തന്റെ ദൗത്യം പൂർത്തിയാക്കാനുള്ള ശ്രമത്തിൽ വ്യാ പൃതനാകാനും സാധിച്ചു. (തുടരും)

## എനിക്കു കിട്ടിയ ഏറ്റവും നല്ല ഉപദേശം

**(41-ാം പേജിൽ നിന്ന് തുടർച്ച)**

ക്കുകയില്ല. അതുകൊണ്ട് ഞാൻ ഇവിടെ വന്നു. പണ്ട് ഞാൻ സിനിമാ നിർമ്മാണം തുടങ്ങാനുദ്ദേശിച്ചപ്പോൾ അങ്ങ് നിരുത്സാഹപ്പെടുത്തിയിരുന്നു. എന്നിട്ടും ഞാൻ ഒരു സിനിമ നിർമ്മിച്ചു. ആദ്യമായി പ്രദർശിച്ചപ്പോൾ ചിത്രങ്ങളും ദൃശ്യങ്ങളും കഷണങ്ങൾ കഷണങ്ങൾ പോലെ. എന്നെ സഹായിക്കണം. അദ്ദേഹം പറഞ്ഞു. സുഹൃത്തെ നിങ്ങളുടെ ധൈര്യത്തേയും ആത്മവിശ്വാ സത്തേയും ജീവിതത്തോടുള്ള കാഴ്ചപ്പാടിനേയും പ്രശംസിക്കാതെ വയ്യ, ഞാൻ സഹായിക്കാം.

'അദ്ദേഹം എന്റെ സ്കഃമാൻ സിനിമയുടെ ഫിലിം റീലുകൾ പ്രൊജക്റ്ററിന്റെ യഥാസ്ഥാനത്ത് വച്ച് പ്രവർത്തിപ്പിച്ചു തുടങ്ങി. ഉടൻ തന്നെ അദ്ദേഹത്തിന് കുഴപ്പം മനസ്സിലായി. പ്രൊജക്റ്ററിന്റെ പൽചക്രത്തി നനുസരിച്ചുള്ള കൃത്യദൂരത്തിലായിരുന്നില്ല ഫിലിം റീലിലെ തുളകൾ. പലപ്പോഴും ഫിലിം റീലിലെ തു ളകൾ പ്രൊജക്റ്ററിന്റെ പൽചക്രത്തിൽ കൃത്യമായി വീഴാതെ തെന്നി മാറി കൊണ്ടാണ് ഓടിക്കൊണ്ടിരു ന്നത്. ഫിലിം റീലിലെ തുളകൾ വേണ്ട വിധത്തിൽ ക്രമീകരിച്ചപ്പോൾ പ്രശ്നം പരിഹരിക്കപ്പെട്ടു. സ്കാ മാൻ സിനിമ വളരെ പ്രശസ്തമായി അനേകം തീ യേറ്ററുകളിൽ അനേകം നാൾ പ്രദർശിപ്പിച്ചു. ഒരു ചരിത്രം തന്നെ സൃഷ്ടിച്ചു.

'എനിക്ക് മനസ്സിലായി ഭാഗ്യം ധൈര്യമുള്ളവരെ നോക്കി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു. എന്തിനേയും നേരിടാനുള്ള ധൈര്യം - അത് അമൂല്യമായ ഒരു സമ്പ ത്താണ് - എല്ലാവരുടെയും ഉള്ളിൽ തന്നെയുള്ളത്.

'ഉദ്ധരേദാത്മനാത്മാനം, നാത്മാനമവസാദയേത്

'ആത്മൈവ ഹ്യാത്മനോബന്ധു, രാത്മൈവരി പുരാത്മനഃ'

*കവിത*

# ആരാധന

**നന്ദിനി മനോഹരൻ**

**മാ**നത്തെ കാർമുകിൽ മാലയിൽ ഞാനാ -
ഓമനക്കണ്ണന്റെ കാന്തി കണ്ടു
ഇളകുന്ന പച്ചിലച്ചാർത്തിൻ ഞാനാ-
പീലിത്തിരുമുടി മിന്നിക്കണ്ടു
ചിന്നുന്ന നീർത്തുള്ളി താളത്തിൽ ഞാനാ-
ചെഞ്ചിലമ്പിൻ മൃദുതാളം കേട്ടു
മന്ദമായ് വീശുന്ന കാറ്റിൻ ഞാനാ -
ഓടക്കുഴലിൻ മൃദുനാദം കേട്ടു
മഴയിടയിൽ തെളിയുന്ന വെയിലിൽ ഞാനാ-
മഞ്ഞ പീതാംബര ശോഭ കണ്ടു
കാണുന്നതെല്ലാം തവമായികാരൂപം
കേൾക്കുന്നതെല്ലാം തിരുനാമജപം
മറ്റൊന്നും വേണ്ടെന്റെ കണ്ണാ എനിക്കീ-
മർത്ത്യജന്മം സഫലമാകാൻ

# സമീകൃതാഹാരം
# (BALANCED DIET)

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903

## എന്താണ് സമീകൃതാഹാരം

ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട ഊർജ്ജവും പോഷകമൂല്യങ്ങളും നൽകുന്ന ആഹാരത്തെയാണ് സമീകൃതാഹാരം എന്ന് പറയുന്നത്.

സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യാത്ത നാളുകളില്ല. എന്നാലും ചില സംശയങ്ങൾ ഉണ്ടാകും. എന്ത് ഭക്ഷണം കഴിക്കണം, എത്ര കഴിക്കണം, ഏതാണ് നല്ലത്, ഏതാണ് ചീത്ത എന്നിങ്ങനെ സംശയങ്ങൾ നീണ്ടു പോകും. എന്തായാലും നമുക്കൊന്ന് ചർച്ച ചെയ്തു നോക്കാം.

## സമീകൃതാഹാരത്തിൽ എന്തൊക്കെ വേണം

ഫ്രോട്ടീൻ, Fat (കൊഴുപ്പ്), കാർബ്ബോഹൈഡ്രേറ്റ്, Fibre (ഫൈബർ) വിറ്റാമിനുകൽ മിനറൽസ് (ധാതുലവണങ്ങൽ) എന്നിവയടങ്ങിയതാണ് സമീകൃതാഹാരം.

## എന്തിനാണ് സമീഹൃതാഹാരം കഴിയ്ക്കുന്നത്

1. നല്ല ആരോഗ്യമുള്ള ശരീരത്തിന്
2. ശരീരത്തിന്റെ ശരിയായ വളർച്ചയ്ക്ക്
3. ജോലി ചെയ്യുവാനുള്ള ആരോഗ്യത്തിന്
4. രോഗപ്രതിരോധശേഷി ഉണ്ടാകുന്നതിന്.

## Fat (കൊഴുപ്പ്)

നമുക്കാവശ്യമുള്ള ഊർജ്ജം ലഭിക്കുന്നത് Fat (കൊഴുപ്പ്) സഹായിക്കും. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിലെ അധികമുള്ള ഊർജ്ജത്തെ കൊഴുപ്പായാണ് ശരീരത്തിൽ സൂക്ഷിക്കുന്നത്. ശരീരത്തിന്റെ താപനില സംതുലിതാവസ്ഥയിൽ നിർത്തുന്നത് കൊഴുപ്പാണ്. വെണ്ണ, നെയ്യ്, പാൽ, വിവിധ തരം എണ്ണകൾ എന്നിവയിൽ കൊഴുപ്പ് അടങ്ങിയിട്ടുണ്ട്.

## പ്രോട്ടീൻ

ശരീരത്തിന്റെ വളർച്ചയ്ക്ക് പ്രോട്ടീൻ അത്യാവശ്യമാണ്. മാംസപേശികളുടെ ദൃഢത വർദ്ധിപ്പിക്കുന്നു. പാൽ വർഗങ്ങൾ, മുളപ്പിച്ച ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, മാംസം, മുട്ട, കോഴിയിറച്ചി തുടങ്ങിയവയിൽ പ്രോട്ടീൻ ഉണ്ട്.

## കാർബോഹൈഡ്രേറ്റ് (അന്നജം)

ശരീരത്തിനാവശ്യമായ ഊർജ്ജം ലഭിക്കുന്നത് അന്നജത്തിൽ നിന്നാണ്. അധികമായി ലഭിക്കുന്ന അന്നജത്തിൽ നിന്ന് അധികമായി ലഭിക്കുന്ന ഊർജ്ജം കൊഴുപ്പായി ശരീരത്തിൽ സൂക്ഷിക്കുന്ന സ്വഭാവം ശരീരത്തിനുണ്ട്. അരി, ഗോതമ്പ്, ബ്രഡ്സ് ഇനങ്ങൾ. കപ്പ, ഉരുളക്കിഴങ്ങ് തുടങ്ങിയവയിൽ അന്നജം ധാരാളമുണ്ട്.

## ധാതുലവണങ്ങളും വിറ്റാമിനുകളും

രോഗപ്രതിരോധശേഷി ഉണ്ടാക്കുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നാണ് പ്രധാനമായും ലഭിക്കുന്നത്. മത്സ്യത്തിൽ ധാതുലവണങ്ങൾ ധാരാളമുണ്ട്.

പച്ചക്കറികൽ പഴവർഗങ്ങൾ എന്നിവ മാത്രം കഴിക്കുന്ന തനി സസ്യഭുക്കുകൾക്ക് പ്രോട്ടീനിന്റെയും ധാതുലവണങ്ങളുടെ കുറവ് ഉണ്ടാകാൻ സാധ്യത കൂടുതലാണ്.

## കൊഴുപ്പ് ആവശ്യമുള്ളതാണോ ?

Fat (കൊഴുപ്പ്) പല തരത്തിലുണ്ട്. ആരോഗ്യദായകമായ നല്ല കൊഴുപ്പും ഉണ്ട്. ആവശ്യത്തിൽ കൂടുതൽ കലോറി ലഭിച്ചാൽ ശരീരം തന്നെ അതു കൊഴുപ്പാക്കി മാറ്റി സൂക്ഷിക്കും. അതിനാൽ ഏതു തരം Fat (കൊഴുപ്പ്) കഴിക്കുന്നതാണ് നല്ലത് എന്ന് തിരിച്ചറിഞ്ഞിരിക്കണം.

## Diatary Fat (ഭക്ഷണത്തിൽ കൂടെ ലഭിക്കുന്ന കൊഴുപ്പ്)

നാം കഴിക്കുന്ന വെണ്ണ, നെയ്യ്, വെളിച്ചെണ്ണ, പാൽ മറ്റു എണ്ണകൾ എന്നിവയിൽ നിന്നുള്ള ഫാറ്റ് ആണ് Diatary Fat എന്ന പേരിൽ അറിയപ്പെടുന്നത്. ഒലിവ് ഓയിൽ താരതമ്യേന ആരോഗ്യദായകമായ എണ്ണയായി പറയപ്പെടുന്നു. വെന്ത വെളിച്ചെണ്ണയും ആരോഗ്യദായകമാണ്. പക്ഷ അമിതമാവരുത്. അനാരോഗ്യത്തെ ഉണ്ടാക്കുന്ന രണ്ട് തരം ഫാറ്റുകളാണ് Saturated Fat ഉം Trans Fat ഉം. ഇതെന്താണെന്ന് പരിശോധിക്കാം.

## Saturated Fat (പൂരിത കൊഴുപ്പ് )

മാംസം ക്രീം കളയാത്ത പാൽ ഉത്പന്നങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്നു. ഇത് LDL (ചീത്ത കൊളസ്ട്രോൾ) കൂടുതലാക്കുവാനും HDL (നല്ല

കൊളസ്ട്രോളിനെ) കുറയ്ക്കാനും വഴിയൊരുക്കുന്നു.

**Trans Fat**

നമ്മൾ കഴിക്കുന്ന പല ഭക്ഷ്യവസ്തുക്കളിലും Trans Fat അടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന് വെണ്ണ, പാക്കറ്റ് പാൽ, കേക്ക്, ബ്രഡ്സ്, കുക്കീസ്, സ്നാക്സ്, മധുരപലഹാരങ്ങൾ, മൃഗക്കൊഴുപ്പുകൾ, ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ ഇരിക്കുന്നതിനായി ചേർക്കുന്ന Hydrogenated Trans Fats ശരീരത്തിൽ ട്രൈ ഗ്ലിസൈറെഡിന്റേയും (Tryglycerides) LDL ന്റെയും അളവ് വർദ്ധിപ്പിക്കുക ഹൃദ്രോഗ സാധ്യത കൂടുകയും ചെയ്യുന്നു.

**ആരോഗ്യദായകമായ കൊഴുപ്പ് (Healthy Fat)**

Mono Saturated Fat Polysaturated fat, Omega 3 fatty Acids എന്നിവയടങ്ങിയ ഭക്ഷണം, എണ്ണ എന്നിവ ആരോഗ്യദായകമാണ്. Olive oil, Corn Oil എന്നിവ ഈ വർഗത്തിൽ പെടുന്നു. മത്സ്യത്തിൽ പ്രത്യേകിച്ച് ചെറു മത്സ്യങ്ങളിൽ ധാരാളം ഒമേഗ 3 അടങ്ങിയിട്ടുണ്ട്. എല്ലാവർക്കുമുള്ള സംശയം നമ്മൾ കഴിക്കുന്ന ഭക്ഷണത്തിൽ നല്ല കൊഴുപ്പാണോ ചീത്ത കൊഴുപ്പാണോ എന്ന് എങ്ങിനെയറിയാം എന്നതാണ്. വളരെയെളുപ്പമാണ്. ഭക്ഷണത്തിന്റെ ലേബലിൽ Trans Fat ന്റെ അളവ് നോക്കുക. Partially Hydrogenated എന്ന് കണ്ടാൽ അത്ര നല്ലതല്ല എന്നു മനസ്സിലാക്കണം. Unsaturated Fat അടങ്ങിയവ നല്ലതാണ്.

**എന്താണ് Junk Food?**

ധാരാളം കലോറിയുള്ള (പ്രത്യേകിച്ച് മധുരത്തിൽ നിന്ന് എണ്ണയിൽ നിന്നും) ഫൈബർ കുറഞ്ഞ പ്രോട്ടീൻ, ധാതുലവണങ്ങൾ, വിറ്റാമിനുകൾ എന്നിവ കുറഞ്ഞ Prepared Food നെ (തയ്യാറാക്കിയ ഭക്ഷണത്തെ) Junk Food എന്ന പേരിൽ വിശേഷിപ്പിക്കാം.

ബേക്കറി സാധനങ്ങൾ, ഐസ്ക്രീം, സോഫ്ട് ഡ്രിങ്ക്സ് എന്തിന് മസാലദോശയും നെയ് റോസ്റ്റും ഇനത്തിൽ Junk Food ഇനത്തിൽ പെടുത്താവുന്നതാണ്.

**Pizza യും Sandwich ഉം ആരോഗ്യദായകമാണോ?**

പിസയും സാന്റ് വിച്ചും ആരോഗ്യകരവും അപകടകരവുമാവുന്നത് അതിലെ Ingridients (ചേരുവകൾ) അനുസരിച്ചിരിക്കുന്നു. ഉദാഹരണത്തിന് പിസയിൽ Wheat Base ഉപയോഗിച്ച് ധാരാളം പച്ചക്കറികളും കുറച്ചു ചീസും മാത്രം ചേർത്ത് ഉണ്ടാക്കി കുറച്ച് ഒലിവ് ഓയിൽകൂടി ചേർത്താൽ അത് നല്ലതാണ്. അതുപോലെ തന്നെ Wheat bread/ Multigrain Bread കൊണ്ട് ധാരാളം പച്ചക്കറികൾ ചേർത്ത് മൊട്ടയുടെ വെള്ളമാത്രമുപയോഗിച്ച് ഉണ്ടാക്കുന്ന സാന്റ് വിച്ച് ആരോഗ്യദായകമാണ്.

**ശരീരവണ്ണം കുറയ്ക്കുന്നതിനായി ബ്രേക്ക് ഫാസ്റ്റ് (പ്രാതൽ) ഒഴിവാക്കാമോ ?**

പ്രാതൽ നമ്മുടെ ദൈനംദിനജീവിതത്തിലെ ഒരു പ്രധാന ഭക്ഷണമാണ്. തലേന്നു രാത്രി അതായത് ഏകദേശം 10 മണിക്കൂർ മുൻപ് നമ്മൾ കഴിച്ച അത്താഴത്തിൽ നിന്നുള്ള ഊർജ്ജമെല്ലാം ചിലവായിരിക്കും. തുടർന്ന് ആ ദിവസത്തിലേക്ക് നമുക്ക് വേണ്ട ഊർജ്ജം ലഭിക്കുന്നത് പ്രാതലിൽ നിന്നാണ്. ഇത് ഒരിക്കലും ഒഴിവാക്കരുത്. അന്നജം ഏറ്റവും കൂടുതൽ കഴിക്കേണ്ട സമയമാണിത്. പ്രാതലിൽ കുറച്ചു ഫലവർഗങ്ങൾ, കടല (Nuts) കൂടി ചേർത്താൽ സമീകൃതമായി.

**ഭക്ഷണത്തിന്റെ കൂടെ Soft Drinks കുടിക്കുന്നത് നല്ലതാണോ ?**

ഒരിക്കലുമല്ല. സോഫ്ട് ഡ്രിങ്ക്സിൽ കൂടുതൽ പഞ്ചസാര ചേർത്തിരിക്കുന്നതിനാലും കാർബണേറ്റഡ് ആയതിനാലും പെട്ടെന്ന് കൂടുതൽ ഊർജ്ജം തരുന്നു. പക്ഷെ ആരോഗ്യത്തിന് ഹാനികരമാണ്. പ്രകൃതിദത്തമായ ഫലവർഗങ്ങളുടെ ജൂസ് മധുരമിടാതെ കഴിക്കുന്നതാണ് നല്ലത്.

**എന്റെ മക്കൾക്ക് പിസ വളരെയിഷ്ടമണ്. ആരോഗ്യദായകമായ രീതിയിൽ പിസ കിട്ടുമോ ?**

പിസ ഇടയ്ക്ക് കഴിക്കണമെന്ന് മോഹിക്കാത്തവർ ആരാണുള്ളത്. പിസയിൽ Wheat Base ആവശ്യപ്പെടുക. മാത്രമല്ല അതിൽ നിറയെ പച്ചക്കറികൾ ഫലവർഗങ്ങൾ എന്നിവ ചേർത്ത്, ചീസ് വളരെ കുറച്ച് ഉപയോഗിച്ചുണ്ടാക്കിയാൽ അത്ര തകരാറില്ല.

**വാങ്ങുന്ന ഭക്ഷണം ആരോഗ്യത്തിന് നല്ലതാണോ എന്ന തിരിച്ചറിയാൻ പറ്റുമോ?**

തീർച്ചയായും പാക്ക് ചെയ്ത അല്ലെങ്കിൽ തയ്യാറാക്കിയ (Prepared) ഭക്ഷണത്തിന്റെ ലേബലിൽ അതിന്റെ ചേരുവകൾ ചേർത്തിരിക്കും. ഇതിൽ ട്രാൻസ് ഫാറ്റ് അധികമുള്ളത് നല്ലതല്ല. ഫാറ്റിന്റെ അളവ്, അന്നജത്തിന്റെ അളവ് തുടങ്ങിയവയും കൊടുത്തിരിക്കും. ഫാറ്റ് അന്നജം, ട്രാൻസ്ഫാറ്റ് എന്നിവ കുറഞ്ഞ് ഭക്ഷണം തിരഞ്ഞെടുക്കണം.

**വെളിച്ചെണ്ണ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണോ ?**

പല തവണ ചർച്ച ചെയ്ത് കൺഫ്യൂഷൻ മാറാത്ത കാര്യമാണിത്. വെളിച്ചെണ്ണയിൽ പൂരിത കൊഴുപ്പ് (Saturated) 90% ശതമാനമാണ്. ഇത് വെണ്ണയിലുള്ളതിനേക്കാൾ കൂടുതലാണ്. സാധാരണ പൂരിത കൊഴുപ്പ് LDL കൊളസ്ട്രോൾ (Bad Cholesterol)

കൂട്ടുകയും HDL (Good Cholesterol) കുറയ്ക്കുകയും ചെയ്യും. എന്നാൽ വെളിച്ചെണ്ണ കൊളസ്ട്രോളിനെ HDL വർദ്ധിപ്പിക്കും. അതിനാൽ മറ്റ് എണ്ണകളെപ്പോലെ അത്യപകടമില്ലെന്ന് പറയാം. ഒലിവ് ഓയിൽ ആണ് ഏറ്റവും നല്ല എണ്ണയായി WHO അംഗീകരിച്ചിരിക്കുന്നത്. വീണ്ടും വീണ്ടും ചൂടാക്കി ഒരു എണ്ണയും ഉപയോഗിക്കരുത്.

### Sugar Free Tablet ആരോഗ്യത്തിന് നല്ലതാണോ ?

White Sugar നമുക്ക് കൂടുതൽ കലോറി തരുന്നതിനാൽ വണ്ണം വെയ്ക്കാൻ സാധ്യതയുണ്ട്. അതിനാൽ പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ അസുഖമുള്ളവർക്കും നല്ലതാണ്. Sugar Free Tablet ൽ Sucralose (സുക്രുലോസ്) അടങ്ങിയിട്ടുണ്ട്. ഇത് സാധാരണ പഞ്ചസാരയെപ്പോലെ കലോറി നൽകില്ല. പക്ഷെ കൂടുതലായി ഉപയോഗിച്ചാൽ പഞ്ചസാരപോലെ തന്നെ മോശമാണ്. കഴിയുന്നതും ഒരു തരത്തിലുള്ള പഞ്ചസാരകളും ഉപയോഗിക്കാത്തതാണ് നല്ലത്.

ശർക്കരയും പഞ്ചസാരയും കരിമ്പിൻ നീരിൽ നിന്ന് എടുക്കുന്നവയാണെങ്കിലും കെമിക്കൽ പ്രോസ്സസ്സിൽ ഒരു പാട് മാറ്റമുണ്ട്. ശർക്കര താരതമ്യേന ആരോഗ്യത്തിന് നല്ലതാണ്. ഇത് ആയുർവ്വേദ മരുന്നുകളിൽ ഉപയോഗിക്കുന്നുണ്ട്.

### ചോദ്യം : ചിപ്സ് ആരോഗ്യത്തിന് നല്ലതാണോ ?

ചിപ്സിൽ (കായവറുത്തതിൽ, പൊട്ടറ്റോ ചിപ്സിൽ) ധാരാളം കൊഴുപ്പും (Oil) കലോറിയുമടങ്ങിയിരിക്കുന്നു. ശരീരഭാരം, വർദ്ധിപ്പിക്കും. ഇതിൽ വേറെ പോഷകങ്ങളൊന്നുമില്ല. ധാരാളം ഉപ്പ് ചേർക്കുന്നതിനാൽ രക്താതിമർദ്ദത്തിനും കാരണമാകും. അതുപോലെ തന്നെ കൊളസ്ട്രോൾ വർദ്ധിപ്പിക്കും. Baked ചിപ്സ് താരതമ്യേന പാർശ്വഫലങ്ങൾ തരുന്നില്ല എന്ന് പറയാം.

### ചോദ്യം : എന്താണ് ഗ്ലൂട്ടൺ (Gluten)? ഇത് ദോഷമാണോ?

ഗ്ലൂട്ടൺ എന്നത് ഒരു ലാറ്റിൻ വാക്കാണ്. പേരിലേപ്പോലെ തന്നെ ഗോതമ്പ്, ഓട്സ്, തുടങ്ങിയവയിൽ ഉള്ള പ്രോട്ടീനുകളുടെ ഒരു മിശ്രിതമാണിത്. ധാന്യങ്ങൾ, ബേക്കറി സാധനങ്ങളുണ്ടാക്കാൻ ഉപയോഗിക്കുമ്പോൾ മാവിൽ ഗ്ലൂട്ടൺ ഉള്ളപ്പോൾ കൂടുതൽ ഇലാസ്റ്റിസിറ്റി കിട്ടുകയും മാവു കൂടുതൽ കേടുവരാതിരിക്കുകയും ചെയ്യും. ഗോതമ്പ് പൊടിയിൽ നിന്ന് തവിടും (Bran) ഫൈബറും ഒഴിവാക്കിയാൽ കിട്ടുന്നതാണ് മൈദ.

ഇന്ത്യയിൽ ലഭിക്കുന്ന ധാന്യങ്ങളിൽ റാഗി, അരി, ബജ്റ എന്നിവയിൽ ഗ്ലൂട്ടൺ ഇല്ല. മസാലപ്പൊടികളിലെല്ലാം തന്നെ ഗ്ലൂട്ടൺ ചേർക്കാറുണ്ട്. അതിനാൽ മസാലകളും ധാന്യപ്പൊടികളും വാങ്ങുമ്പോൾ 'ഗ്ലൂട്ടൺ ഫ്രീ' എന്ന് എഴുതിയത് നോക്കി വാങ്ങുക.

സമീകൃതാഹാരത്തെക്കുറിച്ചാണ് തുടങ്ങിയത്. എന്തു കഴിക്കുമ്പോഴും വായ്ക്കുള്ള രുചി മാത്രമല്ലാതെ ഇതിൽ നിന്ന് എന്റെ ശരീരത്തിന് ആരോഗ്യദായകമായത് എന്ത് ലഭിക്കും എന്നുകൂടി ആലോചിക്കുക. ഓൺലൈൻ റസ്റ്റോറന്റുകളുടെ അതിപ്രസരം മലയാളികളുടെ ആരോഗ്യകരമായ നാടൻ ഭക്ഷണരീതിയെ തീർത്തും മാറ്റിയിരിക്കുകയാണ്. ഈ അപകടത്തെ തിരിച്ചറിയണം.

---

ക്ഷീണിക്കാത്ത മനീഷയും മഷിയുണ -
ങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
നേടീ ഭവാൻ സിദ്ധികൾ;
കാണിച്ചൂ വിവിധാത്ഭുതങ്ങൾ വിധിദൃ -
ഷ്ടാന്തങ്ങളായ്,വൈരിമാർ
നാണിച്ചൂ, സ്വയമംബ കൈരളി തെളി -
ഞ്ഞീക്ഷിച്ചു മോക്ഷത്തെയും.

*- പ്രരോദനം, കുമാരനാശാൻ*

*എ.ആർ. രാജരാജവർമ്മയുടെ മഹാത്മ്യങ്ങൾ പ്രകീർത്തിക്കുകയാണു കുമാരനാശാൻ. ക്ഷീണിക്കാത്ത പ്രതിഭാശക്തിയും നിരന്തരമായി എഴുത്തിൽ ഏർപ്പെടുന്ന വിശിഷ്ടമായ തൂലികയും സരസ്വതീ സേവനത്തിനായി എ.ആർ. തിരുമേനി ഉഴിഞ്ഞു വച്ചു. വാണീദേവിയിൽ നിന്ന് അനുഗ്രഹമായി പല സിദ്ധികൾ നേടി. സാഹിത്യതത്വാവിഷ്കരണപരങ്ങളായും അവയ്ക്ക് ഉത്തമ നിദർശനങ്ങളായും നിരവധി വിശിഷ്ടഗ്രന്ഥങ്ങൾ വിരചിച്ചു. എതിരാളികൾ ലജ്ജിതരായി. മാതാവായ കേരളഭാഷ അന്യഭാഷകളുടെ അധീനത്തിൽ നിന്നുള്ള തന്റെ മോചനം സന്തോഷത്തോടെ കണ്ടു.*

# മിഴി രണ്ടിലും

പത്മജ മേനോൻ. ഫോൺ : 8289887472

നിയോൺ ബൾബുകളുടെ വെളിച്ചത്തിൽ വിമാനത്താവളം പ്രകാശപൂരിതമായിരുന്നു. കലപില ശബ്ദത്തോടെ പല ഭാഷകൾ സംസാരിക്കുന്ന യാത്രക്കാർ. കൃത്യസമയത്ത് തന്നെ വിമാനം ഉയർന്ന് പൊങ്ങി. അതിനോടൊപ്പം തന്റെ ചിന്തകളും ഇന്നലെകളുടെ ശേഷിപ്പുകളിലേക്ക് മുങ്ങാംക്കുഴിയിട്ടു. നാളെ ഈ നേരത്ത് താൻ തന്റെ പ്രിയപ്പെട്ട ഗ്രാമത്തിലായിരിക്കും. ഉൾക്കിടിലത്തോടെയല്ലാതെ തനിക്ക് ആ ഭൂമിയിൽ കാലുകുത്താൻ കഴിയില്ല. തന്റെ വരവും പ്രതീക്ഷിച്ച് ആരൊക്കെയോ കാത്തിരിക്കുന്നുണ്ടത്രെ. അതുകൊണ്ട് രണ്ടും കല്പിച്ച് പോയേ മതിയാവൂ.

എവിടെയാണ് വഴിത്തിരിവ് ഉണ്ടായത്. തനിക്ക് എവിടെയാണ് പിഴച്ചത്. അല്ലെങ്കിലും ഒരു കൗമാരക്കാരന്റെ വികാരവിക്ഷോഭങ്ങൾ..... അതിനുമപ്പുറത്തേയ്ക്ക് ചിന്തിക്കാൻ ആ പക്വത വരാത്ത പ്രായത്തിന് കഴിയില്ലല്ലോ. താനും അമ്മയും മുത്തശ്ശിയും അടങ്ങിയ തന്റെ കൊച്ചു വീട്. പണ്ട് പണ്ട്...... ഒരിക്കൽ.....ഒരിക്കൽ എന്നു തുടങ്ങുന്ന മുത്തശ്ശിക്കഥകളും അമ്മയുടെ താരാട്ടു പാട്ടും കേട്ടു ഉറങ്ങിയ തന്റെ ബാല്യം പൊട്ടിയൊഴുക്കുവാൻ വെമ്പൽ കൊള്ളുന്ന തടാകങ്ങളെ പോലെയായിരുന്നു അമ്മയുടെ മിഴി രണ്ടും.....മുത്തശ്ശിക്ക് ആയിരുന്നു കാര്യപ്രാപ്തി....... മുത്തച്ഛൻ മാഷ് ആയിരുന്നുവത്രെ. മുത്തച്ഛന്റെ ഫാമിലി പെൻഷനും , മുത്തശ്ശിയുടെ മാസക്കുറിയും, തൊടിയിലെ പച്ചക്കറി തോട്ടവും എല്ലാംകൊണ്ട് ജീവിതം മുന്നോട്ട് നീങ്ങി....... എല്ലാ മാസവും അഞ്ചാം തീയതി ഉച്ചയ്ക്ക് വീട്ടിൽ അയൽക്കാർ എല്ലാവരും വരും. അന്നാണ് കുറി എടുക്കൽ. അന്ന് മുത്തശ്ശിയും, അമ്മയും എന്തെങ്കിലും പലഹാരങ്ങൾ ഉണ്ടാക്കും. വളരെയധികം സമയം സംസാരിച്ചതിനു ശേഷമാണ് അവർ എല്ലാവരും പോകാറുള്ളത്. ഒരു ദിവസം അടുത്തുള്ള സുശീല എന്ന സ്ത്രീ മുത്തശ്ശിയോട് കുറെനേരം സംസാരിക്കുന്നുണ്ടായിരുന്നു. ഉറങ്ങാൻ കിടക്കുമ്പോൾ കഥ പറയുന്നതിനു പകരം മുത്തശ്ശി പറഞ്ഞത്. നമ്മുടെ വീട്ടിൽ ഒരാൾ വരുന്നുണ്ട്...... അമ്മയെ കല്യാണം കഴിക്കാൻ, അയാൾ നിനക്ക് അച്ഛനായിരിക്കും എന്നു പറഞ്ഞു.

'അച്ഛൻ എന്ന പദം' അത്! അത് തന്നെ കോൾമയിർ കൊള്ളിച്ചു. കുറച്ചു ദിവസങ്ങൾക്കകം തന്നെ അമ്മയുടെ വിവാഹം കാണാനുള്ള ഭാഗ്യം തനിക്ക് ഉണ്ടായി. അവരുടെ വിരുന്ന് സൽക്കാരങ്ങൾക്ക് ഒന്നും തന്നെകൊണ്ടു പോയില്ല മുത്തശ്ശി ഓരോരോ കാരണങ്ങൾ പറഞ്ഞ് തന്നെ മുത്തശ്ശിയുടെ അടുത്ത് നിറുത്തും. അടുത്തുള്ള ചായക്കടയിൽ നിന്ന് പെറോട്ടയും ഇറച്ചിക്കറിയും വാങ്ങിച്ച് തന്നും, ചന്തയിൽകൊണ്ടുപോയി തന്റെ പ്രിയപ്പെട്ട പനംച്ചക്കര വാങ്ങിച്ച് തന്നും എന്നെ സന്തോഷിപ്പിച്ചു. എന്നെ ഏറെ അത്ഭുതപ്പെടുത്തിയത് കുറിപ്പണംകൊണ്ട് തനിക്ക് ഒരു സൈക്കിൾ വാങ്ങിച്ചു തന്നു. പിന്നെ സൈക്കിളായിരുന്നു തന്റെ ലോകം. ഗ്രാമം മുഴുവനും താൻ സൈക്കിളിൽ പറന്നു നടന്നു. അമ്മയിൽ നിന്നും വളരെ ബുദ്ധിപരമായി മുത്തശ്ശി തന്റെ ശ്രദ്ധ തിരിച്ച് കൊണ്ടിരുന്നു. അധികം വൈകാതെ തന്നെ തനിക്ക് ഒരു കൊച്ചനുജത്തി ഉണ്ടായി. എല്ലാരുടെയും ശ്രദ്ധ അവളിൽ ആയപ്പോഴും അമ്മ എന്നും താൻ ഉറങ്ങാൻ കിടക്കുമ്പോൾ തന്റെ തലയിൽ തലോടികൊണ്ട് തന്റെ നെറ്റിയിൽ ഉമ്മ വെച്ചിട്ടേ ഉറങ്ങാൻ പോകുമായിരുന്നുള്ളൂ. ഉറങ്ങാതെ കണ്ണ് അടച്ച് കിടക്കുന്ന താൻ ഇതെല്ലാം അറിയുന്നുണ്ടായിരുന്നു.

അച്ഛൻ എന്നു വിളിപ്പിച്ച അയാൾ ശരിക്കും ഒരു തന്ത്രശാലിയായിരുന്നു. ഒരിക്കൽ പോലും എന്നോട് കർക്കശസ്വഭാവം കാണിച്ചില്ല. ശാന്തനായ വില്ലനായി ഒരു കൗമാരക്കാരന്റെ മനസ്സിനെ മുറിവേൽപ്പിച്ചുകൊണ്ടിരുന്നു. ഒരിക്കൽ നാല് തെങ്ങിൻതൈകൾ കൊണ്ടുവന്ന് എന്നെ വിളിച്ചിട്ട് പറഞ്ഞു. ഇത് നന്ദനുള്ളതാണ്...... ഇപ്പോഴെത്തെ ഏത് സിനിമാക്കാരെയാണ് ഇഷ്ടം എന്ന് ചോദിച്ചപ്പോൾ താൻ വിളിച്ചു പറഞ്ഞു. സുകുമാരൻ, സോമൻ, ജയൻ, വിൻസെന്റ് എന്നൊക്കെ. ഓരോ

തെങ്ങിനും ഓരോ പേര് നൽകിക്കൊണ്ട് പാടത്തെ കിണറ്റിൽ നിന്നും തന്നെകൊണ്ട് വെള്ളം കോരി നനപ്പിക്കുമായിരുന്നു. താൻ വേഗം ജോലിയെല്ലാം ചെയ്യും. എന്നിട്ടുവേണം സൈക്കിൾ ചവിട്ടുവാൻ. സ്കൂട്ടറിൽ അമ്മയും,അച്ഛനും അനുജത്തിയും കൂടി വിഷുവേല കാണാൻ പോയപ്പോൾ എന്നെ കൊണ്ടു പോയില്ല..... കാറ് വാങ്ങിക്കുമ്പോൾ നന്ദനെ മുന്നിൽ ഇരുത്തും വിഷുവേല എന്ത് കാണാനുണ്ട്. നന്ദനെ ഞാൻ തൃശൂർപൂരത്തിനു കൊണ്ടുപോകും എന്നു പറഞ്ഞ് മോഹിപ്പിക്കും. അവരുടെ സ്കൂട്ടറിന്റെ പിന്നാലെ താൻ സൈക്കിൾ ചവുട്ടിപോകും. അമ്മ തിരിച്ച് പോകൂ എന്ന് കൈകൊണ്ട് ആംഗ്യം കാണിക്കും. ഒടുവിൽ സ്കൂട്ടർ ഒരു പൊട്ടുപോലെ കണ്ണിൽ നിന്ന് മറയുമ്പോൾ താൻ നിരാശയോടെ വീട്ടിലേക്ക് തിരിച്ചു വരും. അതുപോലെ തന്നെ ഓണത്തിന് എല്ലാവർക്കും പുതിയ വസ്ത്രങ്ങൾ വാങ്ങിക്കുമ്പോൾ തനിക്ക് മാത്രം വാങ്ങിക്കൊണ്ടുവരില്ല. അവനെ കൊണ്ടുപോയി വാങ്ങിച്ച് കൊടുക്കാം എന്ന് അമ്മയോട് പറയും. പാവം അമ്മ അത് വിശ്വസിക്കും. പക്ഷേ ഒരിക്കലും ഒന്നും അയാൾ ചെയ്തില്ല. കഴിഞ്ഞ ജന്മത്തിൽ ഇയാൾ വല്ല മന്ത്രിയുമായിരിന്നിരിക്കാം. ചില മന്ത്രിമാരുണ്ടല്ലോ മോഹന വാഗ്ദാനങ്ങൾ നൽകുകയല്ലാതെ ഒന്നും പ്രാവർത്തികമാക്കാത്തവർ..... എല്ലാ അവഗണനയും ഞാൻ സഹിച്ചു. അമ്മയുടെ മിഴി രണ്ടിലുമുള്ള തിളക്കം .....അത് നഷ്ടപ്പെട്ടു കൂടാ.

തന്നെ ഏറ്റവും അധികം വേദനിപ്പിച്ച ആ ദിവസം.....ഞാൻ കൂട്ടുകാരുമൊത്ത് സിനിമ കാണാൻ പോയി. അന്ന് തെങ്ങിൻ തൈകൾക്ക് വെള്ളം ഒഴിച്ചില്ല..........വീട്ടിൽ വന്ന് കയറിയ അയാൾ അമ്മയോട് തട്ടിക്കയറുന്നുണ്ടായിരുന്നു. ആര് അവന് പണം നൽകി......വീട്ടിലെ ജോലി ചെയ്യാതെ നോക്കാൻ ഞാൻ അവന്റെ അച്ഛൻ ഒന്നും അല്ല. വയറ് നിറച്ച് ആഹാരം കൊടുക്കുന്നില്ലേ , പഠിപ്പിക്കുന്നില്ലേ. അമ്മ നിശബ്ദം നിൽക്കുന്നുണ്ട്. അന്ന് താൻ ഭക്ഷണം കഴിക്കാതെ ഉറങ്ങി........പിറ്റേന്ന് അമ്മയോട് ചോദിച്ചു ആരാണ് എന്റെ അച്ഛൻ അച്ഛനല്ലാത്തത് കൊണ്ടല്ലേ ഭക്ഷണത്തിന്റെയും പഠിപ്പിക്കലിന്റെയും കണക്ക് പറയുന്നത്. അമ്മയ്ക്ക് സ്നേഹിക്കാൻ ഇപ്പോൾ ഒരു ഭർത്താവ് ഉണ്ട്. ലാളിക്കാൻ ഒരു മകളും. എനിക്ക് മാത്രം ആരും ഇല്ല. എന്നെ ആർക്കും വേണ്ട.........എല്ലാവരും സ്വാർത്ഥരാണ്. അമ്മ അടക്കം എന്നു പറഞ്ഞ് താൻ വീട്ടിൽ നിന്ന് കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയി. മോനെ നന്ദൂ എന്ന് അമ്മ ഉറക്കെ വിളിച്ചെങ്കിലും താൻ വിളി കേട്ടില്ല. .....അന്ന് സന്ധ്യയ്ക്ക് ആണ് വീട്ടിൽ എത്തിയത്. തെങ്ങിൻ തൈകളിൽ അമ്മ വെള്ളം ഒഴിച്ചിരിക്കുന്നു. അയാൾക്ക് ഒരു ശിക്ഷ കൊടുക്കണം. എന്റെ അമ്മയെ തട്ടിയെടുത്തു.. എന്നെ ഒറ്റപ്പെടുത്തി.... ദിവസവും രാവിലെ അയേൺ ചെയ്യുന്ന പരിപാടി അച്ഛനുണ്ട്.

താൻ പിറ്റേ ദിവസം രാവിലെ തന്നെ വയർ കട്ട് ചെയ്ത് വെച്ചു. ഒന്ന് ഷോക്കടിക്കണം.തന്നെ അകാരണമായി വേദനിപ്പിക്കുന്നതിനുള്ള ശിക്ഷ....പക്ഷേ പതിവിനും വിപരീതമായി അമ്മയാണ് അയേൺ ചെയ്യാൻ എത്തിയത്. നിലവിളി കേട്ട താൻ ജനാലിലൂടെ നോക്കുമ്പോൾ അമ്മ വീണ് കിടക്കുന്നു. ആരൊക്കെയോ ഓടിക്കൂടി മെയിൻസ്വിച്ച് ഓഫ് ചെയ്ത് അമ്മയെ തട്ടി വിളിക്കുന്നു. അമ്മയ്ക്ക് അനക്കമില്ല.....ഒരാൾ ജീവൻ ഉണ്ടോ എന്ന് ചോദിക്കുന്നു. അത് കേട്ട താൻ വിയർത്ത് ഒലിച്ചു. അയ്യോ എന്റെ അമ്മ ....അച്ചുതനോട് കാർ വിളിക്കാൻ പറയൂ എന്നതിന് അച്ചുതൻ രാവിലെ കോഴിക്കോട് പോയി എന്ന് മുത്തശ്ശി കരഞ്ഞുകൊണ്ടു പറയുന്നു. അതുകേട്ട താൻ അവിടെ നിന്നും ഓടി...... ആ ഓട്ടത്തിന്റെ വേഗത മികച്ച ഓട്ടക്കാരനെക്കാൾ സ്പീഡിലായിരുന്നു. എത്തിയത് റെയിൽവേ സ്റ്റേഷനിൽ. അവിടെ കിടന്ന ട്രെയിനിൽ കയറിയിരുന്ന് ഏങ്ങലടിച്ച് കരഞ്ഞു. അമ്മേ.....എന്റെ അമ്മേ എന്നോട് ക്ഷമിക്കണമേ...... ഞാൻ അമ്മയെയല്ല.... അവൻ പുലമ്പിക്കൊണ്ടിരുന്നു.താൻ കാരണം തന്റെ പ്രിയപ്പെട്ട അമ്മയുടെ മരണം ഭ്രാന്താത്മക ചിന്തകൾക്കൊണ്ട് താൻ ട്രെയിനിൽ നിന്ന് എടുത്ത് ചാടുവാൻ കൂടി തോന്നിയ നിമിഷങ്ങൾ. അവൻ എവിടെ പോകുന്നു എന്നറിയാതെ എവിടെ എത്തും എന്നറിയാതെ ട്രെയിനിൽ ഇരിക്കുമ്പോഴും ട്രെയിൻ തന്നെയുംകൊണ്ട് ചൂളം വിളിച്ചു പായുകയായിരുന്നു. എപ്പോഴോ താൻ ഉറങ്ങിപ്പോയിരിക്കുന്നു. ബഹളം കേട്ട താൻ കണ്ണു തുറന്നു നോക്കിയപ്പോൾ വണ്ടി ഏതോ സ്റ്റേഷനിൽ നിർത്തിയിരിക്കുകയാണ്. അടുത്തിരിക്കുന്ന മനുഷ്യൻ തന്നെ നോക്കി ചിരിച്ചു..... അയാൾ പറഞ്ഞു എവിടെ പോകുന്നു. തനിച്ചാണ് അല്ലേ? .....ഉറക്കത്തിൽ ഏങ്ങലടിച്ച് കരയുന്നുണ്ടായിരുന്നു. അവൻ ഒന്നും മിണ്ടിയില്ല. കണ്ണുനീർ അടക്കി നിറുത്തിയിട്ടും അണപ്പൊട്ടി ഒഴുകി. അയാൾ പറഞ്ഞു വിഷമിക്കരുത് നീ എന്റെ കൂടെ വന്നു കൊള്ളൂ.......എല്ലാറ്റിനും പരിഹാരം കാണാം എന്ന് പറഞ്ഞ് തന്നെ ആശ്വസിപ്പിച്ചു. മറ്റൊരു സ്റ്റേഷനിൽ

വണ്ടി നിറുത്തിയപ്പോൾ അയാൾ തന്നെയുംകൊണ്ട് ഇറങ്ങി. വഴിയിൽ പലരും അയാളെ തൊഴുന്നുണ്ടായിരുന്നു. 'ദാദാജി' എന്നാണ് പലരും വിളിക്കുന്നത്. വീട് എത്തിയപ്പോൾ തനിക്ക് പരിചയമില്ലാത്ത ഭാഷ സംസാരിച്ചുകൊണ്ട് ഒരു പെൺകുട്ടി ഓടിവന്ന് ബാഗുകൾ വാങ്ങിക്കുന്നു. തന്നെനോക്കി എന്തോ ചോദിക്കുന്നുണ്ട്. ദാദാജി എന്നോട് പറഞ്ഞു. ഇത് എന്റെ മകൾ നീതു....അവൾ പഠിക്കുകയാണ്. വെക്കേഷന് വന്നതാണ് എന്നു പറഞ്ഞു. താൻ അവളെ നോക്കി ചിരിച്ചു.

പിന്നീടുള്ള ദിവസങ്ങളിൽ 'ദാദാജി' തന്റെ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. തന്നെ തന്റെ നാട്ടിൽ കൊണ്ടു പോയി വിടാനും തയ്യാറായിരുന്നു. പക്ഷേ അമ്മയില്ലാത്ത നാട്ടിൽ പോകാൻ ഞാൻ തയ്യാറായില്ല. പിന്നെ അവിടുത്തെ സ്കൂളിൽ ചേർത്തു പഠിപ്പിച്ചു. പഠിക്കാൻ മിടുക്കനായ താൻ എല്ലാറ്റിലും ഒന്നാമനായി. ദാദാജിക്ക് ബിസിനസ്സ് ആണ് പലയിടത്തും യാത്ര ചെയ്യുന്ന ദാദാജിക്ക് ആറ് ഏഴ് ഭാഷകൾ അറിയാം. അങ്ങനെയാണ് മലയാളവും പഠിച്ചത്. ഭാര്യ മരിച്ചതു കാരണം മോളെ ബോർഡിങ്ങിൽ നിറുത്തിയിരിക്കുകയാണ്. ദാദാജി എപ്പോഴും യാത്രയിലായിരിക്കുമല്ലോ. തന്റെ ജീവിതത്തിലെ പറിച്ചു നടൽ..........പുതിയ ജീവിതവുമായി താൻ താദാത്മ്യം പ്രാപിക്കാൻ തുടങ്ങി. ദാദാജിയെയും കൂട്ടി താൻ അമ്മയ്ക്കുള്ള ബലിതർപ്പണം ഗയയിൽ പോയി ചെയ്തു. ഇന്നും താൻ അമ്മയുടെ ശ്രാദ്ധം ഓർക്കാറുണ്ട്. താൻ പലപ്പോഴും ഓർക്കും. അച്ഛൻ എന്ന് വിളിപ്പിച്ചിരുന്ന ആ മനുഷ്യൻ ഒരല്പമെങ്കിലും എന്നെ സ്നേഹിച്ചിരുന്നെങ്കിൽ ഞാൻ അരുതാത്തത് ഒന്നും ചെയ്യില്ലായിരുന്നു. ആ വൈകാരിക നിമിഷത്തിൽ ചെയ്തത് തെറ്റാണ് എന്ന് അറിയാമായിരുന്നിട്ടും.......വികാരം വിവേകത്തെ കീഴടക്കി. മുത്തശ്ശി ഇപ്പോൾ ഉണ്ടോ.....ആവോ...അനുജത്തി വലുതായി കാണും. പല രാത്രികളിലും ചിന്തകൾ തന്നെ കണ്ണുനീരിൽ കൊണ്ടു ചെന്നെത്തിച്ചു.

അങ്ങനെ ദിവസങ്ങൾ കടന്നു പോയപ്പോഴാണ് ഒരു ദിവസം ദാദാജിക്ക് അറ്റാക്ക് വന്നത്. അദ്ദേഹം ആകെ ഭയന്നു പോയി. അസുഖം ഭേദമായി വീടെത്തിയിട്ടും ദാദാജി ആകെ പരിഭ്രമത്തിലായിരുന്നു. അന്ന് ജോലിക്കുള്ള തിരച്ചിലിലായിരുന്നു ഞാൻ. ദാദാജി പറഞ്ഞു നീ എന്റെ ബിസിനസ്സ് എല്ലാം നോക്കി നടത്തണം മാത്രമല്ല നീതുവിനെ നീ വിവാഹവും ചെയ്യണം. നമ്മുടെ ജീവിതത്തിലേക്ക് ഇനി മറ്റാരും കടന്നു വരണ്ട.......ദാദാജി പറയുന്നത് അക്ഷരംപ്രതി അനുസരിക്കാനേ തനിക്ക് കഴിയുമായിരുന്നുള്ളൂ.........ദാദാജി ഇല്ലെങ്കിൽ ഞാൻ ഇന്നില്ല. വൈകാതെ തന്നെ നീതുവിനെ എന്നെ ഏൽപ്പിച്ചുകൊണ്ട് ദാദാജി യാത്രയായി..... ഒരു മാറ്റം അനിവാര്യമാണെന്ന് തോന്നിയ ഞങ്ങൾ ഡെൻമാർക്കിലേക്ക് താമസം മാറ്റി. നീതു അവിടുത്തെ ഷോപ്പിലെ കാര്യങ്ങൾ നോക്കി താൻ ബിസിനസ്സുമായി കറങ്ങി നടന്നു. ഞങ്ങൾക്ക് രണ്ടു കുട്ടികളുമുണ്ടായി. ജീവിതത്തിൽ വല്ല്യ പ്രശ്നങ്ങൾ ഒന്നുമില്ല എന്നു തോന്നിയ നാളുകൾ. ലോകത്തിലെ ഏറ്റവും സന്തോഷമുള്ള രാജ്യമായ ഡെൻമാർക്കിൽ.....

ഒരു ദിവസം ഫേസ്ബുക്കിൽ തനിക്ക് ഫ്രണ്ട്ഷിപ്പ് അഭ്യർത്ഥന . തന്റെ കൂടെ പഠിച്ചിരുന്ന രാമദാസിന്റേത് അയച്ചിട്ട് കുറച്ചു ദിവസങ്ങൾ ആയിരിക്കുന്നു. തനിക്ക് ഇതൊന്നും നോക്കാൻ ഒട്ടും സമയമില്ലല്ലോ. വേഗം ഫ്രണ്ട് ആക്കി മാറ്റി. അപ്പോഴാണ് അവൻ ഒരു മെസേജ് അയച്ചിരിക്കുന്നു. നാട്ടിൽ നിന്നെ കാത്ത് കുറച്ചുപേർ ജീവിക്കുന്നുണ്ട്. നീ ഇത്രടം ഒന്നു വരണം. വരാതെയിരിക്കരുത്. പിന്നെ ഒരു വിവരവുമില്ല. നീതുവിനോട് പറഞ്ഞപ്പോൾ അവൾ പറഞ്ഞു, പോകണം. അനുജത്തിയും മറ്റുമായിരിക്കും. നന്ദനും അത് ആഗ്രഹിക്കുന്നില്ലേ എന്ന് ചോദിച്ചപ്പോൾ താൻ ഇറങ്ങി പുറപ്പെട്ടു. എന്താ സാർ ഇറങ്ങുന്നില്ലേ......വിമാനം താഴേക്ക് ഇറങ്ങി. അപ്പോഴാണ് അയാൾ ചിന്തയിൽ നിന്നും ഉണർന്നത്.

(തുടരും)

# അഭിനന്ദനങ്ങൾ



**എറണാകുളം കരയോഗാംഗമായ സിന്ധുമോഹന് (L/5324) (ശിവഗംഗ, പാടം റോഡ്, എളമക്കര)ഹിന്ദി സാഹിത്യത്തിൽ ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയിൽ നിന്നു ഡോക്ടറേറ്റ് ലഭിച്ചതിൽ എറണാകുളം കരയോഗത്തിനുള്ള സന്തോഷം രേഖപ്പെടുത്തുകയും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു കൊള്ളുന്നു.**

# സന്തോഷവും സമാധാനവും

വിദ്വൽപ്രഭ ജെ എസ്. ഫോൺ: 9847537007

സന്തോഷവും സമാദാനവും, ഇതു രണ്ടും ഏവരും കാംക്ഷിക്കുന്ന രണ്ടുഘടകങ്ങൾ അത് ഏത് വിധത്തിൽ നേടാം എന്ന ആകുലതയാണ് പലപ്പോഴും ഉറക്കം കെടുത്തുന്നത്. ആർക്കും എന്തും ഏപ്പോഴും സംഭവിക്കാം. പക്ഷെ എങ്ങനെ അഭിമുഖീകരിക്കുന്നുവെന്നതിലാണ് മഹത്വം. ഒരാളുടെ നന്മ മറ്റൊരാളുടെ കാഴ്ചപ്പാടിൽ തിന്മയാകാം മറിച്ചുമാകാം.

'നമുക്കുനാമേപണിവതു നാകം

നരകവുമതുപോലെ' എന്ന കവി വാക്യം ഇവിടെ പ്രസക്തമാണ്.

ജിവിതാനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കും വിവേചനം. നമ്മുടെ കർമ്മഫലമാണ് സ്വർഗ്ഗവും നരകവും ഈ രണ്ടിന്റേയും ആധാരം എന്ന് വിശ്വസിക്കുന്ന ഒരു വിഭാഗം. അതു ഈശ്വരേഛയാണെന്ന് സ്വയം ആശ്വസിച്ച് ദു;ഖഭാരം കുറക്കുന്നു മറ്റൊരു കൂട്ടർ, ഇതു ഒരു കഥയിലൂടെ നമുക്ക് മനസ്സിലാക്കാം.

ഒരു ഗ്രാമത്തിൽ ഒരു കർഷകൻ ഉണ്ടായിരുന്നു. എന്തും വളരെ ലാഘവത്തോടെ കാണുന്ന ഒരു സാധാരണക്കാരൻ. അമിത സന്തോഷമോ ദു;ഖമോ പ്രകടിപ്പിക്കാത്ത വ്യക്തി. കൃഷിസ്ഥലത്ത് സഹായത്തിന് ഒരു കുതിരമാത്രമാണുണ്ടായിരുന്നത്. ഒരു ദിവസം ആ കുതിര കാട്ടിലേയ്ക്കോടിപ്പോയി. എല്ലാവരും സഹതാപത്തോടെ പറഞ്ഞു 'കഷ്ടം! ഭാഗ്യദോഷം' കൃഷിക്കാരൻ നിസ്സംഗനായിപറഞ്ഞു 'ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം'.

ഒരാഴ്ച കഴിഞ്ഞ് കാട്ടിൽ പോയ കുതിര തിരിച്ചെത്തി. കൂടെ ചുറുചുറുക്കുള്ള പത്തു കുതിരകളും. നാട്ടുകാർ അത്ഭുതസ്തബ്ധരായി. അവർ ഒരേ സ്വരത്തിൽ പറഞ്ഞു 'അയാൾ ഭാഗ്യവാൻ' അപ്പോഴും ഒന്നേ അയാൾക്ക് പറയാനുള്ളു 'ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം' പതിവുപോലെ അയാൾ കൃഷിജോലികൾ ചെയ്തു. കൂടുതൽ കുതിരകളെ മെരുക്കുന്നതും അദ്ധ്വാനമല്ലേ. കാട്ടുകുതിരകളെ മെരുക്കാൻ അയാളുടെ മകനുമുണ്ടായിരുന്നു.

കുതിരകളെ മെരുക്കുന്നതിനിടയിൽ ആ മകൻ വീണ് സാരമായ പരുക്കേറ്റു. കാലൊടിഞ്ഞു കിടപ്പിലായി. വല്ലാത്ത ഒരു സാഹചര്യമായി, കൃഷിപണിക്ക് ബുദ്ധിമുട്ടായി. വീണ്ടും ജനം ഒച്ചയിൽ അലറി 'കുതിരകൾ വന്നത് അയാൾക്ക് കാലക്കേടിനാണ്. അയാളുടെ ഭാഗ്യദോഷം' കൃഷിക്കാരൻ ശാന്തനായി ആ പല്ലവി ആവർത്തിച്ചു 'ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം'

അടുത്ത ദിവസം പട്ടണത്തിൽ നിന്നും ഒരു പടത്തലവൻ ഗ്രാമത്തിലെത്തി. യുദ്ധം നടക്കുന്നതിനാൽ ചെറുപ്പക്കാരെയെല്ലാം പട്ടാളത്തിൽ ചേർക്കുകയെന്ന ലക്ഷ്യമായിരുന്നു അയാൾക്ക്. ബലം പ്രയോഗിച്ച് നാട്ടിലെ ചെറുപ്പക്കാരെയെല്ലാം യുദ്ധക്കളത്തിലേക്ക് കൊണ്ടുപോയി. ബന്ധുക്കളും നാട്ടുകാരും അലമുറയിട്ടു എന്നാൽ കൃഷിക്കാരൻ അപ്പോഴും നിസ്സംഗനാണ്.

കൃഷിക്കാരന്റെ മകന്റെ കാലൊടിഞ്ഞു എന്ന ഒറ്റക്കാരണത്താൽ അവനെ ഒഴിവാക്കി. ആ കാലൊടിയുമ്പോൾ ഇങ്ങനെ ഒരു നന്മ അതിന്റെ പിന്നിലുണ്ടെന്ന് ഒരിക്കലും നമുക്ക് തോന്നില്ല . ഇതാണ് പറയുന്നത് ഏതു കൊച്ചു ദു:ഖവും വലിയ സന്തോഷത്തിനാണെന്ന്. പക്ഷെ നാം അതു മറക്കുന്നു.

വീണ്ടും നാട്ടുകാർ അത്ഭുതത്തോടെ പറഞ്ഞു 'കൃഷിക്കാരന്റെ ഒരു ഭാഗ്യം' ദൈവം ഏതുതരത്തിലാണ് ഓരോ ജിവിതവും മെനഞ്ഞെടുക്കുകയെന്ന് പ്രവചിക്കാൻ ആർക്കും സാധ്യമല്ല. ആ ചിന്ത നമ്മിലുണ്ടെങ്കിൽ ശുഭാപ്തി വിശ്വാസം നമുക്ക് ഉണ്ടാകും.

കൃഷിക്കാരൻ ഒരു പ്രതിഭാസമാണ്. ഒരു വാചകം മാത്രമേ അയാൾക്ക് പറയാനുള്ളു.

'ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം'

'ആർക്കറിയാം' എത്ര ഉചിതമായ വാക്കാണ് മനുഷ്യരായ നമുക്കൊന്നും നാളെയെ എന്നല്ല അടുത്ത സെക്കന്റിൽ എന്തു നടക്കുമെന്ന് മുൻകൂട്ടി പറയാനാവുകയില്ല. ഇപ്പോൾ അതിൽ വരുന്ന ഏതും സന്തോഷമോ, സന്താപമോ എല്ലാം നല്ലതിനെന്ന ചിന്തയിൽ മുന്നോട്ടു പോവുകയേ നിർവാഹമുള്ളു

പ്രശ്നങ്ങളില്ലാത്ത ജീവിതമില്ല. അത് എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതാണ് പ്രധാനം തളരാതെ പതറാതെ, സധൈര്യം നമ്മുടെ കർത്തവ്യം ചെയ്യുക സമാധാനവും, സന്തോഷവും ആ ശക്തി പ്രദാനം ചെയ്യുമെന്ന് വിശ്വസിക്കാം.

# ശ്രീനാരദൻ

കല്പകം സോമരാജൻ. ഫോൺ : 9895453072

'ശാരദ നീരത സന്നിഭനാകിയ
നാരദ മാമുനി വീണയുമായി
ചാരു ദയാനിധി കലഹപ്രീതിവി-
ശാരദ നാകിയ ഭഗവാനൊരുനാൾ'

ശ്രീ നാരദമഹർഷിയെ പരാമർശിക്കാൻ വളരെ അനവർത്ഥമായ ഒരു കവിതാശകലം. വളരെ ലളിതം ദ്വിതീയാക്ഷര പ്രാസത്താൽ അലംകൃതം. അങ്ങനെ നാരദ മാമുനി ഇതാ നമ്മുടെ മുന്നിൽ ആഗതനായിരിക്കുന്ന പ്രതീതി. അതെന്തുമാകട്ടെ അതിഗംഭീരാകാരനൊന്നുമല്ലാത്ത എന്നാൽ അതിസുന്ദര രൂപിയായ ശാരദനായ നമ്മുടെ മാമുനി വീണയും കൈയിലേന്തി നമുക്കിടയിലേക്കു നിറ പുഞ്ചിരിയോടെ കടന്നു വരുന്നതായ ചിന്ത തന്നെ അതീവ ഹൃദ്യമാണ്. നാരദ കഥകൾ ഒരുപാടുണ്ട്.

ചിലപ്പോൾ ചിലർ വരുന്നതു കണ്ടാൽ, പ്രത്യേകിച്ച് നാട്ടിൻ പുറങ്ങളിൽ , അറിയാതെ മനസ്സിലെങ്കിലും ചിന്തിച്ചു പോകും ഭഗവാനെ വരുന്നുണ്ടല്ലോ നാരദൻ . എന്തും കൊണ്ടാണോ വരുന്നത്? പക്ഷെ ആ ചിന്ത ശരിയല്ല എന്നു നാരദ കഥകളിലൂടെ സഞ്ചരിക്കുമ്പോൾ മനസ്സിലാകും. ആയതിനാൽ നാരദ മഹർഷി ഒരേഷണി ജന്മമല്ല, മറിച്ച് ലോകോപകാരജന്മമാണ് എന്ന തരിച്ചറിവ് മനസ്സിൽ ദൃഢമായി സൂക്ഷിക്കുക. പുരാണേതിഹാസങ്ങളിൽ നിറസാന്നിദ്ധ്യമായ ഒരു ഋഷിശ്രേഷ്ടൻ ഈ നിർവ്വചനമാണ് ശ്രീനാരദന് യോജിക്കുക. എന്തെന്നാൽ ഇന്നു ജനമനസ്സുകളിൽ പതിഞ്ഞിരിക്കുന്ന രീതിയിലുള്ള ഒരു ജന്മമല്ല ശ്രീ നാരദന്റേത്. ആത്യന്തിക ജ്ഞാനത്തിന്റേയും കലാസപര്യയുടേയും പര്യായമാണ് അദ്ദേഹം. ലോക സഞ്ചാരമാണ് നിതാന്തമായ ലക്ഷ്യം. മഹതി വീണയും ചപ്ലാംകട്ടയും സന്തത സഹചാരികളാണ്. ഈ വാദ്യോപകരണങ്ങൾ ഇല്ലാതെ നാരദമുനിയെ എങ്ങും കാണുന്നില്ല. മധുര മധുരമായി ഹരിനാമ സഹസ്രങ്ങൾ ആലപിച്ചുകൊണ്ടിരിക്കും. എത്ര ഹരിനാമ വിരോധിയായാലും നാരദ രൂപം കണ്ണിൽ കണ്ടാൽ മനസ്സിൽ തെളിഞ്ഞാൽ നാരായണ നാരായണ മന്ത്രം അറിയാതെ നാവിൽ തത്തിക്കളിച്ചു പോകും.

നാരദ ജന്മങ്ങളെ കുറിച്ചു മാത്രം അല്പാല്പമായി ചിന്ത ചെയ്യാം. ശ്രീ നാരദന് പലേ കാലങ്ങളായി ഏഴു ജന്മങ്ങൾ ഉണ്ടായിരുന്നു എന്ന് പുരാണങ്ങൾ പറയുന്നു. നാരദന്റെ ജന്മത്തെ കുറിച്ച് ദേവീ ഭാഗവതം പഞ്ചമ സ്കന്ദത്തിൽ പറഞ്ഞു കാണുന്നു. ബ്രഹ്മാവ് സൃഷ്ടി കർമ്മം അനുസ്യൂതം തുടരുന്നതിനിടെ അദ്ദേഹത്തിന്റെ മടിയിൽ നിന്ന് നാരദൻ ജനിക്കുന്നു. ഭക്തി, ജ്ഞാനം, അന്വേഷണതൽപരത, ലോക സഞ്ചാരം എന്നിവയെല്ലാം ശ്രീ നാരദമഹർഷിയുടെ മുഖ മുദ്രകളാണ്. ഹിന്ദു പുരാണങ്ങളിൽ ഇത്രത്തോളം നിറസാന്നിദ്ധ്യം മറ്റൊരു കഥാപാത്രത്തിനും ഉണ്ടെന്നു തോന്നുന്നില്ല. നാരദ ജന്മങ്ങളിൽ ആദ്യത്തേത് ബ്രഹ്മപുത്രൻ തന്നെ. ഉപബർഹണൻ, എന്ന ഗന്ധർവ്വൻ , ദ്രുമിള പുത്രനായ നാരദൻ, നാരദന്റെ വാനരജന്മം, ദക്ഷശാപമേറ്റു പിറക്കുന്ന നാരദൻ, ദക്ഷപുത്രനാരദൻ, നാരദന്റെ പുഴുജന്മം. അങ്ങനെയുള്ള ജന്മങ്ങളും ഇതിനുപരിയായി മഹാഭാരതത്തിൽ അനുശാസനപർവ്വത്തിൽ വിശ്വാമിത്രപുത്രനായും ഒരു നാരദ ജന്മം പറഞ്ഞു കാണുന്നുണ്ട്.

ഇങ്ങനെ പല ജന്മങ്ങളിലൂടെ ശ്രീ നാരദ മഹർഷീ സാന്നിദ്ധ്യം കാണുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജീവിതരീതിയുടെ ഒരു നൈര്യന്തര്യ സ്വഭാവം എങ്ങും വ്യക്തമാക്കപ്പെടുന്നില്ല. മഹതീ വീണയാണ് അദ്ദേഹത്തിന്റെ സന്തതസഹചാരി. ഒരു കൈയിൽ വീണയും മറു കൈയിൽ താളം പിടിക്കാനുള്ള ചപ്ലാം കട്ടയുമായി നാരായണ മന്ത്രത്തോടെ ആ സുന്ദര രൂപം എവിടേയും എപ്പോഴും പ്രത്യക്ഷപ്പെടുന്നു. ഭഗവൽ കീർത്തനങ്ങൾ അതീവ മധുരമായി ആലപിച്ച് നമ്മുടെ ഇടയിൽ ചുറ്റിത്തിരിയുന്നു. ബ്രഹ്മപുത്രനായ നാരദൻ തന്നെ ആദ്യ ജന്മം. അടുത്തത് ഉപ ബർഹണൻ ഇത് ഗന്ധർവ്വ ജന്മമാണ്. ബ്രഹ്മപുത്രനായ നാരദൻ യൗവ്വനത്തിലും ഭക്തിയുടെ അന്തരാളങ്ങളിൽ ആനന്ദം കണ്ടെത്തി ഭൗതിക ജീവിത ഭോഗങ്ങളിൽ നിന്ന് അകന്നു ജീവിക്കുന്നു. എന്നാൽ ബ്രഹ്മാവ് പുത്രനെ ഗ്രഹസ്ഥാശ്രമത്തിലേക്കു വരുവാനും അതുവഴി പ്രജാസൃഷ്ടി നടത്തുവാനും നിർബന്ധിക്കുന്നു. പക്ഷെ നാരദൻ പിതൃ ആജ്ഞയെ തള്ളിക്കളയുന്നു. കോപിഷ്ടനായ ബ്രഹ്മാവ് നീ അടുത്ത ജന്മത്തിൽ ഗന്ധർവ്വനായി പിറക്കുമെന്നും വീണാവാദനത്തിൽ അദ്വിതീയനായ നിനക്കു 50 ഭാര്യമാർ ഉണ്ടാകുമെന്നും ശപിക്കുന്നു. കാലാന്തരത്തിൽ അങ്ങനെ സംഭവിക്കുന്നു. ഗന്ധർവ്വ

രാജാവായ ചിത്രകേതു ദമ്പതിമാർ പുത്ര പ്രാപ്തിക്കായി മഹാദേവനെ തപസ്സു ചെയ്യുന്നു. മഹാദേവന്റെ അനുഗ്രഹത്താൽ നാരദർ അവർക്കു പുത്രനായി പിറക്കുന്നു. ഉപബർഹണൻ എന്നു അവർ പുത്രന് നാമകരണം ചെയ്യുന്നു. കാലാന്തരത്തിൽ ഇദ്ദേഹം 50 ഭാര്യമാരോടൊപ്പം ജീവിച്ച് കാലം ചെയ്യുന്നു,.

അടുത്തത് ദ്രുമിള പുത്രനായ നാരദൻ. നാരകത്തെ ദാനം ചെയ്യുന്നവൻ നാരദൻ. എന്നു വിവക്ഷ. ഈ കഥ ഭാഗവതം സപ്തമ സക്കന്ധത്തിലാണ്. കന്യാകുബ്ജം എന്ന രാജ്യത്തെ രാജാവും പത്നിയും സർവ്വാത്മനാ സന്തുഷ്ട ദമ്പതികളായിരുന്നു. എന്നാൽ അനപത്യ ദു:ഖം ഇവരെ അലട്ടി. ഇതിനൊരു പരിഹാരം കാണുവാനായി രാജദമ്പതിമാർ ഗംഗാതീരത്തെത്തി തപസ്സനുഷ്ടിക്കുന്നു. ദ്രുമിള പത്നി കലാവതി കശ്യപ മഹർഷിയെ പ്രാർത്ഥിച്ച് പ്രത്യക്ഷനാക്കുന്നു. പ്രീതനായ മഹർഷി കലാവതിക്ക് പുത്രാനുഗ്രഹം നൽകുന്നു. എങ്കിലും രാജദമ്പതികൾ രാജധാനിയിലേക്കു മടങ്ങാതെ ആ മനോഹര തീരത്ത് സസുഖം വാഴുന്നു. എന്നാൽ കഷ്ടമെന്നു പറയട്ടെ, ദ്രുമിളൻ പെട്ടെന്ന് സ്വർഗ്ഗ പ്രാപ്തനാകുന്നു. പൂർണ്ണ ഗർഭിണിയായ കലാവതിയാകട്ടെ ഒറ്റപ്പെട്ട അവസ്തയിൽ അലഞ്ഞു തിരിയുന്നു. അങ്ങനെ അകലെയൊരു ഗ്രാമത്തിൽ എത്തിച്ചേരുന്നു. എന്നാൽ ആ ഗ്രാമം വരൾച്ചയുടെ പരമമായ അവസ്ഥയിലായിരുന്നു. വെള്ളം എന്നത് അവർക്ക് തീർത്തും അന്യമായിരുന്നു. ഈ അവസ്ഥയിലും ഗ്രാമവാസികൾ കലാവതിക്ക് ആവശ്യമായ വെള്ളം എങ്ങനെയും എത്തിച്ചു കൊടുത്തു കൊണ്ടിരുന്നു. ഒരു ദിനം കലാവതി ഒരു പുത്രനു ജന്മം നൽകുന്നു. അ ദിവസം ആ ഗ്രാമത്തിൽ ആവോളം മഴ പെയ്യുന്നു. ഗ്രാമം സന്തോഷത്തിൽ ആറാടുന്നു. തങ്ങൾക്ക് ഇഷ്ടാനുസരണം നാരം ദാനം ചെയ്യുവാൻ കാരണഭൂതനായ ആ ബാലനെ ഗ്രാമീണർ നാരദനെന്നു നാമകരണം ചെയ്തു വളർത്തി.

അടുത്തത് നാരദന്റെ വാനരജന്മമാണ്. പുനർ ജന്മത്തിലും സ്വപിതാവായ ബ്രഹ്മാവിന്റെ തന്നെ പുത്രനായി അദ്ദേഹം പിറന്നു. ജന്മസിദ്ധ വാസനയായ വിഷ്ണു ഭക്തിയോടൊത്ത് അദ്ദേഹം വളർന്നു. യൗവ്വനത്തിൽ വിവാഹബന്ധത്തിലേർപ്പെടുവാൻ പിതാവ് നിർബന്ധിക്കുന്നു. പരമമായ ശാന്തി ലഭിക്കുന്ന സന്യാസത്തിലേക്കു തിരിയുവാനാണ് തന്റെ ആഗ്രഹം എന്ന് നാരദൻ പിതാവിനെ അറിയിക്കുന്നു. എന്നാൽ നാലു പുരുഷാർത്ഥങ്ങളെക്കുറിച്ചും പിതാവ് പുത്രനെ നല്ല രീതിയിൽ ഉപദേശിച്ച് ബോധവത്ക്കരിക്കുന്നു. സന്യാസം പോലെ പ്രധാനമാണ് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നീ ആശ്രമങ്ങളെന്നും ഉത്തമ പുരുഷൻ എല്ലാ ആശ്രമങ്ങളും വേണ്ടും വണ്ണം ആചരിക്കണമെന്നും അതിനുശേഷമാകാം സന്യാസമെന്നും പിതാവ് ഉപദേശിക്കുന്നു. ആശ്രമാചരണങ്ങൾ നടത്താതെ ഓടിയൊളിക്കുന്നത് ഭീരുത്വമാണെന്നും പിതാവ് പുത്രനെ ഓർമ്മിപ്പിക്കുന്നു. പിതാവിന്റെ ആഗ്രഹത്തിനു വഴങ്ങി നാരദൻ ഗൃഹസ്ഥാശ്രമിയാകുവാൻ തയ്യാറെടുക്കുന്നു. അങ്ങനെ ഹിമാലയ പ്രാന്തത്തിലുള്ള ബദരീകാശ്രമത്തിലെ സഞ്ജയ മഹർഷിയുടെ പുത്രി ദമയന്തിയെ വേൾക്കാൻ അദ്ദേഹം തയ്യാറാകുന്നു. ആശ്രമത്തിലെത്തിയ നാരദരെ ശുശ്രൂഷിക്കുവാൻ ദമയന്തിയേയും സഹോദരി മാലതിയേയും മുനി നിയോഗിക്കുന്നു. കന്യകയിൽ അത്യന്തം ഭ്രമിച്ച നാരദൻ ദമയന്തിയുമൊത്തുള്ള മോതിര മാറ്റം നടത്തിയ ശേഷം തിരിച്ചു പോകുന്നു. ഇതിനിടെ മറ്റൊരു കാര്യം സംഭവിക്കുന്നു. നാരദനും, സുഹൃത്ത് പർവ്വതനും ഭൂപര്യടനത്തിനായി പുറപ്പെടുന്നു. വഴി മദ്ധ്യേ ചാതുർമാസ വ്രതാനുഷ്ടാന പരിസമാപ്തിക്കായി ബദരികാശ്രമത്തിൽ എത്തുന്നു. അവരെ സസന്തോഷം സ്വീകരിച്ച് ഋഷി അവർക്കായി പൂജാദി കാര്യങ്ങൾ ഒരുക്കി വേണ്ട സഹായങ്ങൾ ചെയ്യുവാനായി ദമയന്തിയെ നിയോഗിക്കുന്നു. എന്നാൽ ദമയന്തി തന്റെ പ്രതിശ്രുത വധുവാണെന്ന കാര്യം നാരദൻ പർവ്വതനോട് പറഞ്ഞിരുന്നില്ല. തന്നെക്കാൾ ശ്രദ്ധയോടെ കന്യക സുഹൃത്തിനെ പരിചരിക്കുന്നു എന്ന തോന്നൽ ഉണ്ടായ പർവ്വതൻ സുഹൃത്തിനോടു കാര്യം തിരക്കുന്നു. നാരദന് ആത്മസുഹൃത്തിനു മുൻപിൽ കാര്യം വെളിപ്പെടുത്തേണ്ടി വരുന്നു. എന്നാൽ കുപിതനായ സുഹൃത്ത് തന്നെ ഇത്രയും നാൾ വഞ്ചിച്ച നാരദനെ നീ നൂറ് വർഷം വാനര ജന്മമായിപ്പോകട്ടെ എന്നു ശപിക്കുന്നു. ഒട്ടും വിടാതെ തന്നെ ശപിച്ച പർവ്വതൻ അത്രയും കാലം യമപുരിയിലെ നരകലോകത്ത് നീറിക്കഴിയട്ടെ എന്ന് നാരദനും ശപിക്കുന്നു. ഇരുവരും ശാപഗ്രസ്ഥരായി തീരുന്നു.

ഈ അവസരത്തിൽ പിതാവ് ദമയന്തിക്കായി അനുരൂപനായ വരനെ തിരയുന്നു. എന്നാൽ ദമയന്തി മറ്റൊരു വിവാഹത്തിനും വഴങ്ങുന്നില്ല. നാരദവാനരനെ തന്നെ അവൾ വിവാഹം കഴിക്കുന്നു. അങ്ങനെ ശാപകാലം 100 വർഷവും അവർ സസുഖം കഴിയുന്നു. ഇതാണ് നാരദന്റെ വാനരജന്മം.

ദക്ഷപുത്രനായ നാരദനാണ് അടുത്ത ജന്മം. ബ്രഹ്മാവ് സൃഷ്ടി സാധിച്ചു കൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിൽ പ്രജാസൃഷ്ടിക്കായി ദക്ഷ പ്രജാപതിയെ നിയോഗിക്കുന്നു. പ്രജകളെ ഗർഭം ധരിച്ചു പ്രസവിക്കുന്നതിനായി വിരണിയേയും അദ്ദേഹത്തിനു ഭാര്യ

യായി നൽകുന്നു. ദക്ഷൻ ബ്രഹ്മവചസ്സ് ശിരസ്സാ വഹിക്കുന്നു. അദ്ദേഹത്തിനു 5000 പുത്രന്മാർ പിറക്കുന്നു. എല്ലാവർക്കും പ്രത്യേകം പ്രത്യേകം പേരുകൾ ഉണ്ടെങ്കിലും ഇവരെ 'ഹര്യശ്വന്മാർ' എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി. ദക്ഷന്റെ പ്രവൃത്തിയെ ബ്രഹ്മാവ് വളരെ പുകഴ്ത്തി. എന്നാൽ ഈ പ്രവൃത്തിയുടെ അനൗചിത്യം മനസ്സിലാക്കിയ നാരദന് ഈ പ്രവൃത്തിയോട് വിയോജിപ്പായിരുന്നു. എന്നാൽ പിതാവിനോടുള്ള ബഹുമാനം ഹേതുവാൽ അദ്ദേഹം മൗനം ഭജിച്ചു. എന്നാൽ യൗവ്വന യുക്തരായ ഹരിശ്വരന്മാർ പിതാവിന്റെ വഴി തന്നെ തുടരുവാൻ തുനിയുന്നു എന്നറിഞ്ഞ നാരദൻ ഈ രീതിയെ ഏതു വിധേനയും തടയണമെന്നു നിശ്ചയിക്കുന്നു. നാരദൻ അവരെ സമീപിച്ച് ഭൂമിയുടെ പരിതാപാവസ്ഥ പറഞ്ഞു മനസ്സിലാക്കുന്നു. ഹര്യശ്വന്മാരെ ഇത്തരത്തിലുള്ള സൃഷ്ടി കർമ്മത്തിൽ നിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഭൂമിയുടെ പരിമിതി പ്രജാവലിക്ക് തികയാതെ വന്നാൽ അവിടെ യുദ്ധവും മറ്റു തരത്തിലുള്ള അനർത്ഥങ്ങളും എന്നും നിലനിൽക്കുമെന്നും അതു മനസ്സിലാവണമെങ്കിൽ ഭൂമിയുടെ അഗ്രം കണ്ടെത്തി പഠിക്കണമെന്നും നാരദർ അവരെ പറഞ്ഞു ബോധിപ്പിച്ചു. നാരദവാക്കുകൾ വിശ്വസിച്ച ഹര്യശ്വന്മാർ ഭൂമിയുടെ അഗ്രം കണ്ടെത്താനായി പുറപ്പെട്ടു. ഗോളാകൃതിയായ ഭൂമിയുടെ അഗ്രം കണ്ടെത്തുക അസാധ്യം എന്നറിയാവുന്ന നാരദർ ആശ്വാസം കൊണ്ടു. എന്നാൽ ഈ വിവരം അറിഞ്ഞ ദക്ഷൻ നാരദനോടുള്ള പകയുമായി വീണ്ടും സൃഷ്ടി കർമ്മത്തിൽ ഏർപ്പെട്ടു ഇപ്രാവശ്യം പിറന്ന അയ്യായിരം പുത്രന്മാരെ ശബലാശ്വന്മാർ എന്നു നാമകരണം ചെയ്തു. നാരദദൃഷ്ടി തട്ടാതെ വളരെ ശ്രദ്ധയോടെ ഇവരെ കാത്തു സൂക്ഷിച്ചു. എന്നാൽ അവരെയും നാരദൻ തക്കത്തിൽ വശത്താക്കി പറഞ്ഞു മനസ്സിലാക്കി തന്റെ മാർഗ്ഗത്തിൽ കൊണ്ടു വന്നു. ദക്ഷനാകട്ടെ നാരദ പ്രവൃത്തിയിൽ കോപാക്രാന്തനായി പ്രജാസൃഷ്ടി വാശിയോടെ നിർവ്വഹിച്ചുകൊണ്ടിരുന്നു. നാരദൻ ഇവരേയും സൂത്രത്തിൽ തന്റെ വശത്താക്കി ഭൂമിയുടെ അഗ്രം കണ്ടെത്തുവാനായി നിയോഗിച്ചു കൊണ്ടിരുന്നു. ഇത് ദക്ഷന്റെ ക്ഷമയെ പരീക്ഷിക്കലായിരുന്നു. കോപജ്വാലയിൽ അദ്ദേഹം നാരദനെ ശപിക്കുന്നു. എന്റെ പ്രജകളെ ലക്ഷ്യമില്ലാതെ ലോകമെങ്ങും അലയുവാൻ നിയോഗിച്ച നീയും ഒരിടത്തും സ്വസ്ഥമായിരിക്കാതെ എമ്പാടും ചുറ്റിതിരിയുവാൻ ഇടവരട്ടെ, മാത്രമല്ല വരുംജന്മങ്ങളൊന്നിൽ നീ എന്റെ പുത്രനായി പിറക്കട്ടെ, ശാപം അച്ചട്ടായി. നാരദമുനി വീണയുമായി ഇന്നും ലോകം ചുറ്റുന്നു. ദക്ഷ പുത്രനായുള്ള പുനർജന്മവും നടക്കുന്നു.

അടുത്തത് നാരദന്റെ പുഴുജന്മമാണ്. ഇത് ദക്ഷശാപത്താൽ ഭവിച്ചതെന്നും ചിലടെത്ത് പറയുന്നുണ്ട്. എന്നാൽ അതിവിസ്താരത്തിൽ ഇതേക്കുറിച്ചു പറഞ്ഞു കാണുന്നില്ല. ആകാരം കൊണ്ടു പുഴുവെങ്കിലും ഭക്തി ജ്ഞാന വൈരാഗ്യ സിദ്ധികളെ കൊണ്ടു നോക്കുമ്പോൾ ഈ ജന്മവും ശ്രേഷ്ടം തന്നെ എന്നു പറയുന്നു. പുഴു ജന്മം അതിവിപുലമായി പറയപ്പെടുന്നില്ല. എങ്കിലും ചില ചെറിയ കഥകൾ അർത്ഥപൂർണ്ണമായി പറഞ്ഞു കാണുന്നു. ഒരിക്കൽ പുഴു നാരദൻ വിജനമായ പാതയുടെ മദ്ധ്യത്തിലൂടെ സോത്സാഹം ഇഴഞ്ഞു നീങ്ങുകയാണ് . ഈ സമയം ദൂരെയൊരാരവം കേൾക്കുന്നു. ഒരു ഘോഷയാത്രയുടെ വരവാണ്. തന്റെ കഥ കഴിഞ്ഞു എന്നു വിലപിച്ച് പുഴു പാദയോരത്തേക്ക് കഴിയുംവിധം ധൃതിയിൽ ഇഴയുന്നു. കഷ്ടമെന്നു പറയട്ടെ രഥ ഘോഷയാത്ര അപ്പോഴേക്കും പുഴുവിനടുത്തെത്തിക്കഴിഞ്ഞു. എത്രയും തത്രപ്പാടോടെ രഥചക്രം തന്നെ തട്ടാതിരിക്കാൻ പുഴു വഴിയോരത്തേക്ക് തന്റെ ശരീരം ആവതും ഒതുക്കി. യദൃശ്ചയാ ഇതു കാണുവാൻ ഇടയായ രഥത്തിൽ ഉപവിഷ്ടനായിരുന്ന രാജാവ് പുച്ഛത്തോടെ പുഴുവിനെ നോക്കി ഇപ്രകാരം പറഞ്ഞു . നിസ്സാര പുഴുജന്മമായ നീ എന്തിനാണ് ഇത്ര പ്രാണഭയം കാട്ടി നിന്റെ ശരീരത്തെ രക്ഷിക്കുവാൻ ശ്രമിക്കുന്നത്. രാജാവിന്റെ അഹന്തക്കുമുന്നിൽ വിനയാന്വിതനായ പുഴു ഇപ്രകാരം പറഞ്ഞു. മഹാരാജൻ ആകാരത്തിൽ ഞാനും അങ്ങയും തമ്മിൽ അന്തരമുണ്ട്. എന്നാൽ ആത്മാക്കൾക്ക് ഈ അന്തരമില്ല എന്നു അങ്ങ് അറിയുക. അവിടത്തെ ശരീരത്തോട് അങ്ങേക്കുള്ള അതേ സ്നേഹം എനിക്ക് എന്റെ ശരീരത്തോടുമുണ്ട്. കേവലനായ ഈ പുഴുവിന്റെ വാക്കുകൾ രാജാവിന്റെ കണ്ണു തുറപ്പിച്ചു. പുഴു സാധാരണനല്ല എന്ന തിരിച്ചറിവിൽ രാജാവ് പുഴുവിനെ ആദരിച്ച് അനുഗ്രഹിച്ചു എന്നു കഥ.

അടുത്തത് നാരദന്റെ നാരീജന്മമാണ് നാരദൻ സാധാരണമാം വിധം ഭഗവാനെ സന്ദർശിക്കുവാൻ ദ്വാരകയിൽ എത്തുന്നു. അവിടെ സുഹൃത്തുക്കൾ സന്തോഷത്തോടെ കഴിയുന്നു. എങ്കിലും അധികം വൈകാതെ സുഹൃത്തുക്കൾക്ക് ദ്വാരകാവാസം മടുക്കുന്നു. നമുക്കൊരു ലോകയാത്ര ആയാലോ എന്നു ഭഗവാൻ നാരദരോട് താൽപര്യപ്പെടുന്നു. കാത്തിരുന്ന പോലെ അതീവ സന്തോഷത്തിൽ നാരദൻ യാത്രക്കു തയ്യാറെടുക്കുന്നു. അങ്ങനെ സുഹൃത്തുക്കൾ വിമാനത്തിലേറി യാത്ര പുറപ്പെടുന്നു. വളരെ യാത്ര ചെയ്ത നാരദൻ ക്ഷീണിതനാകുന്നു. കടുത്ത ദാഹവും അദ്ദേഹത്തെ അലട്ടുന്നു. വെള്ളത്തിനായി നാലു പാടും തിരയുന്നു. എങ്കിലും സുഹൃത്തിന്റെ അമിതാഹ്ലാദം ദർശിക്കയാൽ ആ സന്തോഷത്തിന് ഭംഗം വരുത്തേണ്ട എന്നു കരുതി നാരദൻ പരമാവ

ധി സംയമനം പാലിക്കുന്നു. എന്നാൽ ഈ സമയം അദ്ദേഹം താഴെ ഒരു തടാകം കാണുന്നു. ആ മാത്രയിൽ സ്വയം മറന്ന് തന്റെ ഇംഗിതം കൃഷ്ണനെ അറിയിക്കുന്നു. അദ്ദേഹവും ദാഹഗ്രസ്ഥനായിരുന്നു. അവർ ദാഹശമനത്തിനായി തടാകതീരത്തെത്തുന്നു. വെള്ളം കണ്ട നാരദൻ ആർത്തിയോടെ ഓടിയടുത്ത് കുടിക്കുവാനായി വെള്ളം കൈക്കുമ്പിളിൽ എടുക്കുന്നു. അപ്പോൾ കൃഷ്ണൻ നാരദനെ തടയുന്നു. ഇത് വിശുദ്ധ ജലമാണെന്നും കുളിച്ച് ശുദ്ധിയോടെയേ ഇതിലെ ജലം കുടിക്കാവൂ എന്നും പറയുന്നു. അല്ലെങ്കിൽ ഭവിഷ്യത്ത് ഗരുതരമായിരിക്കുമെന്നും ഓർമിപ്പിക്കുന്നു. പക്ഷെ കൃഷ്ണന്റെ വാക്കുകൾ ഒന്നും ശ്രദ്ധിക്കാതെ നാരദൻ വെള്ളം കുടിക്കുന്നു. ആ ക്ഷണം നാരദൻ നാരിയായി രൂപാന്തരപ്പെടുന്നു. തിരിഞ്ഞു നോക്കിയ നാരദസുന്ദരി കൃഷ്ണനേയും കാണുന്നില്ല, പിന്നീട് എന്തു ചെയ്യുവാൻ. അന്യമായ സ്ഥലം ഏകാന്തത. നാരദനാരി അലഞ്ഞുതിരിയവാൻ തുടങ്ങി. അങ്ങനെ നടന്നു നടന്ന് ഒരു മുനിയുടെ ആശ്രമത്തിൽ എത്തുന്നു. കഥകളൊന്നും പറയാതെ താൻ വീണ് അപേക്ഷിക്കുന്നു. കരുണ തോന്നി മുനി അവളെ ശിഷ്യയായി സ്വീകരിക്കുന്നു. ശിഷ്യത്വം കാലക്രമേണ വഴിമാറി ഭാര്യാപദത്തിലേക്കു എത്തുന്നു. മാത്രമല്ല ഗാർഹസ്ത്യപൂർണ്ണതനായി ഓമനയായൊരു കുഞ്ഞിന് അവൾ ജന്മവും നൽകുന്നു. തുടർന്നു മിടുമിടുക്കന്മാരായ 59 പുത്രന്മാർക്കു കൂടി നമ്മുടെ നാരദനാരി അമ്മയാകുന്നു. അങ്ങനെ സന്തുഷ്ടരായി ജീവിക്കെ ഒരു ദിവസം മക്കൾ ഓരോരുത്തരായി രോഗപീഡയാൽ മരണപ്പെടുന്നു. അവസാനം മഹർഷിയും മരണത്തിനു കീഴടങ്ങുന്നു. അനാരോഗ്യത്താൽ അവശയായ അവൾക്ക് നാടുനാടാന്തരം അലയുവാൻ പോലും ആകുന്നില്ല. ഈ സമയം അസാധാരണമായ അതികഠിനവിശപ്പാൽ അവൾ അവശയാകുന്നു. ഭക്ഷിക്കാനായി ഒന്നും തന്നെയില്ല. വിശപ്പ് അതികഠിനം. അങ്ങനെ അലയുമ്പോൾ അടുത്തൊരു മാവിൽ തുടുത്ത മാമ്പഴം കാണുന്നു. എങ്ങനെയും അതു പറിച്ച് ഭക്ഷിക്കുവാനുള്ള ശ്രമം പൊക്കക്കുറവുകാരണം സാധിക്കുന്നില്ല. വളരെ ശ്രമിക്കുന്നു, ചിന്തിക്കുന്നു. ഒരുപാധിയും കാണുന്നില്ല. ഒടുവിൽ മുമ്പിൽ തെളിഞ്ഞു വന്ന ഒരേയൊരു വഴി സ്വന്തം ഭർത്താവിന്റെയും പുത്രന്മാരുടേയും ചിതറികിടക്കുന്ന മൃതശരീരങ്ങൾ ഒന്നിനു മുകളിൽ ഒന്നായി കൂട്ടിയിട്ട് അതിനു മുകളിൽ കയറി നിന്ന് മാമ്പഴം പറിക്കുക എന്നുള്ളത് മാത്രമായിരുന്നു,. അങ്ങനെ ചെയ്യുന്നു. പക്ഷെ പറിച്ചെടുത്ത മാമ്പഴം ഭക്ഷിക്കുവാൻ തുടങ്ങുമ്പോൾ അവിടെയെത്തിയ ഒരു ബ്രാഹ്മണൻ അവളെ ഇപ്രകാരം തടയുന്നു. അല്ലയോ സ്ത്രീയേ സ്വഭർത്താവും പുത്രന്മാരും മരിച്ച നീ ദേഹശുദ്ധി വരുത്താതെ ഭക്ഷണത്തിന് ഒരുങ്ങുന്നത് വലിയ പാപം തന്നെയാണ്. ആയതിനാൽ ആദ്യം ശരീരശുദ്ധിവരുത്തുക. അതിനു ശേഷം ഭക്ഷണമാകാം. തന്റെ അനൗചിത്യത്തിൽ ക്ഷമാപണം ചെയ്ത് നാരദനാരി ശരീരശുദ്ധി വരുത്തുവാനായി അടുത്തു കണ്ട തടാകത്തിലേക്കു പോകുന്നു. തടാകക്കരയിൽ എത്തിയപ്പോൾ ഈ തടാകം തനിക്ക് പരിചിതമാണല്ലോ എന്ന ചിന്ത അവരിൽ ഉണ്ടാകുന്നു. ഒരു കൈയിൽ മാമ്പഴം ഉയർത്തി പിടിച്ച് അവർ വെള്ളത്തിൽ ഇറങ്ങി സ്നാനം ചെയ്യുന്നു. ആ നിമിഷം നാരീരൂപം അപ്രത്യക്ഷമായി തൽസ്ഥാനത്ത് നാരദരൂപം ദർശനീയമാകുന്നു. സന്തോഷവാനായി കരയിൽ കയറി നാരദൻ ബ്രാഹ്മണൻ നിന്ന സ്ഥലത്ത് ശ്രീകൃഷ്ണനെയാണ് കാണുന്നത് . നാരദന്റെ നാരീരൂപം മറഞ്ഞെങ്കിലും മാമ്പഴം പിടിച്ചിരുന്ന കൈ പുണ്യതടാകത്തിൽ മുങ്ങായ്കയാൽ സ്ത്രീരീതിയിലായിരുന്നു. ഭഗവാന്റെ നിർദ്ദേശാനുസരണം തടാകത്തിൽ മുങ്ങി നിവർന്ന് ആ കുറവും പരിഹരിച്ചു,.ഈ സംഭവിക്കുന്നതൊക്കെ എന്താണ് ഭഗവാനെ എന്ന് നാരദൻ ശ്രീകൃഷ്ണനോട് ചോദിക്കുന്നു. ഇതെല്ലാം കേവലം വിധിയാണ്. മായാബന്ധനങ്ങളാണ്. അനുഭവിക്കാതെ തരമില്ല. അങ്ങയുടെ ഭർത്താവായി വന്ന മുനി സാക്ഷാൽ കാലപുരുഷനാണ്. 60 പുത്രന്മാർ വർഷത്തിന്റെ അറുപതു നാമങ്ങളുമാണ്. അവർക്കൊന്നും മരണമില്ല. ആയതിനാൽ മായാബന്ധത്തിൽ നിന്ന് മുക്തനായ അങ്ങ് സ്വസ്ഥനാവുക, ഭഗവാന്റെ ഉപദേശത്താൽ സ്വസ്ഥചിത്തനായി തീർന്ന് നാരദൻ ഭഗവാനുമൊത്ത് തന്റെ സഞ്ചാരം വീണ്ടും തുടരുന്നു. നാരദജന്മങ്ങളെ കുറിച്ച് ഇത്രയും എഴുതി തത്ക്കാലം നിർത്തുന്നു.


**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

# OUR PILGRIMAGES – 2019

## കൈലാസ മാനസ സരോവർ
(BY FLIGHT/ HELICOPTER)
JUNE

**ശിവപാർവ്വതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരസും കാഠ്മണ്ഡുവിലെ പശുപതിനാഥ്, ബൗദ്ധനാഥ്, സ്വയംഭൂനാഥ്, മുക്തിനാഥ് ക്ഷേത്രങ്ങളും കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു.**
**യാത്രനിരക്ക് : 1,79,800/-+ Rs. 20,000 /-(Flight)**

## അമർനാഥ് - വൈഷ്ണോദേവി - ശിവകോടി - ശ്രീനഗർ - ഗുൽമാർഗ് (ജൂലൈ)
Flight Trip - Kochi to Sri Nagar & Return Delhi to Kochi
യാത്രാനിരക്ക് : Rs. 39,800/-

## ലേ, ലഡാക്ക്, കാർഗിൽ, ശ്രീ നഗർ, ഗുൽമാർഗ് - (ജൂലൈ)
Flight Trip - Kochi to Leh & Sri Nagar to Kochi
യാത്രാനിരക്ക് : Rs. 27,800/- + Flight Fare

## കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി (സെപ്തംബർ)
ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, മാനാ ഗ്രാമം, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ജോഷിമഠം, വ്യാസഗുഹ, ഗണേഷ് ഗുഹ, ഉത്തരകാശി.
(Including Kedarnath by Helicopter) Rs. 31,800/- (From Delhi) + Train/ Flight

## HOLY HIMALAYA
### TOURS & TRAVELS
(Excellence in Pilgrimage - In the service of Lord)


**9446508304, 9961 200 400, 9961 200 500,0484-4020399**

**"KAILASAM", PONOTH ROAD, KOCHI -682017**

# 2019 ഏപ്രിൽ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കമലം. ഡി. മേനോൻ**
L/1592, രേണുക
ദേവൻകുളങ്ങര
ഇടപ്പള്ളി -- 24



**വാസുദേവൻ നായർ.വി**
L/3177, നികത്തിൽ ഹൗസ്
പള്ളിയിൽ ലെയ്ൻ
ദിവാൻസ് റോഡ്, കൊച്ചി-16



**രാമചന്ദ്രൻ പിള്ള പി.കെ**
L/4653, ശ്രുതി
വിദ്യാനഗർ, കടവന്ത്ര
കൊച്ചി - 682020



**നളിനി. എസ്. മേനോൻ**
L/ 2613, അശ്വതി
പയ്യോളി ലെയ്ൻ
കൊച്ചി - 682018

## 2-ാം ചരമവാർഷികം

**02.05.2019**



**മാങ്കായിൽ**
**സത്യഭാമ രാധാകൃഷ്ണൻ**
**62/4995 ബാലഭവൻ**
**ചിറ്റൂർ റോഡ്, എറണാകുളം –682011**

## 20-ാം ചരമവാർഷികം

**27.05.2019**



**ബാലൻ പണിക്കർ**
**കളത്തിൽ പറമ്പിൽ ഹൗസ്**
**ലായം റോഡ്**
**എറണാകുളം – 682011**

**ചന്തമേറിയ പൂവിലും ശബളാഭമാം ശലഭത്തിലും**
**സന്തതം കരതാരിയന്നൊരു ശില്പചാതുരികാട്ടിയും**
**ഹന്ത ! ചാരുകടാക്ഷമാലകൾക്കരശ്മിയിൽ നീട്ടിയും**
**ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ.**

*കുമാരനാശാൻ. സങ്കീർത്തനം (പുഷ്പവാടി ) പദ്യം 1.*

*ഭംഗിയേറിയ പൂവിലും പല നിറമാർന്ന ശലഭത്തിലും തന്റെ തൃക്കരങ്ങളുടെ ശിൽപ ചാതുര്യം വെളിപ്പെടുത്തിയും സൂര്യരശ്മികളിലൂടെ കാരുണ്യം നിറഞ്ഞ വീക്ഷണങ്ങൾ പൊഴിച്ചും ചിന്തയാകുന്ന മണിമന്ദിരത്തിൽ വിളങ്ങുന്ന ഈശ്വരനെ വാഴ്ത്തുക.*

# ഓർമ്മക്കായ്



ജി.കെ.പിള്ള തെക്കേടത്ത്. ഫോൺ : 7293239170

തെക്കു വശത്ത് ആളിക്കത്തുന്ന ചിതയിലേക്ക് ഒന്നുകൂടി നോക്കിയിട്ട് ബന്ധുക്കളും അയൽവാസികളും നാട്ടുകാരും പിരിഞ്ഞു പോകുമ്പോൾ കർമ്മങ്ങൾ ചെയ്യാൻ ഉപയോഗിച്ചതിന്റെ ബാക്കി സാധനങ്ങളും തുണ്ടിലകളും മറ്റും അടിച്ചുവാരി മുറിയും മുറ്റവും വൃത്തി വരുത്തിക്കൊണ്ടിരിക്കുകയായിരുന്നു രേവതി. വിവാഹം കഴിച്ച് പോയെങ്കിലും വളരെ ഇഷ്ടവും സ്നേഹവുമായിരുന്നു മുത്തശ്ശിയോട്. മറിച്ചും അങ്ങനെ തന്നെയായിരുന്നു. ഓർമ്മ വന്ന കാലം മുതൽ മുത്തശ്ശിയുടെ ലാളനയും ശാസനയും ഏറ്റു വളർന്നവളാണ്. മൂത്ത മകന്റെ മകളായതിനാൽ രേവതിക്ക് മുത്തശ്ശിയുടെ ലാളന കൂടുതൽ ലഭിച്ചു. മടിയിലിരുത്തി എന്തെല്ലാം കഥകൾ പറഞ്ഞു കൊടുത്തിട്ടുണ്ട് രേവതിക്ക്. കൂടുതലും പുരാണ കഥകളായിരുന്നു. അതൊക്കെ രേവതിയുടെ വ്യക്തിത്വ രൂപികരണത്തിന് എന്തു മാത്രം സഹായകമായിരുന്നു. രാമായണവും ഭാഗവതവും മുത്തശ്ശിക്ക് വളരെ നിശ്ചയമാണ്. ഓരോ ഖണ്ഡത്തിന്റെയും തുടക്കം വായിച്ചാൽ പിന്നെ ബാക്കിയുള്ളത് കാണാതെ ചൊല്ലും. ചൊല്ലുക മാത്രമല്ല, ചൊല്ലിപ്പോയ ഭാഗങ്ങളുടെ കഥാനുകഥ വിശദീകരിക്കുകയും ചെയ്യുന്നതു കേൾക്കുമ്പോൾ ആ സംഭവങ്ങൾ നേരിൽ കാണുന്ന അനുഭൂതിയുണ്ടാകുമായിരുന്നു.

രാവിലെ പ്രാതൽ കഴിഞ്ഞാൽ പിന്നെ ചുറ്റുവട്ടമുള്ള സ്ത്രീകൾ കൈയ്യിലൊരു രാമായണമോ ഭാഗവതമോ ആയി വരും. പിന്നെ അവരെ പാരായണം ചെയ്യാൻ പഠിപ്പിക്കലായി. ടെലിവിഷനുണ്ടെങ്കിലും മുത്തശ്ശി വെപ്പിക്കില്ല. വല്ല വാർത്തയോ മറ്റോ മാത്രം വെയ്പിക്കും. തൊണ്ണൂറ്റി രണ്ട് വയസ്സായിട്ടും മുത്തശ്ശിക്ക് ഇതുവരെ ഒരു അസുഖവും വന്നതായി രേവതിക്കറിയില്ല. വളരെ ചുറുചുറുക്കോടെ ഒരു മുറിയിൽ നിന്ന് മറ്റൊന്നിലേക്കും അടുക്കളയിലേക്കും നാഴികക്ക് നാല്പതു വട്ടം നാമം ജപിച്ചു കൊണ്ട്. കയറിയിറങ്ങി നടക്കും. മുത്തശ്ശി.....ഇനി മുതൽ ഒരോർമ്മ മാത്രമാവുന്നു. മുത്തശ്ശിയുടെ ഒന്നും വേദനിപ്പിക്കാനായി വെക്കേണ്ടതില്ല. പഴയ വസ്ത്രങ്ങളെല്ലാം തീയിലിട്ട് നശിപ്പിക്കാം. ഇരുന്നാൽ കാണുമ്പോ കാണുമ്പോൾ വേർപാടിന്റെ ദു:ഖം അനുഭവപ്പെടും. ഓരോന്ന് പെറുക്കി തീയിലിടുമ്പോൾ മനസ്സു വേദനിക്കുന്നുണ്ടായിരുന്നു അവൾക്ക്. സ്റ്റീൽ വട്ടപ്പാത്രത്തിലിരുന്ന മുത്തശ്ശിയുടെ വെയ്പ് പല്ലുസെറ്റ്, ഇനിയിതിന്റെ ആവശ്യമില്ലല്ലോ. എത്ര വർഷം മുമ്പാണ് പല്ലുകൾക്ക് കേടുപറ്റിയപ്പോൾ എല്ലാ പല്ലുകളും എടുത്തിട്ട് വെയ്പ് പല്ല് വെച്ചത്. ഇത് ഉള്ളതുകാരണം മുഖത്തിന് പ്രായക്കൂടുതൽ തോന്നില്ലായിരുന്നു. ഈ പല്ല് എന്തു സഹായകമായിരുന്നു മുത്തശ്ശിക്ക്. ഇന്നലെ വൈകിട്ടു കൂടി അമ്മൂമ്മയുണ്ടാക്കിയ അവലോസുണ്ട കടിച്ചു പൊട്ടിച്ച പല്ലാണ്.

വേണ്ട ഇതും കത്തിച്ചു കളയാം. മനസ്സാൽ അവൾ പറഞ്ഞു. പഴയ വസ്ത്രങ്ങളോടൊപ്പം വെയ്പു പല്ലും തീയിലിട്ടു.

മുത്തശ്ശി മിക്കപ്പോഴും നാരായണീയത്തിലെ ശ്രീകൃഷ്ണലീലകളായിരുന്നു പറയാറ്. എത്രയെത്ര പ്രാവശ്യം കാളിയമർദ്ദനവും രാസക്രീഡയുമൊക്കെ പറഞ്ഞിരിക്കുന്നു. രാസക്രീഡ വർണ്ണിക്കുമ്പോൾ ആ മുഖത്തെ ഭാവഭേദങ്ങൾ ഒന്നു കാണേണ്ടതാണ്. ഇപ്പോഴും രേവതി മനസ്സിൽ സൂക്ഷിക്കുന്ന ഒരു കഥയുണ്ട്. മുത്തശ്ശി പറഞ്ഞു തന്ന കഥ. ഭാഗവതത്തിലെ ഒരു ഭാഗം. ഏതു സ്കന്ദമാണെന്നൊന്നും അവൾക്കറിയില്ല. മുത്തശ്ശിയിൽ നിന്നു മാത്രമാണ് ഭാഗവതത്തിൽ ഇങ്ങനെയൊരു കഥയുള്ളതായി രേവതിക്കറിയാൻ കഴിഞ്ഞത്. ശ്രീകൃഷ്ണനും ശിവനുമായുള്ള യുദ്ധം. ഭഗവാന്മാർ തമ്മിലുള്ള യുദ്ധം.

രേവതി ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു ദിവസം സ്കൂളിൽ പോയി വന്നപ്പോൾ മുത്തശ്ശി വളരെ സന്തോഷത്തോടെ വിളിച്ച് അടുത്തിരുത്തി. തലമുടിയിൽ തലോടിക്കൊണ്ട് സ്കൂളിലെ വിശേഷങ്ങൾ തിരക്കി. ഇത് ഒരു ദിവസമല്ല. കുഞ്ഞായിരിക്കുമ്പോൾ മുതലുള്ള ശീലമാണ്. അത് എല്ലാ ദിവസവും പാലിക്കുകയും ചെയ്യുമായിരുന്നു. ക്രമേണ മുത്തശ്ശി ചോദിക്കാതെ തന്നെ അവൾ വിശേഷം പറയുമായിരുന്നു.

കോട്ടോ മുത്തശ്ശി. ഇന്ന് ക്ലാസ്സിൽ ലഡുവിതര

ണമുണ്ടായിരുന്നു. ക്ലാസ്സ് ടീച്ചറുടെ വക. ടീച്ചറുടെ മകളുടെ പിറന്നാളിന്റേതായിരുന്നു. ഇങ്ങനെ വിശേഷങ്ങൾ പറയുന്നത് അവളുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറി. എന്തെങ്കിലും കാരണവശാൽ ഒരു ദിവസം അതു മുടങ്ങിയാൽ എന്തോ നഷ്ടപ്പെട്ട തോന്നലുണ്ടായിരുന്നു രേവതിക്ക്. അരുതാത്തതെങ്കിലും സ്കൂളിലുണ്ടായാൽ അത് ആവർത്തിക്കാതിരിക്കാനുള്ള ഗുണദോഷവും ഉപദേശവും കൊടുക്കുമായിരുന്നു മുത്തശ്ശി......

രാവിലെ എഴുന്നേറ്റു വന്ന് അടുക്കളയിൽ അമ്മക്കിട്ട് രണ്ട് വഴക്ക് കൊടുക്കുന്ന പതിവ് ഉണ്ട്.

എന്താ ജയേ..... ചമ്മന്തിക്കിത്ര വെള്ളം വേണോ. ഇഡ്ഡലിക്ക് കട്ടി കൂടിയോ... ഉഴുന്ന് നന്നായി അരയാത്തതു കൊണ്ടാ..... ആ ശാന്തയോട് ഉഴുന്നു പതപ്പിച്ചരക്കാൻ പറഞ്ഞുകൂടേ നിനക്ക്. അങ്ങനെ നീളും വഴക്കിന്റെ പട്ടിക. മരിച്ചൊന്നും മുത്തശ്ശിയോടു ആരും പറയാറില്ല. മുത്തശ്ശിയുടെ ലാളനപൂർവ്വമായ ശകാരം ഒരു തരം പ്രത്യേക വികാരമാണ് എല്ലാവർക്കും ഉണ്ടാക്കുക.

എന്താ കുട്ട്യേ, സ്കൂളിലെ വിശേഷം? തല്ലു പിടിച്ചുവോ. ഉവ്വോ.

ഇല്ല മുത്തശ്ശി, പക്ഷേങ്കി ആ ഉഷയില്ലെ, പീടിയേക്കലെ, അവള് എന്നോട് കുറുമ്പ് കാണിച്ചു.

എന്തിന്യാ കുട്ട്യേ കുറുമ്പു കാണിച്ചെ.

മലയാളം ചോദ്യത്തിന് ഉത്തരമെഴുതി വെച്ചിരുന്ന ബുക്ക് എടുത്ത് അവളത് പകർത്തിയെഴുതി. അപ്പോൾ രണ്ടു പേർക്കും ഒരു പോലുള്ള ഉത്തരമാകില്ലെ?

സാരല്ല്യാ.....ഉഷ.....ഉഷയെന്നൊരുത്തി ഭാഗവതത്തിലുണ്ട്. ആ ഉഷയും ഒരു കുറുമ്പുകാരിയ. അവളൊണ്ടാക്കിവെച്ച പൊല്ലാപ്പോ. നിനക്കറിയണോ അവളുടെ കഥ. അവള് ശിവനും കൃഷ്ണനുമായി യുദ്ധം ഉണ്ടാക്കുവാൻ വരെ സാഹചര്യമുണ്ടാക്കി. മുത്തശ്ശി അങ്ങനെയാ. ഏതു പേരു പറഞ്ഞാലും ഒന്നുകിൽ ഭാഗവതത്തിലേയോ, രാമായണത്തിലേയോ ഒരു കഥാപാത്രത്തിന്റെ പേരുമായി താരതമ്യം ചെയ്യും.

നീ മഹാബലിയെന്നു കേട്ടിട്ടുണ്ടോ. മഹാബലി ഒരു ചക്രവർത്തിയായിരുന്നു.

ഉവ്വ് മുത്തശ്ശി. മഹാബലി നാടുകാണാൻ വരുമ്പോഴല്ലെ നമുക്കോണമുണ്ടാകുക.

അതെ. അപ്പ നിനക്ക് മഹാബലിയെക്കുറിച്ചറിയാം. ആ.. ആ മഹാബലിയുടെ മൂത്ത പുത്രനാണ് ബാണൻ. ബാണനെന്നു നീ കേട്ടിട്ടുണ്ടോ. ബാണന് ആയിരം കൈകളുണ്ട്.

ആയിരം കൈകളോ – രേവതിക്ക് കഥ കേൾക്കുവാൻ താല്പര്യമായി.

എടിയെ......രേവതി......രേവതി...........

മുത്തശ്ശിയുടെ അതേ ശബ്ദം. മുത്തശ്ശി പറഞ്ഞു കൊടുത്ത കഥ ഒരു സ്ക്രീൻ പ്ലേ പോലെ മനസ്സിൽ കൂടി മിന്നിമറയുന്നതിൽ നിന്ന് ആ വിളി ഉണർത്തി. മുത്തശ്ശിയുടെ ഇളയ സഹോദരി. ശബ്ദത്തിലും കാഴ്ചയിലും മുത്തശ്ശി തന്നെ. മുത്തശ്ശിയെക്കാൾ പ്രായം വളരെ കുറവുണ്ടെന്നു മാത്രം. തൃപ്പൂണിത്തുറയിൽ നിന്നു മരണാവശ്യത്തിനു വന്നതാ. ഒറ്റ നോട്ടത്തിൽ മുത്തശ്ശി തന്നെ. ഇളയമുത്തശ്ശി മുറിയും മേശപ്പുറവും അവിടേയും ഇവിടേയുമെല്ലാം എന്തിനോ തിരയുന്നു. എന്തായിരിക്കും ഇളയമുത്തശ്ശിയുടെ പോയിട്ടുണ്ടാവുക. മടിയിൽ തിരുകിവെച്ച പണം വല്ലതും നഷ്ടപ്പെട്ടിട്ടുണ്ടാകുമോ. എങ്കിൽ അതിനി കിട്ടില്ല. ഇവിടെ വന്നുപോയ ആരുടെയെങ്കിലും കണ്ണിൽ പെട്ടിട്ടുണ്ടെങ്കിൽ അവരത് എടുത്തു കാണും. ഇനി വല്ല സ്വർണ്ണമാലയോ മറ്റൊ.....

എന്താ ഇളയമുത്തശ്ശി തിരക്കുന്നത്. വല്ലതും നഷ്ടപ്പെട്ടോ. പോയോ ?

അത് ഞാൻ അവിടായിരുന്നല്ലോ വെച്ചത്. ഇപ്പോ കാണുന്നില്ല.

എന്താണെന്ന് പറ മുത്തശ്ശി.

എന്റെ വെപ്പുപല്ലെ. രാവിലെ ഞാൻ ദേ ആ സ്റ്റീൽ പാത്രത്തിൽ വെള്ളത്തിലിട്ടു വെച്ചിരുന്നു. ഇപ്പ പാത്രം മാത്രമുണ്ട്.

മരിച്ച മുത്തശ്ശിയുടെ പല്ലാണെന്നു കരുതി ഈ മുത്തശ്ശിയുടെ പല്ല് തീയിലിട്ടത് രേവതിയാണെന്ന പറയാതെ അവൾ നിശബ്ദം കത്തിത്തീരാറായ ചിതയിലേക്ക് നോക്കി നിന്നു. അപ്പോൾ മുത്തശ്ശി പറഞ്ഞ ശിവകൃഷ്ണയുദ്ധം മനസ്സിലൂടെ പാഞ്ഞു പോയി.


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ

• ഏകാന്തതയനുഭവിക്കുന്നവർ

• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ

• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

ഇടവം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2019 മെയ് 15 മുതൽ ജൂൺ 14 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക1/4):** അകന്നു പോകുമെന്നു കരുതിയ ബന്ധങ്ങൾ പലതും പുനസ്ഥാപിച്ചു കിട്ടാൻ സാധ്യതയുണ്ട്. ബിസ്സിനസ്സ് സ്ഥാപനങ്ങളിൽ കളവ്, അഗ്നിബാധ എന്നിവ ഉണ്ടാകാം. പൊതുവെ കർമ്മരംഗം അനുകൂലമായിരിക്കില്ല. സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുമെങ്കിലും കാര്യങ്ങൾ നടക്കും. സഹായികളിൽ നിന്നും സഹോദരസ്ഥാനീയരിൽ നിന്നും അനുകൂല ഫലം ലഭിക്കില്ല. മാസത്തിന്റെ ആദ്യ പകുതിയിൽ കാര്യങ്ങൾ അത്ര അനുകൂലമായിരിക്കില്ല. രണ്ടാം പകുതി താരതമ്യേന ഭേദപ്പെടും.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2):** സാമ്പത്തിക ഇടപാടുകളിൽ നഷ്ടം, ചതി എന്നിവ അനുഭവപ്പെടാം. കുടുംബത്തിൽ കാരണമില്ലാതെ കലഹങ്ങൾ സംഭവിക്കാം. വിദ്യാർത്ഥികൾക്ക് വിദ്യക്ക് തടസ്സം, ശിരോരോഗം അപവാദം കേൾക്കാൻ സാധ്യത എന്നീ കാര്യങ്ങൾ ഉണ്ടാകാമെങ്കിലും പൊതുവെ ഈശ്വരാനുഗ്രഹം ഉള്ള കാലമായതിനാൽ അതിനെയൊക്കെ അതിജീവിക്കും. വിവാഹ കാര്യങ്ങൾക്ക് കാലം അനുകൂലമായിരിക്കും. കർമാധിപൻ പാപനോട് ചേർന്ന് അഷ്ടമത്തിലായതിനാൽ തൊഴിലിടത്ത് ചില പ്രശ്നങ്ങൾക്ക് സാധ്യത ഉണ്ട്.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4):** കാര്യ വിഘ്നാതവും ശത്രുശല്യവും, ശിരോരോഗം ത്വക്ക് രോഗം, ഞരമ്പ് സംബന്ധമായ രോഗങ്ങൾ അലട്ടാം. കുടുംബത്തിൽ അഭിപ്രായ വ്യത്യാസത്തിനും അതുമൂലം ദാമ്പത്യ സുഖത്തിന് തടസ്സവും കലഹവും ഉണ്ടാകാം. എന്തൊക്കെയുണ്ടെങ്കിലും പൊതുവെ സുഖഹാനിയും ദൂരദേശഗമനവും അനുഭവപ്പെടും.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം):** അർത്ഥലാഭം, പുത്ര സുഖം, ഗൃഹനിർമ്മാണങ്ങൾക്ക് തുടക്കമിടാൻ സാധിക്കും, വാഹനം വാങ്ങുവാൻ ഇടയാകും. സർവ്വ കാര്യ വിജയം, ആരോഗ്യ സുഖം, കളത്ര പുത്രാധി ചേർന്നുള്ള സന്തോഷവും ദ്രവ്യ ലാഭവും ബന്ധു സ്നേഹവും, അംഗീകാര ലബ്ധി , നേത്ര രോഗം, സ്ത്രീകൾ നിമിത്തം കലഹവും വസ്തുപരമോ ഗൃഹപരമോ ആയ ചില നഷ്ടങ്ങൾക്കും സാധ്യത ഉണ്ട്. കാലിന് പരിക്ക് പറ്റുവാനോ രോഗം നിമിത്തം വേദനയോ ഉണ്ടാകാം.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 ):** വേർപെട്ടു നിൽക്കുന്ന കുടുംബ ബന്ധങ്ങൾ പുനസ്ഥാപിക്കപ്പെടുവാനും,വാഹനം വാങ്ങാനും സാഹചര്യം ഉണ്ടാകും. സഹായികളായി കരുതിയവരിൽ നിന്നും മനോദുഖം ഉണ്ടാവും, വാസസ്ഥലത്ത് അഗ്നിബാധയാൽ വിഷമിക്കാൻ ഇടയുണ്ട്. സ്വന്തം പ്രവർത്തി മൂലം ബന്ധുക്കളിൽ നിന്ന് ഇഷ്ടക്കേടിനും അതു മൂലം സുഖഹാനിക്കും മനോദുഖത്തിനും കാരണമാകും. കർമ്മ രംഗത്ത് പ്രവൃത്തിക്കനുസരിച്ച് ഗുണം ലഭിക്കില്ല.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2):** പൂർവ്വിക സ്വത്തുക്കൾ അപ്രതീക്ഷിതമായി അനുഭവത്തിൽ വന്നു ചേരും. അന്യരുമായി ഒപ്പുവെച്ച കരാറുകൾ പാലിക്കപ്പെടാതെ വിഷമിക്കേണ്ടി വരും. ജോലിയിൽ പ്രശ്നങ്ങൾ അലട്ടും, സാമ്പത്തിക സഹായം ലഭിക്കും. സ്ഥാന ചലനവും കാര്യവിഘ്നാതവും അനുഭവപ്പെടും. സർവ്വജനവിരോധം, അന്യദേശ ഗമനം, ദാമ്പത്യ സൗഖ്യം ഗൃഹോപകരണ ലാഭം തുടങ്ങി സമ്മിശ്ര ഫലമായിരിക്കും ഈ മാസം ഉണ്ടാകുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4):** ആരോഗ്യ സ്ഥിതി പെട്ടെന്ന് മോശമാകാൻ ഇടയുണ്ട്. യാത്രാവെളയിൽ വിസ്മരിച്ച് കിടന്ന സുഹൃദ് ബന്ധം പുന:സ്ഥാപിക്കുന്നതാണ്. പ്രേമബന്ധങ്ങൾ വിവാഹജീവിത ത്തിലേക്ക് വഴിമാറാൻ സാധ്യതയുണ്ട്. നഷ്ടപ്പെട്ടുപോയ വസ്തുക്കൾ തിരികെ ലഭിക്കും. ധനലാഭം, കുടുംബ സുഖം, കലഹം എന്നിവ സമ്മിശ്ര മായി അനുഭവപ്പെടും. സ്ത്രീകൾ നിമിത്തം ഉപദ്രവം, പിതാവിന് ദുരിതം പല ആപത്തുകളും കർമ്മവിഘ്നവും അർത്ഥനാശവും അലസതയും ദോഷഫലങ്ങളായും ധനധാന്യാദികളുടെ ലാഭവും ചില ആഗ്രഹങ്ങളും സാഫല്യം ഗുണഫലമായും അനുഭവപ്പെടും.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട):** ലക്ഷ്യപ്രപ്തിയും, ആഗ്രഹസാദ്ധ്യത്തിനുവേണ്ടിയുള്ള ദീർഘകാല കാത്തിരിപ്പിന് പെട്ടെന്ന് അനുകൂലത ഉണ്ടാകും. വലിയ അപകട സാഹചര്യങ്ങളെ അത്ഭുതമായി അതിജീവിക്കും. മാസം പകുതിക്കുശേഷം ധനനാശം,കളത്രപുത്രാദി കലഹം, സ്ഥാനഭ്രംശത്തിന് സാധ്യത, ദൂരദേശഗമനം, അസത്യം പറയേണ്ടി വരുന്ന സന്ദർഭങ്ങൾ ഉണ്ടാകുക കാര്യനാശം, ശത്രുവിരോധം, അലച്ചിൽ രക്തസംബന്ധമായ അരിഷ്ടതകളും മാനഹാനിയും അനുഭവപ്പെടും.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4):** ആരോഗ്യസ്ഥിതി മോശമാകും. ഉദരസംബന്ധമായ രോഗങ്ങൾക്ക് സാധ്യത ഉണ്ട്. ആലോചിച്ചു കൊണ്ടിരിക്കുന്ന വിവാഹാലോചനകൾ പെട്ടെന്ന് നടപടിയിലെത്താൻ യോഗമുണ്ട്. ബന്ധുവിരോധം, ദൂരദേശ ഗമനം, പലവിധ അരിഷ്ടതകൾ, സ്വജനവിയോഗം, കുടുംബ കലഹം, എന്നീ കാര്യങ്ങൾ മാസത്തിന്റെ ആദ്യപകുതിയിലും, മാസത്തിന്റെ രണ്ടാം പകുതിയിൽ അർത്ഥപുത്രാ ദികളെക്കൊണ്ടും ബന്ധുജനങ്ങളെക്കൊണ്ടും ഉള്ള സന്തോഷവും, അർത്ഥ ലാഭം, സ്ഥാനലാഭം എന്നീ അനുകൂല ഫലങ്ങളും ഉണ്ടാകും.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2):** അഭിഷ്ട കാര്യസിദ്ധി, ആഭരണവേഷഭൂഷാദികൾ വാങ്ങാനും, സമ്മാനമായി ലഭിക്കുവാനും സാധിക്കുന്നതാണ്. ഗൃഹത്തിൽ നിന്നും, വാഹനത്തിൽ നിന്നും നഷ്ടങ്ങളും കള്ളന്മാരിൽ നിന്നും ഉപദ്രവവും ഉണ്ടാകും. ആരോഗ്യ സംരക്ഷണത്തിനു ചികിത്സകൾക്ക് ഫലം കിട്ടും. ഉയർന്ന സ്ഥാനപ്രാപ്തി, ദൂരദേശയാത്ര, ബന്ധുസൗഖ്യം, കാലിനു പരിക്കും ചില നിയമനടപടികളെ അഭിമുഖീകരിക്കേണ്ട സാഹചര്യവും ഈ മാസം അനുഭവപ്പെട്ടേക്കാം.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4):** തുടങ്ങി വെച്ചിട്ടുള്ള ഗൃഹനിർമ്മാണങ്ങളും സാഹിത്യകഥാരചനകളും വേഗത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കും. മനോനില കുഴപ്പത്തിലായവർക്ക് സമനില കൈവരും. വിശിഷ്ട ഭക്ഷണ പാനീയങ്ങൾ ലഭിക്കുവാനും സാധ്യത ഉണ്ട്. ആരോഗ്യപരമായ ചില പ്രശ്നങ്ങൾ ഉണ്ടാകും. തൊഴിൽ രംഗത്ത് സമ്മിശ്രപ്രതികരണങ്ങൾ അനുഭവപ്പെടും. ഈശ്വരാനുഗ്രഹംകൊണ്ട് എല്ലാ ദോഷങ്ങളെയും അതിജീവിക്കും.



**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി):** കുടുംബ കോടതികളിലും, സിവിൽ കോടതികളിലും നിലനിൽക്കുന്ന കേസുകളിൽ ആഗ്രഹിച്ച വിജയം കൈവരിക്കും. വിവാഹാലോചനകൾ പെട്ടെന്നു തന്നെ അനുകൂലമാകും. വിദേശ യാത്രയ്ക്ക് വഴിതെളിയും. സഹോദരരും, സഹായികളും പ്രതികൂലമായി തീരും. കണ്ടകശ്ശനി കാലമാണെങ്കിലും വ്യാഴം അനുകൂലമായതിനാൽ ചില ഭാഗ്യാനുഭവങ്ങളും പ്രതീക്ഷിക്കാം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 23/155cm, Moolam, Fair, B.Com, LLB, Private Law Firm, Pref : Lawyer family/ Lawyer, Ernakulam/ Trichur groom preferred, Mob:9446335454, Reg. No.21991

Email:chandranmanoj@gmail.com
Date of Birth:18-01-1996(12.40pm)
Sishta Dasa:Kethu : 6-8-10





Contact Address:
MR.MANOJ CHANDRAN
7B,SI WEST FORT GARDENS
MUKKOTTIL TEMPLE ROAD
POONITHURA
ERNAKULAM - 682038

---

Nair Girl, 24/154cm,Anizham, Fair, M.Sc Doing PhD, Research Scholar ,Pref::PG/ Professional, Mob: 9895066535/ 9447475101, Reg.No.21992

Email:drsk93@gmail.com
Date of Birth:8-10-1994(8.35pm)
Sishta Dasa:Sani:10-3-9





Contact Address:
DR.SASIKUMAR. S
AMBADI
ADAYATH LANE
ELAMAKKARA
ERNAKULAM - 682026

---

Nair Girl,25/160cm, Avittam, White, B.Tech, Central Govt, Multi Tasking Staff, AG's office, Pref: Degree/ B.Tech Central/ State/ Bank Employee, Mob:7907531313/ 9447517670 (whats App), Reg.No.21994

Email:srdhrn819@gmail.com
Date of Birth:14-01-1994(9.55am)
Sishta Dasa:Kuja:5-1-13





Contact Address:
MR.SREEDHARAN .O
ONANGALERI HOUSE
P.O. MAYYANNUR
VILLIAPPALLY
VATAKARA
KOZHIKODE - 673542

---

Nair Girl,28/164cm,Avittam, Fair, MBBS, Prepairing for PG studies in US, Pref: PG, Engineer/ Scientist, Affluent family,educated outside kerala,animal lover, travel, Ph:022-28571581, Mob: 8451911717/ 9867550325, Reg.No.22002

Email:sunithakumari07@gmail.com
Date of Birth:14-02-1991(12.10pm)
Sishta Dasa:Kuja:5-6-18





Contact Address:
MR.K.VENU GOPAL
301 A, BLUE HAVEN
RAHEJA VIHAR POWAI
SAKI NAKA P. O
MUMBAI - 400072

---

Nair Girl,23/150cm,Bharani, White, BA,LLB (Hons), Doing LLM, Practicing Lawyer, Pref: Professional Degree, Preferably Vegetarian/ Ht - 5'5" to 5'7", Ph : 0484-2446191, Mob: 9895069926/ 9846227555, Reg.No.22003

Email:harima.sree@gmail.com
Date of Birth:24-06-1995(4.04am)
Sishta Dasa:Sukra:4-6-17





Contact Address:
MR.K.S.HARIHARAN
PADMANJALY
KAITHARAM P. O
NORTH PARAVUR
KOCHI - 683519

---

Nair Girl, 23/5'2", Thiruvonam, Wheatish, M.Sc Botany, Mob: 9445860081/ 8939435443, Reg.No. 22005

Email:swethasathish27@gmail.com
Date of Birth:27-11-1995(9.05am)
Sishta Dasa:Chandran:7-8-16




Contact Address:
MR.D.SATISH CHANDER
NO.70/8,4TH CROSS STREET
STATE BANK COLONY
CHROMEPET
CHENNAI -600 044


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 26/152cm, Atham, White, BCA, MCA, Software Professional, Infopark, Ernakulam, Ph:0484-2537998, Mob: 9633392521, Reg.No.22006


Email:saranyatp@hotmail.com
Date of Birth:03-05-1993(3.55pm)
Sishta Dasa:Chandra:8-3-12




Contact Address:
MR.JAYACHANDRAN K S
SREESAILAM
PADAM 2ND CROSS ROAD,
ELAMAKKARA P. O
ERNAKULAM - 682026

Nair Girl,26/155cm, Thrikketta, White, MBBS , now studying for MD 1st year, Pref : Doctors /Engineer with M.Tech, Ph : 0485-2814072, Mob: 9446377072/ 8138903327, Reg.No.22008


Email:narayanapillaikp55@gmail.com
Date of Birth:14-06-1992(3.20pm)
Sishta Dasa:Budha:13-1-24




Contact Address:
MR.K.P. NARAYANA PILLAI
SOUPARNIKA
VELLOORKKUNNAM
MARKET P. O
MUVATTUPUZHA
ERNAKULAM - 686673

Nair Girl,26/173cm, Chathayam, Fair, BDS ,Clinical practice in private job, Native place: Cherthala,Pref:Govt Service, Ht:175cm & above ,Mob:8275246920/ 8057685590, Reg.No.22009


Email:udaykerala63@gmail.com
Date of Birth:21-3-1993(3.40pm)
Sishta Dasa:




Contact Address:
MR.UDAYA KUMAR S
TC 5/2084/1
NEAR CHERUVIKKAL
SREEKRISHNA TEMPLE
AKKULAM
TRIVANDRUM - 695017

Nair Girl, 30/152cm, Anizham, Wheatish, MDS (ENDODONTICS) Assistant Professor with reputed Dental College at Kochi,Pref: Doctors/ Engineers, Ph: 0477-2267316, Mob: 9567585800, Reg.no.22013


Email:radhak_ms@yahoo.com
Date of Birth:18-9-1988(1.55am)
Sishta Dasa:Sani:1.2.4




Contact Address:
MR.M.S.RADHAKRISHNAN
ASHIRWAD (KLRA 45)
PAZHAVEEDU P O
ALAPPUZHA - 688009

Nair Girl, 28/159cm,Makam, Fair, Engg (EC),MBA(NIT Calicut), Officer (IBS), Infopark,Kochi,Pref: Engg in IT,Non IT, Business, Mob:8943875759, Reg.No.22015


Email:jayachandran.gnair@gmail.com
Date of Birth:17-09-1990(10.41am)
Sishta Dasa:




Contact Address:
MR.JAYACHANDRAN NAIR
JAITRAM
LINKVALLEY - 106
KUSUMAGIRI P. O
KAKKANAD
KOCHI - 682030

Nair Girl,23/164cm,Thiruvonam (1papam) Fair, B.Tech (Electronics & Communication),CS Associate in SGS,Pref: Engineer/Govt Employee/ Gulf Employee, Mob:8547180477, Reg.No.22016

Email:saroshmakumar196@gmail.com
Date of Birth:09-05-1996(1.40pm)
Sishta Dasa:




Contact Address:
MR.V.R.KRISHNA KUMAR
KRISHNAMRUTHAM
TEMPLE ROAD
KADAVANTHRA
ERNAKULAM - 682020


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/151cm,Visakham, Wheatish, BCA, Doing M.Tech, Project Engineer,Wipro Technologies, Infopark Kochi, Pref:PG, Mob: 9446474088, Reg.No.22017


Email:lakshmi.s1994@gmail.com
Date of Birth:20-06-1994(1.32pm)
Sishta Dasa:Guru:13-9-25.12




Contact Address:
MR.N.C.RADHAKRISHNAN NAIR
LAKSHMISREE HOUSE
AKKATT LANE
CONVENT ROAD II
THOTTAKKATTUKARA P. O
ALUVA ,ERNAKULAM - 683108

Nair Girl,28/164cm,Aswathi, Fair, M.Tech,Electronics Engineer,MNC Pune,,Remarriage, first marriage lasted for1 year, No issues,Pref: Well educated boys from respectable family,Ph:0484-2304566,Mob:8606841044,Reg.No.22018


Email:achu.kiran0211@gmail.com
Date of Birth:02-11-1990(8.45am)
Sishta Dasa:Kethu:4-5-14




Contact Address:
MR.VIJAYAN PILLAI G
52/2062.ARCADIA
MAJOR ROAD
NEAR EMARALD HOTEL
VYTTILA
KOCHI -682019

Nair Girl, 24/157cm, Chathayam, Fair, M.Com, Pref : Degree, Mob: 9446538332 / 9446278332, Reg.No.22020


Email:shilpavsivaraman@gmail.com
Date of Birth:9-12-1994(11.20am)
Sishta Dasa:




Contact Address:
MR.SIVARAMAN
VETTIKKATTU HOUSE
EROOR NORTH P. O
TRIPUNITHURA
ERNAKULAM - 682306

Nair Girl, 24/160cm, Pooradam, White, BAMS Final Year Exam appeared, House Surgency to be done, Pref : Degree/PG, Not Gulf, Ph : 0478-2863300, Mob: 9447249850, Reg No: 22021

Email:sashil.preetha@gmail.com
Date of Birth:14-06-1995(11.39am)
Sishta Dasa:




Contact Address:
MR. SASHILKUMAR.K.K
VADAKKE KUTTIKKATTU HOUSE
S. L. PURAM .P .O
CHERTHALA
ALAPPUZHA-688523


## THOTTEKKATT DIWAN'S MEMMORIAL HALL

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

**For Details Contact: 0484 2361160**
**Email: ekmkgm@gmail.com, Web: www.ernakulamkarayogam.com**


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 34/183cm, Aswathy, Sudhajathakam, Wheatish, BA, LLB (Hons), LLM, Lawyer attached to a reputed Law firm at Ernakulam, Pref:Resonably good education, Ph: 0484-2408388, Mob:9447090130, Reg.No.21985


Email:avrpillai@gmail.com
Date of Birth:01-01-1985(1.35pm)
Sishta Dasa:




Contact Address:
MR.A.V. RAMAKRISHNA PILLAI
AMPAZHAVELIL
RAJEEV NAGAR
ELAMAKKARA
KOCHI - 682024

Nair Boy, 32/172cm, Karthika, Fair, B.Tech Mechanical, Engineer, SaudiArabia, Divorcee, Pref: Degree, Mob:9601426499/ 9950469557/ 8078833704, Reg.No.21986


Email:surojmec08@gmail.com
Date of Birth:27-05-1987(12.50am)
Sishta Dasa:Ravi : 3-7-25




Contact Address:
MR.T.P. SUKUMARAN NAIR
THAIPARAMBIL HOUSE
NARANGANAM P. O
KOZHENCHERRY
PATHANAMTHITTA - 689 642

Nair Boy,29/188cm,Karthika,Fair White,B.Tech(Computer Science +MBA, TSM,in WODAFONE IDEA at Pala, Pref: PG/B.TECH holder Employee, Ph:0469-2643970, Mob: 9447278927, Reg.No.21988


Email:ramesh3karthika@gmail.com
Date of Birth:03-03-1990(2.53pm)
Sishta Dasa:Ravi:0-1-19




Contact Address:
MR.G.RAMESH BABU
THRIKKARTHIKA
PODIYADI P. O
TIRUVALLA
PATHANAMTHITTA - 689110

Nair Boy, 29/170cm, Uthram, Fair, B.Tech/ MBA(Global Mgt,SP Jain from Sidney,Singapore & Dubai),Business charge Consultant, MNC, Dubai, Pref: Graduate/MBA, Management / IT, Ph: 0484-2344649, Mob: 9995596652, Reg.No.21989


Email:madhuvarikolil@gmail.com
Date of Birth:18-04-1989(3.55pm)
Sishta Dasa: Ravi : 2-1-18




Contact Address:
MR.N.M.NAIR
50/432F, CHAITHANYA
MYTHRI NAGAR
MANIMALA ROAD
EDAPPALLY
ERNAKULAM - 682024

Nair Boy, 30/172cm, Aswathy, Fair, MBA (Finance) Accounts Executive (Dubai), Pref : Educated girls with Job, Employed in Dubai or Any Job in our State, Ph : 0484 - 2537555, Mob : 9645227959, Reg No: 21938


Email:krishnath.sudhakaran@gmail.com
Date of Birth:25-01-1988 (4.40 pm)
Sishta Dasa:Kethu : 4.1.12




Contact Address:
MR. K. SUDHAKARAN
KRISHNATH HOUSE
CHAMBADY ROAD
ELAMAKKARA. P.O
COCHIN-682 026

Nair Boy, 33/5'9",Karthika, Wheatish, Graduate,MBA(Doing),Territory Manager in Wockhardt Pharma Company (MNC),Ernakulam, Mob: 7907886800,Reg.No.21990

Email:ajayraj.im@gmail.com
Date of Birth:16-03-1986(6.10pm)
Sishta Dasa:Ravi : 0-9-19.48




Contact Address:
SMT.GEETHA
MUNDAKKAL HOUSE, NRA - I
MUNDAKKAL LANE
S.N.JUNCTION
TRIPUNITHURA
ERNAKULAM - 682301


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 29/180cm,Moolam, Fair, B.Tech ECE,Senior Infrastructure Engineer,Technopark,Pref: PG,NET/SET,M.Tech,Employment-Teaching/Banking/Non-Technical, Ht: 150 to 170cm, Wt:55 to 67kg,Mob: 9496210967/9744420890, Reg.No.21993


Email:psreenivasan50@gmail.com
Date of Birth:20-02-1990(2.49pm)
Sishta Dasa:Kethu:3-5-24




Contact Address:
MR.P.SREENIVASAN
SREERANGAM, PRA - 20
NEAR CM -HOSPITAL
PANDALAM
PATHANAMTHITTA - 689501

Nair Boy, 28/165cm, Thiruvonam, Fair, M.Com/doing LLB,PG Diploma in cyber law, Financial Analyst (E& Y),Kochi, Pref : Employed, Ph :04829-273175, Mob : 9961617092/ 9544363776, Reg.No.21995


Email:drraji14@gmail.com
Date of Birth:09-04-1991(5.33pm)
Sishta Dasa:




Contact Address:
MR.G. RADHAKRISHNAN NAIR
CHANIYIL HOUSE
K.S. MANGALAM P. O
VAIKOM,
KOTTAYAM - 686608

Nair Boy, 31/174cm, Pururuttathi, Fair,B.Tech(Computer Science),Senior Software Engineer,UAE Exchange, IT Division,Ernakulam,Pref:B.Tech/MCA/MBA/Bank Employees, Ernakulam /Thrissur/Kottayam prefered, Ph:0484-2401293, Mob:9946348532, Reg.No.21996


Email:mallikavenugopal64@gmail.com
Date of Birth:17-03-1988(1.05pm)
Sishta Dasa:Guru:13-0-21




Contact Address:
SMT.MALLIKAVENUGOPAL
44/227,KRISHNA BUILDING,
S.R.M.ROAD
COCHIN 682018

Nair boy, 28/172cm, Thriketta, Sudhajathakam, Fair, BE (Electronics & Communication Engg), Section Engineer (Telecommunication), Kochi Metro Rail Ltd, Pref: BE/B.Tech/MBA/MBBS, Ph:0484-2970119, Mob:07994536693/07994536599, Reg.No.21997

Email:praveen9797@gmail.com
Date of Birth:23-01-1990(8.48am)
Sishta Dasa:Budha:5.3.23




Contact Address:
MR.K.VISWANATH PANICKER
FLAT.NO.7A,
JAIN CHARING CROSS
KATHRIKADAVU
KALOOR P.O
KOCHI 682017

Nair (Marar) Boy, 25/165cm,Makam, Wheatish, B.Tech,Studing MBA(IIM), Product Manager- Diagnostics Company, (MNC) Ernakulam, Pref: Doctor, interest in Dance & Music desirable, Ph: 0484-2524384,Mob:9847000324, 9544300324, Reg.No.21999


Email: saarasam@gmail.com
Date of Birth:24-06-1993(1.32pm)
Sishta Dasa:Kethu:4-10-24




Contact Address:
MR.K.P.SATISH KUMAR
PRANATHY
POOPANI ROAD
PERUMBAVOOR
ERNAKULAM - 683542

Nair Boy, 26/167cm, Pururuttathi, Wheatish Brown,Masters(MS) in Engg from IIT, Bombay, Research/Scholoar in Germany,Pref: Masters in Engg / Science,girls prefered from Europe working /studying, Mob: 09447109119/09495874334,Reg.No.22004

Email:profsmohandas@gmail.com
Date of Birth:18-04-1993(5.15pm)
Sishta Dasa:




Contact Address:
MR.MOHAN DAS
ASWATHI
NEAR KODIMATHA
CO OPERATIVE BANK
KOTTAYAM SOUTH P. O
KOTTAYAM - 686013


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 27,175cm, Chothi,(one Papam)Fair,B.Tech,MBA,Project Manager,MNC,Bangalore, Pref : Professionally qualified & Employed ,Mob: 9446277385, Reg.No.22001


Email:sujathasasi61@gmail.com
Date of Birth:15-08-1991(3.54pm)
Sishta Dasa:Rahu:16-6-6




Contact Address:
SMT.SUJATHA K S
SREEVIHAR
MALOOR MADOM ROAD
PERUMBAVOOR P. O
ERNAKULAM - 683542

Nair Boy, 29/5'9", Ayilyam, Fair, BE (EC), Sr. Engineer. Continental Automotive Components (P) Ltd, Pref : Professional Degree, Ekm and TCR Dist. Ph : 9496066847/ 9400253847, Reg No: 22010


Email:ujsmenon@gmail.com
Date of Birth:13-10-1990 (11.45pm)
Sishta Dasa:Budha : 1.1.21




Contact Address:
MR. M.V.VALSAKUMAR
32/125 A, THUSHARAM
M L A ROAD
OPP. AYURVEDA COLLEGE
TRIPUNITHURA
ERNAKULAM - 682301

Nair Boy, 30/166cm, Rohini, Fair, Chartered Accountant, Self Employed, Pref : Up to 165 cm, Professional / Post Graduate, Living in Kochi or relocatable to Kochi, 23-27 Yrs. Ph : 9447545879, Reg No: 22011


Email:cakannansurendran@gmail.com
Date of Birth:21-12-1988 (7.16pm)
Sishta Dasa:Chandra : 5.10.10




Contact Address:
SMT. OMANA. V
ASWATHY, ARA 78
ALUNGALKADAVU ROAD
MAIKKAD. P.O
ATHANI
ERNAKULAM - 683589

Nair Boy, 34/175cm, Punartham, Sudhajathakam, Fair, B.Tech, Engineer, KSEB,Ph:0477-2234182, Mob:9400794182/9846674182, Reg.No.22014


Email:rnjithkau@gmail.com
Date of Birth:03-03-1985(4.25am)
Sishta Dasa:




Contact Address:
MR.K.N.RAJAN
KAUSTHUBHAM
THATHAMPALLY P. O
ALAPPUZHA - 688013

Nair Boy, 25/165cm, Moolam, Medium, B.Tech (Mechanical), Abroad, Pref : Post Graduate, Ph: 04822-272908, Mob: 9495334070, 9447212977, Reg No: 22022


Email:ushamenon1967@gmail.com
Date of Birth:30-7-1993 (5.45pm)
Sishta Dasa:




Contact Address:
MRS. USHA MENON
ADVOCATE
PUTTATHANKAL BLDG
ST.MARY'S SCHOOL ROAD
PALA, KOTTAYAM - 686575

Nair Boy, 29/172cm, Pururuttathi, Wheatish,B.Tech,MNC(Skoda India Ltd, Aurangabad),Pref:B.Tech/PG, working girls preferred from Ekm, Trichur Districts,Mob: 9544113858, Reg.No.22023

Email:ushabhaskaran76@gmail.com
Date of Birth:13-10-1989(11.28am)
Sishta Dasa:Guru:0-0-9




Contact Address:
SMT.USHA BHASKARAN
FLAT.NO.1A, SPLENDOUR
NEAR ANCHUMANA TEMPLE
SURABHI ROAD
KOCHI - 682024

ESTD. 1925

# എറണാകുളം കരയോഗം
# ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം

## നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്,

കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ – 680101



## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗം ഗുരുവായൂരിൽ നിർമ്മിക്കുന്ന നവതി സ്മാരക ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തോടനുബന്ധിച്ചു ധനസമാഹരണത്തിനായി എറണാകുളം കരയോഗം ആകർഷണീയമായ ബോണ്ട് സ്കീം അംഗങ്ങൾക്കായി ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രസ്തുത സ്കീമിൽ 77,000 രൂപ 42 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,01,000 രൂപയും 66 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,21,000 രൂപയും യഥാക്രമം ലഭിക്കുന്നതാണ്.**

## സവിശേഷതകൾ

1. എറണാകുളം കരയോഗം ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം (കരയോഗം യോഗ മെമ്മോറാണ്ടം വകുപ്പ് 4 ക്യൂ) അനുസരിച്ച് പുറപ്പെടുവിക്കുന്നത്.

2. അംഗത്തിന് സ്വന്തം പേരിൽ ഒറ്റയ്ക്ക് അഞ്ച് (5) ബോണ്ടും, അംഗത്തിന്റെ കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിനോടൊപ്പം അഞ്ച് (5) ബോണ്ടും ഉൾപ്പെടെ ആകെ 10 ബോണ്ടുകൾ സ്കീമിൽ എടുക്കാവുന്നതാണ്.

3. ഒരു ബോണ്ടിന് അടക്കേണ്ട തുക 77,000/- രൂപ മാത്രമാണ്.

4. 42 മാസം കാലാവധിയുള്ള ഒരു ബോണ്ടിന് 1,01,000 രൂപയും 66 മാസകാലാവധിയുള്ള ഒരു ബോണ്ടിന് 1,21,000 രൂപയും കാലാവധിക്കു ശേഷം ലഭിക്കുന്നതായിരിക്കും. ബോണ്ട് സ്കീമിലെ എല്ലാ ഇടപാടുകളും ബാങ്ക് വഴി മാത്രമായിരിക്കും.

5. കാലാവധിക്കു ശേഷം തുക മടക്കി കൊടുക്കുമ്പോൾ അന്ന് ബാധകമായ നിരക്കിനനുസരിച്ച് ഇൻകംടാക്സ് പിടിച്ച ശേഷം ബാക്കി തുകയായിരിക്കും നല്കുക.

6. അപേക്ഷകന് / അപേക്ഷകർക്ക് അവരുടെ യുക്താനുസരണം കരയോഗം നിയമാവലിയിൽ കുടുംബം എന്നു വിവക്ഷിക്കുന്നവരിൽ പ്രായപൂർത്തിയായ ഒരാളെ നോമിനിയായി നാമനിർദ്ദേശം ചെയ്യുവാൻ അവകാശമുണ്ടായിരിക്കും.

7. ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ ധനസമാഹരണത്തിനു വേണ്ടിയുള്ള ഈ ബോണ്ട്സ്കീമിൽ അപേക്ഷ സ്വീകരിക്കുന്നതും, ബോണ്ട് നല്കുന്നതും കരയോഗം ഭരണസമിതിയുടെ അംഗീകാരത്തോടെ മാത്രമായിരിക്കും. നിശ്ചിത കാലാവധിക്കു മുൻപ് ബോണ്ടിൽ നിക്ഷേപിച്ച തുക തിരികെ ആവശ്യപ്പെടുന്നവർക്ക് കരയോഗം ഭരണസമിതിയുടെ അംഗീകാരത്തോടെ തുക തിരികെ നല്കുന്നതായിരിക്കും. അങ്ങനെ കാലാവധിക്ക് മുൻപ് പണം തിരികെ വാങ്ങുന്നവർക്ക് 6% വാർഷിക നിരക്കിലുള്ള പലിശ മാത്രമേ ലഭിക്കുകയുള്ളൂ.

8. ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീമിന്റെ നിബന്ധനകളും കൂടുതൽ വിവരങ്ങളും അപേക്ഷാഫോറത്തിൽ ലഭ്യമാണ്.

DATE OF PUBLICATION: 10-05-2019

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 12 | May 2019 | Issue No. 5

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി



പ്രവേശനം സൗജന്യം

**കഥകളി : പൂതനാമോക്ഷം**


**22.5.2019, ബുധനാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.**

| | | |
|---|---|---|
| പുറപ്പാട് | - | കുമാരി വരദ, കുമാരി ഉത്തര |
| പൂതന | - | ശ്രീ. കുടമാളൂർ ഉണ്ണിക്കൃഷ്ണൻ |
| പാട്ട് | - | ശ്രീ.കലാമണ്ഡലം സജീവൻ, ശ്രീ.കോട്ടക്കൽ വിനീഷ് |
| ചെണ്ട/ഇടയ്ക്ക | - | ശ്രീ.കലാമണ്ഡലം പുരുഷോത്തമൻ |
| മദ്ദളം | - | ശ്രീ.കലാമണ്ഡലം വിനീത് |
| ചുട്ടി | - | ശ്രീ.കലാനിലയം വിഷ്ണു |
| അണിയറ | - | ശ്രീ.രാമചന്ദ്രൻ, സുരേന്ദ്രൻ |

**കഥാസാരം :**

കംസൻ തന്റെ അന്തകനായി ദേവകിയുടെ പുത്രൻ ജനിച്ചു എന്നും, കുട്ടി അമ്പാടിയിൽ വളരുന്നു എന്നും നാരദനിൽ നിന്നു മനസ്സിലാക്കി. മായാപ്രവർത്തിയിൽ നിപുണയായ പൂതനയെ അമ്പാടിയിലേക്കു അയക്കുകയും ചെയ്യുന്നു. സുന്ദരിയായി വേഷം ധരിച്ച് പൂതന അമ്പാടിയിൽ എത്തിച്ചേരുകയും അമ്പാടിയുടെ സൗന്ദര്യത്തിൽ മതിമറന്ന് അവിടെ ഉള്ള പലവിധ കാഴ്ചകൾ കണ്ട്, കൃഷ്ണനെ പാർപ്പിച്ചിട്ടുള്ള സ്ഥലത്തെത്തുകയും കൃഷ്ണന്റെ സൗന്ദര്യത്തിലും ഓമനത്തത്തിലും ആകൃഷ്ടയായി താൻ വന്ന ദൗത്യം ഉപേക്ഷിക്കുന്നു. എന്നാൽ കംസനെ ഭയന്ന് പൂതന മൂലയിൽ വിഷം തേച്ചു കൃഷ്ണനെ കൊല്ലാൻ ശ്രമിക്കുന്നു. അപ്പോൾ കൃഷ്ണൻ മുലപ്പാലിനൊപ്പം പൂതനയുടെ ജീവനും എടുത്ത് മോക്ഷം നല്കുന്നു.



## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**2019 മെയ്-26, ഞായറാഴ്ച - വൈകീട്ട് 5.00ന്**

## ജീവിത നൗക

കേരളത്തിലെ തിയറ്ററുകളിൽ 200ലധികം ദിവസം തുടർച്ചയായി പ്രദർശിപ്പിച്ച ആദ്യഹിറ്റ് ചിത്രമെന്ന് പേരെടുത്ത 1951 ലെ ചിത്രം.

| | | |
|---|---|---|
| അഭിനേതാക്കൾ | : | തിക്കുറിശ്ശി, സെബാസ്റ്റ്യൻ കുഞ്ഞൂഞ്ഞ് ഭാഗവതർ, മുതുകുളം, ബി.എസ്. സരോജ, പങ്കജവല്ലി. |
| ഗാനരചന,സംഗീതം | : | അഭയദേവ്, ദക്ഷിണാമൂർത്തി |
| സംവിധാനം | : | കെ.വേമ്പു |

പ്രവേശനം സൗജന്യം




*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.